അധികാരം ജനങ്ങളിലേക്ക്

# പെരിങ്ങമ്മല ഗ്രാമപഞ്ചായത്ത്

# വികസനരേഖ

# 1996

# ഒൻപതാം പദ്ധതി
# ജനകീയ പദ്ധതി

## പെരിങ്ങമ്മല ഗ്രാമപഞ്ചായത്ത്
## വികസനരേഖ
## 1996

പെരിങ്ങമ്മല ഗ്രാമപഞ്ചായത്ത്



# സമർപ്പണം

പെരിങ്ങമ്മല,
20. 12. 1996.

*ബഹുമാന്യരെ,*

*മഹാത്മജിയുടെ സ്വപ്നമായ 'ഗ്രാമസ്വരാജ്' സാക്ഷാത്ക്കരിക്കപ്പെടുന്ന ദിവ്യമുഹൂർത്തത്തിന് സമയമെത്തിയിരിക്കുന്നു. ചരിത്രത്തിന്റെ ഒരു നിയോഗമെന്നപോലെയാണ് ഇന്ത്യയുടെ പ്രധാനമന്ത്രിയായിരിക്കുമ്പോൾ ശ്രീ. രാജീവ്ഗാന്ധി പഞ്ചായത്ത്രാജ്നഗരപാലിക ബില്ല് പാർലമെന്റിൽ അവതരിപ്പിച്ചത്. ഇൻഡ്യൻ ജനാധിപത്യത്തിലെ നാഴികക്കല്ലുകളായി മാറിയിരിക്കുന്ന 73, 74 ഭരണഘടനാഭേദഗതികൾ തന്നെയാണ് ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന് വഴിതെളിച്ചത്.*

*അധികാരം ജനങ്ങളിലേക്ക് എന്ന ആശയത്തിൽ സന്തോഷിക്കുന്ന പെരിങ്ങമ്മല പഞ്ചായത്തിലെ ജനങ്ങൾ 12 വാർഡുകളിലായി ഗ്രമാസഭകളിൽ പ്രകടമാക്കിയ ആശയാഭിലാഷങ്ങളാണ് ഈ രേഖയിൽ അടങ്ങിയിട്ടുള്ളത്. ഗ്രാമസഭാനിർദേശങ്ങൾ, പഠനപര്യടനത്തിൽനിന്നും ലഭിച്ച വിവരങ്ങൾ, സർക്കാർസ്ഥാപനങ്ങളിൽ നിന്നും ശേഖരിച്ച സ്ഥിതിവിവരക്കണക്കുകൾ, നാട്ടിലെ വിദഗ്ദ്ധരിൽ നിന്നും പഴമക്കാരിൽ നിന്നും ശേഖരിച്ച അറിവുകൾ തുടങ്ങിയ എല്ലാം കൂടി ചേർന്നതാണ് ഈ രേഖ.*

*പഞ്ചായത്തിലെ എല്ലാ രാഷ്ട്രീയപാർട്ടികളും സാമൂഹിക-സാംസ്കാരിക പ്രവർത്തകരും ഉദ്യോഗസ്ഥരും ഇതിൽ ഞങ്ങളോടൊപ്പം സഹകരിച്ചിട്ടുണ്ട്. മുൻ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. എം. കെ ശശിലാൽ, ശ്രീ മടത്തറ ശശി, തെന്നൂർ മുരളി, ഇ. സലാഹുദ്ദീൻ തുടങ്ങിയവരുടെ സഹകരണങ്ങൾ വിസ്മരിക്കാവുന്നതല്ല. അധികാര വികേന്ദ്രീകരണം യാഥാർഥ്യമാക്കുന്നതിന് നമുക്ക് ഒരുമിച്ചു നീങ്ങാം. ഞങ്ങളോടു സഹകരിച്ച എല്ലാപേരോടും പഞ്ചായത്ത് കമ്മിറ്റിക്കുള്ള അളവറ്റ നന്ദിയും കടപ്പാടും ആദരപൂർവം രേഖപ്പെടുത്തിക്കൊണ്ട് ഈ വികസന റിപ്പോർട്ട് കൂട്ടായ ചർച്ചയ്ക്കും വിദഗ്ധ നിർദ്ദേശങ്ങൾക്കും അഭിപ്രായസമന്വയത്തിനും വേണ്ടി സമർപ്പിക്കുന്നു.*

സ്നേഹപൂർവം

**(ഡി. രഘുനാഥൻനായർ)**
*പ്രസിഡന്റ്, പെരിങ്ങമ്മല ഗ്രാമപഞ്ചായത്ത്*

## വികസനരേഖയെഴുതി തയ്യാറാക്കുന്നതിന് നേതൃത്വം നൽകിയവർ

എം. കെ. ശശിലാൽ

മടത്തറ ശശി

എം. പി. വേണുകുമാർ

ജെ. ഷംസുദ്ദീൻ

കെ. അനിൽകുമാർ

തെന്നൂർ മുരളി

വി. അജിത്കുമാർ

ഇ. സലാഹുദ്ദീൻ

ഡോ. ഹരികൃഷ്ണൻ

ഓച്ചിറ റഹിം

എസ്. വിജയൻ

ധർമ്മരാജൻ കെ.ജെ

പി. മുരളീധരൻ

# ഉള്ളടക്കം

## ആമുഖം


| | | |
|---|---|---|
| I. | ഭൂപ്രകൃതി | 25 |
| II. | സാമൂഹ്യചരിത്ര പശ്ചാത്തലം | 29 |
| III. | വികസന മേഖലകൾ | 32 |
| 1. | കൃഷി, ജലസേചനം | 34 |
| 2. | മൃഗസംരക്ഷണം | 51 |
| 3. | വ്യവസായം | 61 |
| 4. | ഊർജ്ജം, ഗതാഗതം, മാർക്കറ്റ് | 64 |
| 5. | പാർപ്പിടം, സാമൂഹ്യക്ഷേമം | 78 |
| 6. | പൊതുജനാരോഗ്യം, കുടിവെള്ളംസ പരിസരശുചിത്വം | 90 |
| 7. | വിദ്യഭ്യാസം | 100 |
| 8. | സാംസ്കാരിക രംഗം | 112 |
| 9. | വനിതാക്ഷേമം | 115 |
| 10. | പട്ടികജാതി പട്ടികവർഗ്ഗക്ഷേമം | 120 |
| 11. | സഹകരണം | 133 |
| 12. | വിഭവസമാഹരണം | 138 |
| 13. | വനം | 144 |

# ആമുഖം

കേരളത്തിന്റെ ഒമ്പതാം പഞ്ചവത്സര പദ്ധതി **'ജനകീയ പദ്ധതി'**യായി സർക്കാർ പ്രഖ്യാപിച്ചിരിക്കുകയാണല്ലോ. രാഷ്ട്ര നിർമ്മാണ പ്രക്രിയയിൽ പ്രകൃതി വിഭവങ്ങളുടെയും, മനുഷ്യവിഭവങ്ങളുടെയും സമ്യക്കായ സമന്വയത്തിലൂടെ സമ്പദ് സമൃദ്ധിയും സാംസ്കാരിക ഉന്നതിയും നേടിയെടുക്കുകയാണല്ലോ ആസൂത്രണത്തിന്റെ ലക്ഷ്യം. ഈ ലക്ഷ്യത്തോടെ 1951 ൽ ആരംഭിച്ച ഒന്നാം പഞ്ചവത്സരപദ്ധതി മുതൽ 1997 മാർച്ചിൽ അവസാനിക്കുന്ന എട്ടാം പദ്ധതിവരെ നാം നടപ്പാക്കിയ പരിപാടികൾ നമ്മുടെ കാർഷിക വ്യാവസായിക സാമൂഹികക്ഷേമ മേഖലകളിലും ശാസ്ത്ര സാങ്കേതിക രംഗങ്ങളിലും നിർണ്ണായകമായ മാറ്റങ്ങൾ വരുത്തിയുട്ടുണ്ടെന്നത് നിസ്തർക്കമാണ്. വിവിധ സംസ്ഥാനങ്ങളിലും ജനവിഭാഗങ്ങളിലും ഈ മാറ്റം വ്യത്യസ്ഥ നിലവാരത്തിലാണ് പ്രതിഫലിച്ചിട്ടുള്ളത്. ഇതിൽ നിന്ന് ഒരു കാര്യം വ്യക്തമാണ് ഓരോ രംഗത്തും നാം നിക്ഷേപിച്ച പദ്ധതിവിഹിതങ്ങളും അതിൽ നിന്നും ലഭിച്ച നേട്ടങ്ങളും യഥാർത്ഥ ഗുണഭോക്താക്കൾക്ക് അർഹമായ തോതിൽ ലഭിച്ചിട്ടില്ല. എന്നത് മാത്രമല്ല, അനുവദിക്കപ്പെട്ട തുകയുടെ 15%പോലും ശരിയായി വിനിയോഗിക്കപ്പെടാത്ത അവസ്ഥയുമായിരുന്നു. ഉന്നതതലങ്ങളിൽ തയ്യാറാക്കപ്പെടുന്ന പദ്ധതികൾ ബന്ധപ്പെട്ട സർക്കാർ വകുപ്പുകളിലൂടെ യാന്ത്രികമായി നടപ്പിലാക്കാൻ ശ്രമിച്ചതിന്റെ ഫലമായി യഥാർത്ഥ ജനകീയാവശ്യങ്ങൾ നിറവേറ്റാൻ കഴിയാതെ പോയി.

ഈ പശ്ചാത്തലത്തിലാണ് ഭരണഘടനയുടെ 73,74 ഭേദഗതികളിലൂടെ അധികാരവികേന്ദ്രീകരണം ഗ്രാമ, ബ്ലോക്ക്, ജില്ലാപഞ്ചായത്ത് തലങ്ങളിലും മുനിസിപ്പൽ നഗരസഭാതലങ്ങളിലും വിഭജിക്കപ്പെട്ടത്. അതോടെ അവയ്ക്ക് കരഗതമാകുന്ന കൂടുതൽ അധികാരം ഫലപ്രദമായി വിനിയോഗിക്കാൻ കഴിയണമെങ്കിൽ, ഒരു പുതിയ വികസനസംസ്കാരവും, അതിലൂന്നിയ ഒരു വികസന പ്രക്രിയയും രൂപപ്പെടുത്തിയേ മതിയാകൂ. ഈ കാഴ്ചപ്പാടോടെയാണ് ***ഒമ്പതാം പദ്ധതി ജനകീയ പദ്ധതി***യായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിട്ടുള്ളത്. ആകെ പദ്ധതി അടങ്കൽ തുകയുടെ 35% മുതൽ 40% വരെ ത്രിതല പഞ്ചായത്തുകൾക്കും മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും നീക്കിവെച്ചു ജനപങ്കാളിത്തത്തോടെ പദ്ധതി രൂപീകരണം നടത്തി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരും ജനപ്രതിനിധികളും പൊതുജനങ്ങളും ഗുണഭോക്താക്കളും ഒരുമിച്ചുചേർന്നുള്ള സുതാര്യമായ സാമ്പത്തിക വികസനപ്രക്രിയയാണ് വിഭാവനം ചെയ്യുന്നത്.

ഇതിലേക്കായി സംസ്ഥാന ആസൂത്രണ ബോർഡിന്റെ മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ നമ്മുടെ ഗ്രാമ പഞ്ചായത്തിൽ നടന്ന പ്രവർത്തനങ്ങളുടെ സംക്ഷിപ്ത വിവരം താഴെക്കൊടുക്കുന്നു.

## പ്രവർത്തന റിപ്പോർട്ട്

1996 സെപ്തംബർ 8,9,10 തീയതികളിൽ കിളിമാന്നൂരിൽ നടന്ന ഒന്നാംഘട്ട ഡി.ആർ.പി ക്യാമ്പിൽ പഞ്ചായത്തിനെ പ്രതിനിധീകരിച്ച് സന്നദ്ധ പ്രവർത്തകരായ സർവ്വശ്രീ. എൻ. മുരളീധരൻനായർ, എം. ഗംഗാധരപിള്ള, തെന്നൂർ തയ്യിബ് റ്റി. ശെൽവസ്വാമി, മടത്തറ ശശി, എം. പി. വേണുകുമാർ എന്നിവർ പങ്കെടുക്കുകയും ശ്രീ.എം.പി. വേണുകുമാറിനെ കൺവീനറായി തെരെഞ്ഞെടുക്കുകയും ചെയ്തു.

12.9.96 ൽ പെരിങ്ങമ്മല യു. പി. എസ് ൽ വെച്ച് പഞ്ചായത്ത് കമ്മിറ്റി തെരെഞ്ഞെടുത്ത സന്നദ്ധ പ്രവർത്തകരും സർക്കാർ ജീവനക്കാരും അടക്കം 146 എൽ. ആർ. പി മാർക്ക് ഒന്നാംഘട്ട പരിശീലനം ഡി. ആർ.പി മാരുടെ നേതൃത്വത്തിൽ നല്കി.

1996 സെപ്റ്റംബർ 16 തീയതിമുതൽ ഒക്ടോബർ 2 തീയതിവരെ പഞ്ചായത്തിലെ 12 വാർഡുകളിൽ വിശേഷാൽ ഗ്രാമസഭ ചേരുകയും വാർഡിലെ പ്രശ്നങ്ങൾ ചർച്ചചെയ്ത് ഗ്രാമസഭാ റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തു. ഗ്രാമസഭയിൽ വോട്ടർമാരുടെ മുഴുവൻ പങ്കാളിത്തമുറപ്പു വരുത്തുവാൻ കഴിഞ്ഞില്ലായെങ്കിലും വന്നവർ സജീവമായി ചർച്ചയിൽ പങ്കെടുത്തു. 9.10.96 ൽ വാമനപുരം ബ്ളോക്ക് ആഫീസിൽ കൂടിയ ബ്ളോക്ക് തലയോഗത്തിൽ പഞ്ചായത്തിലുള്ള എല്ലാ ഡി. ആർ. പി മാരും പങ്കെടുത്തു. 12.10.96 ൽ പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ ജനകീയാസൂത്രണ സമിതിയോഗം ഗ്രാമസഭാ റിപ്പോർട്ടുകൾ അവലോകനം ചെയ്തു.

24.10.96 ൽ പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ ജനകീയാസൂത്രണ സമിതി യോഗം ചേർന്നു. കേരള സർക്കാർ കേരളപിറവി ദിനമായ നവംബർ ഒന്ന് ദേശീയ പുനർ അർപ്പണ ദിനമായി ആചരിക്കുവാൻ നിർദ്ദേശിച്ചതനുസരിച്ച് പഞ്ചായത്തിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന സന്നദ്ധ പ്രവർത്തനത്തിലൂടെയുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമായി കടുവാകുഴി–കല്ലുവിള–പുള്ളിപ്പച്ച നടപ്പാത ഗതാഗതയോഗ്യമായ റോഡാക്കാൻ തീരുമാനിച്ചു.

1996 ഒക്ടോബർ 27,28,29 തീയതികളിൽ അരിപ്പ കെ. എഫ്. റ്റി. ഐ യിൽ സംഘടിപ്പിച്ച രണ്ടാംഘട്ട ജില്ലാതല ഡി.ആർ.പി പരിശീലന പരിപാടിയിൽ പഞ്ചായത്തിലെ എല്ലാ ഡി. ആർ.പി മാർ പങ്കെടുത്തു. മുൻ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. എം. കെ. ശശിലാൽ, സാക്ഷരതസമിതി ജോയിൻ കൺവീനർ വി, അജിത്കുമാർ, ജെ. ഷംസുദ്ദീൻ, ഗ്രാമപഞ്ചായത്ത് മെമ്പർമാർ എന്നിവരും ടി പരിശീനപരിപാടിയിൽ പങ്കെടുത്തു. ആതിഥേയ പഞ്ചായത്ത് എന്ന നിലയിൽ സംഘാടനത്തിൽ നിർണ്ണായകമായ പങ്കുവഹിക്കുവാൻ ഗ്രാമപഞ്ചായത്തിന് കഴിഞ്ഞു.

29.10.96 ൽ അരിപ്പ കെ. എഫ്. റ്റി. ഐ യിൽ ചേർന്ന ഡി. ആർ.പി മാരുടെയും ജനപ്രതിനിധികളുടെയും യോഗത്തിൽ 4.11.96 ൽ ജവഹർ കോളനി യു. പി. എസ് ൽ രണ്ടാം ഘട്ട പരിശീലനവും 7,8,9 തീയതികളിൽ പഠനപര്യടനവും ചരിത്ര പഠനവും നടത്തുവാൻ തീരുമാനിച്ചു.

1.11.96 ൽ കടുവാകുഴി–കല്ലുവിള–പുള്ളിപ്പച്ച നടപ്പാത ഗതാഗതയോഗ്യമാക്കുകയും ഇബ്രാഹിം കുഞ്ഞ് സ്മാരക റോഡായി നാമകരണം ചെയ്യപ്പെടുകയും ചെയ്തു.

4.11.96 ൽ ജവഹർ കോളനി യു. പി. എസ് ൽ രണ്ടാംഘട്ട എൽ.ആർ.പി പരിശീലനം സംഘടിപ്പിച്ചു. 68 പേർ ടി പരിശീലനത്തിൽ പങ്കെടുത്തു. 7,8,9, തീയതികളിൽ നടന്ന ചരിത്ര പഠന പര്യടനം മൂന്ന് ഗ്രൂപ്പുകളായി തിരിഞ്ഞാണ് നടത്തിയത്. (ഒന്നാം ഗ്രൂപ്പ് 10,11,12– വാർഡുകളിൽ രണ്ടാംഗ്രൂപ്പ് 4–മുതൽ 9 വരെ വാർഡിൽ മൂന്നാം ഗ്രൂപ്പ് ഒന്ന് മുതൽ മൂന്ന് വരെ വർഡുകൾ. മൂന്ന് ദിവസം കൊണ്ട് മൂന്നു ഗ്രൂപ്പുകളും പര്യടനം പൂർത്തിയാക്കി റിപ്പോർട്ട് കൺവീനറെ ഏൽപ്പിച്ചു.

14.11.96 ൽ കൂടിയ സമിതി യോഗതീരുമാനപ്രകാരം ദ്വിതീയ വിവരശേഖരണത്തിന് വേണ്ടി പഞ്ചായത്തിലെ മുഴുവൻ സർക്കാർ സ്ഥാപനങ്ങളും റേഷൻ കടകളും ഡി ആർ പി മാരുടെ നേതൃത്വത്തിൽ സന്ദർശിക്കുവാൻ തീരുമാനിക്കുകയും 17,18,19 തിയതികളിലായി പൂർത്തിയാക്കുയും ചെയ്തു.

20.11.96ൽ കൂടിയ സമിതി യോഗ തീരമാന പ്രകാരം എൽ. ആർ. പി മാർ ഇല്ലാത്ത വാർഡിൽ അവരെ തിരഞ്ഞെടുത്ത് പരിശീലിപ്പിക്കൻ തീരുമാനിച്ചത് അനുസരിച്ച് 22, 23 24 തിയതികളിലായി മടത്തറ എച്ച്, എസ്, പെരിങ്ങമ്മല യു.പി. എസ്, പൊന്മുടി എൽ.പി. എസ് എന്നിവിടങ്ങളിൽ ക്യാമ്പുകൾ സംഘടിപ്പിക്കുകയും ചെയ്തു.

25.11.96 ൽ പഞ്ചായത്തിലെ 20 വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രതിനിധികളെ പങ്കെടുപ്പിച്ചുകൊണ്ട് വിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങൾ ചർച്ച ചെയ്തു. 3–12–96ൽ സഹകരണം, വിഭവസമാഹരണം എന്നിവയുടെ റിപ്പോർട്ട് തയാറാക്കുന്നതിനു വേണ്ടി ആ മേഖലയിൽ പ്രവർത്തിക്കുന്ന ഉദ്യോഗ്സ്ഥന്മാ

രെയും സഹകരണസംഘം പ്രസിഡണ്ടുമാരുടെയും യോഗം ചേർന്നു. 6.12. 96 ൽ പഞ്ചായത്തിന്റെ ചരിത്രം രേഖപ്പെടുത്തുന്നതിനു വേണ്ടി മുൻനേതാക്കന്മാരുടെയും കാരണവന്മാരുടെയും യോഗം ചേർന്നു.

വിശേഷാൽ ഗ്രാമസഭാറിപ്പോർട്ടുകൾ ദ്വിതീയ സ്ഥിതിവിവരക്കണക്കുകൾ, പഠനയാത്രാ രേഖകൾ, ചരിത്രപഠനരേഖകൾ, അഭിമുഖങ്ങൾ എന്നിവയിലൂടെ എല്ലാം ശേഖരിച്ച വിവരങ്ങളെ അടിസ്ഥാനമാക്കി എഴുതി തയാറാക്കിയ 'പഞ്ചായത്ത് വികസന രേഖ' 9.12.1996 ൽ കൂടിയ പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചു.

| തീയതി | വാർഡ് | സ്ഥലം | പങ്കെടുത്തവർ | സ്ത്രീ | പുരു | ഗ്രൂപ്പ് | സ്വാഗതം | അദ്ധ്യക്ഷൻ | ഉദ്ഘാടകൻ | ഡി. ആർ. പി. മാർ |
|---|---|---|---|---|---|---|---|---|---|---|
| 22.11.96 | „ | പൊന്മുടി<br>യു. പി. എസ്.<br>മെർച്ചിസ്റ്റൻ | 42 | 8 | 34 | | എം. പി. വേണു കുമാർ<br>കൺവീനർ<br>ഡി. ആർ. പി. | ശ്രീനിവാസൻ<br>ജയന്തി രാമർ | ജെ. അപ്പു | എം. കെ. ശശിലാൽ<br>എൻ. മുരളീധരൻ<br>വി. അജിത് കുമാർ |
| 24.11.96 | „ | പെരിങ്ങമ്മല<br>യു.പി.എസ്. | 70 | | 70 | | എം. പി. വേണു കുമാർ<br>കൺവീനർ<br>ഡി. ആർ. പി. | പൂന്തോട്ടം<br>സൈനുലാബ്ദീൻ<br>മെമ്പർ | ബി. പവിത്രകുമാർ<br>ബ്ലോക്ക് മെമ്പർ | എം. കെ. ശശിലാൽ<br>എൻ. മുരളീധരൻ<br>മടത്തറ ശശി |
| 23.11.96 | „ | മടത്തറ എച്ച്<br>എസ്. | 36 | | 30 | 6 | മണിമാധവൻ<br>പഞ്ചാ. മെമ്പർ | ജി. ഭുവന ചന്ദ്രൻ<br>പഞ്ചാ. മെമ്പർ | എം. കെ. ശശിലാൽ<br>ഡി. ആർ. പി.<br>മുൻ പഞ്ചാ. പ്രസിഡണ്ട് | എം. പി. വേണുകുമാർ |

# പെരിങ്ങമ്മല ഗ്രാമപഞ്ചായത്ത് ജനകീയ ആസൂത്രണ പ്രസ്ഥാനം 1996

## വിശേഷാൽ ഗ്രാമസഭ

(16.9.96 മുതൽ 2.10.96 വരെ)

| തീയതി | വാർഡ് | സ്ഥലം | പങ്കെടുത്തവർ | സ്ത്രീ | പുരു | ഗ്രൂപ്പ് | സ്വാഗതം | അദ്ധ്യക്ഷൻ | ഉദ്ഘാടകൻ | ഡി. ആർ. പി. മാർ |
|---|---|---|---|---|---|---|---|---|---|---|
| 12.-9-96 | | പഞ്ചായത്തുതല ഏകദിന ശില്പശാല പെരി. യു. പി. എസ് | 142 | 58 | 84 | | ബി. രാജപ്പൻ വൈ. പ്രസിഡന്റ് ഗ്രാമപഞ്ചായത്ത് | ഡി. രഘുനാഥൻ പ്രസിഡണ്ട് | ജെ. അപ്പു വൈ. പ്രസിഡണ്ട് ബ്ലോക്ക്. പഞ്ചാ. | എം.പി. വേണുകുമാർ<br>മടത്തറ ശശി<br>എം. ഗംഗാധര പിള്ള<br>എൻ . മുരളീധരൻ നായർ<br>തെന്നൂർ തയ്യിബ്<br>ടി. ശെൽവ സ്വാമി |
| 6-9-96 | VI കൊച്ചുവിള | യുവതരംഗം ഗ്രന്ഥശാല കൊച്ചുവിള | 102 | 21 | 81 | 4 | എം റഹിം, വാർഡുമെമ്പർ | രഘുനാഥൻ പ്രസിഡണ്ട് | ജെ. അപ്പു വൈ. പ്രസിഡണ്ട് | എം.പി. വേണുകുമാർ<br>ഗംഗാധരപിള്ള |
| 7-9.-96 | VII | ദൈവപ്പുര ഇക്. എൽ. പി. എസ്. | 97 | 23 | 74 | 4 | വാർഡുമെമ്പർ | പുന്തോട്ടം സൈനാലുബ്ദീൻ പ്രസിഡണ്ട് | രഘുനാഥൻ ബ്ലോക്ക് മെമ്പർ | ബി. പവിത്രകുമാർ ഗംഗാധരപിള്ള<br>എം. പി. വേണുകുമാർ |
| 17.9.96 | IV ചിപ്പൻ ചിറ | ടി. കെ. എം. എൽ. പി. എസ്. മാന്തുരുത്തി | 119 | 6 | 113 | 4 | ഷെർളിപ്പോൾ വാർഡുമെമ്പർ | " | ജെ. അപ്പു ബ്ലോക്ക് വൈസ് പ്രസിഡണ്ട് | എം ഗംഗാധരപിള്ള<br>എം. പി. വേണുകുമാർ |
| 20. 9.96 | III ജവഹർ കോളനി | ഇലവുപാലം | 123 | 31 | 92 | 4 | രമണീമാധവൻ വാർഡുമെമ്പർ | " | അപ്പു ബ്ലോക്ക് വൈസ് പ്രസിഡണ്ട് | എം. പി. വേണുകുമാർ |
| 21.9.96 | V | എൻ. എസ്. എസ്. | 134 | 42 | 90 | 4 | ഷെർളിപോൾ | " | ജെ അപ്പു | |

| തീയതി | വാർഡ് | സ്ഥലം | പങ്കെടു ത്തവർ | സ്ത്രീ | പുരു | ഗ്രൂപ്പ് | സ്വാഗതം | അദ്ധ്യക്ഷൻ | ഉദ്ഘാടകൻ | ഡി. ആർ. പി. മാർ |
|---|---|---|---|---|---|---|---|---|---|---|
| | പെരി ങ്ങമ്മല | എച്ച്. എസ്. പാലോട് | | | | | മെമ്പർ | | ബ്ലോക്ക് വൈസ് പ്രസിടണ്ട് | എം. പി. വേണുകുമാർ<br>എം. ഗംഗാധരപിള്ള |
| 23.9.96 | VIII<br>തെന്നൂർ | ജവഹർ എൽ. പി. എസ്. തെന്നൂർ | 145 | 68 | 77 | 4 | നിർമ്മലകുമാരി<br>വാർഡുമെമ്പർ | രഘുനാഥൻ | പവിത്രകുമാർ<br>ബ്ലോക്ക് മെമ്പർ | മടത്തറ ശശി<br>എം. പി. വേണുകുമാർ<br>തയ്യിബ് |
| 26.9.96 | IX<br>ഇടവം | യു. പി. എസ് ഞാറനീലി | 185 | 60 | 125 | 4 | ഇടകുന്നിൽ മുരളി<br>വാർഡുമെമ്പർ | " | " | " |
| 29.9.96 | I<br>മടത്തറ | വേങ്കോല്ല ഫോറസ്റ്റ് ഗാർഡ് സ്റ്റേഷൻ | 171 | 47 | 124 | 4 | വി. പ്രസാദ്<br>വാർഡുമെമ്പർ | " | ജെ. അപ്പു<br>ബ്ലോക്ക് വൈസ് പ്രസിഡണ്ട് | എം. പി. വേണുകുമാർ<br>മടത്തറ ശശി |
| 27.9.96 | X<br>ഇടിഞ്ഞാർ | എച്ച് എസ്. ഇടിഞ്ഞാർ | 153 | 60 | 93 | 4 | വി. രാജപ്പൻ<br>വൈസ് പ്രസിഡണ്ട് ഗ്രാമപഞ്ചായത്ത് | " | അരുന്ധതി<br>ജില്ലാ പഞ്ചായത്ത് മെമ്പർ | എം. പി. വേണുകുമാർ<br>ടി. ശെൽവ സ്വാമി |
| 30.9.96 | XI<br>പൊന്മുടി | യു. പി. എസ്. പൊന്മുടി | 63 | 30 | 2 | 5 | ജയന്തി രാമൻ<br>മെമ്പർ | " | ബി. പവിത്രകുമാർ<br>ബ്ലോക്ക് മെമ്പർ | എം. പി. വേണുകുമാർ |
| 30.9.96 | XI<br>മെർച്ചിസ്റ്റൻ | മർച്ചിസ്റ്റൻ | 41 | 7 | 34 | 1<br>മെമ്പർ | എൻ. ശ്രീനിവാസൻ<br>" | ബി. പവിത്രകുമാർ | എം. പി. വേണുകുമാർ | |
| 2.10.96 | II<br>കൊല്ലായിൽ | എൽ. പി. എസ്. കൊല്ലായിൽ | 112 | 16 | 96 | 4 | ജി. ഭുവനചന്ദ്രൻ<br>മെമ്പർ | " | ജെ. അപ്പു<br>ബ്ലോക്ക് വൈസ് പ്രസിഡണ്ട് | മടത്തറ ശശി<br>എം. പി. വേണുകുമാർ |
| 4.11.96 | എൽ. ആർ. പി. മാരുടെയും ഗ്രൂപ്പ് കൺവീനർമാരുടേയും 2-ാം ഘട്ട പരിശീലനം | ജവഹർകോളനി യു. പി. എസ്. | 65 | 15 | 50 | | എ,. ഹരികുമാർ<br>സ്വാഗതസംഘം സെക്രട്ടറി | " | ജെ. അപ്പു | മടത്തറ ശശി<br>എം. പി. വേണുകുമാർ<br>എൻ. മുരളീധരൻ<br>എം. ഗംഗാധരൻപിള്ള<br>എം.കെ.ശശിലാൽ |

## പെരിങ്ങമ്മല ഗ്രാമപഞ്ചായത്ത് സ്ഥിതി വിവരം

| | |
|---|---|
| ഗ്രാമപഞ്ചായത്തിന്റെ പേര് | പെരിങ്ങമ്മല |
| വില്ലേജ് | പെരിങ്ങമ്മല, തെന്നൂർ |
| വികസനബ്ലോക്ക് | വാമനാപുരം |
| നിയമസഭാമണ്ഡലം | വാമനാപുരം |
| താലൂക്ക് | നെടുമങ്ങാട് |
| പാർലമെന്റ് മണ്ഡലം | ചിറയിൻകീഴ് |
| ജില്ല | തിരുവനന്തപുരം |
| ഭൂവിസ്തീർണ്ണം | 217.94 സ്ക്വയർ Km. |
| അതിരുകൾ | |
| കിഴക്ക് | അമ്പാസമുദ്രം |
| തെക്ക് | വാമനാപുരം നദി |
| പടിഞ്ഞാറ് | TS റോഡ് |
| വടക്ക് | കുളത്തൂപ്പുഴ റിസർവ് ഫോറസ്റ്റ് |
| ആകെ ജനസംഖ്യ | 30144 |
| ആകെ പുരുഷൻമാർ | 14821 |
| ആകെ സ്ത്രീകൾ | 15323 |
| പട്ടികജാതി | 4656 |
| പട്ടികസ്ത്രീകൾ | 2358 |
| പട്ടികപുരുഷൻമാർ | 2304 |
| പട്ടികവർഗ്ഗം | 2492 |
| പട്ടികസ്ത്രീകൾ | 1289 |
| പട്ടികപുരുഷൻമാർ | 1203 |
| സാക്ഷരത(പ്രഖ്യാപിച്ചത്) | 93.5% |
| (സെൻസസ് പ്രകാരം) | 86.5% |
| കോളേജ് | 1 |
| ഹൈസ്കൂൾ | 4 |
| L.P./U.P. | 15 |
| CBSE School | 1 |
| അംഗണവാടികൾ | 35 |
| ഗ്രാമീണ റോഡുകൾ | 165 |
| ഗവ:അലോപ്പതി ആശുപത്രി | 1 |
| ഗവ:ആയുർവേദ ആശുപത്രി | 2 |
| ഗവ:ഹോമിയോ ആശുപത്രി | 1 |
| സ്വകാര്യ ആശുപത്രികൾ (ക്ലിനിക്കുകളടക്കം) | 6 |
| സ്വകാര്യ ഗവ: ദന്താശുപത്രി | 1 |
| പാരലൽകോളേജുകൾ | 7 |
| സബ്രജിസ്റ്റർ ആഫീസ് | 1 |
| കൃഷിഭവൻ | 1 |
| K. F. D. C ഓഫീസ് | 2 |
| ഫോറസ്റ്റ് റിസർച്ച് റയിഞ്ച് ആഫീസ് | 1 |
| പോലീസ് സ്റ്റേഷൻ | 1 |
| A. E. O | 1 |
| V. E. O | 1 |
| പോസ്റ്റ്ഓഫീ,സ് | 9 |
| ടെലഫോൺ എക്സേഞ്ച് | 1 |
| പൊതു. വിതരണ കേന്ദ്രം | 19 |
| മൃഗാശുപത്രി | 1 |
| സഹകരണ സംഘങ്ങൾ | 20 |
| കെ. എസ്. ഇ. ബി. ഓവർസിയർ ഓഫീസ് | 1 |
| കെ. എഫ്. ടി. ഐ. അരിപ്പ | 1 |
| പേപ്പർമിൽ | 2 |
| തേയിലത്തോട്ടം | 4 |
| ട്രൈബൽ പ്രീ മെട്രിക് ഹോസ്റ്റൽ | 2 |

ജില്ലാ കൃഷിത്തോട്ടം, ബനാനാ നഴ്സറി, പൊന്മുടി വിനോദസഞ്ചാരകേന്ദ്രം, പൊന്മുടി ഡിയർ പാർക്ക് അന്താരാഷ്ട്ര പ്രസിദ്ധമായ ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ എന്നിവയും നമ്മുടെ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്നു.

## പെരിങ്ങമ്മല ഗ്രാമപഞ്ചായത്തിലെ പ്രധാന സർക്കാർ സ്വകാര്യസ്ഥാപനങ്ങൾ (വാർഡു തിരിച്ച്)

### വാർഡ് ഒന്ന്-മടത്തറ

കെ. എഫ്. ടി. ഐ. അരിപ്പ
കെ. എഫ് ടി. സി. അരിപ്പ
ഫോറസ്റ്റ് ഗാർഡ് സ്റ്റേഷൻ, വേങ്കൊല്ല
ഗിരിവർഗ സഹകരണസംഘം, പോട്ടോമാവ്
ക്ഷീരസംഘം, വെങ്കൊല്ല
പൊതുവിതരണകേന്ദ്രം, ശിവൻമുക്ക്
അങ്കൺവാടി, പോട്ടോമാവ്, ശാസ്താം നട, മടത്തറ, വേളിയൻകാല, വേങ്കൊല്ല
പബ്ലിക് മാർക്കറ്റ്

### വാർഡ് രണ്ട്-കൊല്ലായിൽ

എസ്. ബി. റ്റി. ശാഖ, മടത്തറ
ഗവ. എച്ച് എസ് മടത്തറ
ഫോറസ്റ്റ് റിസർച്ച് റേഞ്ചാഫീസ്, മടത്തറ
ഫോറസ്റ്റ് ഗാർഡൻ സ്റ്റേഷൻ മടത്തറ
പഞ്ചായത്ത് സാംസ്കാരിക നിലയം, മടത്തറ
ഗിരിവർഗ, സഹകരണസംഘം, കലയപുരം
ഗവ. എൽ. പി. എസ്. കൊല്ലായിൽ
എസ്. എൻ. യു. പി. എസ്. കൊല്ലായിൽ
റ്റി. എസ്. എൽ. പി. എസ്. താന്നിമൂട്
ഫാമിലി വെൽഫയർ സബ്സെന്റർ
ആയുർവേദ സബ്സെന്റർ
പൊതുവിതരണകേന്ദ്രം, കൊല്ലായിൽ, ഒഴുകുപാറ
അങ്കൻ വാടികൾ- കാറ്റാടിമുക്ക്, ഒഴുകുപാറ, കൊല്ലായിൽ,

### വാർഡ് മൂന്ന്-ജവഹർ കോളനി

ഗവ. യുപി. എസ്. ജവഹർ കോളനി
പോസ്റ്റ്ഓഫീസ് എക്സ്. കോളനി
പൊതുവിതരണകേന്ദ്രം, സ്വാമിമുക്ക്, ജവഹർ കോളനി

നവജീവൻ പ്രോജക്ട് (CARD) ഇലവുപാലം
അങ്കൻവാടി- ഇലവുപാലം, ജവഹർ കോളനി
ഫോറസ്റ്റ് ഗാർഡർ സ്റ്റേഷൻ ഇലവുപാലം
ഡി. ഡബ്ലി. സി. ആർ. എ. യൂണിറ്റ്, ജവഹർ കോളനി
ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ

### വാർഡ് നാല് -ചിപ്പൻചിറ

ടി. കെ. എം. എൽ. പി. എസ്. മാന്തുരുത്തി
പൊതുവിതരണ കേന്ദ്രം ചിപ്പൻചിറ
അങ്കൺവാടി- കരിമൺകോട്, ചിപ്പൻചിറ, ആനന്ദ കാല,

### വാർഡ് അഞ്ച്-പെരിങ്ങമ്മല

ഗവ. എൽ. പി. എസ്. കരിമൺകോട്
യു. പി. എസ്. കരിമൺകോട്
എ. ഇ. ഒ. ഓഫീസ് പാലോട്
പോസ്റ്റ് ഓഫീസ്, കരിമൺകോട്
പോസ്റ്റ് ഓഫീസ് പെരിങ്ങമ്മല
പാലോട് സർവീസ് സഹകരണ ബാങ്ക്
പാലോട് കാർഷിക വികസന ബാങ്ക്
ഹരിജൻ സഹകരണസംഘം, പാപ്പനംകോട്
ഡി. സി. ബി. ശാഖ പാലോട്
സബ് രജിസ്ട്രാർ ഓഫീസ്, പാലോട്
കൃഷിഭവൻ, പാലോട്
പഞ്ചായത്ത് സ്റ്റേഡിയം , പാലോട്
പഞ്ചായത്ത് ഓഫീസ് പെരിങ്ങമ്മല
വി. ഇ. ഒ. ഓഫീസ്, പെരിങ്ങമ്മല
ഗവ. മൃഗാശുപത്രി, പെരിങ്ങമ്മല
ഗവ ആശുപത്രി, പെരിങ്ങമ്മല
യു. പി. എസ്. പെരിങ്ങമ്മല
എൻ. എസ്. എസ്. എച്ച്. എസ്. പാലോട്
ആയുർവേദ ആശുപത്രി പാലോട്
ടെലി. എക്സേഞ്ച്, പെരിങ്ങമ്മല
കെ. എഫ്. ഡി. സി. പെരിങ്ങമ്മല
ആർ. പി. എസ്., പെരിങ്ങമ്മല
കെ. എസ്. ഇ. ബി. ഓവർസിയർ ഓഫീസ്, പെരിങ്ങമ്മല
നെടു. താലൂക്ക് ഗവ. സർവ്വന്റ്സ് സഹ. ബാങ്ക്, പാലോട്,
ഫാമിലി വെൽഫയർ സെന്റർ പെരിങ്ങമ്മല
പൊതു വിതരണകേന്ദ്രം-പെരിങ്ങമ്മല
ഊരാളിക്കോണം-താന്നിമൂട്
അങ്കൺവാടി- കുശവൂർ,കുന്നുംപുറം, പെരിങ്ങമ്മല
പുള്ളിപ്പച്ച, ഗ്രന്ഥശാല, പെരിങ്ങമ്മല പഞ്ചായത്ത്
കെ. എസ്. ആർ. ടി. സി. സബ് ഡിപ്പോയ്ക്കു വേണ്ടിയുള്ള രണ്ടരയേക്കർ സ്ഥലം
സ്വകാര്യാശുപത്രി, പാലോട്
" ദന്താശുപത്രി ,,
,, ഹോമിയോക്ലിനിക്, പാലോട്, പെരിങ്ങമ്മല,
ക്രെസന്റ് ഇംഗ്ലീഷ് മീഡിയം സ്കൂൾ, പാപ്പനംകോട്

### വാർഡ് ആറ്-കൊച്ചുവിള

സെന്റ് ജോർജ് എൽ. പി. എസ്. സെന്റ് മേരീസ്
പോസ്റ്റാഫീസ്, കൊച്ചുവിള
പൊന്മുടി പേപ്പർമിൽസ്, സെന്റ് മേരീസ്
പാലോട് പേപ്പർമിൽസ് ,,
അങ്കണവാടി-കുണ്ടാളംകുഴി,
പാറക്കോണം, ഗാർഡർ സ്റ്റേഷൻ
ആർ. പി. എസ്. ഗാർഡർ സ്റ്റേഷൻ,
ഫോറസ്റ്റ് ഗാർഡർ സ്റ്റേഷൻ
പൊതുവിതരണകേന്ദ്രം, ഗാർഡർ സ്റ്റേഷൻ

### വാർഡ് ഏഴ്- ഇക്ബാൽ കോളേജ്

ഇക്ബാൽ കോളേജ്
ഇക്ബാൽ എച്ച്. എസ്
ഇക്ബാൽ എൽ. പി. എസ് (ഇംഗ്ലീഷ്മീഡിയം)
വില്ലേജാഫീസ്
ക്യൂ. എ. എം. യു. പി. എസ്, കൊച്ചുകരിക്കകം
ദൈവപുര, പോസ്റ്റാഫീസ്
ദൈവപുര എൽ. പി. എസ്.
ബാങ്ക് ഓഫ് ഇന്ത്യ പെരിങ്ങമ്മല
ഹോമിയോ ഡിസ്പെൻസറി കൊച്ചുകരിക്കകം
പബ്ലിക് മാർക്കറ്റ് പെരിങ്ങമ്മല
ഫാമിലി വെൽഫയർ സെന്റർ കൊച്ചുകരിക്കകം
വനിതാ വ്യവസായ സഹകരണ സംഘം
പൊതുവിതരണകേന്ദ്രം ഞാറനീലി, പെരിങ്ങമ്മല
കൊച്ചുകരിക്കകം (2)
അങ്കൺവാടി, മലമാരി, കൊച്ചുകരിക്കകം
RPS ദൈവപുരം
മണ്ണു സംരക്ഷണകേന്ദ്രം ഞാറനീലി

### വാർഡ് എട്ട്-തെന്നൂർ

ജവഹർ LPS തെന്നൂർ (പഞ്ചായത്ത് സ്കൂൾ)
പോസ്റ്റാഫീസ് തെന്നൂർ
സംയോജിത കന്നുകാലി വികസന കേന്ദ്രം തെന്നൂർ
ക്ഷീരസഹകരണസംഘം
അങ്കൺവാടി-തെന്നൂർ, നരിക്കല്ല് അരയക്കുന്ന്
പൊതുവിതരണകേന്ദ്രം തെന്നൂർ

### വാർഡ് ഒമ്പത്-ഇടവം

ജില്ലാകൃഷിത്തോട്ടം പെരിങ്ങമ്മല
ബനാന നേഴ്സറി
ട്രൈബൽ പ്രീ മെട്രിക് ഹോസ്റ്റൽ (പെൺകുട്ടികൾ)
MWTC ഞാറനീലി
ഗിരിവർഗ്ഗ സഹകരണ സംഘം ഇലഞ്ചിയം
അങ്കൺവാടി-ഇലഞ്ചിയം കുറുപ്പിനെ കൊന്നകാല,
കാട്ടിലക്കുഴി, ഇടവം, പന്നിയോട്ടുകടവ്
പൊതുവിതരണകേന്ദ്രം ഇടവം

### വാർഡ്പത്ത്-ഇടിഞ്ഞാർ

ട്രൈബൽ HS ഇടിഞ്ഞാർ
ട്രൈബൽ പ്രീമെട്രിക് ഹോസ്റ്റൽ (ആൺകുട്ടികൾ)
പോസ്റ്റാഫീസ് ഇടിഞ്ഞാർ
ആയുർവേദ ആശുപത്രി
പ്രൈമറി ഹെൽത്ത് സബ്സെന്റർ
ഖാദി ഗ്രാമവ്യവസായ സഹകരണസംഘം
അങ്കൺവാടി-ബ്രൈമൂർ, അടിപ്പറമ്പ്, ഇടിഞ്ഞാർ

സാംസ്ക്കാരിക നിലയം ഈയക്കോട്
തേയിലത്തോട്ടം-ബ്രൈമൂർ
പൊതുവിതരണകേന്ദ്രം ഇടിഞ്ഞാർ
CSI ക്രഷ്

### വാർഡ് പതിനൊന്ന്-പൊൻമുടി

ടൂറിസ്റ്റ് കേന്ദ്രം
കേരളപോലീസ് വയർലസ് സ്റ്റേഷൻ
ഡിയർപാർക്ക്
DWCRA യൂണിറ്റ്
ഗവൺമെന്റ് UPS പൊൻമുടി
തേയിലത്തോട്ടം (3)
അങ്കണവാടി
ക്രഷ്
പൊതുവിതരണകേന്ദ്രം
പോലീസ് സ്റ്റേഷൻ
പോസ്റ്റാഫീസ്
KTDC ക്യാന്റീൻ

### വാർഡ് പന്ത്രണ്ട്- മർച്ചിസ്റ്റൺ

തേയിലത്തോട്ടം
പൊതുവിതരണകേന്ദ്രം
അങ്കണവാടി
ആശുപത്രി (എസ്റ്റേറ്റ്)

1953 മുതൽ 1961 വരെ പെരിങ്ങമ്മല പഞ്ചായത്ത് പാലോട് പഞ്ചായത്തിന്റെ ഭാഗമായിരുന്നു. പ്രസിഡന്റ് ശ്രീ.എ. ഇബ്രാഹിം കുഞ്ഞ്. 1961-ൽ പാലോട് പഞ്ചായത്ത് വിഭജിച്ച് നന്ദിയോട്, പെരിങ്ങമ്മല പഞ്ചായത്തുകൾ രൂപീകരിച്ചു.

1953 മുതൽ 1961 വരെ പാലോട് പഞ്ചായത്ത് പെരിങ്ങമ്മല പ്രദേശത്തെ പ്രതിനിധീകരിച്ചവർ

1 A ഇബ്രാഹിംകുഞ്ഞ്
2 ഭാർഗ്ഗവൻ കാണി/വാസു
3 N നാരായണപിള്ള
4 അരുണാചലം
5 വിശ്വംഭരൻ

1961 മുതൽ 1964 വരെ അഡ്മിനിസ്ട്രേറ്റർ ഭരണമായിരുന്നു.

## പെരിങ്ങമ്മല പഞ്ചായത്ത്
## ഭരണസമിതി 1964-1978

| ക്രമന | വാർഡ് | പേര് | സ്ഥാനം |
|---|---|---|---|
| 1 | Iv | A. ഇബ്രാഹിംകുഞ്ഞ് | പ്രസിഡന്റ് |
| 2 | I | കൃഷ്ണൻ കാണി | വൈസ്പ്രസിഡന്റ് |
| | | ഷാഹുൽ ഹമീദ് | മെമ്പർ |
| 3 | III | V.K. ശങ്കർ | മെമ്പർ |
| 4 | V | M.A. റഹിം (ദൈവപുര) | മെമ്പർ |
| 5 | VI | R.മാധവൻ നായർ/ അഡ്വ:പൂന്തോട്ടം ഷാജഹാൻ | മെമ്പർ |
| 6 | VII | ദേവസ്യാജോസഫ് | മെമ്പർ |
| 7 | II | M.വിക്രമൻ നായർ | മെമ്പർ |
| 8 | VIII | മായാണ്ടിപ്പിള്ള | മെമ്പർ |
| 9 | - | M.B. സരോജിനി അമ്മ/ അന്നമ്മാതോമസ്സ് | വനിതാപ്രതിനിധികൾ |

I-ാം വാർഡ് ദ്വയാഗ മണ്ഡലമായിരുന്നു R. മാധവൻനായരും, M.B. സരോജിനി അമ്മയും പ്രൈവറ്റ് സ്കൂൾ അദ്ധ്യാപകരായിരുന്നു, KER അനുസരിച്ച് അവർ മെമ്പർ സ്ഥാനം രാജി വച്ചു. പകരം നടന്ന തെരഞ്ഞെടുപ്പിൽ അഡ്വ: പൂന്തോട്ടം ഷാജഹാൻ വിജയിച്ചു. വനിതാ പ്രതിനിധിയായി ശ്രീമതി.അന്നമ്മാതോമസിനെ പഞ്ചായത്തുകമ്മിറ്റി നോമിനേറ്റ് ചെയ്തു.

## പഞ്ചായത്ത് ഭരണസമിതി
## 1978-1983

| ക്രമന | വാർഡ് | പേര് | സ്ഥാനം |
|---|---|---|---|
| 1 | V | M.A. റഹിം | പ്രസിഡന്റ് |
| 2 | II | A.ഷംസുദീൻ | വൈസ്പ്രസിഡന്റ് |
| 3 | III | M. വിക്രമൻനായർ | മെമ്പർ |
| 4 | IV | M.ശ്രീധരൻ നായർ | മെമ്പർ |
| 5 | VI | സൈനബാബീഗം | മെമ്പർ |
| 6 | VII | അഹമ്മദാലി | മെമ്പർ |
| 7 | VIII | കരുണാകരൻ കാണി | മെമ്പർ |
| 8 | IX | അബ്ദുൾകരീം | മെമ്പർ |
| 9 | I | സുഗതൻ.N. | മെമ്പർ |
| 10 | X | P.K. വാസുദേവൻ | മെമ്പർ |
| 11 | XI | വേലായുധൻ | മെമ്പർ |

## 1984-1988വരെ അഡ്മിനിസ്ട്രേഷൻ ഭരണം
## 1988-1995 പഞ്ചായത്ത് ഭരണസമിതി

| ക്രമ നമ്പർ | വാർഡ് | പേര് | സ്ഥാനം |
|---|---|---|---|
| 1 | I | M.K. ശശിലാൽ | പ്രസിഡന്റ് |
| 2 | II | G.ലോഹിതാക്ഷൻ | വൈസ്പ്രസിഡന്റ് |
| 3 | III | M.വിക്രമൻ നായർ | മെമ്പർ |
| 4 | IV | D.രഘുനാഥൻ നായർ | മെമ്പർ |
| 5 | V | K.G. ശ്രീകല | ,, |
| 6 | VI | അന്നമ്മാതോമസ് | ,, |
| 7 | VII | N.മുരളീധരൻ നായർ | ,, |
| 8 | VIII | B.രാജപ്പൻ | ,, |
| 9 | IX | A.M. അബ്ദു | ,, |
| 10 | X | N.P. രാജ | ,, |
| 11 | XI | ഗോപിനാഥൻ നായർ | ,, |

## പഞ്ചായത്ത് ഭരണസമിതി 1995

| ക്രമ നമ്പർ | വാർഡ് | പേര് | സ്ഥാനം |
|---|---|---|---|
| 1 | IV | D.രഘുനാഥൻ നായർ | പ്രസിഡന്റ് |
| 2 | X | B. രാജപ്പൻ | വൈസ്പ്രസിഡന്റ് |
| 3 | I | V. പ്രസാദ് | മെമ്പർ |
| 4 | II | G. ഭുവനേന്ദ്രൻ | ,, |
| 5 | III | രമണീമാധവൻ | ,, |
| 6 | V | ഷെർളിപോൾ | ,, |
| 7 | VI | M.A. റഹിം | ,, |
| 8 | VII | പൂന്തോട്ടം സൈനുല്ലാബ്ദിൻ | ,, |
| 9 | VIII | നിർമ്മലകുമാരി | ,, |
| 10 | IX | ഇടക്കുന്നിൽ മുരളി | സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ |
| 11 | XI | ജയന്തി രാമർ | |
| 12 | XII | എൽ. ശ്രീനിവാസൻ | |

## പെരിങ്ങമ്മല പഞ്ചായത്ത് ഉൾപ്പെട്ട നിയമസഭ പ്രതിനിധികൾ

| | |
|---|---|
| 1945 | S.J നായർ (ശ്രീമൂലം പ്രജാസഭ ) |
| 1947-48 | N.N പണ്ടാരത്തിൽ |
| 1954-57 | പുറത്തേക്കാട് ചന്ദ്രശേഖരൻ ( പാലോട് നിയമസഭാമണ്ഡലം) |
| 1957-60 | N.N. പണ്ടാരത്തിൽ (നെടുമങ്ങാട് നിയമാസഭാ മണ്ഡലം) |
| 1960-65 | N.N. പണ്ടാരത്തിൽ (,, ,, ) |
| 1965-67 | V. ശങ്കർ (ആര്യനാട് നിയമസഭാ മണ്ഡലം) |
| 1967-70 | മാറ്റാപള്ളി മജീദ് (,, ,,) |
| 1970-77 | സോമശേഖരൻ നായർ (,, ,,) |
| 1977-80 | വാസുദേവൻ പിള്ള (വാമനപുരം മണ്ഡലം) |
| 1980-82 | കോലിയക്കോട് കൃഷ്ണൻ നായർ (,, ,,) |
| 1982-87 | കോലിയക്കോട് കൃഷ്ണൻ നായർ (,, ,,) |
| 1987-91 | കോലിയക്കോട് കൃഷ്ണൻ നായർ (,, ,,) |
| 1991-96 | കോലിയക്കോട് കൃഷ്ണൻ നായർ (,, ,,) |
| 1996- | പിരപ്പൻകോട് മുരളി (,, ,,) |

ലോകസഭ
ചിറയിൻകീഴ് മണ്ഡലം

| | |
|---|---|
| 1952-57 | V.P. നായർ |
| 1957-67 | M.K. കുമാരൻ |
| 1967-70 | K. അനിരുദ്ധൻ |
| 1970-80 | വയലാർ രവി |
| 1980-82 | A.A. റഹിം |
| 1982-87 | തലേക്കുന്നിൽ ബഷീർ |
| 1987-91 | തലേക്കുന്നിൽ ബഷീർ |
| 1991-97 | സുശീലാഗോപാലൻ |
| 1996- | A. സമ്പത്ത് |

ജില്ലാ കൗൺസിൽ പ്രതിനിധി

1990-92A അപ്പുക്കുട്ടൻ കാണി

ജില്ലാ പഞ്ചായത്ത്- പ്രതിനിധി

1995-J. അരുന്ധതി

ബ്ലോക്ക് പഞ്ചായത്ത് പ്രിതിനിധി

1995- I-വാർഡ് മുതൽ VI- വരെ J. അപ്പു
VII ,, ,, XII വരെ B. പവിത്രകുമാർ

# നമ്മുടെ പഞ്ചായത്തു പ്രസിഡന്റുമാർ



എ. ഇബ്രാഹിം കുഞ്ഞു
1964 - 1978



എം. എ. റഹിം
1978 - 1983



എം. കെ. ശശിലാൽ
1988 - 1995



ഡി. രഘുനാഥൻ നായർ
1995 -

# നിലവിലുള്ള ഗ്രാമ പഞ്ചായത്ത് ഭരണസമിതി



**ബി. രാജപ്പൻ**
*വൈസ് പ്രസിഡന്റ്*



**ഡി. രഘുനാഥൻ നായർ**
*പ്രസിഡന്റ്*



**ഇടക്കുന്നിൽ മുരളി**
*സ്റ്റാ. കമ്മിറ്റി:ചെയർമാൻ*



**വി. പ്രസാദ്**



**ജി. ഭുവനേന്ദ്രൻ**



**രമണി മാധവൻ**



**ഷെർളി പോൾ**



**എം. എ. റഹിം**



**പൂന്തോട്ടം സൈനുല്ലാബ്ദീൻ**



**പി. നിർമ്മല കുമാരി**



**ജയന്തി രാമർ**

**എൻ. ശ്രീനിവാസൻ**





**എം. പി. വേണുകുമാർ**
*പഞ്ചാ. കൺവീനർ*
*ജനകീയ ആസൂത്രണം*

# ഭൂപ്രകൃതി

## ഭൂപ്രകൃതി

സഹ്യപർവ്വതത്തിന്റെ ഓരപ്രദേശത്ത് പടിഞ്ഞാറേക്കുചരുവോടുകൂടി പൊന്മുടിമുതൽ കൊച്ചരിപ്പ് വരെ തെക്കുവടക്കായി വളഞ്ഞു പുളഞ്ഞു കിടക്കുന്ന ഒരു മലയോരഗ്രാമപ്രദേശമാണ് നമ്മുടേത്. വനഭൂമിയുൾപ്പെടെയുള്ള ഈ പ്രദേശത്തിന്റെ അതിർത്തികൾ താഴെപറയും പ്രകാരമാണ്.

| | | |
|---|---|---|
| കിഴക്ക് | - | അംബാസമുദ്രം |
| പടിഞ്ഞാറ് | - | തിരുവനന്തപുരം - ചെങ്കോട്ട റോഡ് (ചിതറ പാങ്ങോട്, നന്ദിയോട് പഞ്ചായത്തുകൾ) |
| തെക്ക് | - | നന്ദിയോട് -തൊളിക്കോട്-വിതുര പഞ്ചായത്തുകൾ |
| വടക്ക് | - | കുളത്തൂപ്പുഴ പഞ്ചായത്ത് |

## വിസ്തീർണ്ണം

| | | |
|---|---|---|
| വനഭൂമി | - | 16925 ഹെക്ടർ |
| ബൊട്ടാണിക് ഗാർഡൻ | - | 125 ഹെക്ടർ |
| കൃഷിഭൂമി | - | 4550 ഹെക്ടർ |
| ആകെ | - | 21600 ഹെക്ടർ |

| ഭൂപ്രകൃതി | സ്ഥലനാമം | വിസ്തീർണ്ണം |
|---|---|---|
| 1. കുന്നുകൾ: | പൊന്മുടി, ബ്രൈമൂർ, മൊട്ട, വിട്ടിക്കാവ്, ഇയ്യക്കോട്, ഇലഞ്ചിയം, അരയക്കുന്ന്, നരിക്കല്ല്, പൊട്ടൻകുന്ന്, ഊളൻകുന്ന്, അയിരവില്ലിക്കുന്ന് (പനങ്ങോട്) മാടൻകുന്ന്, പേരലൈ, ചേന്നൻകുന്ന്, ചൂണ്ടാമല, കണ്ണൻകോട്, മേലാങ്കോട്, കുശവൂർ, പാപ്പനംകോട്, പള്ളിക്കുന്ന്, കുട്ടത്തിക്കുന്ന്, ഒഴുകുപാറ കളിത്തട്ടു കുന്ന്, ആയിരവല്ലിക്കുന്ന് (മടത്തറ) വേളിയൻകാലക്കുന്ന്. | |
| 2. താഴ്വാരം | മങ്കയം, ഇടിഞ്ഞാർ, കോളച്ചൽ, ഇടവം, കരിക്കകം, മീരാൻ വെട്ടിക്കരിക്കകം, പുന്നമൺവയൽ. | |
| 3. സമതലം | പെരിങ്ങമ്മല പ്രദേശം | |
| 4. വയലുകൾ, ഏലാകൾ | ഇടവം ഏല, പേത്തല, കോളച്ചൽ, ഇലഞ്ചിയം, തെന്നൂർ ഏല, കൊച്ചുകരിക്കകം, പെരും കൈത, ദൈവപ്പുര, ചെഞ്ചേരിമൂഴി, ചെറിയ തൊളിക്കോട്, | |

| | |
|---|---|
| | പെരിങ്ങമ്മല, കട്ടയ്ക്കാൽ, പാലോട് ഏല, കരിമൺകോട്, കൊല്ലരുകോണം, മാന്തുരുത്തി, ഒഴുകുപാറ, കുട്ടത്തി ഏല, കലയപുരം, പാമ്പിചത്തമണ്ണ്, മടത്തറ ഏല, പുന്നമൺവയൽ, വേളിയൻകാല വടക്ക് തവാരണ, പോട്ടാമാവ് വയൽ. |
| 5. | ചതുപ്പുകൾ ശാസ്താംനട, പുള്ളയക്കോട്, ഈസ്റ്റേൺ കന്നിമാർ, ന്യൂ കന്നിമാർ, കടുകടുപ്പൻ കൈത, വാലിയ പുലിക്കോട്, കൊച്ചുപുലിക്കോട്, കുളത്തരകൈത, അടിപ്പറമ്പ്, പുലിക്കോട്, ഓടിട്ട പടുക്ക, വെങ്കട്ടമൂട്, ചോനമല, മണലി (കുട്ടത്തിക്കരിക്കകം) |

### 6. പ്രധാനതോടുകൾ.

എ.കോളച്ചൽ തോട് ഈട്ടിമൂട്-മഞ്ഞണത്തുംകടവ്-കല്ലണ-കൊന്നമൂട്-കോളച്ചൽ-പന്നിയോട്ടുവന്നു ചിറ്റാറിൽ ചേരുന്നു. 7കി. മി

**എ. ഇടിഞ്ഞാർ തോട്**

മുത്തിപ്പാറ - കല്യാണിക്കരിക്കകം-ഇടിഞ്ഞാർ-മൂന്നാറ്റുമുക്ക്- ചിറ്റാറിൽ ചേരുന്നു. 6കി. മി.

**ബി. ചിറ്റൂർതോട്**

കുറുപ്പൻ കാലയിൽനിന്നും മീരാൻ വെട്ടിയിൽ നിന്നും ആരംഭിക്കുന്ന രണ്ടു ചെറുതോടുകൾ ചിറ്റൂരിൽ ഒത്തുചേർന്ന് മുത്തിക്കാമല- നായ്ക്കാരിക്കുഴി- വാഴോട് വഴി വാമനപുരം ആറ്റിൽ ചേരുന്നു. 5ഗങ

**സി. നരിക്കൽ ഏലാതോട്**

നരിക്കല്ലിൽ നിന്ന് ജവഹർ എൽ.പി.എസ്. ന് സമീപത്തുകൂടി ഒഴുകി മഞ്ഞപ്പാറ ആറ്റിൽ ചേരുന്നു 4ഗങ

**ഡി. താന്നിമൂട്- പെരിങ്ങമ്മല എലാതോട് (1)**

ബംഗ്ളാവിവിള പടിഞ്ഞാറേക്കര - കൊന്നമൂട്-പെരിങ്ങമ്മല- കട്ടയ്ക്കാാൽ - ചെഞ്ചേരിമൂഴി, പറങ്കിമാംവിള കോളനി വഴി വാമനപുരം ആറ്റിൽ ചേരുന്നു. 4 കി. മി.

**ഇ. താന്നിമൂട് - പെരിങ്ങമ്മല തോട് (2)**

ബംഗ്ളാവുവിള കിഴക്കേകര- പുള്ളിപ്പച്ച-പെരിങ്ങമ്മല- താഴെതേവരുകോണം-കട്ടയ്ക്കാൽ-വേലൻകോണത്തുവന്ന് പടിഞ്ഞാറേക്കരത്തോട്ടിൽ ചെഞ്ചേരി മൂഴിയിൽ വച്ച് ഒന്നിച്ച് പറങ്കിമാംവിള വഴി വാമനപുരം ആറ്റിൽ ചേരുന്നു.4കി. മി.

**എഫ്. മാന്തുരുത്തി കിഴക്കേകര (പാലോട് ഏലാതോട്)**

മാന്തുരുത്തി കിഴക്കേകര പുള്ളിവട്ടം-പണ്ടാരക്കോണം-മുണ്ടമ്പാലം വഴി വാമനപുരം ആറ്റിൽ ചേരുന്നു. 3കി. മി.

**ജി. മാന്തുരുത്തി പടിഞ്ഞാറേക്കര**

പടിഞ്ഞാറേക്കര-കൊല്ലരുകോണം-പുള്ളിവട്ടം-മുക്കാംതോട്-പണ്ടാരക്കോണ്ത്തുവന്ന് കിഴക്കേകര തോടുമായി സന്ധിച്ച് മുണ്ടൻ പാലം വഴി വാമനപുരം ആറ്റിൽ ചേരുന്നു. 3കി. മി.

എച്ച്. പുന്നമൺ വയൽ മടത്തറകോട്

വേളിയൻകാല-പുന്നമൺവയൽ-മടത്തറ തട്ടുപാലത്തിൽ വന്ന് ചിതറ പഞ്ചായത്തിൽ പ്രവേശിക്കുന്നു. (ഒഴുകുപാറവഴി ചിപ്പൻചിറ ഇരുമ്പുപാലത്തിനുസമീപം ചിറ്റാറിൽ ചേരുന്നു) 2കി. മി.

ഐ. ഇടവംതോട്

കാട്ടിലക്കുഴി-ഇടവം-സെന്റ് മേരീസ് താഴെ പന്നിയോട്ടുകടവിൽ വച്ച് ചിറ്റാറിൽ സന്ധിക്കുന്നു. 5 കി. മി

കെ. പോട്ടാംമാവ്- അമ്മയമ്പലം പച്ചതോട്

ഹ. ശാസംതാംനട- ശംഖിലിതോട്

## കുളങ്ങൾ

ഇടിഞ്ഞാർ, കാട്ടിലക്കുഴി, മാന്തുരുത്തി, പറക്കോണം,പനങ്ങോട്, താന്നിമൂട്, ഇക്ബാൽകോളജ്, സൂര്യകാന്തി, ഇടവം, കലയപുരം, പോട്ടാമാവ്, ശാസ്താംനട.

## പരിസ്ഥിതി പ്രശ്നങ്ങൾ

1. വയൽ നികത്തൽ - എല്ലാ വാർഡിലും

2. മണ്ണൊലിപ്പ് - എല്ലാ വാർഡിലും

3. അശാസ്ത്രീയമായ മണലൂറ്റുമൂലം ആറ്റുതീരത്തെ കൃഷിഭൂമിയുടെ കരകളിടിയുന്നു. ആറിന് ആഴം കൂടുന്നതുമൂലം സമീപത്തുള്ള കിണറുകളിലെ വെള്ളം വറ്റുന്നതിനും തന്മൂലം കുടിവെള്ളക്ഷാമത്തിനും ഇടയാക്കുന്നു. (വാർഡുകൾ 4,6,7,9,10)

4. വെള്ളപ്പൊക്കവും കൊല്ലപൊട്ടലും മൂലം കൃഷിയിടങ്ങളുടെ നാശവും വിളനാശവും ഉണ്ടാകുന്നു (11,12 വാർഡുകൾ ഒഴികെ എല്ലാ വാർഡുകളിലും.

5. 6-ാം വാർഡിലെ സെന്റ് മേരീസിൽ സ്ഥിതിചെയ്യുന്ന പൊന്മുടി പേപ്പർ മില്ലിൽ നിന്നുള്ള വിഷമയമായ മലിനജലം ചിറ്റാറിലെ കുണ്ടാളം കുഴി കടവിലേക്ക് ഒഴുക്കിവിടുന്നു. ഈ മലിനജലത്തിൽ കുളിയ്ക്കാൻ ഇടയാകുന്ന ആളുകൾക്ക് ത്വക്ക് രോഗം പിടിപെടുന്നു. മാത്രമല്ല പ്രസ്തുത കടവിൽ സ്ഥാപിച്ചിരിക്കുന്ന കുടിവെള്ളം ശേഖരിക്കുന്നതിനുള്ള ടാങ്കിലേക്കും ഈ മലിനജലം പകരാൻ ഇടയുണ്ട്. ഈ ജലസംഭരണിയിലെ ജലം കുടിയ്ക്കാനും കുളിക്കാനും പ്രയോജനപ്പെടുത്തുന്ന 4,5,6,7 വാർഡുകളിലെ ജനങ്ങളുടെ ആരോഗ്യത്തിന് വിഷംകലർന്ന ജലം ഭീഷണിയുയർത്തുന്നു.

6. 1992 ഒക്ടോബർ നവംബർ മാസങ്ങലിൽ ഉണ്ടായ വെള്ളപ്പൊക്കത്തിലും പഞ്ചായത്തിന്റെ കിഴക്കൻ മലകളിൽ തുടരെത്തുടരെയുണ്ടായ വിനാശകരമായ ഉരുൾപൊട്ടലിലും ജീവനും സ്വത്തിനുമുണ്ടായ നാശനഷ്ടങ്ങൾ ഇന്നും ഭീതിയോടുകൂടിയേ ഓർക്കാനാവൂ.

## സസ്യാവരണം

Agro Climatic zon (Ref: Land Resources of Kerala State)

| Zone | Soil | Principal crops |
|---|---|---|
| VII High land | laterite without Bhorizon | Rubber, Coconut, Pepper, Rice |

## മനുഷ്യ വിഭവം

ജനസംഖ്യ (അവലംബം 1991 കനേഷുമാരി കണക്ക്)

| | | | 6 വയസ്സിൽ താഴെ പ്രായമുള്ളവർ | | |
|---|---|---|---|---|---|
| പു | സ്ത്രീ | ആകെ | പു | സ്ത്രീ | ആകെ |
| 14821 | 15323 | 30144 | 2049 | 1980 | 4029 |

## ഭൂവിനിയോഗം - പ്രശ്നങ്ങൾ

കാർഷികവിളകളുടെ കാര്യത്തിൽ സ്വയം പര്യാപ്തതയുണ്ടായിരുന്ന ഒരു പ്രദേശമായിരുന്നു ഇവിടം. നെല്ലും മരച്ചീനിയും മറ്റു കിഴങ്ങു വർഗ്ഗങ്ങളും ഏന്നു വേണ്ട ഏതാണ്ടെല്ലാവിധ ഭക്ഷ്യ വിളകളും സമൃദ്ധമായി ലഭിച്ചിരുന്നു. കുരുമുളക് ഉൾപ്പെടെയുള്ള സുഗന്ധവിളകളും തെങ്ങ് മാവ്, പ്ളാവ്, പറങ്കിമാവ് തുടങ്ങിയുള്ള ചിരകാല വിളകളും കൊണ്ട് സമൃദ്ധമായിരുന്നു ഈ ഗ്രാമം. ക്രമേണ ക്രമേണ കൃഷി ഭൂമിയുടെ നല്ലൊരുഭാഗവും റബർ കൈയടക്കിതുടങ്ങി. വയലുകളും വ്യാപകമായി നികത്തിത്തുടങ്ങി. അവശേഷിക്കുന്ന കാർഷികവിള ഭൂമി കാട്ടുപന്നിയുടെ ശല്യം മൂലം തരിശിടാൻ ഇപ്പോൾ കർഷകർ നിർബന്ധിതരായിരിക്കുന്നു. ഇന്ന് ഈ ഗ്രാമ പഞ്ചായത്തിലെ ഓരോവീടും എല്ലാ വിധകാർഷികവിളകളും പന്നിശല്യത്തിനും ഇരയായിക്കൊണ്ടിരിക്കുകയാണ്. എല്ലാ ഭക്ഷ്യവിളകളുടേയും ഉല്പാദനം ഏതാണ്ട് പൂർണ്ണമായി നിലച്ചിരിക്കുന്നു ഏന്നു മാത്രമല്ല പന്നിക്കൂട്ടങ്ങളിൽ നിന്നും മനുഷ്യജീവനും കൊടും ഭീഷണി ഉയർന്നു തുടങ്ങുകയും ചെയ്തിരിക്കുന്നു. കാർഷിക ഉല്പാദനവുമായി ബന്ധപ്പെട്ട ഏതുപദ്ധതി നടപ്പാക്കുന്നതിനും വർദ്ധിച്ചു വർദ്ധിച്ചു വരുന്ന ഈ പന്നിശല്യം എങ്ങനെയും ഒഴിവാക്കിയേ മതിയാവൂ. ഇല്ലെങ്കിൽ ഭക്ഷ്യോല്പാദനവർദ്ധനവിനുവേണ്ടി നാം നടത്തുന്ന എല്ലാ ശ്രമങ്ങളും പാഴ് വേലയാകും.



# സാമൂഹ്യ ചരിത്ര പശ്ചാത്തലം

ഭൂപ്രകൃതിയേയും, പ്രകൃതി വിഭവങ്ങളേയും തന്റെ ഇച്ഛാനുസരണം വിനിയോഗിക്കാൻ മനുഷ്യൻ ബോധപൂർവ്വമായ സംഘടിതപ്രവർത്തനങ്ങളിൽ ഏർപ്പെട്ടു തുടങ്ങുമ്പോഴാണ് ഒരു പ്രദേശത്തിന്റെ ചരിത്രം ജന്മം കൊള്ളുന്നത്. നാട്ടറിവുകളും പഴമക്കാരുടെ മൊഴികളും ലഭ്യമായ ചരിത്രവസ്തുതകളും നൂറ്റാണ്ടുകളുടെ ചരിത്ര സ്മൃതികളുറങ്ങുന്ന നമ്മുടെ ഗ്രമാത്തെക്കുറിച്ചുള്ള നേരറിവുകൾ പകരുമ്പോൾ നാം വിസ്മയാധീനനാവുകയാണ്.

പെരിങ്ങമ്മല അഥവാ പെരുംതേൻമല ഒരു നൂറ്റാണ്ടിനപ്പുറം നിബിഡമായ വനപ്രദേശമായിരുന്നു. ഈ പ്രദേശത്തെ ആദിമനിവാസികൾ 'കാണിക്കാർ' എന്ന പേരിൽ ഇന്നറിയപ്പെടുന്ന. വന്യമൃഗങ്ങളുമായി മല്ലടിച്ച്, പ്രകൃതി ജന്യരോഗങ്ങളെ അതിജീവിച്ച് വനവിഭവങ്ങൾ ഭക്ഷിച്ചു ജീവിച്ചിരുന്ന ഗിരിവർഗക്കാരായ കാണിക്കാരുടെ ചരിത്രകാലഘട്ടം ഗവേഷണപരമായ പഠനത്തിനു വിധേയമാക്കേണ്ടതുണ്ട്. ഇവരുടെ പഴമക്കാരിൽ നിന്നും കൈമാറിക്കിട്ടിയ വിവരമനുസരിച്ച് 'കാണി' എന്ന പദം അവരുടെ ഭൂമിയുടെ അളവിനെ കാണിക്കുന്നതാണ്. ഞാറനീലി എന്ന സ്ഥലം മറ്റു കാണിസങ്കേതങ്ങളുമായി ബന്ധിപ്പിച്ചിരുന്ന കേന്ദ്രസ്ഥാനമാണെന്നു പറയപ്പെടുന്നു. ഇവർ വനവിഭവങ്ങൾ ശേഖരിച്ച് തിരുവിതാംകൂർ രാജാക്കന്മാർക്ക് കാഴ്ചവച്ചിരുന്നുവത്രേ. രണ്ടു കൊല്ലത്തിലധികംകാലം ഒരിടത്തും ഇവർ സ്ഥിരമായി താമസിച്ചിരുന്നില്ല എന്നാണ് പറയപ്പെടുന്നത്. കാണിക്കാരുടെ ജീവിത രീതികളിലും ആഹാരാനുഷ്ഠാനങ്ങളിലും വന്ന മാറ്റങ്ങളെക്കുറിച്ചും പുറംലോകവുമായുള്ള ഈ പഴകലിലൂടെ വന്ന പരിവർത്തനങ്ങളെക്കുറിച്ചും വസ്തുനിഷ്ഠമായ പഠനവും വിലയിരുത്തലും നടത്തേണ്ടതുണ്ട്.

ഒരു നൂറ്റാണ്ടിനു മുമ്പ് കിളിമാന്നൂർ ആറ്റിങ്ങൽ, വർക്കല, ചിറയിൻകീഴ് തുടങ്ങിയ പ്രദേശങ്ങളിൽ നിന്ന്, കാർഷികവൃത്തി ലക്ഷ്യമാക്കി വന്ന സവർണ്ണ ഹിന്ദുക്കളും, പള്ളിക്കൽ, വെമ്പായം നെടുമങ്ങാട് തുടങ്ങിയ പ്രദേശങ്ങളിൽ നിന്ന് മലഞ്ചരക്കുവ്യാപാരത്തിനായി എത്തിയ ഇസ്ലാം മത വിശ്വാസികളും, തോട്ടം മേഖലയുമായി ബന്ധപ്പെട്ടുവന്ന ക്രിസ്തുമതവിശ്വാസികളും കാലക്രമേണ ഈ പഞ്ചായത്തിലെ മധ്യഭാഗത്തുള്ള ഭൂപ്രദേശത്ത് സ്ഥിരതാമസക്കാരായി മാറി. കാണിക്കാരുടെ അധീനതയിലുണ്ടായിരുന്ന ഭൂപാട്ടവ്യവസ്ഥയിലും പരസ്പരധാരണയുടെ അടിസ്ഥാനത്തിലും ഈ കുടിയേറ്റക്കാരുടെ അധീനതയിലാവുകയും പ്രധാനമായും നെല്ല്, മരച്ചീനി തുടങ്ങിയ വിവിധ കാർഷിക വിളകൾ വൻതോതിൽ ഉൽപ്പാദിപ്പിക്കാൻ തുടങ്ങുകയും ചെയ്തു. വനഭൂമി ക്രമേണ കാർഷിക ഭൂമിയായി വികസിക്കാൻ തുടങ്ങിയതോടെ ഗിരിവർഗക്കാരായ കാണിക്കാർ വനാന്തർ ഭാഗങ്ങളിലേക്കു താവളം മാറ്റിക്കൊണ്ടിരുന്നു. 1967-ൽ നിലവിൽ വന്ന സർക്കാർ ഉത്തരിവിൻ പ്രകാരം കാണിക്കാർ തനതു കൈവശവശ ഭൂമിയിലെ സ്ഥിരതാമസക്കാരായിമാറി.

ചിപ്പൻചിറ മുതൽ വടക്കോട്ട് തിരുവനന്തപുരം ചെങ്കോട്ട റോഡിനു കിഴക്കുവശം അരിപ്പവരെയുള്ള വനഭൂമി1948ൽ 'ഭാക്ഷ്യോല്പാദന' മേഖലയായി പ്രഖ്യാപിക്കുകയും അഞ്ചേക്കർവരെ ബ്ലോക്കുകളായി 5 രൂപ ഫീസ്സൊടുക്കി അപേക്ഷിച്ച സന്നദ്ധതരായ കർഷകർക്ക്, മരച്ചീനി, നെല്ല് എന്നിവ മാത്രം കൃഷിചെയ്യാം എന്ന കർശന വ്യവസ്ഥയിൽ വിട്ടുകൊടുക്കയും ചെയ്തു. മരങ്ങൾ മുറിച്ചുമാറ്റാനോ ദീർഘകാല വിളകൾവച്ചു പിടിപ്പിക്കാനോ അനുവാദമുണ്ടായിരുന്നില്ല. 1959-60ൽ അന്നത്തെ ഗവൺമെന്റ് പ്രസ്തുത പുതുവിൽ ഭൂമി കർഷകർക്കു പതിച്ചു നൽകുന്നതിന് തീരുമാനിച്ചു. അതിനുശേഷമാണ് ഈ പ്രദേശങ്ങളിൽ വീടുവെച്ച് ആളുകൾ സ്ഥിരതാമസക്കാരായത്.

വ്യാപാരത്തിനായി കേരളത്തിലെത്തിയ യൂറോപ്യന്മാരുടെ ദൃഷ്ടി നമ്മുടെ പഞ്ചായത്തിലെ സമ്പന്നവും, സുഖവാസയോഗ്യമായ വനഭൂമികളിലും ചെന്നെത്തി. ഈ വനാന്തർ ഭാഗങ്ങളിൽ ജീവിച്ചിരുന്ന ഗിരിവർഗക്കാരായ കാണിക്കാരുടെ സഹായത്തോടെ ബ്രൈമൂർ, പൊന്മുടി, മർച്ചിസ്റ്റൺ, ഇൻവർക്കാർഡ്, ചീനിക്കാല എന്നീ മലമുകൾ പ്രദേശങ്ങളിൽ സാഹസികമായി എത്തിച്ചേരുകയും തേയില, കുരുമുളക്, ഏലം, റബ്ബർ തോട്ടങ്ങൾ വച്ചുപിടിപ്പിക്കുകയും എസ്റ്റേറ്റ് ബംഗ്ലാവുകൾ പണിത് രാജകീയ ജീവിതം നയി

ക്കാൻ തുടങ്ങുകയും ചെയ്തു. പ്രസ്തുത പ്രദേശങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന കുതിരപ്പാതകൾ ഇപ്പോഴും ചരിത്രരേഖകളായി തെളിഞ്ഞു കിടക്കുന്നു. നമ്മുടെ പഞ്ചായത്തിലെ കാർഷിക ജനവാസ മേഖലകളിൽ നിന്നും ഏകദേശം 25 കി. മി. കിഴക്കുമാറിയുള്ള സഹ്യപർവതചരിവുകളിലാണ് ഈ എസ്റ്റേറ്റുകൾ സ്ഥിതിചെയ്യുന്നത്. തമിഴ്നാട്ടിൽ നിന്നും കൊണ്ടുവന്ന തമിഴ്വംശജരായ പാവപ്പെട്ട തൊഴിലാളികളെ ദുരിതപൂർണ്ണമായ സാഹചര്യങ്ങളിൽ അടിമകളെപ്പോലെ പണിയെടുപ്പിക്കുകയായിരുന്നു വെള്ളക്കാർ. 1880-86 കാലഘട്ടത്തിലാണ് ഈ എസ്റ്റേറ്റുകൾ സ്ഥാപിക്കപ്പെട്ടതെന്ന് കരുതപ്പെടുന്നു.

1886ൽ മാർസിലാ മദാമ്മയാണ് മർച്ചിസ്റ്റൺ എസ്റ്റേറ്റ് സ്ഥാപിച്ചത് (ഇന്ന് 'ജയശ്രീ റ്റീ എസ്റ്റേറ്റ്' എന്ന് രജിസ്റ്റർ ചെയ്യപ്പെട്ടിരിക്കുന്നു). 1886ൽ തന്നെയാണ് പൊന്മുടിയിൽ 'പൊന്മുടി റ്റീ റബ്ബർ കമ്പനി ലിമിറ്റഡ് ഇംഗ്ലണ്ട്' എന്ന എസ്റ്റേറ്റ് സ്ഥാപിച്ചത്.

കമ്പിമൂട്ടിൽ നിന്നും 14 km കിഴക്കുമാറി "ഇൻവർകാട്" (പൊന്മുടി) തേയില, റബ്ബർതോട്ടം സ്ഥിചെയ്യുന്നു. 40 വർഷംമുമ്പ് ഇവിടെ മലമ്പനി പടർന്നുപിടിച്ചു ധാരാളം പേർ മരണമടഞ്ഞു. ഇന്നും ഇവിടെ എത്താൻ നടപ്പാതയാണ് നിലവിലുള്ളത് 1992-ൽ വ്യോമസേനയുടെ പരിശീലനവിമാനം ഇതിനടുത്തുള്ള മരുത്വാമലയിൽ തകർന്നുവീണിരുന്നു.

ഇൻവർകാടിൽ നിന്നും ഏതാനും കിലോമീറ്റർ കിഴക്കായി സഞ്ചരിച്ചാൽ ചീനക്കാല എന്ന സ്ഥലത്തെത്താം. ഇവിടെ ബ്രിട്ടീഷുകാരുടെ തേയിലത്തോട്ടമായിരുന്നു. 70 കൊല്ലംമുമ്പ് മലമ്പനി പടർന്നുപിടിച്ച് നിരവധിപേർ മരണമടയുകയും, അവശേഷിച്ചവർ മറ്റിടങ്ങളിലേക്ക് പലായനം ചെയ്യുകമുണ്ടായി. ഇവിടെ നിന്നും തമിഴ്നാട്ടിലെ അമ്പാസമുദ്രത്തിലേക്ക് നടപ്പാതയുണ്ട്. പൊന്മുടി അപ്പർസാനിറ്റേറിയത്തിൽ കാണപ്പെടുന്ന തകർന്നടിഞ്ഞ കൊട്ടാരാവശിഷ്ടങ്ങളും, സമീപത്ത് കാണുന്ന "സീത കുളിച്ച കുളവും" പൊന്മുടിയെ പഴമയിലേക്ക് നയിക്കുന്നു. ഈ എസ്റ്റേറ്റുകളുമായി ബന്ധപ്പെട്ട് അവിശ്വസനീയമെന്ന് തോന്നാവുന്ന പല സംഭവകഥകളും പറഞ്ഞുകേൾക്കുന്നു. 1968ലെ കൊയ്ത്തു കൂലിസമരം എന്നിവ അവയിൽ ചിലതാണ്. 1940കളിൽ തേയിലത്തോട്ടം മേഖലയിൽ കൂലികൂടുതലിനും മെച്ചപ്പെട്ട ജീവിതസാഹചര്യങ്ങൾക്കും വേണ്ടി നിരവധി സമരങ്ങൾ നടന്നതായി മനസ്സിലാക്കുന്നു.

ഇന്ത്യ സ്വാതന്ത്ര്യം നേടിയിട്ടും തോട്ടംവിട്ടു പോകാൻ കൂട്ടാക്കാത്ത ബ്രിട്ടീഷ് മേലാളന്മാരുടെ മർദനം അവസാനിപ്പിക്കണമെന്നും, തോട്ടം വിട്ടൊഴിയണമെന്നും മെർച്ചിസ്റ്റൺ എസ്റ്റേറ്റിലെ തൊഴിലാളികൾ ആവശ്യമുയർത്തി. ഈ സമരങ്ങൾക്ക് നേതൃത്വം നൽകിയ സരസ്വതിഅമ്മ അലമേലു അമ്മ, ഫെർണാണ്ടസ് എന്നിവരെ തൊഴിലാളികൾ ഇന്നും സ്നേഹപൂർവം ഓർക്കുന്നു.

1952ൽ ബ്രിട്ടീഷുകാർ തോട്ടം നായിഡുമാർക്ക് വിറ്റു. 1954ൽ അർഹതപ്പെട്ട കൂലിക്കുവേണ്ടിയാരംഭിച്ച തൊഴിൽ സമരം അടിച്ചമർത്താൻ തോട്ടം ഉടമകൾ പോലീസിനെ ഉപയോഗിച്ച് കൊടിയ മർദനം അഴിച്ചു വിടുകയും, സമരം അക്രമാസക്തമാവുകയും അവസാനം പോലീസ് വെടിവയ്പിൽ കലാശിക്കുകയും ചെയ്തു. ഇപ്പോൾ ബിർളയുടെ ഉടമസ്ഥതയിലുള്ള ഈ എസ്റ്റേറ്റിൽ തൊഴിലാളികളുടെ നിരവധി പ്രശ്നങ്ങൾ ഇനിയും പരിഹാരം കാണാതെ അവശേഷിക്കുന്നു. അടച്ചിടലിനും അതിനെത്തുടർന്ന് നിരവധി വർഷങ്ങളായി നടന്ന പ്രക്ഷോഭസമരങ്ങളുടെയും ഫലമായി പൊന്മുടി എസ്റ്റേറ്റ് വീണ്ടും പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

ഇന്ത്യയുടെ ദേശീയ സ്വാതന്ത്ര്യപ്രക്ഷോഭസമരങ്ങളുമായി ബന്ധപ്പെട്ട ഏതെങ്കിലും സംഭവങ്ങളുടെ വേദിയായിരുന്നു ഈ പഞ്ചായത്തു പ്രദേശമെന്നു പറയാനാവില്ലെങ്കിലും സ്വാതന്ത്ര്യസമര പോരാളികളായിരുന്ന പലരും ഇവിടെ വന്ന് സ്ഥിരതാമസമാക്കാരായി ഈ ഗ്രാമത്തിന് ധന്യതപകർന്നിട്ടുണ്ട്.

നമ്മുടെ ഗ്രാമ പഞ്ചായത്ത് ഉൾപ്പെടുന്ന പ്രദേശങ്ങളിലെ ഭരണപരവും, പ്രാതിനിധ്യപരവുമായ ചരിത്രത്തിന്റെ ഒരേകദേശ ചിത്രം മാത്രമേ നമുക്കു ശേഖരിക്കാൻ കഴിഞ്ഞിട്ടുള്ളു.

ശ്രീമൂലം പ്രജാസഭയിലേക്ക് പെരിങ്ങമല പ്രദേശമുൾപ്പെടുന്ന ആനാട് മുറി, പാലോട് പകുതി, പ്രജാമണ്ഡലത്തെ പ്രതിനിധീകരിച്ച് 1945 ൽ S.J. നായർ തെരഞ്ഞെടുക്കപ്പെട്ടു. അന്ന് അഞ്ചുരൂപ കരംതീരുവയുള്ളവർക്കുമാത്രമേ വോട്ടവകാശമുണ്ടായിരുന്നുള്ളു. 1947- 48ൽ എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ട കെ.എ. ഗംഗാധരമേനോൻ അറ്റോർണി ജനറലായി ഒഴിവിൽ നിയമിക്കപ്പെട്ട ഉപതെരഞ്ഞെടുപ്പിൽ ഡമോക്രാറ്റിക് കോൺഗ്രസ് പ്രതിനിധിയായി മത്സരിച്ച ശ്രീ. എൻ.എൻ. പണ്ടാരത്തിൽ വിജയിച്ചു. 1954ൽ രൂപീ

കൃതമായ പാലോട് നിയമസഭാമണ്ഡലത്തിൽ ഐക്യമുന്നണി സ്ഥാനാർഥിയായി മത്സരിച്ച് പുറത്തേക്കാട് ചന്ദ്രശേഖരൻ (PSP) വിജയിച്ചു. 1957ലും 60ലും നെടുമങ്ങാട് അസംബ്ലി നിയോജകമണ്ഡലത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടി സ്ഥാനാർഥിയായി മത്സരിച്ച ശ്രീ. എൻ. എൻ പണ്ടാരത്തിൽ തെരഞ്ഞെടുക്കപ്പെട്ടു. 1965ൽ ആര്യനാട് നിയമസഭാമണ്ഡലമായപ്പോൾ കോൺഗ്രസ്സ് സ്ഥാനാർഥിയായിരുന്ന വി.ശങ്കർ തെരഞ്ഞെടുക്കപ്പെട്ടുവെങ്കിലും നിയമസഭ നിലവിൽ വരാത്തതിനാൽ നിയമസഭാംഗമാകാൻ കഴിഞ്ഞില്ല. 1967ൽ നടന്ന തെരഞ്ഞെടുപ്പിൽ ശ്രീ. മാറ്റാപ്പള്ളി മജീദ് (PSP) വിജയിച്ചു. 1970ൽ ശ്രീ. സോമശേഖരൻ നായർ (SSP) തെരഞ്ഞെടുക്കപ്പെട്ടു. 1977ൽ പെരിങ്ങമ്മല പഞ്ചായത്ത് വാമനപുരം അസംബ്ലി നിയോജകമണ്ഡലത്തിന്റെ ഭാഗമായി. അന്നുനടന്ന നിയമസഭാ തെരഞ്ഞെടുപ്പിൽ CPM സ്ഥാനാർഥിയായി മത്സരിച്ച ശ്രീ. വാസുദേവൻപിള്ള വിജയിച്ചു. 80–96 കാലഘട്ടത്തിൽ ശ്രീ. കോലിയക്കോട് കൃഷ്ണൻനായർ (CPM) നിയമസഭാംഗമായിരുന്നു. ശ്രീ. പിരപ്പൻകോട് മുരളി (CPM)ആണ് ഇപ്പോൾ ഈ മണ്ഡലത്തെ പ്രതിനിധീകരിക്കുന്നത്.

1957ൽ അധികാരത്തിൽ വന്ന ഐക്യകേരളത്തിന്റെ ആദ്യമന്ത്രി സഭയ്ക്കെതിരെ നടന്ന വിമോചന സമരത്തിന്റെ ശക്തമായ അലയൊലികൾ ഈ പഞ്ചായത്ത് പ്രദേശത്തും ആഞ്ഞടിച്ചിരുന്നു എന്നത് ഒരു യാഥാർഥ്യമായരുന്നു. വളരെ പ്രസിദ്ധമായ അന്നത്തെ വിദ്യാഭ്യാസ ബില്ലിലെ 11–ാം വകുപ്പിനും, കുടിയൊഴിപ്പിക്കൽ നിരോധന നിയമത്തിനുമെതിരെ കേരള വ്യാപകമായി നടന്ന "വിമോചന സമരത്തിനനുകൂലമായി ഈ പഞ്ചായത്തിലും ഒരു വിഭാഗം ജനങ്ങൾ ഇളകിവശായി. ഗവൺമെന്റ് വിരുദ്ധ പ്രകടനങ്ങൾ, ബസ്സ് പിക്കറ്റിംഗ് മുതലായ പ്രത്യക്ഷ പ്രക്ഷോഭ പരിപാടികളും നടത്തിയിരുന്നു എന്ന് അനുഭവസ്ഥർ സാക്ഷ്യപ്പെടുത്തുന്നു.

ഇന്ന് ഈ പഞ്ചായത്തിൽ വളരെയധികം രാഷ്ട്രീയ പ്രവർത്തകരും നേതാക്കളും വിവിധ രംഗങ്ങളിലെ രാഷ്ട്രീയ പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകി ജനങ്ങളുടെ ഇടയിൽ പ്രവർത്തിച്ചു വരുന്നു.

നമ്മുടെ ഗ്രാമീണചരിത്രവും സംസ്കാരവും സൃഷ്ടിച്ചത് മണ്ണിൽ പണിയെടുത്ത പച്ചമനുഷ്യരാണ്. വന്യമൃഗങ്ങളോടും, വിഷപ്പാമ്പുകളോടും, പ്രകൃതിക്ഷോഭങ്ങളോടും ഏറ്റുമുട്ടി രക്തം ചിന്തി തങ്ങളുടെ വരുംതലമുറകൾക്കുവേണ്ടി പ്രകൃതിയെ മെരുക്കിയെടുത്ത സാഹസികതയുടെ വീറ് നമ്മുടെ കാർഷികചരിത്രത്തിന് ചൂടും ചൂരും പകരുന്നു. സ്നേഹവും വിദ്വേഷവും പകയും നിരാശയും സാഹസികതയും ഭയവും കണ്ണുനീരും പുഞ്ചിരിയും എല്ലാം അലിഞ്ഞു ചേർന്ന ഐതിഹ്യങ്ങളും പഴങ്കഥകളും ഗ്രാമസ്മൃതിയിൽ നിന്നും ചികഞ്ഞെടുക്കാൻ പാകത്തിൽ ഒളിഞ്ഞു കിടക്കുന്നുവെന്നും നാമറിയുന്നു. ഭാവനയുടെ നിറം പിടിച്ച ഐതിഹ്യങ്ങളും പഴങ്കഥകളും, ഗ്രാമീണ ജീവിതത്തിന്റെ താളം തുടിക്കുന്ന നാടൻപാട്ടുകളും, സത്യവും മിഥ്യയും ഇഴുകിച്ചേർന്ന സ്ഥലനാമ പുരാണങ്ങളും എല്ലാമെല്ലാം ശേഖരിച്ച് തേച്ചു മിനുക്കിയെടുത്ത് നമ്മുടെ ഗ്രാമീണചരിത്രത്തിനു വർണാഭ പകരാൻ കഴിയും.

നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ വിശദമായ ഒരു പ്രാദേശികചരിത്രം രചിക്കുവാൻ വേണ്ടുംവിധം ആവശ്യമായ വിവരങ്ങൾ ശേഖരിക്കുവാൻ നമുക്കു കഴിഞ്ഞിട്ടില്ല. ആയതിനാൽ ഒരേകദേശ ചരിത്രാവബോധം നൽകുക എന്നതുമാത്രമാണിവിടെ ഉദ്ദേശിച്ചിട്ടുള്ളത്. വിശദമായ പഠനവും ഗവേഷണവും പ്രവർത്തനവും ആവശ്യമുള്ള ഒരു രംഗമെന്ന നിലയിൽ തുടർന്ന് ആധികാരികമായ ഗ്രാമപഠനവും ചരിത്രരചനയും നിർവഹിക്കുവാൻ നമുക്കു കഴിയണം.

# വികസന മേഖലകൾ

1. കൃഷി ജലസേചനം
2. മൃഗ സംരക്ഷണം, ക്ഷീരവികസനം, മത്സ്യംവളർത്തൽ
3. വ്യവസായം.
4. ഊർജ്ജം, ഗതാഗതം, മാർക്കറ്റ്
5. പാർപ്പിടം, സാമൂഹ്യക്ഷേമം
6. പൊതുജനാരോഗ്യം, കുടിവെള്ളം, പരിസരശുചിത്വം
7. വിദ്യാഭ്യാസം.
8. സാംസ്കാരിക രംഗം
9. വനിതാക്ഷേമം
10. പട്ടിക ജാതി പട്ടിക വർഗ്ഗക്ഷേമം
11. സഹകരണം
12. വിഭവ സമാഹരണം
13. വനം

**കലോറി ഭക്ഷണത്തിന്റെ അളവ് അടിസ്ഥാനമാക്കി ഈ പഞ്ചായത്തിലെ ജനസംഖ്യക്ക് യഥാർത്ഥത്തിൽ വേണ്ട ഭക്ഷണ പദാർത്ഥങ്ങളുടെ അളവ് (ലോകാരോഗ്യസംഘടനയുടെ മാനദണ്ഡമനുസരിച്ച്)**

| ക്രമനമ്പർ | ഭക്ഷണ പദാർത്ഥം | പ്രതിദിനം (പ്രതിശീർഷം) | ആകെ ജനസംഖ്യയ്ക്ക് വേണ്ടത് | | പ്രതിവർഷം വേണ്ടത് | | ഇപ്പോഴത്തെ വാർഷികോല്പാദനം |
|---|---|---|---|---|---|---|---|
| | | | കിലോ | ടൺ | കിലോ | ടൺ | |
| 1. | ധാന്യങ്ങൾ (അരി, ഗോതമ്പ്) | 400. ഗ്രാം | 12057. | 12.057 | 4401024 | 4401 | 1124ടൺ |
| 2. | പയറുവർഗ്ഗങ്ങൾ, അണ്ടിപ്പരിപ്പുകൾ | 85 ഗ്രാം | 2562 | 256 | 935127 | 935 | 32ടൺ |
| 3. | പച്ചിലക്കറികൾ | 114 ഗ്രാം | 3436 | 3.43 | 1254291 | 1254 | കണക്ക് ലഭ്യമായില്ല |
| 4. | മറ്റു പച്ചക്കറികൾ | 85 ഗ്രാം | 2562 | 2.56 | 935217 | 935 | 15.2 ടൺ |
| 5. | കിഴങ്ങുകൾ | 85 ഗ്രാം | 2562 | 2.56 | 935217 | 935 | 1584 ടൺ |
| 6. | പഴങ്ങൾ | 85 ഗ്രാം | 2562 | 2.56 | 935217 | 935 | 2450ടൺ |
| 7. | പാൽ, പാൽവിഭവങ്ങൾ | 284ഗ്രാം | 8561 | 8.56 | 3124727 | 3124 | 515 ടൺ |
| 8. | പഞ്ചസാര, ശർക്കര | 57 ഗ്രാം | 1718 | 1.72 | 687145 | 627 | കണക്ക് ലഭ്യമായില്ല |
| 9. | മാംസം | 125 ഗ്രാം | 3768 | 3.76 | 1375320 | 1375 | 72.3 ടൺ |
| 10. | എണ്ണയും കൊഴുപ്പും | 57ഗ്രാം | 1718 | 1.71 | 627145 | 627 | കണക്ക് ലഭ്യമായില്ല. |

# കൃഷിയും ജലസേചനവും

## കൃഷി

കേരളത്തിൽ മലയോര കാർഷികവിഭവങ്ങൾക്ക് പേരുകേട്ട നെടുമങ്ങാട് താലൂക്കിൽ ഉൾപ്പെട്ടതാണ് പെരിങ്ങമ്മല പഞ്ചായത്ത്. ധാന്യങ്ങളും നാണ്യവിളകളും കിഴങ്ങ് വർഗങ്ങളും വ്യാപകമായി കൃഷിചെയ്ത് വരുന്ന ഈ പഞ്ചായത്ത് 21600 ഹെക്ടർ സ്ഥലത്ത് വ്യാപിച്ചുകിടക്കുന്നു.

സമതലങ്ങൾ കുറഞ്ഞും കുന്നിൻപുറങ്ങളും ചരിവുകളും താഴ്‌വരകളും ഏറിയുമാണ് ഭൂമിയുടെകിടപ്പ്. മഴയും മറ്റു പ്രകൃതിദത്തജലസ്രോതസ്സുകളുടെ സാന്നിദ്ധ്യവും കൊണ്ട് അനുഗൃഹീതമാണ് ഭൂമി. പുഴകളും തോടുകളും ഇതര ജലാശയങ്ങളുമുൾപ്പടെ ഇരുപത്തേഴ് ജലമാർഗങ്ങൾ ഈ ഗ്രാമത്തെ സമ്പന്നമാക്കുന്നു.

പതിനായിരത്തിലധികം ഹെക്ടർ പ്രകൃതിദത്ത നിബിഢവനങ്ങളും രണ്ടായിരത്തോളം ഹെക്ടർ വനവൽക്കൃത മേഖലകളും ചേർന്ന ഭൂമി എല്ലാത്തരം കൃഷിക്കുമനുയോജ്യമായ ജൈവാന്തരീക്ഷമരുളുന്നു. ഇത്രയധികം വൈവിധ്യമാർന്ന സസ്യജനുസ്സുകൾക്ക് ചൈതന്യസാന്നിദ്ധ്യമരുളുന്ന പ്രദേശം ലോകത്ത് തന്നെ വിരളമാണ്. അത്യപൂർവ ട്രോപ്പിക്കൽ ഭാഗങ്ങളിൽ മാത്രം വളരുന്ന സസ്യങ്ങളുടെ വ്യാപകസാന്നിദ്ധ്യം ഇവിടത്തെ സസ്യസാഹചര്യത്തെ പ്രശസ്തമാക്കിയിരിക്കുന്നു.

കരിമണ്ണും ചരൽ കലർന്ന മണ്ണും പശിമരാശി മണ്ണും ഉൾപ്പെട്ടതാണ് ഉപരിതലഭൂമി. മണ്ണിനിവിടെ പൊതുവെ അമ്ലസ്വഭാവമാണ്.

ഭൂവിനിയോഗം, കൃഷിഭൂമി, ഉൽപ്പന്നങ്ങൾ ഉൽപ്പാദനക്ഷമത, ഉപഭോഗം, ജലസ്രോതസ്സുകൾ എന്നിവ പട്ടികപ്പെടുത്തി അനുബന്ധമായി ചേർക്കുന്നു.

ഭൂമിയുടെ പരിസ്ഥിതിക്കും മണ്ണിന്റെ ഉല്പാദനക്ഷമതയ്ക്കും വന്നമാറ്റവും കാർഷിക പാരമ്പര്യത്തിനുണ്ടായ വൈവിധ്യവും ശ്രദ്ധിക്കപ്പെടേണ്ട സമീപകാലമാറ്റങ്ങളാണ്. ഭൂമിനികത്തും മണ്ണൊലിപ്പും ഉപരിതല ഭൂമിയുടെ ജൈവാംശത്തെ ശുഷ്കിപ്പിക്കുകയും ജൈവസഹജവുമായ പുറന്തോടിന്റെ കട്ടിക്കുറയ്ക്കുകയും ചെയ്തിരിക്കുന്നു, വർധിച്ച തോതിലുള്ള യൂക്കാലിപ്റ്റസ് പ്ലാന്റേഷൻ മൂലം പതാലുകളും ചതുപ്പുകളും ചെളി പ്രദേശങ്ങളും വറ്റിവരണ്ടിരിക്കുന്നു. രാസവളങ്ങളുടെയും കീടമരുന്നുകളുടെയും വർധിച്ച പ്രയോഗം നിമിത്തം കർഷക മിത്രങ്ങളായ മണ്ണിര, മത്സ്യങ്ങൾ, തവളകളെന്നിവ വംശനാശഭീഷണി നേരിടുന്നു. കാർഷിക മേഖലക്കുണ്ടായ മാറ്റം മൂലം പരമ്പരാഗതവിളകളുടെ ശൈഥില്യത്തിനും റബ്ബർ വിളകളുടെ കടന്നുകയറ്റത്തിനും ഇടയാക്കി.

### പരമ്പരാഗത വിളകൾ

നെല്ല്, തെങ്ങ്, കമുക്, തേയില, ഏലം, കുരുമുളക്, കിഴങ്ങ് വർഗങ്ങൾ, പഴവർഗങ്ങൾ പച്ചക്കറികൾ എന്നിവയാണ് ഇവിടെ വ്യാപകമായുണ്ടായിരുന്ന വിളകൾ.

### നെല്ല്

പഞ്ചായത്തിലെ കൃഷിഭൂമിയിൽ ഏകദേശം 250 ഹെക്ടർ സ്ഥലം മാത്രമാണിന്ന് നെൽകൃഷിക്കുപയോഗിക്കുന്നത്. കൃഷിയുക്തമായ ഭൂമിയുടെ ആകെ വിസ്തീർണ്ണവും പഞ്ചായത്തിന്റെ അരി ഉപഭോഗവുംകൂടി

താരതമ്യപ്പെടുത്തുമ്പോൾ വളരെ പരിമിതമായ സ്ഥലം മാത്രമേ കൃഷിക്കുപയോഗിക്കപ്പെടുത്തുന്നുള്ളൂ എന്ന് കാണാം. ഒന്നും രണ്ടും വിളകളിലായി പ്രതിവർഷ നെല്ലുല്പ്പാദനം 1224 മെട്രിക് ടണ്ണാണ്. പ്രതിവർഷ ഉപഭോഗമാകട്ടെ 4400 ടണ്ണും. ഉല്പാദന ക്ഷമത ഹെക്ടറിന് 2550 Kg മാത്രവും, കാരണങ്ങളും നിവാരണങ്ങളും ശ്രദ്ധിക്കപ്പെടേണ്ടതുണ്ട്.

കരവിത്ത്, ആര്യൻ, ചേറാടി, കുറ്റിച്ചേറാടി, അറുവാൻ വെള്ള, ഭൂതകാളി, പഠനവിള, തവളക്കണ്ണൻ തുടങ്ങിയ പൂർവകാല നെല്ലിനങ്ങൾ പില്ക്കാലത്ത് ക്രമത്തിൽ തൈനാൻത്രീ, ഐ. ആർ. എട്ട്, തൈച്ചൂങ് നേറ്റീവ്-1 ജയ, ഐ. ആർ.അഞ്ച്, മസൂറി, പവിഴം, സന്തോഷ് എന്നിവയ്ക്കു വഴിമാറിയിരിക്കുന്നു.

കാർഷികോപകരണങ്ങൾ, വളപ്രയോഗങ്ങൾ, കീടനാശോപാധികൾ എന്നിവയും കാലപ്രവാഹത്തിൽ മാറ്റവിധേയമായി. മരക്കലപ്പകളുടെയും മൺവെട്ടികളുടെയും സ്ഥാനത്ത് ഇന്ന് പവ്വർ ട്രില്ലറുകളും ട്രാക്ടറുകളും എത്തി. കീടബാധയെ നേരിടാൻ തീയിടുക, പുകയ്ക്കുക തുടലിമുള്ള് വലിക്കുക അഴുകിയ മത്സ്യമിശ്രിതം തളിക്കുക എന്നീ പ്രയോഗങ്ങൾക്ക് വ്യത്യസ്ത കീടങ്ങൾക്ക് വ്യത്യസ്ത രാസമരുന്നുകളും അവയുടെ സ്പ്രേകളും ഉപയോഗിച്ചുതുടങ്ങി.

നിലവിലുള്ള വിഭവങ്ങളും സൗകര്യങ്ങളും വേണ്ട വിധം ആസൂത്രിതമായുപയോഗപ്പെടുത്തിയാൽ പുതിയപദ്ധതി ആവിഷ്കരിക്കുന്നതിലെ കാലവിളംബവും വ്യയവും ഒഴിവാക്കി പഞ്ചായത്തിലെ നെല്ലുല്പാദനവും ഉല്പ്പാദനക്ഷമതയും വളരെ വർധിപ്പിക്കാനാവും. സംസ്ഥാന കൃഷിവകുപ്പ് നെൽകൃഷി വികസനത്തിന് രൂപംകൊടുത്തിട്ടുള്ള മിക്ക പദ്ധതികളും നമ്മുടെ പഞ്ചായത്തിനും യോജിച്ചതാണ്.

ഗ്രൂപ്പുഫാമിങ്, മിനികിറ്റ് പദ്ധതി, പ്രധാനമന്ത്രിയുടെ പ്രത്യേക പദ്ധതി പ്രകാരമുള്ള നെൽകൃഷി വികസനം, സമഗ്രമായ ധാന്യവികസന പദ്ധതി, ഉല്പ്പാദന ബോണസ്സു പദ്ധതി ചെറുകിട ജലസേചനം ക്ലാസ്സ് II പദ്ധതികൾ, ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി എന്നിവയ്ക്ക് വേണ്ടത്ര പ്രചരണവും ബോധവൽക്കരണവും കർഷകപങ്കാളിത്തവും നല്കി നടപ്പാക്കിയാൽ ഉല്പ്പാദനം ഗണ്യമായി ഉയർത്താവുന്നതാണ്.

## പ്രശ്നങ്ങൾ

1. ഫലപ്രദമായ ആസൂത്രണം, പ്രചാരണം, കർഷക പങ്കാളിത്തം ഇവയുടെ അഭാവം
2. വ്യാപകമായ കൃഷിഭൂമിനികത്ത്
3. സർക്കാരിന്റെ കൃഷിവികസനപദ്ധതികളെപ്പറ്റിയും അതുപോലെ അവ ലഭ്യമാകുന്ന മാർഗങ്ങളെപ്പറ്റിയും മണ്ണിന്റെ പോഷണമൂല്യങ്ങളെപ്പറ്റിയുമുള്ള കർഷകന്റെ അജ്ഞത.
4. കൃഷിഭൂമിയുടെ തുണ്ടുവൽക്കരണവും ഒരേ പാടശേഖരത്ത്, ഇടവിട്ടിടവിട്ട് നെല്ല്, കിഴങ്ങുവർഗങ്ങൾ, പച്ചക്കറികളെന്നിവയുടെ കൃഷിയിറക്ക്.
5. ജല ലഭ്യതയുടെ പരിമിതിയും ലഭ്യമായവതന്നെ പരമാവധി പ്രയോജനപ്പെടുത്തുന്നതിനാവശ്യമായ കർഷക കൂട്ടായ്മയുടെ അഭാവവും.
6. പരിസ്ഥിതിക്കും പാടത്തിനും യോജ്യമായ വിത്തു തെരഞ്ഞെടുക്കുന്നതിലും വിളയിറക്ക്, മരുന്നുതളി, കളനീക്കം, വിളവെടുപ്പ് എന്നിവയുടെ സമയ ക്രമീകരണത്തിലും കർഷക കൂട്ടായ്മയുടെ അഭാവം.
7. രാസവളങ്ങൾ, കീടനാശിനികളെന്നിവയുടെ അശാസ്ത്രീയ വിനിയോഗവും ജൈവവളപ്രയോഗത്തിലും മണ്ണിന്റെ അമ്ലാംശം നീക്കാനുതകുന്ന കുമ്മായത്തിന്റെ വിനിയോഗത്തിലുമുള്ള അപര്യാപ്തത.
8. കൃഷി, വനം, വൈദ്യുതി, പരിസ്ഥിതി വകുപ്പുകളുടെ പഞ്ചായത്തുതല മേധാവികളും കർഷകരുമടങ്ങുന്ന ഒരു പഞ്ചായത്ത് സമിതിയുടെ അഭാവം.

9. കാട്ടുപന്നി, കാട്ടാന,പേമാരി മുതലായവ മൂലമുള്ള കൃഷിനാശം.

10. വിദഗ്ദ്ധ കർഷകത്തൊഴിലാളികളുടെ ദൗർബല്യവും ചെറുകിട കൃഷിയന്ത്രങ്ങളുടെ അഭാവവും.

11. ഭാരിച്ച കൃഷിച്ചെലവും ശുഷ്കമായ ഉല്പാദനവും.

## പ്രതിവിധികൾ

1. പഞ്ചായത്തിലെ നെല്ലുകർഷകർകരുടെ ലിസ്റ്റുതയ്യാറാക്കി, പാടങ്ങൾക്കനുസരിച്ച് അവരുടെ കൊച്ചു കൊച്ചു സംഘങ്ങൾ സംഘടിപ്പിക്കുക.

2. കൃഷി, വനം, വൈദ്യുതി, പരിസ്ഥിതി വകുപ്പുകളുടെ പഞ്ചായത്ത് തലമേധാവികളും കർഷകരുമടങ്ങുന്ന ഒരു പഞ്ചായത്ത് സമിതിയുടെ അഭാവം.

കൃഷി-അനുബന്ധ വകുപ്പുകളിലെ പഞ്ചായത്തുതല മേധാവികൾ സംയുക്തമായി വർഷത്തിൽ രണ്ടു തവണ(2 കൃഷിയിറക്കിലും) പാടശേഖരങ്ങൾ സന്ദർശിക്കാനും നിലവിലുള്ള നെൽകൃഷിസഹായ പദ്ധതികൾ വിത്തിറക്ക്, വളംചേർക്കൽ മരുന്നു തളി, ജലസേചനം, എന്നിവയെ പറ്റി ബന്ധപ്പെട്ട കർഷകരെ ബോധവൽക്കരിക്കാനും സംവിധാനമേർപ്പെടുത്തുക കൃഷിപ്പാടങ്ങൾ നികത്തുന്നത് കർശനമായിത്തടയാനും ഒരേപാടശേഖരത്തിലെ ഇടവിട്ടുള്ള വിളമാറ്റത്തെ നിരുത്സാഹപ്പെടുത്താനുമുള്ള സംവിധാനം അടിയന്തിരമായി രൂപപ്പെടുത്തുക.

3. ഓരോ പാടശേഖരത്തിലെയും മണ്ണിന്റെ പൊതു സ്വഭാവം പരിശോധിച്ച് അറിഞ്ഞു ചേർക്കാണ്ടതും ഒഴിവാക്കേണ്ടതുമായ വള പ്രയോഗത്തെപ്പറ്റി ബന്ധപ്പെട്ടകർഷക സംഘങ്ങളെ ബോധവൽക്കരിക്കേണ്ട ചുമതല കൃഷി ഓഫീസിൽ നിക്ഷിപ്തമാക്കുക.

4. ഗ്രൂപ്പ് പ്രോത്സാഹിപ്പിക്കുകയും. ഓരോ നെൽവിളക്കും വിത്തും വളവും, കീടനാശിനികളും, സൗജന്യമായി നൽകുകയും ചെയ്യുക. ഇത് മറ്റാനുകൂല്യങ്ങേക്കാൾ കർഷകനെസ്വാധീനിക്കും.

5. പന്നിമൂലമുണ്ടാകുന്ന കൃഷിനാശത്തിന് മറ്റ് പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന വിള നാശത്തിന്റെ പരിഗണ നല്കി സഹായം നൽകുക.

6. പരിസ്ഥിയുടെ പേരിൽ കർഷക ശത്രുവായ പന്നികൾക്ക് വന്യമൃഗനിയമത്തിൽ കീഴിൽ നല്ലിവരുന്ന സംരക്ഷണമെടുത്തു കളയുകയും, കൃഷിനാശം വരുത്തുന്നവയെ നശിപ്പിക്കാൻ കർഷകനനുവാദം നൽകുകയും ചെയ്യുക. ചെറുകിട ജനസേചനപദ്ധതി, ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി, ചെക്കുഡാം പദ്ധതി തുടങ്ങി ചെറുകിട ജലസേചന വകുപ്പിന്റെ കീഴിൽ നിലവിലുള്ള പദ്ധതികൾ പഞ്ചായത്തിൽ അവിഷ്കിരിച്ചു നടപ്പാക്കാനുള്ള സംവിധനമുണ്ടാക്കുക.

കർഷകനോ, പഞ്ചായത്തിനോ സാമ്പത്തിക ബാധ്യത വരാത്തതും, പഞ്ചായത്തിലെ നെല്പ്പാടങ്ങളുടെ പൊതുഘടനയ്ക്ക് യോജിച്ചതും ജലസേചന പ്രശ്നം ഏകദേശം പൂർണമായിത്തന്നെ പരിഹരിച്ചു. ഉല്പാദനം ഇരട്ടിപ്പിക്കാൻ സഹായിക്കുന്നതുമാണീ പദ്ധതികൾ.

കൂടാതെ നാമമാത്രമായ ചെവവുമാത്രം ഗുണഭോക്താവിന് നല്കി സിംഹഭാഗം ചെലവും സർഡക്കാർ വഹിക്കുന്ന ജലധാരാപദ്ധതിയും ജനകീയ ജലസേചന പദ്ധതിയും ഇവിടെത്തുടങ്ങാൻ ചെറുകിട വകുപ്പിന്റെ സഹായം തേടാവുന്നതാണ്. ഒരളവു വരെ കുടവെള്ളപ്രശ്നവും ഇത് മൂലം പരിഹരിക്കാനാകുന്നു.

7. കർഷകന്ഡ സ്വയം പ്രവർത്തിക്കാവുന്നതും കൊണ്ടുനടക്കാവുന്നതുമായ ചെറുകിട കൃഷിയെന്ത്രങ്ങൾ ലഭ്യമാക്കുക.

8. കാർഷിക വൃത്തിയിൽ സ്ത്രീകൾക്ക് പരിശീലനം നല്കാനുള്ള സർക്കാർ പദ്ധതി പഞ്ചായത്തിൽ നടപ്പാക്കുക.

9. കാർഷിക വിളകളുടെ ക്രമവിക്രയത്തിൽ കർഷകനു ശരിയായ വിളകിട്ടത്തക്കവണ്ണം സഹകരണമാർക്കറ്റിങ്ങു സമ്പ്രദായം ആവിഷ്കരിക്കുക.

10. ബൊട്ടാണിക്കൽ ഗാർഡന്റെ സഹായസഹകരണത്തോടെ ഔഷധ സസ്യങ്ങളുടെ കൃഷി ഗൃഹതലത്തിലും വികസിപ്പിക്കാനുള്ള പദ്ധതികളാവിഷ്ക്കരിക്കുക

# തെങ്ങ്.

പഞ്ചായത്തിൽ 200ഓളം ഹെക്ടർ സ്ഥലത്ത് മാത്രമേ തെങ്ങുകൃഷി ചെയ്യുന്നുള്ളു. ഇവിടെ ഇത്രയധികം അവഗണിക്കപ്പെട്ട മറ്റൊരു നാണ്യവിളയില്ല. തൈവയ്ക്കുന്നതോടെ ചുമതലയൊഴിഞ്ഞു എന്ന മനോഭാവമാണി കർഷകർക്ക്. രോഗബാധയുള്ളതും ഉല്പാദനക്ഷമതകുറഞ്ഞതുമായ തെങ്ങുകളാണ് പ്രായമെത്തിയതിലധികവും. ഇവമുറിച്ചു നീക്കി നല്ലവിത്തു തൈകൾ വിളവെടുപ്പിന് കാത്തിരിക്കാനുള്ള കർഷകന്റെ വിമുഗത ശ്രദ്ധേയമാണ്. ഒന്നും രണ്ടും തേങ്ങയെങ്കിലും കിട്ടുമെന്നുള്ള തെങ്ങ് മുറിച്ചുമാറ്റാൻ കർഷകർ മടിക്കുന്നു. നല്ല പ്രചരണവും നഷ്ടപരിഹാരവും നല്കി പ്രായമായ ഇത്തരം തെങ്ങുകൾ മുറിച്ചുമാറ്റാൻ കർഷകനെ പ്രേരിപ്പിക്കണം.

ചെറുകിട കർഷകർക്കായി ഏർപ്പെടുത്തിയ സംയോജിത കേരകൃഷിപദ്ധതി ഒരളവുവരെ ഇതിന് പരിഹ്രമാണ്. പക്ഷേ പദ്ധതിക്ക് ലഭിക്കേണ്ട പ്രയോജനം ലഭിച്ചിട്ടില്ല, ഇല്ലാതെ തെങ്ങുകളുടെ കണക്ക് ബോധിപ്പിച്ചു ആനുകൂല്യം പറ്റിയവരും തെങ്ങുണ്ടെങ്കിൽതന്നെ രോഗമുള്ളവയെ മുറിച്ചു മാറ്റാതെ ആനുകൂല്യം പറ്റിയവയാണധികവും ചുരുക്കത്തിൽ ഈ സർക്കാർ പദ്ധതി ചിലരുടെ ചൂഷണോപാധിയായി പരിണമിച്ചിരിക്കുന്നു.

മണ്ണിൽ കവിയാത്ത തെങ്ങുകൾ കൊച്ചു കോച്ചു പ്രാദേശിക സമിതികളും അതത് പ്രദേശഷത്ത് നടത്തുന്ന സർവെ അടിസ്ഥാനമാക്കി ഈ സഹായ പദ്ധതി ലക്ഷ്യബോധത്തോടെ നടപ്പാക്കണം.

തെങ്ങ് കൃഷി പഞ്ചായത്തിൽ ഫലപ്രദമാവണോ, ഇന്നത്തെ രോഗബാധയുള്ള മുഴുവൻ തെങ്ങും വെട്ടിമാറ്റുക തന്നെവേണം. ആദായം തരുന്നില്ല എന്നു മാത്രമല്ല മറ്റുള്ളവയെകൂടി രോഗബാഘിതമാക്കുന്നു എന്നാണ് ഏറെ അപത്ക്കരം.

വിത്തുതൈ തെരഞ്ഞെടുക്കുന്നതിലെന്ന പോലെ മണ്ണിന്റെ പുഷ്ടി മനസ്സിലാക്കി തെങ്ങിന് വളം ചേർക്കുന്നതിലും ജലസേചനം ചെയ്യുന്നതിലും മരുന്നുതളിക്കുന്നതിലും നമ്മുടെ കർഷകർ വേണ്ടി ശ്രദ്ധ ചെലുത്തുന്നില്ല.

തെങ്ങ് കയറ്റത്തൊഴിലാളികളുടെ ദൗർലഭ്യവും വിളവെടുക്കുന്നതിനും, മണ്ടവൃത്തിയാക്കുന്നതിനും, മരുന്നു തളിക്കുന്നതിനുമൊക്കെ ഇന്നുള്ള ബുദ്ധിമുട്ടും പരിഹാരം കാണേണ്ട അടിയന്തിര പ്രശ്നമാണ്. കേരോല്പന്ന വികസനത്തിനു നവീകരണത്തിനും ക്രയവിക്രയത്തിനും പഞ്ചായത്ത് തല സംരംഭങ്ങൾ ഉണ്ടാക്കുക.

കരിക്ക് പാർലറുകൾ കൊപ്രാസംഭരണം സംസ്കരണ സംവിധാനങ്ങൾ ചിരട്ട ഉപയോഗിച്ചുള്ള കൗതുകവസ്തു നിർമ്മാണ ശാസ്ത്രസാങ്കേതിക വിദ്യകളുപയോഗിച്ചു തെങ്ങോലകളെ കൂടുതൽ ഈ യുള്ള ചെലവുകുറഞ്ഞതുമായ മേച്ചിൽ ഓലനിർമ്മാണം തുടങ്ങി കേരകർഷകന് ഉത്തേജകമായ പദ്ധതികൾ തുടങ്ങണം.

## നിർദേശങ്ങൾ

1. ഓരോ വാർഡിലും കൊച്ചുകൊച്ചു കേര കർഷക സംഘങ്ങൾ ഉണ്ടാക്കുക.

2. വിത്ത്കൾ, വളം, സ്പ്രേയർ, തെങ്ങുകയറുന്നതിന് ലഘുയന്ത്രം എന്നിവ ഒരോ സംഘങ്ങൾക്കും സൗജന്യമായി നൽകുക.

3. ജലസേചന സൗകര്യാർത്ഥം പമ്പുസെറ്റുകൾ വാങ്ങുന്നതിനും, കിണറുകുഴിക്കുന്നതിനും, സഹായമേർപ്പെടുത്തുക.

ശീലനവും, വളേള് വളം ജലസേചന സൗകര്യം എന്നവയ്ക്ക് സഹായവും നൽകി പുനരുദ്ധീവിപ്പിക്കുക.

പഴവർഗങ്ങൾ

ഉപഭോഗവുമായി താരതമ്യപ്പെടുത്തിയാൽ പഴവർഗങ്ങളുടെ ഉല്പാദനത്തിൽ നാം ഏറെക്കുറെ സ്വയം പര്യാപ്തമാണ്. നമ്മുടെ ഗ്രാമപഞ്ചായത്ത്. എന്നാൽ ഇതിലും വളരെ ഉയർന്ന ഉല്പാദനത്തിനു ശേഷിയും സാഹചര്യവും നമുക്കുണ്ണ്അട്.

കർഷകരുടെ ഈ മേഖലയിലെ വിനുഖനയ്ക്ക് പലകാരണങ്ങ്ഹളുടെ പ്രധാനമിയും പ്രകൃതിക്ഷോഭങ്ങൾ മൂലമുണ്ടാകുന്ന കെടുതികൾ, ജലസേചന ബുദ്ധിമുട്ട് വന്യമൃഗശല്യം- (പ്രധാനമായും പന്നി) മാർക്കറ്റിങ്ങിലുള്ള അസൗകര്യങ്ങൾ എന്നിവയാണ്.

നാം കൃഷിചെയ്യുന്ന പഴവർഗങ്ങൾ വാഴ, മാവ്, സപ്പോട്ട എന്നിവയാണ് നിലവിലുള്ളതിൽ 9% ശതമാനവും വാഴകൃഷിയാണ്, ഒറ്റപ്പെട്ട മറ്റ് പഴവർഗങ്ങളുണ്ടെങ്കിലും അവയ്ക്ക് സ്ഥിരസ്വഭാവത്തോടെ നടത്തപ്പെടുന്നവയല്ല.

എന്നാൽ വാഴകൃഷി വ്യാപകമായും താല്പര്യപൂർവവും ചെയ്തുവരുന്നു. ഇന്ന് കേരളത്തിൽ സാധാരണ അറിയപ്പെടുന്ന എല്ലാ ഇനം വാഴകഴളും നമ്മുടെ മണ്ണിൽ സമൃദ്ധിയായി വളരുന്നു. പാളയൻ തോടൻ, ഏത്തൻ കദളി, പടറ്റി, ഏത്തൻ കപ്പ തുടങ്ങിയവ പണ്ടു മുതലേ കൃഷിചെയ്തു വരുന്നു.

ജില്ലാ കൃഷിത്തോട്ടത്തിന്റെ വരവോടെ, ഇവയുടെ തന്നെ ശാസ്ത്രീയമായി വകസിപ്പിച്ച ഇനങ്ങളും റോബസ്റ്റാ തുടങ്ങിയ പുതിയ ഇനങ്ങളും ഇപ്പോൾ നമ്മുടെ കർഷകർക്ക് ലഭിച്ചു തുടങ്ങി. കൂടാതെ രോഗപ്രതിരോധശക്തിയുള്ളതും മുന്തിയ വിളവുതരുന്നതുമായ പല പുതിയ ഇനങ്ങളും ഇപ്പോൾ വെള്ളായണി കാർഷിക കോളേജിൽ വിതരണത്തിന് തയാറാക്കിരിക്കുന്നു.

നിർദേശങ്ങൾ

1. വാഴകൃഷി കൂടുതൽ വ്യാപകവും ആകർഷകവുമാക്കുന്നതിനു വേണ്ടി വാഴകൃഷിയോടൊപ്പം വഴുതന, പച്ചമുളക് തുടങ്ങിയ ഇടകൃഷിയേ പ്രോത്സാഹിപ്പിക്കേണ്ടതാണ്. വാഴകർഷകർക്ക് ഇടവിളക്ക് പറ്റുന്ന പച്ചക്കറി വിത്തുകളും വളവും സൗജന്യമായി നൽകി ഇത് പപ്രോത്സാഹിപ്പിക്കാററുന്നതാണ്.

2. നമ്മുടെ കുട്ടികളിൽ തന്നെ കൃഷിയെ പ്പറ്റി ഓരവബോധവും താല്പര്യവും സൃഷ്ടിക്കാൻ സഹായകമായി ഒരു പദ്ധതിയാണ് ഓരോ വിദ്യാർഥിക്കും സ്കൂൾ തലത്തിൽ ഓരോ മുന്തിയ ഇനം വാഴവിത്തും വളവും സൗജന്യമായി നല്കുക എന്നത്. ഏറ്റവും നല്ല കുല ഉല്പ്പാദിപ്പിക്കുന്ന വിദ്യാർഥിക്ക് പ്രോത്സാഹന പാരിദോഷികം നല്കണം.

3. പച്ചക്കറി, വികസനം, പച്ചക്കറി വിത്തുല്പാദന വിതരണവും തുടങ്ങിയ സർക്കാർ പദ്ധതികളെപ്പറ്റി കർഷകരെ ബോധവൽക്കരിക്കണം.

കിഴങ്ങ്

കിഴങ്ങുവർഗങ്ങളുടെ ഉല്പാദനത്തിലും വൈവിദ്യത്തിലും പ്രസിദ്ധമാണ് നമ്മുടെ ഗ്രാമം. മരച്ചീനി, മധുരക്കിഴങ്ങ്, കാച്ചിൽ, ചേന, ചേമ്പ് എന്നീ കിഴങ്ങുവർഗങ്ങളെല്ലാം നമ്മുടെ മണ്ണിൽ സമൃദ്ധിയായി വളരുന്നു.

കലികാലൻ, ആനക്കൊമ്പൻ, കശാലാടി, അരിയൻ, പുതിയകുളമ്പി, തുടങ്ങി നിരവധി മരച്ചീനി ഇനങ്ങൾ മുമ്പു കൃഷിചെയ്തിരുന്നു. ഇന്ന് ൦4, കരീലപ്പാടമ്പൻ തുടങ്ങിയ നവീന ഇനങ്ങൾ കൂടുതല്ധ ആദായകരമായി കൃഷിചെയ്തു വരിന്നു. ഉപഭോഗത്തേക്കാൾ അധികം നാം ഉല്പ്പാദിപ്പിക്കുന്ന ഒരു ഭക്ഷ്യ ഇനമാണിത്. നെല്ലുകൃഷിയിലെ പ്രതിസന്ധി വർദ്ധിച്ചതോതിൽ കർഷകരെ മരച്ചീനികൃഷിയേക്കാകർഷിച്ചുവരുന്നു.

മൂപ്പുകുറഞ്ഞ ഇനങ്ങൾ കർഷകരിൽ കൂടുതൽ പ്രചാരിപ്പിക്കാനുള്ള ശ്രമമുണ്ടാകേണ്ടതാണ്. ഇത് മൂലം പരമ്പരാഗതമായി ഒരു വിളവെടുപ്പിന്റെ കാലത്തിനുള്ളിൽ രണ്ടുവിളവെടുപ്പിന് അവസരം ലഭിക്കുകയും അതുമൂലം കൂടുതൽ ആദായകരമാവുകയും ചെയ്യും.

വെള്ളയാണികാർഷിക കോളേജിൽ മൂപ്പു കുറഞ്ഞതും ഉല്പാദനത്തോട് കൂടിയതുമായ മരച്ചീനിവിത്ത് വികസിപ്പിച്ചെടുത്തിട്ടുണ്ട്.

ഇത് നമ്മുടെ കർഷകർക്ക് ലഭ്യമാക്കാൻ ഇവിടത്തെ കൃഷിഭവൻ ഇതുവരെ നടപടിസ്വീകരിച്ചിട്ടില്ല. ഇവയുടെ കമ്പുകൾ മരച്ചീനി കർഷകർക്ക് ലഭ്യമാക്കാൻ കൃഷിഭവൻ ശ്രദ്ധിക്കേണ്ടതാണ്.

മരച്ചീനിക്ക് പ്രത്യേക രാസവളമിശ്രിതങ്ങൾ ലഭ്യമാണെങ്കിലും നമ്മുടെ കർഷകർക്കിക്കാര്യത്തിൽ വലിയ ഗ്രാഹ്യമൊന്നു ലഭിച്ചിട്ടില്ല. വളത്തെപ്പറ്റിയും വളപ്രയോഗത്തെപ്പറ്റിയും കർ.കരെ ബോധവൽക്കരിക്കാൻ കൃഷിഭവന്റെ ശ്രമമുണ്ടാകണം.

നനകിഴങ്ങ്, ചെറുവള്ളി, തുടങ്ങിയവ മുൻകാലങ്ങളിലെന്ന പോലെ ഇന്ന് കൃഷിചെയ്യപ്പെടുന്നില്ല, മറ്റുവിളകളുടെ ബാഹുല്യവും ആദായവും പ്രധാനകാരണങ്ങളാണ്.

പാലാ, എലിവാലൻ, ആനക്കൊമ്പൻ തുടങ്ങിയ പരമ്പരാഗത കാച്ചിലിനങ്ങൾ. മറ്റു വിളകളിലെന്നപോലെ ഗവേഷണഫലങ്ങളോ പ്രോത്സാഹന സംരംഭങ്ങളോ കാച്ചിൽ കൃഷിയിൽ ലഭിച്ചിട്ടില്ല. അതാകാം കർഷകരുടെ ഉത്സാഹക്കുറവിന് കാരണം.

നിർദേശങ്ങൾ

1. സർക്കാർ കിഴങ്ങു വിള വികസന പദ്ധതി, മരച്ചീനി, ചെറുക്കിഴങ്ങ് വികസന പദ്ധതി, തുടങ്ങിയവ ഫലപ്രദമായി നടപ്പിലാക്കുക.

കുരുമുളക്

നമ്മുടെ ഭൂപ്രകൃതിയും കാലാവ്ഥയുമനുസരിച്ച് വളരെ ആദായകരിമായി വിതസിപ്പിക്കാൻ കഴിയുന്ന ഒന്നാണ് കുരുമുളത് കൃഷി. പഞ്ചായത്തിൽ 400 ഹെക്ടർ സ്ഥത്ത് ഈ കൃഷി ചെയ്യുന്നു. ഇനിയും വളരെവളരെ വികസനസാധ്യതകളുള്ള ഒരു നാണ്യവിളയാണിത്. കമുകുകളുടെ വ്യാപകമായ നാശത്തോടെ കുരുമുളകിന്റെ ഉല്പാദനത്തിൽ ഗണ്യമായ കുറവുവന്നിട്ടുണ്ട്.

കരിമുണ്ട, കൊറ്റനാടൻ, പന്നിയൂർ, എന്നീ ഇനങ്ങളാണ് പ്രധാനമാ.യും കൃഷിചെയ്യപ്പെടുന്നത്. ഇവയിൽ കരിമുണ്ടയും പന്നിയൂരുമാണ് നമ്മുടെ പഞ്ചായത്തിന് കൂടുതൽ യോജ്യമായവ.

ഗൃഹാന്തരീക്ഷത്തിൽ നാം നട്ടുവളർത്തുന്നവനായ വൃക്ഷങ്ങളിലും ഇതര മരങ്ങളിലും കുരുമുളത് വളർത്താവുന്നതാണ്. പത്ത് വൃക്ഷങ്ങളില്ലാത്ത കുടുംബം നമ്മുടെ പഞ്ചായത്തിൽ ചുരുക്കം. വീട്ടുവളപ്പിലും മുറ്റത്തുപ്പോലും കുരുമുളക് ആകർഷകമായി അലങ്കാരമയും കൃഷിചെയ്യാവുന്നതാണ്. ഓരോ കുടുംബവും കുറഞ്ഞത് പത്ത് കുരുമുളത് ചെടികൾ വീതം കൃഷി ചെയ്താലും ഉല്പാദനം ഇന്നത്തേതിൽ നിന്നു വളരെ ഉയർത്താവുന്നതാണ്. അലങ്കാരമായും പൂച്ചട്ടികളിലും ലാഭകരമായി ഈ കൃഷി ചെയ്യാവുന്നതാണ്. നല്ലയിനം മുളക് വള്ളകളും ചെടിച്ചട്ടികളിൽ വളർത്താവുന്ന ഇനങ്ങളും വെള്ളയാണി കാർഷിക കോളേജിൽ നിന്നും വിതരണം ചെയ്യുന്നു.

സുഗന്ധവിളവികസന പദ്ധതിയുടെ കീഴിൽ സർക്കാരിൽ നിന്നും സൗജന്യമായി വള്ളികളും പുനരുദ്ധാരണകൃഷിക്ക് ഹെക്ടറിന് 1500 രൂപാ സൗജന്യസഹായവും ലഭിക്കുന്നു.

കൂടാതെ കർഷകർക്ക് വിത്തും വളവും സൗജന്യമായി നൽകുന്നതും മറ്റു പ്രോത്സാഹന സൗജന്യങ്ങൾ ധാരാളമുള്ളചുമായ കുരുമുളത് കൃഷി വ്യാപന പദ്ധതി കൃഷിചെയ്യപ്പെടുത്തൽ പദ്ധതി, മാതൃകാ കുരുമുളക് തോട്ടം സ്ഥാപിക്കൽ പദ്ധതി, ദ്രുത വാച്ച രോഗനിരോധന പദ്ധതികളും നിലവിലുണ്ട്. ഇവയിൽ വിത്തും വളവും കൂടാതെ 11000 രൂപ 3 വർഷത്തേക്ക് സഹായധനമായി ലഭിക്കുന്ന പദ്ധതിയും ഉൾപ്പെടുന്നു.

ഇത്രയധികം സഹായപദ്ധതികൾ നിലവിലുണ്ടെങ്കിലും ഇവയ്ക്കൊന്നും കർഷകർക്കിടയിൽ വേണ്ട പര്ചാരണം ലഭിച്ചിട്ടില്ല.

നിർദേശം

ഇവയ്ക്ക് വേണ്ടത്ര പ്രചാരണം നൽകുന്ന

തിനും കർഷകർക്കാവ ലഭ്യമാകുന്നതിനും കൃഷിഭവനിൽ നിനും വേണ്ടത്ര ശ്രദ്ധയുണ്ടായിട്ടില്ല. ഈ വീഴ്ച പരിഹരിക്കുന്നതിനുള്ള നടപടി സ്പീകരിക്കുകയും, ഓരോ കുടുംബത്തിനും 10കുരുമുളക് ചെടികൾ വീതം കുടുംബത്തിലെത്തിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുകയും വേണം. ഇത് മൂലം കുരമുളകിൻരെ ഉല്പാജനത്തിൽ പഞ്ചായത്തിന് വിപ്ലവകരമായ പുരോഗതി ഉറപ്പിക്കാവുന്നതാണ്.

ഇഞ്ചി, മഞ്ഞൾ

ആദായകരമായ മറ്റു സുഗന്ധ വ്യജ്ഞന വിളകളാണ് ഇഞ്ചിയും, മഞ്ഞളും വളരെ ആദായകരമായി നമ്മുടെ പഞ്ചായത്തിൽ നടത്താവുന്നതാണീ കൃഷിയും.

പച്ചക്കറി കൃഷിയോടൊപ്പമോ മറ്റു കിഴങ്ങുവർഗകൃഷിയോടൊപ്പമോ കൊച്ചുതോട്ടങ്ങളായി ഇഞ്ചി, മഞ്ഞൾ കൃഷിചെയ്യാവുന്നതാണ്. നല്ലയിനം വിത്തുകളും രോഗപ്രതിരോധ നിർദേശങ്ങളും ഇന്നു ലഭ്യമാണ് നല്ല കാലാവസ്ഥയും സാഹചര്യവും ഈ കൃഷിയുടെ വികസത്തിനുണ്ടെങ്കിലും കർഷകർക്ക് കൃഷിഭവനിൽ വേണ്ട ബോധവൽക്കരണമോ സർക്കാർ പദ്ധതികളെപ്പറ്റിയുള്ള പരിഹാരമോ ലഭിച്ചിട്ടില്ല. ഇത് കൃഷിഭവൻ പരിഹരിക്കും.

നിർദേശം

സമഗ്ര വ്യജ്ഞനം വികസപദ്ധതി സമഗ്ര സുഗന്ധ വ്യജ്ഞന വിളവികസന പദ്ധതി എന്നിവ ഇഞ്ചിക്കും മഞ്ഞളിനും കൃഷിസഹായം നൽകുന്ന സർക്കാർ പദ്ധതികളാണ്. ഇലുടെ ഗുണം കർഷകർക്ക് ലഭ്യമാക്കാൻ കൃഷിഭവനിൽ ശുഷ്കാന്തി പുലർത്തേണ്ടതാണ്.

പഞ്ചായത്തിൽ വ്യാപകമായുണ്ടായിരുന്ന കശുമാവിൻ തോട്ടങ്ങൾ പിൽക്കാലത്ത് റബ്ബർ കൃഷിക്ക് വഴിമാറിയിരിക്കുന്ന കേരളത്തിൽ വൻ തോതിൽ വിദേശനാണയം നേടിക്കൊടുത്തിരുന്ന കശുവണ്ടിയുടെ കയറ്റുമതിയിൽ നമ്മുടെ ഈ പഞ്ചായത്തിന് ഗണ്യമായ പങ്കുണ്ടായിരുന്നു.

ഇന്ന് സെറ്റിൽമെന്റുകളിലും പുറമ്പോക്കുകളിലും സർക്കാർ തോട്ടത്തിലുമായി ഈ കൃഷിപരിമിതപ്പെട്ടിരിക്കുന്നു.

അത്യുല്പ്പാദനശേഷിയുല്ല വിത്തിനങ്ങൾ ലഭ്യമാണെങ്കിലും കുടിയഭൂവിനിയോഗമാശ്യമായി നിന്നാലും കാലാവസ്ഥമാറ്റെ മൂലം വിളമേന്മയുടെ അനിശ്ചിതത്തം മൂലവും ഇപ്പോൾ കർഷകർ ഈ കൃഷിയിൽ വലിയ പ്രതിപത്തി കാട്ടുന്നില്ല.

എന്നാൽ നമ്മുടെ ജനസ്രോതസ്സുകളെയും ഭൂഗർഭജല ശേഖരണത്തേയും വരിട്ടി ഇവിടത്തെ ജൈവകാലാവസ്ഥതന്നെ അട്ടമറിച്ചുകൊണ്ടിരിക്കുന്ന വിനാശകാരിയായ യൂക്കാലി പ്ലാന്റേഷനുകളിൽ വിജയ കരമായി ആവിഷ്കരിക്കാലുന്ന ഒരു പദ്ധതിയാണ് കഴുമാവ് കൃഷി.

ഇതിന്റെ പ്രയോജനം ബഹുമുഖമാണ്. മണ്ണൊലിപ്പുതടയുന്നതിനും, വളക്കൂള്ളതും ജൈവ വളമൂലകങ്ങൾ ഉള്ളതുമായ ഭൂമിയുടെ പുറന്തോട്ട് നിലനിൽക്കുന്നു. ഒരു പരിധിവരെ ഭൂമിയുടെ ജലസംഭരണശേഷിയെ നിലനിർത്താനും പരിയസ്ഥിതിക്ക് അനുകൂലമായ സാഹചര്യ സൃഷിടിയേയും ഇത് സഹായിക്കുന്നു. പുതിയ ഭൂവിനിയോഗം കൂടാതെ ഒരു പരമ്പരാഗതനാണ്യവിളയുടെ വികസനത്തെ സഹായിക്കുന്നു. കേരളത്തിലെത്തൊഴിൽ മേഖലയ്ക്ക് പ്രചോദനമേകുന്നു. വർദ്ധിച്ച ഇന്ധനക്ഷാമത്തിന് പരിഹാരം നൽകുന്നു. പക്ഷിമൃഗാദികളുടെ പ്രകൃതിപരമായ വിഹാരസൗകര്യമേകുന്നു. യൂക്കാലി എന്ന ക്ഷുദ്ര സസ്യത്തിന്റെ ദോഷങ്ങളെ ലഘൂകരിക്കുന്നു.

നിർദേശം

നല്ല ഉല്പാദന ശേഷിയുള്ളതും പൊക്കം കുറഞ്ഞ് പന്തലിക്കുന്നതുമായ കശുമാവിനങ്ങൾ ഇങ്ങനെ തോട്ടങ്ങളിൽ കൃഷിചെയ്യിക്കുന്നതിൽ കൃഷി ഉദ്യോഗസ്ഥരും പഞ്ചായത്ത് സമിതിയും പരിസ്ഥിതി വിഭാഗത്തിന്റെ ഒത്താശയോടെ വനം വകുപ്പിനെ പ്രേരിപ്പിക്കേണ്ടതാണ്.

2. കശുമാവ് കൃഷിവികസന പദ്ധതിയനുസരിച്ച് തരിശുഭൂമികളിലും കശുമാവ് കൃഷി

വ്യാപിക്കാവുന്നതാണ്.

ഔഷധസസ്യം

ബോട്ടാണിക്കൽ ഗാർഡന്റെ സഹായ സഹകരണത്തോടെ ഔഷധച്ചെടികളുടെ കൃഷി വികസിപ്പിക്കാൻ നല്ല സാധ്യതയുള്ള ഗ്രാമമാണ് നമ്മുടേത്.

നിർദേശം

1. അടുത്തുള്ള 20 കുടുംബങ്ങലെ ഓരോ ഗ്രൂപ്പാക്കി. ഓരോ ഗ്രൂപ്പിനും ഓരോ ഔഷധ ച്ചെടി വിത്തുകളോ തൈകളോ സൗജന്യ മായി നല്ഡകി ഇ കൃഷ ആദായകരമായി വികസിപ്പിക്കാവുന്നതാണഅ.

ഉദാഹരണത്തിന്, കൊടിവേലി, അലങ്കാര ചെടിപോലെ തന്നെ മുറ്റത്തോ തൊടിക ളിലോ ആകർഷകമായി കൃഷിചെയ്യാവുനന താണിത്. ഒരു ചെടിയിൽ നിന്നും വർഷം ശരാശരി 5 കിലോഗ്രാം കിഴങ്ങു ബുദ്ധിമുട്ടി ല്ലാതെ ഉല്പാദിപ്പിക്കാം. വിളവെടുക്കുന്ന അവസ്ഥയിൽ കിലോഗ്രാമിന് 40 രൂപാ ഇന്ന് വിലയുണ്ട്. 20 കുടുംബങ്ങൾ ഒരുമിച്ചു ഒരേ കൃഷി ചെയ്യുന്നതുകൊണ്ട് മാർക്കറ്റിങ്ങിനു സഹായകയകമാണ്.

മറ്റൊരു വിനോദസമ്പാദ്യ പദ്ധതിയാണ് പുഷ്പകൃഷി. ഇതിനും ബോട്ടാണിക്കൽ റിസർച്ചിന്റെയും കൃഷിഭവന്റെയും സഹായം ലഭ്യമാണ്.

കൃഷിഭൂമിയിൽ 1500 ഹെക്ടർ സ്ഥലം റബ്ബർ കൃഷിക്കും അത്രയെ തന്നെ ഭൂമി തേയി ലകൃഷിക്കും വിനിയോഗിക്കുന്നു.

ഭൂമിയുടെ ആരോഗ്യകരമായ വിതരണ ക്രമം വച്ചുനോക്കുമ്പോൾ ഈ കൃഷികൾ ഇപ്പോൾ തന്നെ ഭൂലഭ്യതയും നല്ലൊരു പങ്ക പഹരിക്കുന്നു.

റബ്ബറിൻരെ കാര്യത്തിൽ മേലിൽ വികാസ ശ്രമം പാടില്ലാച്ച സ്ഥിതിയിലുമാണ്, ഇറക്കു മതി, സിന്തറ്റിക് റബ്ബറിന്റെ സാന്നിദ്ധ്യം ആഭ്യ ന്തര വിപണയിലെ വൻകിട റബ്ബർ ഉപഭോ ക്താക്കളുടെ മേൽക്കോയ്മ എന്നിവയെല്ലാം ഇടക്കിടെ റബ്ബർ കർഷകന്റെ നട്ടെല്ലുവള ക്കുന്നു. ഇരെ ആശ്രയിച്ച് ഈ കൊച്ചു ഗ്രാമ ത്തിലെ ജനങ്ങളുടെ കർഷകരുടെ ഭാവി രൂപ പ്പെടതുത്താനുള്ള ശ്രമം മൗഢ്യമാണ്. വിപണി മോശമായാൽ പോലും ഭക്ഷ്യവിള കൾ ജനങ്ങളുടെ നിലനിൽപ്പിനെയും ആത്യ ന്തികമായി രാജ്യത്തിന്റെ ഭദ്രതയെയും കാക്കുന്നു.

എങ്കിലും നിലവിലുള്ള റബ്ബർ കൃഷി ആദാ യകരമാകുന്നതും രോഗബാധയും വിളനാ ശവും ഒഴിവാക്കാനുമുള്ള ശ്രമങ്ങളും നടത്തു കതന്നെ ചെയ്യും.

പട്ടമരവിപ്പ്, ചീക്ക് എന്നിവ ഈ പ്രദേശ ങ്ങളിലെ മരങ്ങളിൽ വ്യാപകമായി കണ്ടുവ രുന്ന രോഗങ്ങളാണ്. ഫലപ്രദമായ മരുന്നു കളും പ്രയോഗരീതികളും ഇന്ന് ലഭ്യമാണ്.

അശാസ്ത്രമായ ടാപ്പിംഗമൂലം റബ്ബറിൽ നിന്നും പൂർണമായ പ്രയോജനം ഇന്ന് കർഷ കന് ലഭിക്കുന്നില്ല. 20 ഇഞ്ചിൽ കുറഞ്ഞ് വണ്ണ മുള്ള ടാപ്പുചെയ്യുന്നതിനാൽ മരത്തിന്റെ ആരോഗ്യവും ആയുസ്സും ചുരുങ്ങുന്നു. ഒന്നി ടവിട്ട ദിവസങ്ങളിൽ മാത്രമെ ആദ്യഅഞ്ചു വർഷങ്ങളില്ലെങ്കിലും ടാപ്പുചെയ്യാവു എന്ന നിഷകർഷ കർഷകർ പാലിക്കുന്നില്ല. അധിക ചെലവിനും മരത്തിന്റെ നാശത്തിനും ആദാ യകുറവിനും ഇത് കാരണമാകുന്നു.

ഇലകളിൽ മരുന്നുതളിക്കുകയും കീലും തൈറയ്ഡും മറ്റും സമായസമയങ്ങലിൽ തേക്കുകയും ചെയ്താൽ രോഗബാധയിൽ നിന്നും റബ്ബർ മരങ്ങളെ വലിയൊരളവുവരെ സംരക്ഷിച്ചു. ആദായം വർദ്ധിപ്പിപ്പാവുന്ന താണ്.

രബ്ബറിന്റെ വില രാജ്യത്തെ വൻകിട വ്യവ സായ സ്ഥാപനങ്ങളുടെ സമ്മർദശേഷിക്കനു സരിച്ച് സ്ഥിരമായ അസ്ഥിരിതയാണ് പുലർത്തുന്നത്. റബ്ബറിന്റെ ഇറക്കുമതിയും വൻകിടക്കാരുടെ സ്വാധീനവും കർഷക്കൊരു ഭീഷണിയായിത്തീർന്നിരിക്കുന്നു.

പഞ്ചായത്തിലെ കർഷകരെ ഇതിൽ നിന്നും രക്ഷിക്കാൻ ഇവിടെ ധാരാളം റബ്ബർ

അധിഷ്ഠിത വ്യവസായം പ്രോത്സാഹിപ്പിക്കാവുന്നതാണ്.

നിർദേശങ്ങൾ

ഹവായ് ചപ്പൽ നിർമ്മാണ യൂണിറ്റ്

ചപ്പൽ കട്ടിങ്ങ് യൂണിറ്റ്

ഹവായ് ഷീറ്റ് നിർമ്മാണ യൂണിറ്റ്

ക്രോപ്പുമിൽ

ക്രബു രബ്ബർ മേക്കിങ്ങ് യൂണിറ്റ്

ടയർ റീ ട്രെയിഡിങ്ങ്

റെക്സിൻ നിർമ്മാണ യൂണിറ്റ്

അപ്പോൾ സറി യൂണിറ്റ് എന്നില പഞ്ചായത്തിൽ വളരെ ആദായകരമായി തുടങ്ങാവുന്ന വ്യാവസായിക സംരംഭങ്ങളാണ്. ഇവയ്ക്കു വേണ്ട പ്രചരണവും പ്രോത്സാഹനവും നൽകിയാൽ ബഹുമുഖമായ നേട്ടം പഞ്ചായത്തിൽ കൈവരിക്കാവുന്നതാണ്.

# ജലസേചനം

മഴയെമാത്രം ആശ്രയിച്ചു കൃഷി ഇറക്കുന്ന ഒരു ഗ്രാമപഞ്ചായത്ത് ആണ് നമ്മുടേത്. ഇടവപ്പാതിയേയും കാലവർഷത്തേയുമാണ് കൃഷിക്കായി നാം ആശ്രയിക്കുന്നത്. ഇത് മൂലം ഇഷ്ടാനുസരണം കൃഷി ഇറക്കുവാൻ പലപ്പോഴും നമുക്ക് കഴിയുന്നില്ല. ഒരു മലയോരഗ്രാമം എന്ന നിലയിൽ ധാരാളം ജല സ്രോതസ്സുകൾ കൊണ്ടു അനുഗ്രഹീതമാണെങ്കിലും ഇവയൊന്നും ശാസ്ത്രീയമായി പ്രയോജനപ്പെടുത്തി കാർഷിക വൃത്തി യഥാവസരം നിർവ്വഹിക്കുവാനും കാർഷിക വിളയുദ്പാദനം ആശിച്ചതുപോലെ വർദ്ധിപ്പിക്കുവാനും കഴിയുന്നില്ല.

പ്രധാനപ്പെട്ട മൂന്നു നദികളും ചെറുതും വലുതുമായ ഇരുപത്തേഴിലധികം തോടുകളും അനവധി പൊയ്കകളും ഈ പഞ്ചായത്തിലുണ്ട്. വൈവിദ്ധ്യമാർന്ന ഈ ജലസ്രോതസ്സുകളാകെ വേണ്ടവിധം പ്രയോജനപ്പെടുത്താൻ കഴിഞ്ഞാൽ നമ്മുടെ ഗ്രാമപഞ്ചായത്തിലെ ഊർജ്ജ പ്രതിസന്ധിക്ക് ചെറിയതോതിലെങ്കിലും പരിഹാരം കാണാനും കാർഷികാവശ്യങ്ങൾക്കും കുടിവെള്ളത്തിനും വേണ്ടിയുള്ള ജലസേചനസൗകര്യങ്ങൾ ലഭ്യമാക്കാനും കഴിയും.

## പ്രശ്നങ്ങൾ

1. മഴയെ മാത്രം ആശ്രയിച്ചു കൃഷിചെയ്യേണ്ടി വരുന്നു.
2. പാടശേഖരങ്ങളിലെ ഉത്പാദനക്ഷമത പൂർണ്ണമായി ചൂഷണം ചെയ്യാൻ കഴിയുന്നില്ല.
3. ജലസേചന സൗകര്യം ഇല്ലാത്തതുകൊണ്ട് നാളികേരോത്പാദനം നാമമാത്രമായി തുടരുന്നു.
4. ഭക്ഷ്യോൽപാദ മേഖലയുമായി ബന്ധപ്പെട്ടുള്ള പുരയിടകൃഷിസാദ്ധ്യതകൾ വേണ്ടവിധത്തിൽ പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല.
5. ജലസേചന സൗകര്യത്തിന്റെ അഭാവം ഇവിടത്തെ പ്രധാന നാണ്യവിളയായ കുരുമുളക് കൃഷിയെ സാരമായി ബാധിക്കുന്നു.
6. തോടുകളും കുളങ്ങളും വേണ്ടവിധം പരിരക്ഷിക്കപ്പെടാത്തതുമൂലം കുടിവെള്ളതിനും കന്നുകാലി വളർത്തലിനും നിലവിലുണ്ടായിരുന്ന സൗകര്യങ്ങൾ കുറയുന്നു.
7. വയൽ നികത്തൽ, വിമോചന രഹിതമായ കെട്ടിട നിർമ്മാണം എന്നിവമൂലം പ്രകൃതിദത്തവും അമൂല്യവുമായ പല ജലസേചന സ്രോതസ്സുകളും എന്നന്നേക്കുമായി നശിക്കുന്നു.

## സാദ്ധ്യതകൾ

1. മഴവെള്ളം തടഞ്ഞുനിർത്തുന്നതിനുള്ള തടയിണകൾ നിർമ്മിക്കുക.
2. പാരശേഖരങ്ങളുടെ വശങ്ങളിൽകൂടി ഒഴുകുന്ന തോടുകളും തലക്കുകളും സംരക്ഷിക്കുക.
3. പാടശേഖരങ്ങളിൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ ആവിഷ്കരിക്കുക.
4. വിവിധപുരയിട കൃഷികളുമായി ബന്ധപ്പെടുത്തി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ നടപ്പിലാക്കുക.

5. തെങ്ങും കുരുമുളകുകൃഷികൾക്കാവശ്യമായ പ്രത്യേക ജലസേചനപദ്ധതികൾ ആവിഷ്കരിക്കുക.

6. നിലവിലുള്ള എല്ലാ ജലസ്രോതസ്സുകളും നില നിറുത്തി കൃഷിക്കും കുടിവെള്ളതിനും പ്രയോജനപ്പെടുത്തുക.

7. നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന എല്ലാ ജലസ്രോതസ്സുകളും പുനരുദ്ധരിക്കുക.

8. ജനവാസകേന്ദ്രങ്ങളുടെ സമീപത്തുള്ള വന പ്രദേശങ്ങളിലെ ജല സ്രോതസ്സുകൾ വനം വകുപ്പിന്റെ സഹകരത്തോടെ കാർഷികാവശ്യങ്ങൾക്കും കുടി വെള്ളക്ഷാമം പരിഹരിക്കുന്നതിനുമായി പ്രയോജനപ്പെടുത്തുക.

9. ജലസ്രോതസ്സുകളുടെ പ്രാധാന്യത്തെക്കുറിച്ചും അവ സംരക്ഷിച്ച് ഉപയോഗിക്കേണ്ട ആവശ്യകതയെക്കുറിച്ചും ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുക.

## നിലവിലുള്ള തോട്, പുഴ, ജലാശയം ഇവയുടെ കണക്ക്

| ക്രമ നമ്പർ പേര് | ആകെ (കി. മി.) | ആകെ നീളം (കി. മി. ) | സംരക്ഷിക്കപ്പെട്ട തോടിന്റെ നീളം (കി. മി) |
|---|---|---|---|
| 1 പൊട്ടമാവ് – അമ്മയമ്പലം, പച്ചത്തോട് | 3 | 6 | 3 |
| 2 ശാസ്താംനട– ശംഖിലി തോട് | 5 | 5 | 5 |
| 3 വേങ്കൊല്ല – അരിപ്പ തോട് | 500 | 4 | 500 മി. |
| 4 പുന്നമൻവയൽ–മടത്തറ | 2 | 4 | 500 മി. |
| 5 കലയപുരം–താന്നിമൂട്തോട് | 8 | 5 | 8 |
| 6 മടത്തറ – തട്ടുപാലം തോട് | 1 | 3 | 1 |
| 7 കൊങ്കൽ – ഇരുതോട് | 3 | 1.75 | 3 |
| 8 കുട്ടത്തികരിക്കകം തോട് | 3 | 6 | 3 |
| 9 ഒഴുകുപാറ – മണ്ണുകടവ് | 2 | 4 | 2 |
| 10 കരിമൺ കോട് – ഏലാതോട്–1 | 2 | 4 | 2 |
| 11 കരിമൺ കോട് – ഏലാതോട്–2 | 2 | 4 | 2 |
| 12 ശാസംതാംനട തോട് | 3 | 8 | 3 |
| 13 മാന്തുരുത്തി – മുണ്ടമ്പാലം | 2 | 4 | 2 |
| 14 താന്നിമൂട് – പെരിങ്ങമ്മല–ഏലാതോട് | 4 | 4 | 4 |
| 15 താന്നിമൂട് – പെരിങ്ങമ്മല–പറങ്കിമാംവിള ഏലാതോട്–2 | 4 | 4 | 4 |
| 16 കുറുപ്പൻകാല – ചിറ്റൂർ നാല്ക്കാലിക്കുഴി പറങ്കിമാംവിള | 7 | 5 | 7 |
| 17 കാട്ടിലക്കുഴി–ഇടവം, ST. മേരീസ് ഏലാതോട്–1 | 5 | 5 | 5 |
| 18 കാട്ടിലക്കുഴി–ഇടവം, ST. മേരീസ് ഏലാതോട്–2 | 5 | 5 | 5 |
| 19 ഈയ്യകോട്–കല്ലണ–കോളച്ചൽ | 6 | 3 | 6 |
| 20 കാട്ടിലക്കുഴി – ഞാറനീലി | 3 | 4 | 3 |
| 21 കണ്ണുണ്ണികൈത – ആറുകണ്ണൻകുഴി | 3 | 5 | 3 |
| 22 ഇലഞ്ചിയം – ഏലാതോട് | 4 | 4 | 4 |
| 23 അരയക്കുന്ന്– തെന്നൂർ ഏലാതോട് | 1 | 3 | 1 |
| 24 നരിക്കല്ല് – തേന്നൂർ–മണപ്പാറ തോട് | 2 | 3 | 1 |
| 25 മുത്തിപ്പാറ– ഇടിഞ്ഞാർ–മഞ്ചാടിപ്പാറ തോട് | 6 | 5 | 6 |
| 26 പൊന്മുടി ഗസ്റ്റ്ഹൗസ്– ഗോൾഡൻവാലി | 12 | 12 | 12 |
| 27 മർച്ചിസ്റ്റൻ– ഗോൾഡൻവാലി തോട് | 8 | 6 | 8 |

## അനുബന്ധം-3

## പെരിങ്ങമ്മല ഗ്രാമ പഞ്ചായത്ത്

### 3.1 ഭൂമി സംബന്ധിച്ച വിവരങ്ങൾ (Ref: അടിസ്ഥാന വിവര രജിസ്റ്റർ)

| ഇനം | വിസ്തീർണം |
|---|---|
| നിലം | 240 Hc |
| പുരയിടം | 4277 Hc |
| പുറമ്പോക്ക് | |
| കൃഷിയോഗ്യ തരിശ് | |
| കൃഷിയോഗ്യമില്ലാത്ത തരിശ് | |
| ആകെ | |

## പെരിങ്ങമ്മല ഗ്രാമപഞ്ചായത്ത്

### 3.2 വിള വിസ്തീർണവും ഉല്പാദനവും (Ref: അടിസ്ഥാന വിവര രജിസ്റ്റർ)

| വിള | വിസ്തീർണം | മൊത്തം ഉത്പാദനം | ഉത്പാദന ക്ഷമത (ഹെക്ടറിൽ) |
|---|---|---|---|
| നെല്ല് (ഒന്നാം വിള) | 240 Hc | 600000 Kg | 2500 kg/Hc |
| നെല്ല് (രണ്ടാം വിള) | 240 Hc | 624000 kg | 2600 Kg/Hc |
| നെല്ല് (മൂന്നാം വിള) | Nil | Nil | Nil |
| പയർ | 20 | 10MT | 500 kg |
| എള്ള് | 5 Hc | 15MT | 300 kg |
| പച്ചക്കറികൾ | 19Hc | 15.2 MT | 800kg |
| തെങ്ങ് | 202Hc | 646400 Nuts | 43200 Nuts |
| വാഴ | 220 Hc | 2420 MT | 11000 Kg |
| മരച്ചീനി | 88Hc | 1584 MT | 18 MT |
| കുരുമുളക് | 390Hc | 85.8MT | 220 Kg |
| പ്ലാവ് | 25Hc | - | - |
| കശുമാവ് | 25Hc | 22.5 MT | 900 Kg |
| മാവ് | 15 Hc | 30 MT | 2000 Kg |
| റബ്ബർ | 1500Hc | 2250 MT | 1500 Kg |
| കവുങ്ങ് | 20Hc | 80 MT | 4000 Kg |
| കൊക്കോ | 7Hc | 700kg | 100 Kg |
| തേയില | 1500 Hc | | |

## പെരിങ്ങമ്മല ഗ്രാമപഞ്ചായത്ത്
## 3.3 രാസവള-കീടനാശിനി വിപണനം

| | | 1993- 94 | | | 1994- 95 | | | 1995 -96 | | |
|---|---|---|---|---|---|---|---|---|---|---|
| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | രാസവളം | കീടനാശിനി | | രാസവളം | കീടനാശിനി | | രാസവളം | കീടനാശിനി | |
| | | കി.ഗ്രാം | ദ്രവം | ഖരം | കി.ഗ്രാം | ദ്രവം | ഖരം | കി.ഗ്രാം | ദ്രവം | ഖരം |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| | സഹകരണം | 207 MT | 228 Lr | 2815 Kg | 221MT MT | 230 Lr | 2918 Kg | 230MT | 241 Lr | 2928 kg |
| | സ്വകാര്യം | 101 MT | - | - | 124 MT | - | - | 128 Mt | - | - |

## പെരിങ്ങമ്മല ഗ്രാമപഞ്ചായത്ത് 3.5 നടീൽ വസ്തുവിതരണം

| ഇനം | എണ്ണം | | |
|---|---|---|---|
| | 1993-94 | 1994-95 | 1995 -96 |
| തെങ്ങ് | 250 | 2758 | 1985 |
| കശുമാവ് | - | 400 | |
| കുരുമുളക് | 1000 | 8200 | 8700 |
| കവുങ്ങ് | - | - | - |
| കൊക്കോ | - | - | 160 |
| വാഴ | ജാതി | 1220 | 1950 |
| മറ്റ് തൈവർഗങ്ങൾ | ഗ്രാമ്പു-30 | 1400 | 1950 |
| ഫലവർഗം | | 750 | |

## പെരിങ്ങമ്മല ഗ്രാമപഞ്ചായത്ത്
### 3.6 ദുരിതാശ്വാസ വിതരണം

| വർഷം | പ്രശ്നബാധിത പ്രദേശത്തിന്റെ വിസ്തീർണം (ഹെക്ടർ) | | | | ധനസഹായം ലഭിച്ചവരുടെ എണ്ണം | വിതരണം ചെയ്ത തുക |
|---|---|---|---|---|---|---|
| | വെള്ളപ്പൊക്കം | വരൾച്ച | കൊടുങ്കാറ്റ് | ഉരുൾപൊട്ടൽ | | |
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1993-94 | | | | | 100 | 46912/- |
| 1994-95 | 89.70 | | | | 173 | 32488/- |
| 1995-96 | - | - | - | - | - | - |

## പെരിങ്ങമ്മല ഗ്രാമപഞ്ചായത്ത്
### 3.7 തെങ്ങ് കൃഷി സംബന്ധിച്ച വിവരങ്ങൾ

| വാർഡ് നമ്പർ | തെങ്ങ് കൃഷി വിസ്തീർണ്ണം | തെങ്ങ് എണ്ണം | | | രോഗം ബാധിച്ചതെങ്ങ് | | | | | |
|---|---|---|---|---|---|---|---|---|---|---|
| | | കായ്ക്കാത്തത് | കായ്ക്കുന്നത് | ആകെ | റൂട്ട് വീൽറ്റ് | ലീഫ് റോട്ട് | ബഡ് റൂട്ട് | സ്റ്റെം ബ്ലീഡിംഗ് | മറ്റുള്ളവ | ആകെ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | |
| 1 | | 2671 | 8014 | 10685 | 511 | 40 | 17 | 15 | - | 583 |
| 2 | | 2722 | 8165 | 10887 | 569 | 65 | 20 | 10 | - | 664 |
| 3 | | 4780 | 14341 | 19121 | 1442 | 85 | 30 | 16 | - | 1573 |
| 4 | | 4020 | 12057 | 16077 | 1215 | 70 | 17 | 12 | - | 1314 |
| 5 | | 6288 | 18893 | 25151 | 1416 | 62 | 26 | 20 - | | 1524 |
| 6 | | 4070 | 12210 | 16280 | 732 | 59 | 14 | 20 | - | 825 |
| 7 | | 2880 | 8641 | 11521 | 1201 | 35 | 12 | 08 | - | 12556 |
| 8 | | 6072 | 18214 | 24286 | 2350 | 70 | 35 | 15 | - | 2470 |
| 9 | | 2217 | 6651 | 8868 | 503 | 35 | 14 | 11 | - | 563 |
| 10 | | 3302 | 9905 | 13207 | 563 | 38 | 09 | 04 | - | 614 |
| 11 | - | | | | | | | | | |
| 12 | | | | | | | | | | |

## പഞ്ചായത്തു കൈവശങ്ങളുടെ വിവരം

| | കൈവശങ്ങളുടെ എണ്ണം | പെരിങ്ങമ്മല Acre. Cent | തെന്നൂർ കൈവശങ്ങളുടെഎണ്ണം | തെന്നൂർ Acre.Cent | ആകെ വിസ്തീർണ്ണം Acre.Cent |
|---|---|---|---|---|---|
| 1 cent മുതൽ 10 cent വരെ | 2800 | 112.50 | 2711 | 120.00 | 232.50 |
| 11 - 25 | 2432 | 316.37 | 1437 | 215 | 531.37 |
| 26 - 50 | 1900 | 475 | 1202 | 360 | 835.00 |
| 51 - 100 | 1360 | 816 | 596 | 400 | 1216.00 |
| 101 - 200 | 700 | 826 | 428 | 722 | 1410.00 |
| 201 - 500 | 300 | 810 | 289 | 722 | 1410.00 |
| above 5 Acre | 25 | 1203 | 87 | 2972.32 | 4297.32 |
| Total | 9517 | 4558.87 | 6750 | 5431.32 | 9990.19 |

## പുറമ്പോക്കു ഭൂമികൾ

| | പെരിങ്ങമ്മല A.C | തെന്നൂർ A.C | ആകെ A.C |
|---|---|---|---|
| റോഡ് | 54.63 | 25.22 | 79.85 |
| വഴി | 14.97 | 68.94 | 83.91 |
| കുളം | 2.33(2 എണ്ണം) | 0.35 | 2.68 |
| പുഴ | 4.49 | 62.59 | 67.08 |
| തോട് | 4.90 | 55.45 | 60.35 |
| ആകെ | 81.32 | 212.55 | 293.64 |

ഇത് സർവ്വേ പ്രകാരമുള്ള കണക്കാണെങ്കിലും, റോഡ്, പഞ്ചായത്ത് ഏറ്റെടുത്തവയുടെ വിസ്തീർണ്ണം കൂടുതലാണ്.

## പുറമ്പോക്കു ഭൂമികൾ

| | പെരിങ്ങമ്മല A.C | തെന്നൂർ A.C | ആകെ A.C |
|---|---|---|---|
| റോഡ് | 54.63 | 25.22 | 79.85 |
| വഴി | 14.97 | 68.94 | 83.91 |
| കുളം | 2.33(2 എണ്ണം) | 0.35 | 2.68 |
| പുഴ | 4.49 | 62.59 | 67.08 |
| തോട് | 4.90 | 55.45 | 60.35 |
| ആകെ | 81.32 | 212.55 | 293.64 |

ഇൗ് സർവ്വേ പ്രകാരമുള്ള കണക്കാണെങ്കിലും, റോഡ്, പഞ്ചായത്ത് ഏറ്റെടുത്തവയുടെ വിസ്തീർണ്ണം കൂടുതലാണ്.

# മൃഗസംരക്ഷണം - ക്ഷീരവികസനം - മത്സ്യം വളർത്തൽ

തിരുവനന്തപുരത്തിന് കിഴക്കുഭാഗത്ത് വനങ്ങളാൽ ചുറ്റപ്പെട്ടു കിടക്കുന്ന പഞ്ചായകത്താണ് പെരിങ്ങമ്മല പഞ്ചായത്ത്. പഞ്ചായത്തിൽ ജനവാസം തുടങ്ങിയിട്ട് ഏകദേശം 130 വർഷത്തോളമാകുന്നു. അതോടൊപ്പംതന്നെ കന്നുകാലിവളർത്തലും ഇവിടെ ആരംഭിച്ചിരിക്കുന്നു. പണ്ടുകാലത്തെ പ്രധാനതൊഴിലുകൾ കൃഷിയും മൃഗസംരക്ഷണവുമായിരുന്നു. ഓരോ കുടുംബത്തിനും ഉഴവുമാടുകൾ അടക്കം ഏകദേശം ഇരുപതോളം കന്നുകാലികൾ വീതം ഉണ്ടായിരുന്നു. ഇവയൊക്കെ പ്രധാനമായും അഴിച്ചുവിട്ടാണ് മേച്ചിരുന്നത്. കന്നുകാലികളുടെ പ്രധാന ആഹാരം നാടൻപുല്ലും എണ്ണയാട്ടികിട്ടുന്ന പിണ്ണാക്കുമായിരുന്നു. പുളിയരിയും ഒരു പ്രധാന ആഹാരസാധനമായിരുന്നു. സിമന്റിട്ട എരുത്തിലുകൾ അക്കാലത്ത് ഉണ്ടായിരുന്നില്ല. കല്ലുപാകിയ എരുത്തിലുകളാണ് ഉണ്ടായിരുന്നത്. കന്നുകാലികളെ പരിപാലിക്കൽ ധാരാളം ആളുകളുണ്ടായിരുന്നു. കൂട്ടുകുടുംബങ്ങളായതുകൊണ്ട് കുടുംബത്തിൽ ആളുകളുടെ എണ്ണം കൂടുതലായിരുന്നു. കുടുംബങ്ങളോടൊപ്പം അടിയാൻമാരുണ്ടായിരുന്നു. അടിയാൻമാരായിരുന്നു കന്നുകാലികളുടെ കാര്യങ്ങൾ നോക്കിയിരുന്നത്.

നാടൻപശുക്കളും നാടൻകാളകളുമായിരുന്നു അക്കാലത്തുണ്ടായിരുന്നത്. ഒരു പശുവിൽനിന്നും ശരാശരി രണ്ടുലിറ്റർ, മൂന്നുലിറ്റർ എന്ന കണക്കിനാണ് പാൽ ലഭിച്ചിരുന്നത്. പാലിന്റെ ഗുണനിലവാരം വളരെ കൂടുതലായിരുന്നു. കൊഴുപ്പിന്റെ അളവും കൂടുതലായിരുന്നു. ഉൽപ്പാദിപ്പിക്കുന്ന പാൽ സാധാരണയായി കുടുംബങ്ങളിലുള്ളവർതന്നെ ഉപയോഗിച്ചുപോന്നിരുന്നു. അധികം വരുന്ന പാൽ മത്തുപയോഗിച്ച് കടഞ്ഞിട്ട് തൈര്, വെണ്ണ, നെയ്യ് തുടങ്ങിയ ഉൽപ്പന്നങ്ങൾ വീടുകളിൽത്തന്നെ ഉൽപ്പാദിപ്പിച്ചിരുന്നു. കന്നുകാലികൾക്ക് നാട്ടുചികിത്സ മാത്രമാണുണ്ടായിരുന്നത്. നാടൻപശുക്കളെ പ്രസവിച്ചിട്ട് രണ്ടുവർഷംവരെ കറക്കുമായിരുന്നു. കൃത്രിമ ബീജസങ്കലനം അന്നില്ലായിരുന്നു. കാളകളുമായി ഇണചേർത്താണ് അക്കാലത്ത് പ്രജനനം നടത്തിയിരുന്നത്. മാടുകൾക്ക് പകർച്ചവ്യാധികളും കുറവായിരുന്നു. സാധാരണയായി അസുഖങ്ങളും കുറവായിരുന്നു.

എന്നാൽ ഇപ്പോഴത്തെ സ്ഥിതിയാകട്ടെ, കൂട്ടുകുടുംബസമ്പ്രദായം മാറി അണുകുടുംബങ്ങളായി. ഒരു കുടുംബത്തിൽ കൂടിയത് നാലുപേരാണുള്ളത്. അടിയാൻമാരില്ല. അതുകൊണ്ടു തന്നെ കന്നുകാലി വളർത്തലും കുറഞ്ഞു. ഒരു വീട്ടിൽ കൂടിയാൽ ഒന്നോ രണ്ടോ പശുക്കൾ. എല്ലാം സങ്കരയിനം പശുക്കൾ. പാലുല്പാദനം ഒരു പശുവിൽനിന്നും 15 മുതൽ 30 ലിറ്റർ വരെ പാൽ ഉൽപാദിപ്പിക്കുന്നു. വളരെ കുറച്ച് പാൽ മാത്രമേ വീട്ടാവശ്യത്തിനുപയോഗിക്കുന്നുള്ളു. ബാക്കിയുള്ള പാൽ വിൽക്കുന്നു. വീടുകളിൽ പാലുല്പന്നങ്ങൾ ഒന്നുംതന്നെ ഉണ്ടാക്കുന്നില്ല. പശുക്കൾക്ക് അസുഖങ്ങൾ കൂടുതലാണ്. അസുഖങ്ങൾ വന്നാൽ വിദഗ്ധചികിത്സാസൗകര്യം പരിമിതമാണ്. കൃത്രിമബീജസങ്കലനം വഴിയാണ് പ്രജനനം നടത്തുന്നത്. ഉഴവുമാടുകൾ വളരെ കുറവാണ്. മേച്ചിൽസ്ഥലങ്ങൾ കുറവായതുകൊണ്ട് മിക്കവാറും പശുക്കളെ എരുത്തിലിൽ കെട്ടിയിട്ടാണ് വളർത്തുന്നത്. സിമന്റിട്ട എരുത്തിലുകളാണധികവും. നെൽക്കൃഷി കുറഞ്ഞു. അതുകൊണ്ട് വൈയ്ക്കോലും ലഭിക്കുന്നില്ല. കൂടുതൽ സ്ഥലങ്ങളും റബ്ബർക്കൃഷിക്കാണുയോഗിക്കുന്നത്. മേച്ചിൽസ്ഥലങ്ങളുടെ അഭാവവും വൈയ്ക്കോലിന്റെ ദൗർലഭ്യവും കാലിത്തീറ്റ കൂടുതലായി വാങ്ങി ഉപയോഗിക്കുവാൻ കർഷകരെ നിർബന്ധിതരാക്കുന്നു. പാലിന് അർഹിക്കുന്ന വില ലഭിക്കാത്തതുകൊണ്ട് പരമ്പരാഗതമായി ഈ തൊഴിലിൽ ഏർപ്പെട്ടുകൊണ്ടിരിക്കുന്ന പലരും പിൻമാറിക്കൊണ്ടിരിക്കുന്നു.

മുൻകാലങ്ങളിൽ പ്രധാനമായും ആടുകളെ വളർത്തിയിരുന്നത് പാലിനായിരുന്നു. ആടുകളെയും അഴിച്ചുവിട്ടാണ് മേച്ചുവന്നിരുന്നത്. അതിന് പ്രത്യേകം തീറ്റയോ പുണ്ണാക്കോ നൽകിയിരുന്നില്ല. ഇപ്പോൾ പ്രധാനമായും മാംസത്തിനു വേണ്ടിയാണ് ആടുകളെ വളർത്തുന്നത്. നല്ലയിനം ആടുകൾ പഞ്ചായത്തിൽ ഇപ്പോഴും ലഭ്യമല്ല. കൂടുതലും നാടൻ ആടുകളാണ് പഞ്ചായത്തിൽ ഇപ്പോഴുമുള്ളത്.

പഞ്ചായത്തിൽ വളരെ മുമ്പുതന്നെ കോഴിവളർത്തൽ ആരംഭിച്ചിരുന്നു. നാടൻകോഴികളാണ് കൂടുതലുണ്ടായിരുന്നത്. വീടുകളിൽ ആവശ്യ

മുള്ള മുട്ട അവരവർതന്നെ ഉൽപാദിപ്പിച്ചിരുന്നു. മുട്ടകൾ ശേഖരിച്ച് കോഴിയെ അടയിരുത്തി കുഞ്ഞുങ്ങളെ ഉൽപാദിപ്പിച്ചിരുന്നു. ആവശ്യമുള്ള കോഴിക്കുഞ്ഞുങ്ങളെ ഉൽപാദിപ്പിച്ചിരുന്നു. ആവശ്യത്തിൽ കവിഞ്ഞുള്ള കോഴിമുട്ടയും കോഴിക്കുഞ്ഞുങ്ങളെയും ചന്തയിൽ കൊണ്ടുപോയി വിറ്റിരുന്നു. ഇന്ന് ഉൽപ്പാദനക്ഷമതയുള്ള കോഴികൾ വളർത്തുന്നതിൽ ആളുകൾ താല്പര്യം കാണിക്കുന്നു. എന്നാലും ആവശ്യത്തിനുള്ള മുട്ട പുറത്തുനിന്നും വാങ്ങുന്നു. ഒരുവർഷം 6070 മുട്ടകൾ ഉല്പാദിപ്പിച്ചിരുന്ന നാടൻ കോഴികളുടെ സ്ഥാനത്ത് 220250 മുട്ടകൾ ഉല്പാദിപ്പിക്കുന്ന കോഴികളാണിന്നുള്ളത്. പഞ്ചായത്തിൽ ഇറച്ചിക്കോഴിവളർത്തൽ ആരംഭിച്ചത് 1990 ലാണ്. ഇപ്പോൾ ഏകദേശം നാലോളം ഇറച്ചിക്കോഴിവളർത്തൽ കേന്ദ്രങ്ങളുണ്ട്.

മുൻകാലങ്ങളിൽ ആളുകളിൽ ഇറച്ചിയുടെ ഉപഭോഗം കുറവായിരുന്നു. വിശേഷദിവസങ്ങളിലാണ് മാംസം സാധാരണയായി ഉപയോഗിച്ചിരുന്നത്. എന്നാൽ ഇന്ന് മിക്കവാറും ദിവസങ്ങളിൽ ആളുകൾ ഇറച്ചി ഉപയോഗിക്കുന്നു. ഇറച്ചിക്കുവേണ്ടി അന്നും ഇന്നും കന്നുകാലികളെ വളർത്തുന്നില്ല. മുൻകാലങ്ങളിൽ പഞ്ചായത്തിനുള്ളിലുള്ള ആടുമാടുകളെത്തന്നെ ഇറച്ചിക്കുവേണ്ടി ഉപയോഗിച്ചിരുന്നു. എന്നാൽ ഇപ്പോൾ ഇറച്ചിക്കുവേണ്ടി മൃഗങ്ങളെ പുറത്തുനിന്നും കൊണ്ടുവരുന്നു. പണ്ടുകാലത്തും ഇപ്പോഴും പ്രാകൃതമായ രീതിയിൽത്തന്നെ കന്നുകാലികളെ കശാപ്പുചെയ്യുന്നത്. ഇറച്ചിവിൽക്കുന്നതിന് ലൈസൻസ് ഏർപ്പെടുത്തിയിട്ടില്ല. ഇറച്ചിക്ക് വിലയുള്ളതുകൊണ്ട് രോഗം ബാധിച്ച മൃഗങ്ങളേയും ആളുകൾ കശാപ്പുചെയ്യുന്നു.

പന്നിവളർത്തലും മുയൽവളർത്തലും കാടവളർത്തലും എരുമ വളർത്തലും മുൻകാലങ്ങളിലും ഇപ്പോഴും പഞ്ചായത്തിലില്ല.

പെരിങ്ങമ്മല പഞ്ചായത്തിൽ മൃഗസംരക്ഷണ വകുപ്പിന്റെ പ്രവർത്തനം തുടങ്ങിയത് 1975 ലാണ്. 24101975ലാണ് പെരിങ്ങമ്മല മൃഗാശുപത്രിയുടെ പ്രവർത്തനം ആരംഭിച്ചത്. അതിനുശേഷം തെന്നൂരിലുള്ള ക്ഷീരസംഘം പ്രവർത്തനം ആരംഭിച്ചത്. അതിനുശേഷം തെന്നൂരിലുള്ള കൃത്രിമ ബീജസങ്കലനകേന്ദ്രം പ്രവർത്തനം ആരംഭിച്ചു. പെരിങ്ങമ്മല ക്ഷീരസംഘം 1985 ലും. വേങ്കൊല്ല സൊസൈറ്റി തുടങ്ങിയിട്ട് ഏകദേശം 6 വർഷമായി. അങ്ങനെ ഒരു മൃഗാശുപത്രിയും ഒരു സബ്സെന്ററും മൂന്ന് ക്ഷീരസംഘങ്ങളുമാണ് ഇന്ന് പഞ്ചായത്തിലുള്ളത്.

*പഞ്ചായത്തിന്റെ ഇന്നത്തെ സ്ഥിതി*

| | | | |
|---|---|---|---|
| 1 | *ആകെ ജനസംഖ്യ* | : | 30,144 (1987 ലെ സെൻസസ് അനുസരിച്ച് ) |
| 2 | *വിസ്തീർണ്ണം* | : | 217.94 ച.കി.മീറ്റർ |
| 3 | *വാർഡുകൾ* | : | 12 |
| 4 | *മൃഗാശുപത്രി* | : | ഒന്ന്. (പെരിങ്ങമ്മല 5–ാം വാർഡിൽ) |
| 5 | *സബ്സെന്റർ* | : | ഒന്ന് (തെന്നൂരിൽ 8–ാം വാർഡിൽ) |
| 6 | *പാൽസൊസൈറ്റികൾ* | : | a തെന്നൂർ<br>b പെരിങ്ങമ്മല<br>c മേങ്കൊല്ല |
| 7 | *പാലുൽപ്പാദനം (പ്രതിവർഷം)* | | |
| | ആകെ ഉൽപ്പദിപ്പിക്കുന്ന പാൽ | : | 5, 15, 564 ലിറ്റർ |
| | ആകെ ഉപയോഗിക്കുന്ന പാൽ | : | 18, 73, 436 ലിറ്റർ |
| 8 | *മാംസോൽപ്പാദനം (പ്രതിവർഷം)* | | |
| | ആകെ ഉൽപ്പാദിപ്പിക്കുന്ന മാംസം | : | 72, 300 lp. |
| | ആകെ ഉപയോഗിക്കുന്ന മാംസം | : | 2,08, 560 lp |
| 9 | *മുട്ടയുൽപ്പാദനം (പ്രതിവർഷം)* | | |
| | ആകെ ഉൽപ്പാദിപ്പിക്കുന്ന മുട്ട | : | 10, 64,000 |
| | ആകെ ഉപയോഗിക്കുന്ന മുട്ട | : | 54, 75,000 |
| 10 | കാടക്കോഴി വളർത്തൽ കേന്ദ്രങ്ങൾ | : | ഇല്ല |
| 11 | താറാവു വളർത്തൽ കേന്ദ്രങ്ങൾ | : | ഇല്ല |
| 12 | പന്നിവളർത്തൽ കേന്ദ്രങ്ങൾ | : | ഇല്ല |
| 13 | ആടുവളർത്തൽ കേന്ദ്രങ്ങൾ | : | രണ്ടെണ്ണം<br>a സെന്റ് മേരീസ്<br>b മഞ്ഞണത്തും കടവ് |
| 14 | ഇറച്ചിക്കോഴി വളർത്തൽ കേന്ദ്രങ്ങൾ | : | രണ്ട്<br>a കരിമൺകോട്<br>b ദൈവപ്പുര |
| 15 | തീറ്റപ്പുൽകൃഷി | : | രണ്ടു വീടുകളിൽ നാലാം വാർഡിൽ |

| | | | |
|---|---|---|---|
| 16 അറവുശാലകൾ | ഒന്ന് പെരിങ്ങമ്മല മാർക്കറ്റിൽ പ്രത്യേകം സ്ഥലം ഇല്ല | 17 ബയോഗ്യാസ് പ്ലാന്റുകൾ: | ഏകദേശം 10 എണ്ണം |
| | | 18 പരിശീലന കേന്ദ്രങ്ങൾ : | ഇല്ല |
| | | 19 മൃഗാശുപത്രിക്ക് സ്വന്ത കെട്ടിടം : | ഇല്ല |
| | | 20 വലിയ ഡയറികൾ : | ഇല്ല |

## ഉൽപ്പന്നങ്ങൾ, ഉൽപാദനം, ഉപഭോഗം

| | പാൽ (ലിറ്റർ) | മുട്ട (എണ്ണം) | മാംസം (കി. ഗ്രാം) |
|---|---|---|---|
| ആകെ ഉല്പ്പാദനം | 5,15,564 | 10,64,000 | 72,300 |
| ആകെ ഉപഭോഗം | 18,73,436 | 54,75,000 | 2,08,560 |
| WHO കണക്കുപ്രകാരം ആവശ്യമുള്ളത് | 31,24,727 | 1,10,02,560 | 13,75,320 |
| വർദ്ധിപ്പിക്കേണ്ട ഉത്പാദനം | 26,09,163 | 1,00,38,560 | 13,03,020 |

## അനുബന്ധം I

### ജനന രജിസ്റ്റർ

| ഇനം | ജനിച്ച കുട്ടികളുടെ എണ്ണം | |
|---|---|---|
| | ആൺ | പെൺ |
| പശു | 350 | 270 |
| എരുമ | 10 | 6 |

## പേവിഷബാധ പ്രതിരോധവും ചികിത്സയും

| വിവരം | പശു | എരുമ | ആട് | പട്ടി | പൂച്ച | മറ്റുള്ളവ |
|---|---|---|---|---|---|---|
| പ്രതിരോധ കുത്തിവയ്പ്പ് നൽകിയവരുടെ എണ്ണം | | | | 650 | | |
| കുടിയേറ്റതിനുശേഷം കുത്തിവയ്പ് നടത്തിയത് | 40 | | 20 | 30 | | |

## കൃത്രിമ ബീജസങ്കലന വിവരങ്ങൾ

| വളർത്തു മൃഗം-ഇനം | ആകെ എണ്ണം | കൃത്രിമ ബീജ സങ്കലനം നടത്തിയവ | ഗർഭധാരണത്തിന് 2 ലധികം തവണ ബീജസങ്കലനം നടത്തിയവ |
|---|---|---|---|
| പശു | 2781 | 527 | 280 |
| കിടാരി | 1800 | 350 | 170 |
| എരുമ | 112 | 28 | 12 |

## അനുബന്ധം 2

## പെരിങ്ങമ്മല ഗ്രമാപഞ്ചായത്ത് (1897 census) വളർത്തു മൃഗ സംഖ്യ

| വാർഡ് നമ്പർ | കാളനാടന് | | കാളസങ്കരം | | പശു നാടൻ | | പശു സങ്കരം | | എരുമ | | പോത്ത് | ആട് | പട്ടി | ആന |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | വംശ വർദ്ധന | മറ്റുള്ളവ | വംശ വർദ്ധന | മറ്റുള്ളവ | കറവ ഉള്ളത് | കറവ ഇല്ലാത്ത | കറവ ഉള്ളത് | കറവ ഇല്ലാത്ത | കറവ ഉള്ളത് | കറവ ഇല്ലാത്ത | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 |
| 1 | | 60 | | 50 | 203 | 62 | 401 | 68 | 18 | 6 | 4 | 221 | 268 | |
| 2 | | 26 | | 24 | 208 | 44 | 298 | 41 | 17 | 8 | 6 | 268 | 331 | |
| 3 | | 24 | | 28 | 212 | 68 | 243 | 72 | 6 | 4 | 4 | 281 | 245 | |
| 4 | | 38 | | 34 | 196 | 76 | 272 | 73 | 9 | 4 | 8 | 368 | 378 | |
| 8 | | 60 | | 50 | 198 | 68 | 311 | 65 | 7 | 3 | 6 | 443 | 260 | |
| 9 | | 34 | | 26 | 397 | 22 | 443 | 27 | 22 | 12 | 8 | 525 | 316 | |
| 10 | | 28 | | 34 | 138 | 55 | 145 | 60 | 9 | 4 | 3 | 68 | 115 | |
| 11 | | 10 | | 14 | 60 | 35 | 121 | 42 | x | x | x | 24 | 268 | |
| 12 | | 10 | | 12 | 30 | 18 | 50 | 20 | x | x | x | x | 112 | |
| Total | | | | | | | | | | | | | | |

## അനുബന്ധം 3

## പെരിങ്ങമ്മല ഗ്രമപഞ്ചായത്ത് വളർത്തുപക്ഷി സംഖ്യ

| വാർഡ് നമ്പർ | പൂവൻകോഴി | പിടക്കോഴി | | താറാവ് | | മറ്റുള്ളവ |
|---|---|---|---|---|---|---|
| | | മുട്ടയിടുന്നത് | മുട്ടയിടാത്തത് | മുട്ടയിടുന്നത് | മുട്ടയിടാത്തത് | |
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1 | 268 | 586 | 245 | 16 | 11 | |
| 2 | 450 | 660 | 321 | 22 | 8 | |
| 3 | 728 | 748 | 332 | 16 | 6 | |
| 4 | 640 | 853 | 210 | 8 | 4 | |
| 5 | 343 | 548 | 275 | 23 | 18 | |
| 6 | 372 | 689 | 348 | 25 | 9 | |
| 7 | 495 | 860 | 368 | 26 | 7 | |
| 8 | 515 | 780 | 345 | 28 | 14 | |
| 9 | 435 | 830 | 268 | 26 | 28 | |
| 10 | 320 | 1020 | 270 | 32 | 23 | |
| 11 | 211 | 580 | 340 | x | x | |
| 12 | 413 | 425 | 180 | x | x | |

## അനുബന്ധം 4
## പെരിങ്ങമ്മല ഗ്രാമ പഞ്ചായത്ത് (1995–96)
### രോഗവിവരങ്ങൾ

| ക്രമ നമ്പർ | രോഗങ്ങൾ | പശു | എരുമ | ആട് | പന്നി | പട്ടി | കോഴി | താറാവ് | പൂച്ച | ആന | മറ്റുള്ളവ |
|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
| 1 | ദഹനസംബന്ധമായ (Digestive Disorder) | 1100 | 48 | 170 | | | 310 | | | | |
| 2 | ശ്വാസകോശസംബ Respiratory Diseases | 450 | 132 | 370 | | | 220 | | | | |
| 3 | ഉപാപചയസംബന്ധം Metabolic Diseases | 300 | 12 | 96 | | | 48 | | | | |
| 4 | ത്വക്ക് രോഗങ്ങൾ Skin Diseases | 240 | | 60 | | | | | | | |
| 5 | ധാതു ലവണങ്ങളുടെ അഭാവം Deficiency Diseases | 280 | | 36 | | | | | | | |
| 6 | പരാദരോഗങ്ങൾ Parasitic Diseases | 620 | 38 | 450 | | 105 | 220 | | | | |
| 7 | പ്രത്യുൽപ്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ Ginacological Disorders | 69 | 15 | 24 | | | | | | | |
| 8 | വന്ധ്യത Infertility | 110 | | | | | | | | | |
| 9 | അകിടുവീക്കം Mastitis | 70 | | 48 | | | | | | | |
| 10 | മുടന്തൻ പനി Ephemeral Fever | 65 | 8 | | | | | | | | |
| 11 | പകർച്ചവ്യാധികൾ Contagious Disease | 60 | | | | | 117 | | | | |

## പഞ്ചായത്തിലെ മൃഗസംരക്ഷണമേഖലയിൽ ഇന്നു കാണുന്ന പ്രശ്നങ്ങൾ

പഞ്ചായത്തിലെ പന്ത്രണ്ടു വാർഡുകളിലും നടന്ന പ്രത്യേക ഗ്രാമ സഭകളിൽ പറഞ്ഞിട്ടുള്ള പ്രശ്നങ്ങളിൽ പ്രധാനപ്പെട്ടവയാണ് താഴെ പറയുന്നത്.

1 അഞ്ചാം വാർഡ് ഒഴിച്ച് ബാക്കിയുള്ള എല്ലാ വാർഡിലെയും പ്രശ്നം മൃഗസംരക്ഷണ വകുപ്പിൽ സേവനങ്ങളും സഹായങ്ങളും അവർക്കു ലഭിക്കുന്നില്ല എന്നതാണ്. എല്ലാ വാർഡുകാരും ഓരോ സബ്സെന്റർ വീതം ആവശ്യപ്പെടുന്നു.

2 പഞ്ചായത്തിൽ ആകെയുള്ള മൃഗാശുപത്രിയിൽ ആവശ്യത്തിന് മരുന്നില്ല.

3. നല്ല ഗുണനിലവാരമുള്ള കാലിത്തീറ്റ ലഭിക്കുന്നില്ല. ലഭിക്കുന്നവയ്ക്ക് കൂടുതൽ വില നൽകേണ്ടിവരുന്നു.

4. ഉല്പാദിപ്പിക്കപ്പെടുന്ന പാൽ വിറ്റഴിക്കാൻ ബുദ്ധിമുട്ടനുഭവിക്കപ്പെടുന്നു.

5. തീറ്റപുൽ കൃഷി ഇല്ലാത്തതുകൊണ്ട് വേനൽക്കാലങ്ങളിൽ വളരെയധികം ബുദ്ധിമുട്ടനുഭവിക്കപ്പെടുന്നു.

6. നല്ലയിനം പശുക്കളെ വളർത്തുന്ന കർഷകർക്ക് അവയ്ക്ക് എന്തെങ്കിലും സംഭവിച്ചാൽ ആരിൽ നിന്നും ഒരു സഹായവും ലഭിക്കുന്നില്ല.

7. പശുവിനെ വാങ്ങാനായി ബാങ്കുകളെ സമീപിക്കുംമ്പോൾ മാനേജർമാർ നിക്ഷേധാത്മക നിലപാടാണ് സ്വീകരിക്കുന്നത്.

8. നല്ലയിനം ആട്ടിൻകുട്ടികളേയും, കോഴിക്കുഞ്ഞുങ്ങളേയും ലഭിക്കുവാൻ വളരെ ബുദ്ധിമുട്ടാണ്.

9. പഞ്ചായത്തിൽ നല്ലൊരു അറവുശാലയില്ല. ശുദ്ധമായ മാംസം ലഭിക്കുന്നില്ല.

10. പഞ്ചായത്തിൽ അലഞ്ഞുതിരിഞ്ഞു നടക്കുന്ന തെരുവു നായ്ക്കളെ കൊല്ലുവാനുള്ള സംവിധാനങ്ങളില്ല.

11. കൃത്രിമബീജസംങ്കലനം പഞ്ചായത്തിന്റെ എല്ലാഭാഗത്തും ലഭിക്കുന്നില്ല.

## ഗ്രാമസഭകളിൽ ഉയർന്നു വന്ന നിർദ്ദേശങ്ങൾ

*വാർഡ് 1*

1. കന്നുകാലികൾ വാങ്ങുന്നതിന് ധനസഹായം നൽകുക.
2. കാലിത്തീറ്റ നിർമ്മിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക.
3. കോഴി വളർത്തലിന് ധനസഹായവും, സാങ്കേതിക സഹായങ്ങളും ലഭ്യമാക്കുക.
4. ഒരു സബ് സെന്റർ സ്ഥാപിക്കുക.

*വാർഡ് 2*

1. അത്യുത്പാദന ശേഷിയുള്ള കന്നുകാലികളെ സബ്സിഡി നിരക്കിൽ വിതരണം ചെയ്യണം.
2. പാൽ സൊസൈറ്റി സ്ഥാപിക്കണം.
3. ഒരു സബ്സെന്റ്ർ തുടങ്ങണം.
4. കോഴി വളർത്തലിന് സാങ്കേതീക സഹായവും നല്ലയിനം കോഴികുഞ്ഞുങ്ങളേയും വിതരണം ചെയ്യണം.
5. നല്ലയിനം (അത്യുത്പാദന ശേഷിയുള്ള) ആടുകളെ സൗജന്യ നിരക്കിൽ വിതരണം ചെയ്യുക.

*വാർഡ് 3*

1. ഇലവ് പാലം കേന്ദ്രമാക്കി ഒരു മൃഗാശുപത്രി സ്ഥാപിക്കണം ഇതിനായി അഞ്ചു സെന്റ് സ്ഥലം സൗജന്യമായി വിട്ടു നല്കുന്നതാണ്.
2. ഒരു പാൽ സൊസൈറ്റി സ്ഥാപിക്കണം.
3. മുട്ടക്കോഴികളും ഇറച്ചിക്കോഴികളും വിതരണം നടത്തണം.
4. വളർത്തു നായ്ക്കൾക്ക് ലൈസൻസ് എർപ്പെടുത്തണം.
5. കാലിത്തീറ്റ യൂണിറ്റ് സ്ഥാപിക്കണം, തീറ്റ പുൽകൃഷി വ്യാപിപ്പിക്കണം.
6. s ഇ കോളനിയിലും s ഠ കോളനിയിലും വാർഡിന്റെ പലഭാഗങ്ങളിലും ഉ ണ ഇ ഞ അ യൂണിറ്റ് സ്ഥാപിക്കുകയും കോഴി വളർത്തൽ യൂണിറ്റുകൾ ആരംഭിക്കുക, ആടു വളർത്തുന്നതിന് പഞ്ചായത്തിൽ നിന്നും ധന സഹായം നൽകണം.

*വാർഡ് 4*

1. പേവിഷബാധാ നിയന്ത്രണ പദ്ധതി നടപ്പിലാക്കണം.
2. വാർഡു തലത്തിൽ കന്നുകാലി രോഗപരിശോധനാകേന്ദ്രം വേണം
3. കാലിത്തീറ്റ യൂണിറ്റ്/തീറ്റ പുൽകൃഷി വേണം.
4. ഇറച്ചിക്കോഴിയൂണിറ്റുകൾ തുടങ്ങണം.
5. ഒരു സബ്സെന്റർ വേണം.
6. ഒരു പാൽസൊസൈറ്റി വേണം.

*വാർഡ് 5*

1. പെരിങ്ങമ്മല മൃഗാശുപത്രി ആധുനികവത്കരിക്കണം. ടെലഫോൺ സൗകര്യം വേണം. ആവശ്യത്തിന് മരുന്നുകൾ വിതരണം ചെയ്യണം.
2. കരിമൺകോട്, പ്ലാമൂട് എന്നീസ്ഥലങ്ങളിൽ ഓരോ പാൽ സൊസൈറ്റികൾ സ്ഥാപിക്കണം.
3. സങ്കര ഇനം പശുക്കളെ പ്രോത്സാഹനം നൽകുക.
4. കന്നുകാലിത്തീറ്റയ്ക്ക് പൊതുവിതരണ സമ്പ്രദായം നടപ്പിലാക്കുക.

*വാർഡ് 6*

1. മൃഗസംരക്ഷണ വകുപ്പിന്റെ സേവനം വാർഡിൽ ആഴ്ചയിൽ ഒരു ദിവസം ലഭ്യമാക്കണം.
2. പാൽ സൊസൈറ്റി സ്ഥാപിക്കണം.
3. കാലിത്തീറ്റയ്ക്ക് സബ്സിഡി നൽകണം

*വാർഡ് 7*

1. കാലിത്തീറ്റ വില കുറയ്ക്കാനുള്ള സംവിധാനം ഉണ്ടാക്കുക.
2. കന്നുകാലികൾക്ക് സൗജന്യ നിരക്കിൽ ഇൻഷ്യുറൻസ് ഏർപ്പെടുത്തുക.
3. ഒരു പാൽ സൊസൈറ്റി സ്ഥാപിക്കണം.
4. ഇറച്ചിക്കോഴി യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള സൗകര്യങ്ങൾ ഉണ്ടാക്കുക.
5. ക്രിതൃമ ബീജ സങ്കലനം വീടുകളിൽ എത്തിക്കുക.
6. പശു വളർത്തലിന് ധനസഹായം ലഭ്യമാക്കണം.

*വാർഡ് 8*

1. കാലിത്തീറ്റയുടെ വില വർദ്ധനവ് കുറയ്ക്കുക, സബ്സിഡി നിരക്കിൽ കാലിത്തീറ്റ വിതരണം ചെയ്യുക.
2. തീറ്റ പുൽകൃഷ് വ്യാപിപ്പിക്കുക, വന ഭൂമിയിൽ തീറ്റപുൽകൃഷി ചെയ്യുക.
3. ബാങ്കുകളിൽ നിന്നും കർഷകർക്ക് ആർഹമായ സാമ്പത്തിക സഹായം ലഭ്യമാക്കണം.
4. രോഗപരിശോധന, ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.
5. ഇറച്ചിക്കോഴി യൂണിറ്റുകൾ വാർഡിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥാപിക്കണം, നരിക്കല്ല്, തെന്നൂർ, സൂര്യകാന്തി, മണ്ണാന്തല, മാമ്മൂട് തുടങ്ങിയ സ്ഥലങ്ങളിൽ ഇറച്ചിക്കോഴി യൂണിറ്റുകൾ സ്ഥാപിക്കാവുന്നതാണ്.

*വാർഡ് 9*

1. വായ്പാ സംവിധാനം മെച്ചപ്പെടുത്തണം.
2. പാൽസൊസൈറ്റി സ്ഥാപിക്കണം.
3. ഇറച്ചി/മുട്ടക്കോഴി യൂണിറ്റുകൾ തുടങ്ങണം.

*വാർഡ് 10*

1. കോഴി വളർത്തൽ യൂണിറ്റുകൾ സ്ഥാപിക്കണം.
2. ക്ഷീരോത്പാദന യൂണിറ്റുകൾ തുടങ്ങണം.
3. ഹരിജൻ, ഗിരിജൻ സെറ്റിൽമെന്റുകളിൽ സൗജന്യമായി ആടുമാടുകളെ വിതരണം ചെയ്യണം.
4. കോഴി വളർത്തലിന് അനുകൂല്യമായ കാലാവസ്ഥയും

സൗകര്യങ്ങളുംമുള്ള കൃഷിക്കാർക്ക് മികച്ചയിനം കോഴിക്കുഞ്ഞുങ്ങളേയും, കൂടുനിർമ്മിക്കുന്നതിന് ആവശ്യമായ സാമ്പത്തിക സഹായവും നൽകണം.

5. ഇടിഞ്ഞാർ, ഇടവം വാർഡുകളെ ഉൾപ്പെടുത്തി ഒരു ഫാം തുടങ്ങിയാൽ നിരവധി ആളുകൾക്ക് തൊഴിൽ ലഭിക്കാവുന്നതാണ്.
6. ആടുകളെ വളർത്തുന്നതിന് അനുയോജ്യമായ കാലാവസ്ഥയായതിനാൽ ഒരോ കുടുംബത്തിനും ഒരോ ആടിനെ വീതം നൽകിയാൽ ഒരു ഉപജീവന മാർഗ്ഗമാകും
7. എരുമകളെ വളർത്താൻ അനുയോജ്യമായ സ്ഥലമായതിനാൽ എരുമ വളർത്തൽ പ്രത്സാഹിപ്പിക്കണം.
8. തെരുവ് നായ്ക്കളെ നശിപ്പിക്കണം.

*വാർഡ് 11*

1. എല്ലാ കുടുംബങ്ങൾക്കും ഒരോ പശുവിനേ വീതം നൽകണം.
2. ഒരു പാൽ സൊസൈറ്റി സ്ഥാപിക്കണം.
3. ഒരു മൃഗാശുപത്രി/ സബ്സെന്റർ സ്ഥാപിക്കണം.
4. കോഴി വളർത്തലിന് സാങ്കേതിക സഹായവും സാമ്പത്തിക സഹായവും നൽകണം.
5. ആടു വളർത്തൽ കേന്ദ്രം പൊൻമുടി ഇൻവർ കാടിൽ സ്ഥാപിക്കണം.

*വാർഡ് 12*

1. ഒരോ കുടുംബത്തിനും ഒരോ പശു നൽകണം.
2. വായ്പാ സൗകര്യങ്ങൾ മെച്ചപ്പെടുത്തണം.
3. ഒരു മൃഗാശുപത്രി/സബ്സെന്റ്ർ സ്ഥാപിക്കണം.
4. തെരുവ് നായ്ക്കളെ കൊന്നൊടുക്കണം, വളർത്തു നായ്ക്കൾക്ക് ലൈസൻസ് ഏർപ്പെടുത്തണം.
5. ഒരു പാൽസൊസൈറ്റി രൂപീകരിക്കണം.

## മൃഗ സംരക്ഷണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ പഞ്ചായത്തിൽ ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ.

### 1. പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി.

നല്ലയിനം കന്നുകുട്ടികളെ ക്ഷീര സംഘങ്ങൾ വഴി തിരഞ്ഞെടുക്കുകയും അവയ്ക്ക സബ്സിഡി നിരക്കിൽ കാലിത്തീറ്റ നൽകുകയും ചെയ്യുന്നു. നല്ലയിനം പശുക്കളെ ഉല്പാദിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

### 2. പേവിഷ നിയന്ത്രണ പദ്ധതി.

പഞ്ചായത്തിൽ അലഞ്ഞു തിരിഞ്ഞു നടക്കുന്ന നായ്ക്കളെ നശിപ്പിച്ച്, വളർത്തുനായ്ക്കൾക്ക് ലൈസൻസ് ഏർപ്പെടുത്തി അവയ്ക്ക് മുഴുവൻ സൗജന്യമായി പ്രതിരോദ കുത്തിവയ്പ്പ് നടത്തുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

### 3. കാലിരോഗ നിയന്ത്രണ പദ്ധതി.

കന്നുകാലികൾക്ക് സൗജന്യമായി പകർച്ച വ്യാധികൾക്കെതിരേയുള്ള കുത്തിവയ്പ്പ നൽകുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

### 4. ആടു വളർത്തൽ പദ്ധതി.

നല്ലയിനം ആട്ടുംകുട്ടികളെ ഉത്പാദിപ്പിക്കുക എന്നതാണ് ലക്ഷ്യം.

### 5. മുട്ടക്കോഴി വളർത്തൽ പദ്ധതി.

പഞ്ചായത്തിൽ കോഴിമുട്ട ഉത്പാദനം വർദ്ധിപ്പിക്കുക എന്നതാണ് ലക്ഷ്യം. വാട്ടർ ഷെഡ് പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ഇത് ഇപ്പോൾ നടപ്പിലാക്കുന്നത്.

### 6. കീടാരി വളർത്തൽ യൂണിറ്റ്.

ഹരിജനങ്ങൾക്കും ഗിരിജനങ്ങൾക്കും കീടാരികളെ വിതരണം നടത്തി അവരുടെ ഇടയിൽ കന്നുകാലി വളർത്തലനെക്കുറിച്ച് ബോധവൽക്കരണം നടത്തുക, പാലിന്റെ ഉപഭോഗം വർദ്ദിപ്പിക്കുക എന്നിവയാണ് ലക്ഷ്യങ്ങൾ. 10ാം വർഡിലുള്ള വെങ്കട്ടമൂട്, അടിപറമ്പ് കോളനികളിലാണ് ഈ പദ്ധതി ഇപ്പോൾ നടപ്പിലാക്കുന്നത്.

## പഞ്ചായത്തിൽ മൃഗസംരക്ഷണ മേഖല വികസിപ്പിക്കുന്നതിനുള്ള സാധ്യതകൾ.

1. പഞ്ചായത്തിൽ വളരെയധികം തരിശു ഭൂമിയും വനഭൂമിയും ഉണ്ട്. ഈ സ്ഥല്ങ്ങൾ തീറ്റ പുൽകൃഷി വ്യാപിപ്പിക്കാം.
2. കപ്പ, കൊപ്രാപ്പിണ്ണാക്ക്, പുളിങ്കുരു തുടങ്ങിയ അസംസ്കൃത വസ്തുക്കൾ പഞ്ചായത്തിൽ സുലഭമായിക്കിട്ടുന്നു. ഇവ ഉപയോഗിച്ച് കാലിത്തീറ്റ പഞ്ചായത്തിൽ തന്നെ ഉപയോഗിക്കാം.
3. കന്നുകാലി വളർത്തലിന് അനുയോജ്യമായ കാലാവസ്ഥയാണ് പഞ്ചായത്തിനുള്ളത്.
4. ആടുകൾക്കാവശ്യമായ പച്ചിലകളും, മേച്ചിൽ സ്ഥലങ്ങളും ഉണ്ട്. കൂടുതൽ ആടു വളർത്തൽ കേന്ദ്രങ്ങൾ തുടങ്ങാം.
5. മുയൽ വളർത്താൻ അനുയോജ്യമായ കാലാവസ്ഥയാണ്.
6. പഞ്ചായത്തിലെ ഒന്നും, രണ്ടും, മൂന്നും, നാലും, പത്തും, പതിനൊന്നും പന്ത്രണ്ടും വാർഡുകളിൽ പന്നി വളർത്തൽ കേന്ദ്രങ്ങൾ തുടങ്ങാവുന്നതാണ്.
7. വീടുകൾക്ക് വിശാലമായ പറമ്പുകൾ ഉള്ളതിനാൽ മുട്ടക്കോഴി വളർത്തൽ പ്രഹാത്സിപ്പിക്കാം.
8. റബ്ബർ മരങ്ങൾക്കിടയ്ക്ക് കൂട് പണിഞ്ഞ് ഇറച്ചിക്കോഴി യൂണിറ്റുകൾ തുടങ്ങാവുന്നതാണ്.
9. ചതുപ്പുനിലങ്ങളും നീർച്ചാലുകളും ഒരുപാടുള്ളതുകൊണ്ട് എരുമ വളർത്തൽ പ്രോത്സാഹിപ്പിക്കാവുന്നതാണ്.
10. താറാവ് കൃഷിയും വർദ്ധിപ്പിക്കുവാൻ സാഹചര്യങ്ങൾ ഉണ്ട്.

## നിർദ്ദേശ്ശങ്ങൾ

മേൽപ്പറഞ്ഞ പ്രശ്നങ്ങളും, സാധ്യതകളും കണക്കിലെടുത്ത് പഞ്ചായത്തിനാവശ്യമായ പദ്ധതികൾ നടപ്പിലാക്കാൻ സഹായിക്കുന്ന ചില മാർഗ്ഗ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. പഞ്ചായത്തിൽ ആകെയുള്ള മൃഗാശുപത്രിയിൽ നില ശോചനീയമാണ്. മൃഗാശുപത്രിക്ക് സ്വന്തമായി കെട്ടിടം ഉണ്ടാക്കുക, വാഹന സൗകര്യവും, ടെലിഫോൺ സൗകര്യവും നൽകി മൃഗാശുപത്രിയുടെ സേവനം പഞ്ചായത്തിൽ എല്ലായിടത്തും ഒരുപോലെ എത്തിക്കുക.
2. പഞ്ചായത്തിൽ ലഭിക്കുന്ന അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ച് കാലിത്തീറ്റ നിർമ്മിക്കുന്നതിന് ഒരു കാലിത്തീറ്റ ഫാക്ടറി സ്ഥാപിക്കുക.
3. പഞ്ചായത്തിൽ ശാസ്ത്രീയമായി നിർമ്മിച്ച അറവു ശാലകൾ സ്ഥാപിക്കുക.
4. പഞ്ചായത്തിൽ മൃഗ സംരക്ഷണ പ്രവർത്തനങ്ങളുടെ ഒരു ശൃംഖല രൂപീകരിക്കുക ഇതിനായി കന്നുകാലി വളർത്തൽക്കാർക്കും, ആടു വളർത്തുന്നവർക്കും, കോഴി വളർത്തുന്നവർക്കും, പന്നിയും, മുയലും മറ്റും വളർത്തുന്നവർക്കും പ്രത്യേകം പ്രത്യേകം സൊസൈറ്റികൾ സ്ഥാപിക്കുക.

## കന്നുകാലി വളർത്തൽ

1. അത്യുല്പാദന ശേഷിയുള്ള പശുക്കുട്ടികളെ സൗജന്യനിരക്കിൽ കർഷകർക്ക് വിതരണം ചെയ്യുക.
2. നല്ലയിനം മൂരിക്കുട്ടികളെ സൗജന്യനിരക്കിൽ വിതരണം നടത്തുക.
3. സബ്സിഡിനിരക്കിൽ തീറ്റയും തീറ്റപുല്ലും നൽകുക.
4. പഞ്ചായത്തിലെ തരിശു ഭൂമികൾ പാട്ടത്തിനെടുത്ത് തീറ്റപുൽ കൃഷി ചെയ്യുക.
5. നല്ലയിനം എരുമ കുട്ടികളെ സൗജന്യനിരക്കിൽ കർഷകന് നല്കുക.
6. കന്നുകാലികൾക്ക് ചികിത്സാ, ക്രിത്രിമ ബീജ സങ്കലനം, ഇൻഷ്യുറൻസ് തുടങ്ങിയവ ഏർപ്പെടുത്തുക.
7. പഞ്ചായത്തുതലത്തിലും വാർഡു തലത്തിലും ബോധ വൽകരണം സങ്കടിപ്പിക്കുകയും സെമിനാറുകളും, പരിശീലനങ്ങളും നൽകുകയും ചെയ്യുക.

8. ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്തുകയും ന്യായമായ വില നിൽകുയും ചെയ്യുക.
9. കാലി വളർത്തലിനാവശ്യമായ വായ്പാ സൗകര്യം ഉറപ്പു വരുത്തുക.

## ആടുവളർത്തൽ

1. നല്ലയിനം ആട്ടിൻകുട്ടികളെ കർഷകന് സൗജന്യനിരക്കിൽ ലഭ്യമാക്കുക.
2. സബ്സിഡി നിരക്കിൽ തീറ്റകളും, ആട്ടിൻ കുട്ടികളേയും കർഷകന് നൽകുക.
3. പഞ്ചായത്തിനു സമീപമുള്ള വനഭൂമിയിലും പഞ്ചായത്തിലുള്ള തരിശു ഭൂമിയിലും വേണ്ട സൗകര്യങ്ങൾ ചെയ്തുകൊടുത്ത് വിപുലമായ ആട് വളർത്തൽ യൂണിറ്റുകൾ തുടങ്ങുക.
4. ആടുകളേയും, ആട്ടിൻ മാംസത്തിന്റേയും വിപണനത്തിനാവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുക.
5. കർഷകന് വേണ്ട പരിശീലനം സെമിനാർ, ബോധവൽകരണം തുടങ്ങിയവ സംഘടിപ്പിക്കുക.
6. ആടു വളർത്തലിനുള്ള വായ്പാ സൗകര്യം ഉറപ്പുവരുത്തുക.

## കോഴി വളർത്തൽ

1. പഞ്ചായത്തിൽ ഹാച്ചറി യൂണിറ്റ് ആരംഭിക്കുക.
2. നല്ലയിനം ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളേയും മുട്ടക്കോഴിക്കുഞ്ഞുങ്ങളേയും സൗജന്യനിരക്കിൽ ലഭ്യമാക്കുക..
3. ഒരു കുടുംബത്തിന് ആവശ്യമുള്ള മുട്ടയുത്പാദിപ്പിക്കുന്നതിനുവേണ്ടുന്ന കോഴികളെ സൗജന്യനിരക്കിൽ വിതരണം ചെയ്യുക.
5. തൊഴിലിനോടുള്ള ആഭിമുഖ്യം വളർത്തിയെടുക്കുക. ഉല്പാദനത്തിനുള്ള ഇറച്ചിക്കോഴികളും, മുട്ടകളും, വിപണനം നടത്തുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുക.
6. നല്ലയിനം കോഴിത്തീറ്റ ഉത്പാദിപ്പിച്ച് വിതരണം ചെയ്യുക.

## താറാവ്, കാട

1. സൗജന്യ നിരക്കിൽ കുഞ്ഞുങ്ങളെ ലഭ്യമാക്കുക.
2. താല്പര്യം ഉള്ള കർഷകർക്ക് പരിശീലനവും ക്ലാസുകളും സംഘടിപ്പിക്കുക
3. വായ്പാ സൗകര്യം ഏർപ്പെടുത്തുക.

## പന്നി, മുയൽ

1. താല്പര്യമുള്ള കർഷകർക്ക് പരിശീലനം നൽകുക
2. കുഞ്ഞുങ്ങളെയും തീറ്റയും സൗജന്യനിരക്കിൽ ലഭ്യമാക്കുക
3. ഉല്പന്നങ്ങൾ ന്യായവിലയ്ക്ക് വാങ്ങുകയും വിൽക്കുകയും ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ ചെയ്തുകൊടുക്കുക

## തേനീച്ചവളർത്തൽ

ഈ പദ്ധതി ഇപ്പോൾ നാമമാത്രമായി ഈ പഞ്ചായത്തിൽ നടക്കുന്നു. വനപ്രദേശവുമായി ബന്ധപ്പെട്ട് കിടക്കുന്ന പ്രദേശമായതിനാൽ വളരെ വിപുലമായ രീതിയിൽ പഞ്ചായത്ത് പ്രദേശത്ത് നടപ്പാക്കാൻ പറ്റിയ പദ്ധതിയാണ്. റബ്ബർ തോട്ടങ്ങളും ഇതിന് വളരെ സഹായകമാണ്. ഗിരിജനങ്ങൾക്കും ഹരിജനങ്ങൾക്കും വനിതകൾക്കും വളരെ എളുപ്പത്തിൽ തൊഴിൽ സാധ്യത വർദ്ധിപ്പിക്കാൻ ഈ പദ്ധതി സഹായകമാകും.

1. താൽപര്യമുള്ള കർഷകർക്ക് വേണ്ട പരിശീലനം നൽകുകയും തേനീച്ചയും തേനീച്ചക്കൂടും സൗജന്യനിരക്കിൽ ലഭ്യമാക്കുകയും ചെയ്യുക.
2. കർഷകർ ഉല്പാദിപ്പിക്കുന്ന തേൻ സംഭരണ വിപണനം നടത്തുന്നതിലേയ്ക്കാവശ്യമായ സൗകര്യം ഏർപ്പെടുത്തുക.
3. വായ്പാസൗകര്യം ഏർപ്പെടുത്തുക

## മത്സ്യബന്ധനം

ധാരാളം കുളങ്ങളും ചതുപ്പുനിലങ്ങളുമുള്ള പഞ്ചായത്താണ് പെരിങ്ങമ്മല. എന്നാൽ ഇന്ന് തീർത്തും ഈ മേഖല അവഗണിച്ചിരിക്കുന്നു. ഭൂപ്രകൃതിയും കാലാവസ്ഥയും ശുദ്ധജലമത്സ്യം വളർത്താൻ അനുയോജ്യമാണ്.

1. സൗകര്യമുള്ള ഓരോ വീട്ടിലും ഓരോ ചെറിയ കുളം കുഴിച്ച് മത്സ്യം വളർത്തൽ കേന്ദ്രങ്ങൾ ആരംഭിക്കുക
2. നല്ലയിനം മത്സ്യകുഞ്ഞുങ്ങളെ ഫിഷറീസ് വകുപ്പുമായി ബന്ധപ്പെട്ട് പഞ്ചായത്തിൽ വിതരണം ചെയ്യുക
3. കുളം കുഴിക്കുന്നതിനും മത്സ്യം വളർത്തുന്നതിനും വായ്പാസൗകര്യം ലഭ്യമാക്കുക.
4. വിപണന കേന്ദ്രങ്ങൾ ആരംഭിക്കുക
5. സെമിനാറുകൾ, ക്യാമ്പുകൾ, പരിശീലനപരിപാടികൾ എന്നിവ സംഘടിപ്പിക്കുകയും കർഷകർക്ക് അവശ്യംവേണ്ട ലഘുലേഖകളും പ്രസിദ്ധീകരണങ്ങളും എത്തിക്കുകയും ചെയ്യുക.
6. പഞ്ചായത്തുതല പേവിഷബാധാ

നിർമ്മാർജ്ജന പരിപാടി ആവിഷ്ക്കരിക്കുക

7. ജൈവവിള യൂണിറ്റുകൾ ആരംഭിക്കുക

8. പൊൻമുടി അടക്കം വിപുലമായ സ്ഥലസൗക ര്യമുള്ള മേഖലകളിൽ ഫാമുകൾ ആരംഭി ക്കുക (കന്നുകാലി, ആട്, പന്നി എന്നിവയുടെ)

9. മിനി ഡയറി യൂണിറ്റുകൾ ആരംഭിക്കുക

10. വിപുലമായ ഡയറി യൂണിറ്റുകൾ ആരംഭിക്കുക

11. വനിതാസംരംഭകർക്കായി ഓരോ മേഖലയിലും പ്രത്യേകം പ്രത്യേകം യൂണിറ്റുകൾ ആരംഭി ക്കുക

12. കന്നുകുട്ടി, എരുമക്കുട്ടി, മൂരിക്കുട്ടി എന്നിവ യുടെ സംരക്ഷണത്തിനായി പ്രത്യേക സംര ക്ഷണപദ്ധതികൾ ആവിഷ്കരിക്കുക

13. ചെറുകിട കാലിത്തീറ്റയൂണിറ്റുകൾ ആരംഭി ക്കുക

14. നിലവിലുള്ള പാൽ സൊസൈറ്റികൾ ആധു നികവത്ക്കരിക്കുക

15. ഓരോ വാർഡിലും പാൽ സൊസൈറ്റികൾ രൂപീകരിക്കുക

16. അവശ്യംവേണ്ട സ്ഥലങ്ങളിൽ സംഭരണകേ ന്ദ്രങ്ങൾ തുറക്കുക.

17. പാലുല്പന്നങ്ങളുടെ നിർമ്മാണയൂണിറ്റു കൾ ആരംഭിക്കുക

18. കോഴിത്തീറ്റനിർമ്മാണ യൂണിറ്റുകൾ ആരംഭി ക്കുക

19. ഓരോ വിഭാഗത്തിനും സൗജന്യഇൻഷുറൻസ് പദ്ധതികൾ ആവിഷ്കരിക്കുക

20. മൃഗസംരക്ഷണപദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കുന്നതിലേക്ക് പഞ്ചായത്തു തല ത്തിൽ ഒരു സ്ഥിരം കർമസമിതിക്ക് രൂപം നൽകുക.

21. ഇലവുപാലം, ഇടിഞ്ഞാർ, പൊന്മുടി എന്നി വിടങ്ങളിൽ പുതുതായി മൃഗാശുപത്രി മറ്റു അവശ്യം വേണ്ട സ്ഥലങ്ങളിൽ സബ്സെന്റ റുകളും സ്ഥാപിക്കുക.

# വ്യവസായം

വ്യാവസായികമായി വളരെയധികം പിന്നോക്കം നിൽക്കുന്ന ഒരു പഞ്ചായത്താണ് നമ്മുടേത്. എന്നാൽ വ്യാവസായിക സാദ്ധ്യതകൾ വളരെയേറെ ഉണ്ടുതാനും. ഇത് വേണ്ടവിധത്തിൽ ആസൂത്രണം ചെയ്ത് നടപ്പിൽവരുത്തുകയാണെങ്കിൽ നമ്മുടെ ഗ്രാമപഞ്ചായത്തിലെ നിരവധി തൊഴിൽ രഹിതരായ യുവതീയുവാക്കൾക്ക് തൊഴിൽ ലഭ്യമാക്കാനും അതിലൂടെ പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുവാനും കഴിയും. ഏതു മേഖലകൾ എടുത്തു പരിശോധിച്ചാലും അസംസ്കൃത സാധനങ്ങൾ വളരെയധികം ലഭ്യതയുള്ള പഞ്ചായത്താണ് നമ്മുടേത്. ചെറുകിട, ഇടത്തരം വ്യവസായങ്ങൾ ആരംഭിക്കുന്നതിന് താത്പര്യമുള്ള ധാരാളം യുവതീയുവാക്കൾ നമ്മുടെ പഞ്ചായത്തിൽ ഉണ്ടെങ്കിലും അശാസ്ത്രീയമായ വായ്പാ സമ്പ്രദായം ഇതിന് വിഘാതമായി നിൽക്കുന്നു. വ്യാവസായിക സംരംഭങ്ങളുടെ സംഘാടനത്തിനുള്ള ശരിയായ അറിവില്ലായ്മ, സാങ്കേതിക ഉപദേശം നൽകുന്നതിനുള്ള ഏജൻസികളുടെ അഭാവം, വിപണി സാധ്യതകളെക്കുറിച്ചുള്ള അറിവില്ലായ്മ, ഉദ്യമങ്ങളുടെ വിജയസാദ്ധ്യതകളെക്കുറിച്ചുള്ള അജ്ഞത, ഉദ്യമങ്ങളുടെ വിജയ സാദ്ധ്യതകളെക്കുറിച്ചുള്ള ഭയാശങ്കകൾ, തുടങ്ങി വ്യാവസായിക അന്തരീക്ഷം സൃഷ്ടിക്കുന്നതിന് തടസ്സമായി നിൽക്കുന്ന നിരവധി ഘടകങ്ങൾ വേറെയുമുണ്ട്. എങ്കിലും ചില സ്വകാര്യ സംരംഭങ്ങൾ നമ്മുടെ പഞ്ചായത്തിൽ പ്രവർത്തനംആരംഭിച്ചിട്ടുണ്ട്. ഉദാഃ പൊൻമുടി പേപ്പർ മിൽസ്.

ജൈവാണുവളനിർമ്മാണ യൂണിറ്റ്, അച്ചാറുകൾ, ജാമുകൾ തുടങ്ങിയവ നിർമ്മിക്കുന്നതിനുള്ള ചില ചെറുസംരംഭങ്ങൾ എന്നിവയ്ക്കും തുടക്കം കുറിച്ചിട്ടുണ്ട്. കൂടാതെ പൊൻമുടി, മെർച്ചിസ്റ്റൻ, ബ്രൈമൂർ, എന്നീ റ്റീ എസ്റ്റേറ്റ് മേഖലകളിൽ തേയില സംസ്കരണ ഫാക്ടറികളും പ്രവർത്തിക്കുന്നുണ്ട്. ഈറ്റ, ചൂരൽ എന്നിവകൊണ്ട് നിർമ്മിക്കുന്ന വട്ടി, കുട്ട, പായ്, മുറം തുടങ്ങിയ ഉൽപ്പന്നങ്ങൾ ഉപജീവനത്തിനു വേണ്ടി നിർമ്മിച്ച് വിൽപ്പന നടത്തുന്നുണ്ടെങ്കിലും ഈ സംരംഭങ്ങളെ വ്യാവസായികാടിസ്ഥാനത്തിൽ സംഘടിപ്പിക്കുവാൻ കഴിഞ്ഞിട്ടില്ല. കളിമൺ പാത്ര നിർമ്മാണ മേഖലയും ഇത്തരത്തിൽ പരിശോധനയ്ക്ക് വിധേയമാക്കേണ്ട മേഖലയാണ്. ഒരു കർഷക ഗ്രാമം എന്ന നിലയിൽ ഭക്ഷ്യ-കാർഷിക-നാണ്യവിളകൾ, വനവിഭവങ്ങൾ, ഔഷധസസ്യങ്ങൾ, ക്ഷീര വിഭവങ്ങൾ, ഫലവർഗ്ഗങ്ങൾ തുടങ്ങി നിരവധി അസംസ്കൃത വിഭവങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള സ്വയം തൊഴിൽ സംരംഭങ്ങളും, സംഘടിത വ്യാവസായിക സംരംഭങ്ങളും ആരംഭിക്കുവാനുള്ള സാദ്ധ്യതകൾ മുതലെടുക്കുവാൻ നമുക്ക് ഇനിയും കഴിഞ്ഞിട്ടില്ല. കാർഷികഉത്പാദന മേഖലയിലെ വിഭവങ്ങളുടെ സംഭരണ-സംസ്കരണ വിപണന സാദ്ധ്യതകളെ പരമാവധി കോർത്തിണക്കിക്കൊണ്ടുള്ള സമീപനമായിരിക്കണം വ്യാവസായിക രംഗത്ത് നാം സ്വീകരിക്കേണ്ടത്.

## പ്രശ്നങ്ങൾ

1. സാദ്ധ്യതയുള്ള വ്യാവസായിക സംരംഭങ്ങളെക്കുറിച്ചുള്ള അജ്ഞത.
2. തൊഴിലധിഷ്ഠിത വിദ്യാഭ്യാസം ലഭിക്കായ്കയാൽ യുവതീയുവാക്കളിൽ ഉയർന്നുവന്നിട്ടുള്ള നിസ്സംഗത.
3. വ്യാവസായിക സംരംഭങ്ങളിൽ ഏർപ്പെടാൻ ആഗ്രഹിക്കുന്നവർക്ക് അതിനുള്ള പരിശീലനം ലഭിക്കുന്നതിനുള്ള സാദ്ധ്യതയില്ലായ്ക.
4. സർക്കാർ ആവിഷ്കൃത പദ്ധതികൾ ഗ്രാമീണ ജനതയ്ക്ക് പ്രാപ്യമാക്കുന്നതിൽ വന്നിട്ടുള്ള വീഴ്ച.

5. സർക്കാർ പദ്ധതികളിലെ പ്രയോഗക്ഷമത യില്ലായ്മ.

6. പ്രാദേശികമായ ആവശ്യങ്ങളും, സാദ്ധ്യത കളും പരിഗണിയ്ക്കാതെയുള്ള സർക്കാർ ഏജൻസികളുടെ പദ്ധതി ആവിഷ്കരണം.

7. വ്യാവസായിക പ്രവർത്തനങ്ങളിൽ ഊന്നൽ നൽകുന്ന ഒരു തൊഴിൽ സംസ്കാരത്തിന്റെ അഭാവം.

8. പരസ്യ തരംഗങ്ങളിലൂടെ വിപണന രംഗത്ത് കുത്തക വ്യവസായികൾ കൈയടക്കുന്ന ആധിപത്യം.

9. തൊഴിൽ സംരംഭകർക്കും, സംരംഭ ങ്ങൾക്കും ആവശ്യമായ അടിസ്ഥാനസൗക ര്യങ്ങളായ വൈദ്യുതി ലഭിയ്ക്കായ്ക, വായ്പാ സംവിധാനത്തിന്റെ വൈകല്യം, വിദഗ്ദ്ധ തൊഴിലാളികളുടെ അഭാവം, ലഭ്യ മാകുന്ന തൊഴിലാളികളുടെ തൊഴിലിനോ ടുള്ള ആത്മാർത്ഥത കുറഞ്ഞുവരുന്ന പ്രവ ണത.

10. ട്രേഡ് യൂണിയൻ രംഗത്തെ യാന്ത്രികത്വം.

11. വ്യവസായ യൂണിറ്റുകളുടെ രജിസ്ട്രേഷനു കളിലും ലൈസൻസിങ്ങിലും നില നിൽക്കുന്ന അപാകതകൾ.

## നിർദ്ദേശങ്ങൾ

1. വ്യാവസായിക സംരംഭസാധ്യതകളെക്കുറി ച്ചുള്ള ബോധവത്കരണം

2. ഗ്രാമപഞ്ചായത്തിലെ ഹൈസ്കൂളുകൾ, കോളേജുകൾ എന്നിവിടങ്ങളിൽ തൊഴില ധിഷ്ഠിത കോഴ്സുകൾ ആരംഭിക്കുക.

3. സന്നദ്ധരായ വ്യാവസായിക സംരംഭകർക്ക് പരിശീലനം നൽകുവാനുള്ള സ്ഥിരം സംവി ധാനം ഉണ്ടാക്കുക.

4. നിലവിലുള്ള സർക്കാർ വ്യാവസായിക പദ്ധ തികളെക്കുറിച്ച് ഗ്രാമീണ ജനതയ്ക്ക് വേണ്ടത്ര അറിവ് പകരുക.

5. നിലവിലുള്ള പദ്ധതികൾ ഗ്രാമീണ ജനത യുടെ ആവശ്യങ്ങളും സാദ്ധ്യതകളുമായി ബന്ധപ്പെടുത്തി പുനരാവിഷ്കരിക്കുക.

6. പരസ്യാധിഷ്ഠിത ഉപഭോഗ സംസ്കാരത്തി നെതിരെയുള്ള ബോധവത്കരണം.

7. പ്രാദേശിക ഊർജ്ജസ്രോതസ്സുകൾ കൂടി കണ്ടെത്തി ഊർജ്ജ ലഭ്യത ഉറപ്പുവരു ത്തുക.

8. നിലവിലുള്ള വായ്പാ സംവിധാനത്തിലെ അപാകതകൾ നീക്കം ചെയ്യുക.

9. സാങ്കേതിക വൈദഗ്ദ്യം ആവശ്യമുള്ള വ്യാവസായിക രംഗത്തെ തൊഴിലാളി കൾക്ക് വിദഗ്ദ്ധ പരിശീലനം നൽകുന്നതി നുള്ള സംവിധാനം ഏർപ്പെടുത്തുക.

10. വ്യാവസായിക സംരംഭങ്ങളുടെ നിലനിൽപ്പു കൂടി ഉറപ്പാക്കും വിധമുള്ള ട്രേഡ് യൂണി യൻ സംസ്കാരം കരുപ്പിടിപ്പിക്കുക.

11. രജിസ്ട്രേഷനിലും, ലൈസൻസിങ്ങിലും നിലവിലുള്ള നടപടിക്രമങ്ങൾ ലഘൂകരി ക്കുക.

12. ടെക്നോപാർക്കിന്റെ സാങ്കേതിക സഹായം ലഭ്യമാക്കുക.

13. പഞ്ചായത്ത് തലത്തിൽ വ്യവസായ സംരം ഭകരെ സഹായിക്കാൻ ഒരു സമിതി രൂപീക രിക്കുക.

## സാദ്ധ്യതകൾ

ചെറുകിട–ഇടത്തരം–കുടിൽ വ്യവസായ സംരംഭങ്ങളായ പച്ചക്കറി, പഴം സംസ്കരണ യൂണിറ്റുകൾ, അച്ചാർ, ജാം, സ്ക്വാഷ് നിർമ്മാണ യൂണിറ്റുകൾ, തേനീച്ച വളർത്തൽ യൂണിറ്റുകൾ, കൊപ്ര സംസ്കരണം, ഓല മെടച്ചിൽ, ഇളനീർ സംസ്കരണ–വിൽപ്പന യൂണിറ്റുകൾ, ധാന്യ സംഭ രണ–സംസ്കരണ വിപണനയൂണിറ്റ്, കിഴങ്ങ് വർഗ്ഗ സംസ്കരണ വിപണന യൂണിറ്റ്, കറി പൗഡർ നിർമ്മാണയൂണിറ്റ്, ജൈവ ജീവാണുവളം നിർമ്മാണ യൂണിറ്റ്, കാർഷികോപകരണ നിർമ്മാണ യൂണിറ്റ്, ആയുർവേദ ഔഷധ നിർമ്മാ ണയൂണിറ്റ്, ക്ഷീരോത്പന്ന നിർമ്മാണ യൂണിറ്റു കൾ. സുഗന്ധ ദ്രവ്യസംഭരണ സംസ്കരണ യൂണിറ്റുകൾ, റബ്ബർ അടിസ്ഥാനമാക്കിയുള്ള വിവിധ യൂണിറ്റുകൾ, തടിയിൽ അധിഷ്ഠിതമായ വ്യവസായ യൂണിറ്റുകൾ, വിവിധയിനം കൗതുക വസ്തു നിർമ്മാണ യൂണിറ്റുകൾ, പ്ളാസ്റ്റിക് അധി ഷ്ഠിത യൂണിറ്റുകൾ, റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ യൂണിറ്റുകൾ, മെഴുകുതിരി, തീപ്പെട്ടി, സോപ്പ്, ചന്ദനത്തിരി, ചോക്ക് എന്നിവയുടെ

നിർമ്മാണ യൂണിറ്റുകൾ, ബേക്കറി നിർമ്മാണ യൂണിറ്റുകൾ. ചൂരൽ, ഈറ്റ അധിഷ്ഠിത യൂണിറ്റുകൾ, കാലി–കോഴി തീറ്റ നിർമ്മാണയൂണിറ്റുകൾ ബുക്ക് ബൈന്റിംഗ്, പ്രിന്റിംഗ് യൂണിറ്റുകൾ, ചെറുകിട വെൽഡിംഗ് യൂണിറ്റുകൾ, ഓട്ടോമൊബൈൽ റിപ്പയറിംഗ് യൂണിറ്റുകൾ വിവിധയിനം കരകൗശല വസ്തുക്കളുടെ നിർമ്മാണയൂണിറ്റുകൾ, ഇലക്ട്രിക് ഇലക്ട്രോണിക്സ് ഉപകരണ നിർമ്മാണ യൂണിറ്റുകൾ കശുവണ്ടി സംസ്കരണ യൂണിറ്റുകൾ, ലെതർ അതിഷ്ഠിത നിർമ്മാണയൂണിറ്റുകൾ മൺപാത്ര നിർമ്മാണ യൂണിറ്റ്, സിമന്റ് അധിഷ്ഠിതമായ ഗൃഹനിർമ്മാണ സാമഗ്രികളുടെ നിർമ്മാണയൂണിറ്റ് കോൺക്രീറ്റ് ഇലക്ട്രിക് പോസ്റ്റ് നിർമ്മാണ യൂണിറ്റ് എന്നിവ സ്ഥാപിക്കുക.



# ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

## ഊർജ്ജം

നമ്മുടെ പഞ്ചായത്ത് നിലവിൽ വന്ന സമയത്ത് വെറും 13 കുടുംബങ്ങളിലാണ് വൈദ്യുതി കണക്ഷൻ ഉണ്ടായിരുന്നത്. ആ കാലഘട്ടത്തിൽ വൈദ്യുതി ഒരു കാഴ്ചവസ്തുവായി പഞ്ചായത്തിലെ ജനങ്ങൾ കണ്ടിരുന്നു. കാലഘട്ടത്തിന്റെ പുരോഗതിയ്ക്കും, മാറ്റത്തിനും അനുസരിച്ച് പഞ്ചായത്തിലെ വികസനപ്രവർത്തനങ്ങളും വളർന്നുകൊണ്ടിരുന്നു. പഞ്ചായത്തിലെ നല്ലൊരു ഭാഗവും മലയോരപ്രദേശവുമായി ബന്ധപ്പെട്ടു കിടക്കുകയാണ്. വിദൂരഭാവിയിൽപ്പോലും വൈദ്യുതിയെക്കുറിച്ച് ആലോചിക്കാൻ കഴിയാത്ത കുടുംബങ്ങൾ നിരവധിയാണ്. ഇന്നും വിറകിനെ മാത്രം ആശ്രയിച്ച് ജീവിതം നയിക്കുന്ന കുടുംബങ്ങളാണ് ബഹുഭൂരിപക്ഷവും . മുൻകാലങ്ങളിൽ തെങ്ങുൽപ്പന്നങ്ങളിൽ നിന്നും ലഭിച്ചുകൊണ്ടിരുന്ന ഊർജ്ജം വളരെ കുറഞ്ഞുകൊണ്ടിരിക്കുകയാണ്. പഞ്ചായത്തിലെ പ്രധാന ഊർജ്ജസ്രോതസ്സുകൾ വിറകും തെങ്ങുൽപ്പന്നങ്ങളുമാണ്. 99% ആളുകളും പാചകാവശ്യത്തിന് വിറകും, തെങ്ങുൽപ്പന്നങ്ങളുമാണ് ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. പഞ്ചായത്തിലാകെ 9328 കുടംബങ്ങൾ താമസിക്കുന്നു. ഹരിജൻ ഗിരിജൻ വിഭാഗത്തിൽ പെട്ടവർ 1625 ആണ്. മറ്റുള്ളവർ 7703 ഉം. ഇതിൽ 3250 കടുംബങ്ങളിൽ മാത്രമാണ് നിലവിൽ വൈദ്യുതി കണക്ഷൻ ലഭ്യമായിട്ടുള്ളത്. (40.ശതമാനത്തിൽ താഴെ മാത്രം) നമ്മുടെ പഞ്ചായത്തിൽ 22 ഓളം മിനി ട്രാൻസ്ഫോർമറുകൾ ഉണ്ട്. ഇതിൽ 8 ഓളം വ്യാവസായിക ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നവയാണ്. ബാക്കിയുള്ളവയിൽ നിന്നും സമീപ പഞ്ചായത്തുകളിൽ നിന്നും സമീപ പഞ്ചായത്തുകളിലേക്കും വൈദ്യുതി വിതരണം നടത്തുന്നുണ്ട്. ഇത് പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം വളരെ ആവശ്യമാണ്. 60% ഓളം വീടുകളിലും വൈദ്യുതി എത്തിനോക്കിയിട്ടില്ല. പഞ്ചായത്തിൽ 95ഓളം കുടുംബങ്ങൾക്ക് മണ്ണെണ്ണ പെർമിറ്റും, 80 ഓളം കുടുംബങ്ങളിൽ പരിഷത്ത് അടുപ്പുകളും സ്ഥാപിച്ചിട്ടുണ്ട്. എങ്കിലും വിറകിനെ ആശ്രയിച്ച് തന്നെയാണ് ഈ കുടുംബങ്ങളിലും ഊർജ്ജം ഉപഭോഗം നടത്തുന്നത്. പഞ്ചായത്തിൽ 16 ഹരിജൻ കോളനികളും 22 ഗിരിജൻ കോളനികളും ഉണ്ട്. ഇതിൽ 10 ഹരിജൻ കോളനികളും 6 ഗിരിജൻ കോളനികളും മാത്രമേ വൈദ്യുതീകരിച്ചിട്ടുള്ളു. ബാക്കിയുള്ള കോളനികളിൽ വൈദ്യുതി ലഭ്യമായിട്ടില്ല. ഇതിൽ ഭൂരിഭാഗവും ആദിവാസി മേഖലകളാണ്. വീടുകൾ വയറിംഗ് ചെയ്ത് കണക്ഷനു വേണ്ടി കാത്തിരിക്കുന്നതും മിനിമം ഗ്യാരണ്ടിയിൽ പൈസ അടച്ചതുമായ നിരവധി കുടുംബങ്ങൾ ഈ പഞ്ചായത്തിൽ ഉണ്ട്.

ഈ പഞ്ചായത്തിൽ വഴിയാത്രക്കാർക്കായി തെരുവുകളിൽ 603 ബൾബുകളും, 22 ട്യൂബുകളും ഒരു മെർക്കുറി ലാംപും സ്ഥാപിച്ചിട്ടുണ്ട്. വൈദ്യുതി ലൈനുകൾ കടന്നുപോയിട്ടുള്ള വളരെയധികം സ്ഥലങ്ങളിൽ ഇനിയും തെരുവ് വിളക്കുകൾ സ്ഥാപിക്കേണ്ടതായിട്ടുണ്ട്. അതുപോലെ പ്രധാനപ്പെട്ട ജംഗ്ഷനുകളിൽ മെർക്കുറി ലാമ്പും സ്ഥാപിക്കേണ്ടതായിട്ടുണ്ട്. സ്ഥാപിച്ചവയിൽ തന്നെ മിക്കവയും പ്രകാശിക്കാത്ത അവസ്ഥയിലാണ്. ഇതിന്റെ ഭാഗമായി പഞ്ചായത്ത് പ്രതിവർഷം ഭീമമായ തുക (90116) രൂപ (പഞ്ചാ: ആകെ വരുമാനത്തിന്റെ 4.17%) ഇല:സിറ്റി ബോർഡിന് അടയ്ക്കേണ്ടതായി വരുന്നുണ്ട്. പുകയില്ലാത്ത അടുപ്പുകൾ സ്ഥാപിക്കുന്നതിലൂടെ പാഴായിപ്പോകുന്ന ഊർജ്ജത്തിന്റെ അളവ് വളരെയധികം കുറയ്ക്കാനാകും. അതിനുവേണ്ടി പഞ്ചായത്തു തലത്തിൽ ബോധവത്ക്കരണ സെമിനാറുകൾ സംഘടിപ്പിക്കാൻ വളരെ ഉപകാരപ്രദമായിരിക്കും. പഞ്ചായത്തിൽ 25 ഓളം ബയോഗ്യാസ് പ്ലാന്റുകൾ ഉണ്ട്. എന്നാൽ അവയിൽ പലതും ഇന്ന് നിർജീവമാണ്. കാരണം കന്നുകാലികളുടെ ആഹാര സാധനങ്ങളുടെ വിലവർദ്ധനവ് ഒരു പ്രധാന കാരണമാണ്. ഇതുകാരണം കന്നുകാലി വളർത്തൽ ഉപജീവനമാർഗമായി സ്വീകരിച്ചിരുന്ന പലരും മറ്റ് മാർഗങ്ങൾ തേടി പോകുന്ന അവസ്ഥയാണുള്ളത്. പാഴായിപോകുന്ന അസംസ്കൃത സാധനങ്ങൾ ഉപയോഗപ്പെടുത്തിയും ഉദാരമായ സാമ്പത്തികവും നടപ്പിലാക്കുകയും ശരിയായ ബോധവസ്ക്കരണത്തിലൂടെയും പാഴായിപോകുന്ന ഊർജ്ജം നമിക്ക് ലഭ്യമാക്കാൻ കഴിയും. സൗരോർജ്ജം. യഥാർത്ഥത്തിൽ നമ്മുടെ രാജ്യത്ത് വളരെ മാറ്റങ്ങൾ സൃഷ്ടിക്കുവാൻ കഴിയുന്ന ഒന്നാണ്. സംസ്ഥാനത്തു അനുഭവപ്പെടുന്ന

ഭയാനകമായ വൈദ്യുതക്ഷാമത്തിന് ഒരു പരിധി വരെ പരിഹാരം കാണാൻ സൗരോർജ്ജത്തിന് കഴിയും. ഇത് സംസ്ഥാനാടിസ്ഥാനത്തിൽ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിൽ വരുത്തുകയാണ് വേണ്ടത്. നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന വൈദ്യുതിതന്നെ പലരീതിയിലും അനധികൃതമായി വിനിയോഗിക്കുകയും പാഴായിപ്പോകുകയും ചെയ്യുന്നുണ്ട്. സമ്പന്നവർഗ്ഗം സ്വന്തം ആവശ്യങ്ങൾ യഥേഷ്ടം വിനിയോഗിക്കുന്നതിലൂടെ (Step-up) ഉപയോഗിച്ച് സാധാരക്കാർ വളരെയധികം ബുദ്ധിമുണ്ട് അനുഭവിക്കുന്നു. ഇതിനെതിരെ ശക്തമായ ബോധവത്ക്കരണവും, ശിക്ഷണനടപടികളും ആവശ്യമാണ്. അതുപോലെ പ്രസരണത്തിലൂടെ പാഴായിപ്പോകുന്ന വൈദ്യുതി സംരക്ഷിക്കുന്നതിനുവേണ്ടി ഇല: ഉദ്യോഗസ്ഥരേയും, പൊതുജനങ്ങളേയും ബോധ്യപ്പെടുത്തി അതിന് പരിഹാരം കാണാൻ ശ്രമിച്ച് വളരെയധികം വൈദ്യുതി ലാഭിക്കാൻ കഴിയും. പൊതുവിതരണ ശൃംഖലയിലൂടെ പഞ്ചായത്തിലെ ഗാർഹികാവശ്യങ്ങൾക്കായി പ്രതിവർഷം 282151 ലിറ്റർ മണ്ണെണ്ണ ഉപയോഗിക്കുന്നുണ്ട്. ഒരു ലിറ്ററിന് 3 രൂപ 50 പൈസവച്ചു കണക്കാക്കിയാൽ 9875285/ രൂപയുടെ മണ്ണെണ്ണ ഉപയോഗിക്കുന്നുണ്ട്.

## പ്രശ്നങ്ങൾ

1. വൈദ്യുതി ലൈനുകൾ കടന്നുപോയിട്ടുള്ള എല്ലാ പ്രദേശങ്ങളിലും തെരുവുവിളക്കുകൾ സ്ഥാപിച്ചിട്ടില്ല.
2. പഞ്ചായത്തിന്റെ ഭൂരിഭാഗം വീടുകളിലും വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ല.
3. ഭൂരിപക്ഷം ഹരിജൻ ഗിരിജൻ കോളനികളും വൈദ്യുതീകരിച്ചിട്ടില്ല.
4. പല പ്രദേശങ്ങളിലും വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നു.
5. സമ്പന്നരായ പല വൈദ്യുതി ഉപഭോക്താക്കളും Step-up ഉപോയോഗിച്ച് വൈദ്യുതി ചൂഷണം ചെയ്യുന്നു.
6. പഞ്ചായത്തിലെ പ്രധാന കവലകളിൽ മെർക്കുറി ലാമ്പുകൾ ഇല്ല.
7. പഞ്ചായത്തിന്റെ സഹായത്തോടുകൂടി വാർഡുകളിൽ സ്ഥാപിച്ചിട്ടുള്ള T.V. കിയോസ്കുകളിൽ വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ല

## നിർദ്ദേശങ്ങൾ

1. പഞ്ചായത്തിലെ വൈദ്യുതലൈൻ കടന്നുപോകുന്ന തെരുവുകളിൽ ഇടവിട്ടുള്ള പോസ്റ്റുകളിൽ ആധുനികരീതിയിലുള്ള തെരുവുവിളക്കുകളും, പ്രധാന കവലകളിൽ രാത്രി മുഴുവൻ പ്രകാശിക്കുന്ന മെർക്കുറി ലാമ്പും സ്ഥാപിക്കുക.
2. വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി അവശ്യം വേണ്ടിടത്ത് ട്രാൻസ്ഫോർമർ സ്ഥാപിക്കുക.
3. പ്രസരണ നഷ്ടവും അപകടവും ഒഴിവാക്കുന്നതിനുവേണ്ടി കേബിൾ സമ്പ്രദായം നടപ്പിലാക്കുക.
4. വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള നിലവിലുള്ള വ്യവസ്ഥ ഉദാരമാക്കുക.
5. കാർഷികാവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന വൈദ്യുതിയ്ക്ക് പൂർണ്ണ സബ്സിഡി നൽകുക.
6. മങ്കയം കാളക്കയത്തിലും, ചിപ്പൻചിറ കല്ലുവരമ്പുകടവിലും മിനി വൈദ്യുതപദ്ധതികൾ ആരംഭിക്കുക.
7. പൊൻമുടിയിൽ മടത്തറ വേളിയംകാല കാറ്റിൽ നിന്നും വൈദ്യുതി ഉത്പ്പാദിപ്പിക്കുന്ന പദ്ധതി നടപ്പിൽ വരുത്തുക.
8. വൈദ്യുതി എത്തിച്ചേർന്നിട്ടില്ലാത്ത ഹരിജൻ ഗിരിജൻ കോളനികളിലും മറ്റു പ്രദേശങ്ങളിലും വൈദ്യുതി എത്തിക്കുക.
9. പഞ്ചായത്തിന്റെ ധനസഹായത്തോടുകൂടി വാർഡുകളിൽ സ്ഥാപിച്ചിട്ടുള്ള T.V. കിയോസ്കുകളിൽ ഭൂരിഭാഗം T.V. കൾക്കും വൈദ്യുത കണക്ഷൻ ലഭിച്ചിട്ടില്ല. പഞ്ചായത്തു കമ്മിറ്റി അടിയന്തിരമായി അതിന് പരിഹാരം കാണുക.
10. പുകയില്ലാത്ത അടുപ്പുകൾ എല്ലാ വീടുകളിലും സ്ഥാപിക്കുകയും അതുമൂലം ഉണ്ടാകുന്ന ഇന്ധന ലാഭത്തെക്കുറിച്ചും ബോധവത്ക്കരണ സെമിനാറുകൾ സംഘടിപ്പിക്കുകയും ചെയ്യുക.
11. ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുകയും അതിന് ആവശ്യമായ അസംസ്കൃത സാധനങ്ങൾ ലഭ്യമാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുന്നതിനും അതോടൊപ്പം കന്നുകാലികൾക്കാവശ്യമായ ആഹാരസാധനങ്ങൾക്ക് സബ്സിഡി അനുവദിച്ച് കന്നുകാലികൃഷിയെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.
12. വിറക് ഉത്പ്പന്നങ്ങൾ കൂടുതൽ സംഭരിക്കുന്നതിനുവേണ്ടി വൃക്ഷതൈകൾ നട്ടുപിടിപ്പിക്കുന്നതിന് പ്രോത്സാഹനം നൽകുക.

| വാർഡിന്റെ പേര് | ക്രമ നമ്പർ | ഗ്രാമസഭാറിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ വൈദ്യുതീകരിക്കേണ്ട പ്രദേശം | ആവശ്യം |
|---|---|---|---|
| വാർഡ് 1 | 1 | ശിവൻമുക്ക് വേളിയങ്കാല | വൈദ്യുതീകരിക്കേണ്ടത് |
| മടത്തറ | 2 | അക്ഷരപാത-ഫോറസ്റ്റ് ബൗണ്ടറി | " |
| | 3 | ശിവൻമുക്ക്-തവാരണ | " |
| | 4 | അരിപ്പൽ-ഫോറസ്റ്റ് ബൗണ്ടറി | " |
| | 5 | വേങ്കൊല്ല-തവാരണ | " |
| | 6 | താന്നിമൂട്-തവാരണ | " |
| | 7 | ശിവൻമുക്ക്-ഫോറസ്റ്റ് ബൗണ്ടറി | " |
| | 8 | വേങ്കൊല്ല-ശാസ്താംനട-കൊച്ചുപുലിക്കോട് | " |
| | 9 | മൂപ്പക്കുടി-പുള്ളയക്കോട് ചതുപ്പ് | " |
| | 10 | തേരിനട-താന്നിമൂട് | |
| വാർഡ് 3 | | | |
| ജവ:കോളനി | 1 | ഇലവുപാലം-Block No -50 to 60 വരെയുള്ള 100 വീടുകളിൽ | വൈദ്യുതി എത്തിക്കുക. |
| | 2 | ഇലവുപാലം -സ്വാമിമുക്ക് Block No 40 to 50 വരെ 30 വീടുകളിൽ | " |
| | 3 | ജവഹർ കോളനി -ഹരിജൻ കോളനിയിൽ തെരുവ് വിളക്ക് സ്ഥാപിക്കുക | " |
| | 4 | ചല്ലിമുക്ക് സെറ്റിൽമെന്റ് റോഡിൽ Block No 63 to 72 വരെ വീടുകളിൽ | " |
| | 5 | കുട്ടത്തിക്കരിക്കകം-അമ്പലം റോഡിൽ-10 വീടുകളിൽ | വൈദ്യുതി എത്തിക്കുക |
| | 6 | ജവഹർ കോളനി ഫോറസ്റ്റ് ബൗണ്ടറി ഇലക്ട്രിക് ലൈൻ പൂർത്തീകരിക്കുക | " |
| | 7 | വാർഡിന്റെ എല്ലാഭാഗത്തും .................. | ഒരു പോസ്റ്റ് ഇടുക തെരുവ് വിളക്കുകൾസ്ഥാപിക്കുക |
| | 8 | ഇലവുപാലം ചെക്പോസ്റ്റ് വഴി പാമ്പുചത്തമണ്ണ് സ്കൂൾവരെ | |
| വാർഡ് 4 | | | |
| ചിപ്പൻചിറ | 1 | പുള്ളിവട്ടം, മാന്തുരുത്തി, ചാത്തി ചാച്ച മൺപുറം, കണ്ണൻകോട്, പ്ലാമൂട്, കൊല്ലരുകോണം എന്നീ പ്രദേശങ്ങൾ ഉൾപ്പെടുത്തി | ട്രാൻസ്ഫോർമർ സ്ഥാപിക്കുക. |
| | 2 | കരിമൻകോട് മുതൽ ചിപ്പൻചിറവരെ T.S. റോഡിൽ | തെരുവിളക്ക് സ്ഥാപിക്കുക. |
| | 3 | ചാത്തി ചാച്ച മൺപുറം മുതൽ വെങ്കിട്ടമൂടുവരെ | വൈദ്യുതിലൈൻ നീട്ടുക. |
| | 4 | കുണ്ടാളംകുഴി-TKMLPS, വഴി താന്നിമൂട് വരെ | വോൾട്ടേജ് ക്ഷാമം പരിഹരിക്കുക |
| | 5 | ആനന്ദകാല പഞ്ചാ: കിണർ മുതൽ കണ്ണൻകോട്വരെ | ഇലക്ട്രിക് ലൈൻ നീട്ടുക |
| | 6 | പ്ലാമൂട്, മാന്തുരുത്തി-ചിപ്പൻചിറ ലൈൻ....... | വോൾട്ടേജ് ക്ഷാമം പരിഹരിക്കുക |

| | | | |
|---|---|---|---|
| | 7 | കരിമൻകോട് ജംഗ്ഷനിൽ അനുവദിച്ച........ | ട്രാൻസ്ഫോർമർ സ്ഥാപിക്കുക |
| | 8 | മുക്കാംതോട്,കരിമൺകോട് കിഴക്കേക്കര........ | വൈദ്യുതീകരിക്കുക |
| | 9 | ചാത്തിചാച്ച മൺപുറം ഹരിജൻ കോളനി യിലെ വയറിംഗ് നടത്തിയ വീടുകളിൽ | സൗജന്യമായി വൈദ്യുതി ലഭ്യമാക്കുക. |
| | 10 | കൊല്ലരുക്കോണം, കരിമൻ കോട് , ചിപ്പൻചിറ, പ്ലാമൂട്...... | മെർക്കുറി ലാമ്പ് സ്ഥാപിക്കുക |
| വാർഡ് 5 പെരിങ്ങമ്മല | 1 | പണ്ടാരക്കോണത്തും താന്നിമൂട്ടിലും കരിമൺകോട്ടും കൊച്ചുവിളയിലും- | ട്രാൻസ്ഫോർമർ സ്ഥാപിക്കുക |
| | 2 | പുള്ളിപ്പച്ച-കടുവാക്കുഴി പറയ്ക്കോണം റോഡ് | വൈദ്യുതീകരിക്കുക |
| | 3 | താന്നിമൂട് ഏലായിൽ NSS.HS, ന് പടിഞ്ഞാറു വശമുള്ള വീട് | വൈദ്യുതീകരിക്കുക |
| | 4 | പുള്ളിപ്പച്ചച്ചിറ-കൊല്ലാക്കുഴി-കടുവാക്കുഴി റോഡ് | വൈദ്യുതീകരിക്കുക |
| | 5 | പെരിങ്ങമല ജംഗ്ഷനിൽ | മെർക്കുറി ലാമ്പ് സ്ഥാപിക്കുക |
| | 6 | പാപ്പനംകോട് കുന്നുംപുറവും പള്ളിക്കുന്നം | വൈദ്യുതീകരിക്കുക. |
| വാർഡ് 6 കൊച്ചുവിള | 1 | പുള്ളിപ്പച്ച (പറയ്ക്കോണം) | ട്രാൻസ്ഫോമർ സ്ഥാപിക്കുക. |
| | 2 | കടുവാങ്കുഴി-ലക്ഷംവീട്, കുണ്ടാളംകുഴി ലൈൻ | വൈദ്യുതികരിക്കുക. |
| | 3 | കൊച്ചുവിളയിൽ, T.V.കിയോസ്കിൻ | വൈദ്യുതികണക്ഷൻ മെർക്കുറിലാംബ് |
| | 4 | വാർഡിൽ എല്ലാ പ്രദേശത്തും | തെരുവു വിളക്കുകൾ സ്ഥാപിക്കുക. |
| | 5 | ബൗണ്ടർ ജംഗ്ഷൻ കുണ്ടറപ്പൻകാട് ലൈൻ | വൈദ്യുതീകരിക്കുക. |
| | 6 | കൊപ്പത്തുവിള കോളനി | ,, |
| | 7 | ഗാർഡൻ സ്റ്റേഷൻ ജംഗ്ഷനിൽ | മെർക്കുറിവേപ്പർ ലാമ്പ് സ്ഥാപിക്കുക. |
| വാർഡ് 7 ഇക്:കോളേജ് | 1 | കൊച്ചുകരിക്കകം-മണപ്പാറ- മലമാരി ലക്ഷം വീട് മലയാരി LPS പറങ്കിമാംവിള ഹരി:കോളനി പനങ്ങോട് ജംഗ്ഷൻ വരെ | വൈദ്യുതീകരിക്കുക |
| | 2 | പെരി: കട്ടയ്ക്കൽ പറങ്കിമാംവിള ഏലാ | വൈദ്യുതീകരിക്കുക |
| | 3 | പ്രധാന ജംഗ്ഷനുകളിൽ | മെർക്കുറി ലാമ്പ് സ്ഥാപിക്കുക. |
| | 4 | പറങ്കിമാംവിള ഹരിജൻ കോളനി | വൈദ്യുതീകരിക്കുക |
| | 5 | ഞാറനീലി-മണ്ണാന്തല റോഡ് | സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക. |
| | 6 | മുതിയാംകുഴി-വില്ലിപ്പക്കരിക്കകം | Str. Light. സ്ഥാപിക്കുക |
| | 7 | മലമാരി-ചേന്നൻകുന്ന് | വൈദ്യുതീകരിക്കണം |

| | | | |
|---|---|---|---|
| വാർഡ് 8<br>തൊന്നൂർ | | | |
| | 1 | നരിക്കല്ല് – നെല്ലിമൺപുറം | വൈദ്യതീകരിക്കണം |
| | 2 | ബൗണ്ടർമുക്ക് – കന്യാരുകുഴി | വൈദ്യുതീകരിക്കുക. |
| | 3 | സൂര്യകാന്തി – 8ഏക്കർ | ,, |
| | 4 | മലമാരി – മാംമൂട് – സൂര്യകാന്തി | " |
| | 5 | പയറ്റടി – കുറുങ്ങണം | " |
| | 6 | സൂര്യകാന്തി – പാക്കുളം | ,, |
| | 7 | തെന്നൂർ – കാളിയൻകുന്ന് | ,, |
| | 8 | അരയക്കുന്ന് – ആറുകണ്ണൻകുഴി | ,, |
| | 9 | നരിക്കല്ല് – ഏല | ,, |
| | 10 | മഞ്ഞപ്പാറ – മൺപുറം–തെന്നൂർ | ,, |
| | 11 | ഞാനറനീലി – ആറുകണ്ണൻകുഴി<br>എന്നീസ്ഥലങ്ങളിൽ | ട്രാൻഫോമർ<br>സ്ഥാപിക്കുക. |
| | 12 | നാരിക്കല്ല് – തെന്നൂർ (വയലിക്കട വഴി) | സ്ട്രീറ്റ് ലൈറ്റ്<br>സ്ഥാപിക്കുക. |
| | 13 | കൊച്ചുകരികക്കകം, മഞ്ഞപ്പാറ, മാംമൂടി, മലമാരി | ,, |
| | 14 | തെന്നൂർ– സൂര്യകാന്തി, കൊച്ചുകരിക്കകം –മണ്ണാന്തല | ,, |
| | 15 | തെന്നൂർ – മണ്ണാന്തല, | സ്ട്രീറ്റ്ലൈറ്റ് സ്ഥാപി<br>ക്കുക |
| | 16 | സൂര്യകാന്തി–മലമാരി– 8 ഏക്കർ | ,, |
| | 17 | ഞാറനീലി – മണ്ണാന്തല അരയക്കുന്ന്<br>കുണ്ടാളംകുഴി | |
| | 18 | വേടരുക്കോണം – വയലിക്കട– ഞാറ്റടിക്കോണം | ,, |
| | 19 | തെന്നൂർ ജംഗ്ഷനിൽ | മെർക്കുറി ലാമ്പ്<br>സ്ഥാപിക്കുക |
| വാർഡ് 9<br>ഇടവം | | | |
| | 1 | ഇടവം – കോളച്ചൽ 4 സെന്റ് കോളനി<br>ഉൾപ്പെടെ | വൈദ്യുതീകരിക്കണം |
| | 2 | പന്ദിയോട്ടുകാവ്–സെന്റ് മേരീസ് | ,, |
| | 3 | ഇടവം താഴെമുതൽ കോളച്ചൽ | തെരുവ്വിളക്ക്<br>സ്ഥാപിക്കുക. |
| | 4 | ബൗണ്ടർ ജംഗ്ഷൻ മുതൽ കോളച്ചൽ വരെ | ,, |
| വാർഡ് 10<br>ഇടിഞ്ഞാർ | 1 | ഈ വാർഡിൽ വൈദ്യുതി<br>ഇല്ലാത്ത സ്ഥലങ്ങളിൽ | വൈദ്യുതീകരിക്കുക |
| വാർഡ് 11<br>പൊൻമുടി | 1 | കമ്പിമൂട് മുതൽ പന്തടിക്കളം 26 ലൈൻ<br>സ്കൂൾ വരെ | തെരുവ് വിളക്ക്<br>സ്ഥാപിക്കുക |
| | 2 | എസ്റ്റേറ്റിൽ ഉടനടി വൈദ്യുതി<br>പുനസ്ഥാപിക്കുക | വൈദ്യുതി<br>പുനഃസ്ഥാപിക്കുക. |
| | 3 | പൊൻമുടിയിൽ കാറ്റിൽ നിന്നും | വൈദ്യുതി ഉത്പ്പാദിപ്പി<br>ക്കുക. |
| വാർഡ് 12<br>മെർച്ചിസ്റ്റൺ | 1 | ലയങ്ങളും തെരുവും | വൈദ്യുതീകരിക്കുക. |

## ഗതാഗതം

സംസ്ഥാനത്ത് ഭൂവിസ്തൃതിയിൽ വളരെ മുൻപന്തിയിൽ നിൽക്കുന്ന പഞ്ചായത്താണ് നമ്മുടേത്. പഞ്ചായത്തു വാർഡുകളെ തമ്മിൽപോലും പരസ്പരം ബന്ധിപ്പിക്കാൻ കഴിയാത്ത തരത്തിലുള്ള ഭൂമിശാസ്ത്രമാണ് നമ്മുടെ പഞ്ചായത്തിന്റേത്. മലകളും, കുന്നിൻ പ്രദേശങ്ങളും, ആറുകളും ഇതിന് പ്രധാനകാരണങ്ങളാണ്. പഞ്ചായത്തിന്റെ ഉൾപ്രദേശങ്ങളിൽ താമസിക്കുന്ന ജനങ്ങൾക്ക് ഇന്നും യാത്രാ സൗകര്യം വളരെ അപര്യാപ്തമാണ്. പലതരത്തിലുള്ള അപകടങ്ങൾ സംഭവിച്ചവരെ തക്ക സമയത്ത് ആശുപത്രികളിൽ എത്തിക്കാൻ പോലും കഴിയാതെ ജീവൻ നഷ്ടപ്പെട്ടുപോയ സംഭവങ്ങൾ വരെ നമ്മുടെ ജനങ്ങൾക്ക് അനുഭവിക്കേണ്ടി വന്നിട്ടുണ്ട്. ചില പ്രധാനപ്പെട്ട റോഡിലൂടെ മാത്രമേ ഇന്നും ബസ്സർവ്വീസുകൾ നടത്തുന്നുള്ളൂ. ഇത് വളരെ അപര്യാപ്തമാണ്. പണ്ടുകാലത്ത്, ജന്മി, മുതലാളിമാർ ഗതാഗതത്തിനു വേണ്ടി വില്ലു വണ്ടികൾ ഉപയോഗിച്ചിരുന്നു. ജനങ്ങൾ ഉൽപ്പാദിപ്പിച്ചിരുന്ന കാർഷിക വിളകൾ നാഴികകളോളം തലച്ചുമടായി, കല്ലാർ, നെടുമങ്ങാട്, നന്ദിയോട്, പെരിങ്ങമ്മല, ചന്തകളിൽ കൊണ്ടുപോയി വിറ്റ് ഉപജീവനം നടത്തിയിരുന്നു ഇന്നും പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ ഉത്പ്പാദിപ്പിക്കുന്ന കാർഷികവിളകൾ കിലോമീറ്ററുകളോളം തലച്ചുമടായി ചന്തയിൽ കൊണ്ടുവന്ന് വിറ്റഴിക്കേണ്ട സ്ഥിതിയാണുള്ളത്. ഇതു മൂലം കൃത്യസമയത്ത് സാധനങ്ങൾ ചന്തകളിൽ എത്തിക്കുന്നതിനും, ഉത്പ്പാദകന് ന്യായമായ വില ലഭിക്കുന്നതിനും ബുദ്ധിമുട്ടുണ്ട്. ബസ് സർവ്വീസ് എത്തിച്ചേർന്നിട്ടില്ലാത്ത വാർഡുകൾപോലും നമ്മുടെ പഞ്ചായത്തിൽ ഉണ്ട്. പഞ്ചായത്തിൽ പാലോട് – അഗ്രിഫാം – എഴ് കിലോമീറ്റർ –, പാലോട് – ബ്രൈമൂർ-13 കി.മീ. പലോട് – വിതുര – 8 കി.മീ. ഇത്രയും സർവ്വീസുകൾ മാത്രമാണ് നമ്മുടെ പഞ്ചായത്തിന്റെ ഉൾപ്രദേശങ്ങളിലുള്ളത്. ഇനിയും ബസ് സർവ്വീസ് ലാഭകരമായി നടത്താൻ കഴിയുന്നതും ജനസാന്ദ്രത ഉള്ളതുമായ പ്രദേശങ്ങൾ നിരവധിയുണ്ട്. പുതിയ റോഡുകളും പുതിയ ബസ്സർവ്വീസുകളും ആരംഭിക്കുവാൻ കഴിഞ്ഞാൽ ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തുന്നതിനും, ദൈനംദിന ആവശ്യങ്ങൾ നിറവേറ്റുന്നതിനും അതുമൂലം പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനും സഹായകമാകും. പഞ്ചായത്തിലെ ജനങ്ങൾ റോഡുഗതാഗതത്തെമാത്രം ആശ്രയിച്ചു ജീവിക്കുന്നവരാണ്. റയിൽ ഗതാഗത്തിനു വളരെ സാധ്യതയുള്ള പഞ്ചായത്താണ് നമ്മുടേത്. തിരുവനന്തപുരം – പാലോട് – മടത്തറ – കുളത്തൂപ്പുഴ – പുനലൂർ – ചെങ്കോട്ട റയിൽവേ ലയിൻ നിലവിൽ വന്നാൽ വളരെ വലിയ തോതിൽ ആവശ്യ സാധനങ്ങളുടെ വിലനിലവാരം പിടിച്ചു നിറുത്താനും യാത്രാസൗകര്യം വർദ്ധിപ്പിക്കാനും ഉപകരിക്കും. അടിയന്തിരപ്രാധാന്യത്തോടെ പരിഗണിക്കേണ്ടതാണ്. ഇതിനുവേണ്ടി കേന്ദ്ര സംസ്ഥാന ഗവ:കളിൽ സമ്മർദ്ധം ചെലുത്താൻ കൂട്ടായി യത്നിക്കുക. നിലവിലുള്ള റോഡുകളിൽ പലതും തക്കസമയത്ത് അറ്റകുറ്റപണികൾ നടത്താതു മൂലം സഞ്ചാരയോഗ്യമല്ലാത്ത രീതിയിൽ പൊട്ടിപ്പൊളിഞ്ഞ അവസ്ഥയിലാണ്. ഉദാ: പെരി: അഗ്രിഫാം റോഡ്. പൊതുജനങ്ങളുടെ സഹകരണമില്ലായ്മയും ഇതിനു കാരണമാണ്. നിലിവിലുള്ള റോഡുകളിൽ ഓടകളില്ലാത്തതുകാരണവും റോഡുകൾ നശിച്ചുപോകാൻ കാരണമാണ്. വാഹനങ്ങളുടെ അമിതമായ വർദ്ധനവും റോഡുകളുടെ ഗുണനിലവാരമില്ലായ്മയും അപകടസാദ്ധ്യത വളരെ വർദ്ധിപ്പിക്കുന്നു. നമ്മുടെ പഞ്ചായത്തിൽ ട്രാൻസ്പോർട്ട് ഡിപ്പോയോ, സബ്ഡിപ്പോയോ ഇല്ല. നന്ദിയോട് പഞ്ചായത്തിലെ പാലോട് KSRTC സബ്ഡിപ്പോയിൽ നിന്നും നെടു:തിരു:ഡിപ്പോകളിൽനിന്ന് നാമമാത്രമായ സർവ്വീസുകളാണ് നടത്തുന്നത്. ഭൂരിഭാഗം ജനങ്ങളും പാരലൽ സർവ്വീസുകളെയാണ് ആശ്രയിക്കുന്നത്. പഞ്ചായത്തിലെ KSRTC,Pvt പാരലൽ സർവ്വീസുകളുടെ വിവരം ചാർട്ടായി രേഖപ്പെടുത്തിയിട്ടുണ്ട്. KSRTC ബസ് സർവ്വീസ് കൃത്യനിഷ്ഠയോടുകൂടി സർവ്വീസ് നടത്തുകയും, അതുപോലെ പാരലൽ സർവ്വീസുകളെ നിയന്ത്രിക്കുകയും ചെയ്താൽ ഗവൺമെന്റിന് വരുമാനം വർദ്ധിപ്പിക്കുവാൻ വളരെയധികം സഹായകമാകും. ഈ ഡിപ്പോയിൽ നിലവിൽ 37 ബസുകളും 33 ഷെഡ്യൂളുകളും 247 ജീവനക്കാരുമാണുള്ളത്. ശരാശരി 24 ഷെഡ്യൂൾ മാത്രമാണ് ഓപ്പറേറ്റു ചെയ്യുന്നത്. ഇക്കാരണത്താൽതന്നെ യാത്രാക്ലേശം വളരെയധികം രൂക്ഷമാകുന്നു.

**നിലവിലുള്ള ഗതാഗതസൗകര്യം**

| ബസ്റൂട്ട് | KSRTC ട്രിപ്പുകൾ സഹിതം | Pvt ബസ് ട്രിപ്പുകൾ സഹിതം | ജീപ്പുകൾ ട്രിപ്പുകൾ സഹിതം | ആകെ ട്രിപ്പുകൾ |
|---|---|---|---|---|
| മടത്തറ- പാലോട് | 38 | 16 | 60 | 114 |
| തെന്നൂർ-പാലോട് | 16 | 8 | 40 | 64 |
| ഇക്:കോളേജ്-പാലോട് | 20 | 10 | 60 | 90 |
| അഗ്രിഫാം-പാലോട് | 20 | 8 | Nil | 28 |
| ഇടിഞ്ഞാർ-പാലോട് | 6 | Nil | 30 | 36 |
| ബ്രൈമൂർ-പാലോട് | 6 | Nil | Nil | 6 |
| പൊൻമുടി-നെടുമങ്ങാട് | 14 | Nil | Nil | 14 |

NB: *KSRTC* ബസ് സർവ്വീസ് നടത്തുന്ന ട്രിപ്പുകളുടെ എണ്ണം കടലാസ്സുകളിൽ മാത്രമെ ഉള്ളൂ എന്നത് ഒരു നഗ്നസത്യമാണ്. ഇതിൽ പകുതി സർവ്വീസുകൾ മാത്രമേ കൃത്യമായി ഓപ്പറേറ്റു ചെയ്യുന്നുള്ളൂ.

നമ്മുടെ പഞ്ചായത്തിൽ ടെമ്പോ, ജീപ്പ്, ടാക്സി, ഓട്ടോറിക്ഷാ, ഗുഡ്സ്, ഓട്ടോലോറി തുടങ്ങിയ വാഹനങ്ങൾ വളരെയധികം ഉണ്ട്. ഇവയെ ഉൾക്കൊള്ളുന്നതിനും പ്രധാന ജംഗ്ഷനുകളിൽ നിലവിൽ സംവിധാനങ്ങൾ ഒന്നും തന്നെ ഇല്ല ഇതുകാരണം അപകടസാദ്ധ്യത വളരെ കൂടുതലാണ്. ഉദാ: പാലോട്, മടത്തറ പെരിങ്ങമ്മല ഈ ജംഗ്ഷനുകളിൽ വാഹനങ്ങൾ പാർക്കുചെയ്യുന്നതിന് ടാക്സി സ്റ്റാന്റുകൾ നിർമ്മിച്ചു നല്കുക. ഇതിലൂടെ അപകടങ്ങൾ ഒഴിവാക്കാനും പഞ്ചായത്തിന് വരുമാനം വർദ്ധിപ്പിക്കാനും കഴിയും.

## പ്രശ്നങ്ങൾ

1. N.S.S.H.S.വഴി അഗ്രിഫാമിലേയ്ക്ക് പോകുന്നതും പാലോട് കട്ടയ്ക്കൽ വഴി തെന്നൂർ പോകുന്നതുമായ ബസ്സുകൾ പെരി: താഴെ ജംഗ്ഷനിൽ പോയി തിരിഞ്ഞുവരാത്തതുകാരണം അവിടെ ബസ് പ്രതീക്ഷിച്ചു നില്ക്കുന്ന യാത്രക്കാർക്ക് യാത്രാക്ലേശം അനുഭവപ്പെടുന്നു.
2. പാലോട്ടുനിന്നും കട്ടയ്ക്കൽ വഴി പോകുന്ന KSRTC ബസുകളിൽ അമിത ചാർജ്ജ് ഈടാക്കുന്നു.
3. ഈ പ്രദേശത്ത് ഓടുന്ന KSRTC ബസുകൾ കൃത്യമായി സർവ്വീസ് നടത്തുന്നില്ല.
4. പാലോട്, പെരിങ്ങമല മടത്തറ തുടങ്ങിയ പ്രധാന ജംഗ്ഷനുകളിൽ പാർക്കിംഗ് സംവിധാനം ഇല്ലാത്തതു കാരണം അപകടങ്ങൾ വർദ്ധിക്കുന്നു.
5. കൃത്യസമയത്ത് റോഡിന്റെ ഇരുവശങ്ങളിലും ഓടകളില്ലാത്തതു കാരണം റോഡുകൾ പൊട്ടിപ്പൊളിഞ്ഞ് സഞ്ചാരയോഗ്യമല്ലാതായിത്തീരുന്നു.
6. പ്രധാന ജംഗ്ഷനുകളിലും സ്കൂളുകളുടെ സമീപത്തും അപകടങ്ങൾ ഒഴിവാക്കുന്നതിന് റോഡുകളിൽ ബമ്പുകൾ നിർമ്മിക്കുക.
7. സ്കൂളുകൾളുടെ സമീപത്തും അപകടസാദ്ധ്യതയുള്ള വളവുകൾകളുടെ സമീപത്തും സിഗ്നൽബോർഡുകൾ സ്ഥാപിക്കുക.

## നിർദ്ദേശങ്ങൾ

1. പാലോടുനിന്നും കട്ടയ്ക്കൽ വഴി പോകുന്ന ബസ്സുകളിൽ അമിതചാർജ്ജ് ഈടാക്കുന്നു. Fair Stage പുതുക്കി നിശ്ചയിച്ച് പ്രശ്നം പരിഹരിക്കുക.
2. പാലോടു ജംഗ്ഷനിൽ ഉള്ള KSRTC Sub Dipot കുശവൂരിൽ വാങ്ങിയിട്ടുള്ള സ്ഥലത്തേയ്ക്ക് മാറ്റുകയും ATO ഓഫീസായി ഉയർത്തുകയും ചെയ്യുക. ഇതിലൂടെ യാത്രാക്ലേശം പരിഹരിക്കുക.
3. ഷെഡ്യൂൾ പരിഷ്കാരം പഞ്ചായത്തു സമിതികളെകൂടി ഉൾപ്പെടുത്തി പുനർ നിശ്ചയം ചെയ്യുക.
4. സർവ്വീസുകളുടെ കൃത്യനിഷ്ഠത ഇല്ലായ്മ മൂലം ഉണ്ടാകുന്ന യാത്രാക്ലേശം പരിഹരിക്കുകയും, സാമ്പത്തിക നഷ്ടം ഒഴിവാക്കുകയും ചെയ്യുക.
5. ഓട്ടോറിക്ഷ, ടാക്സി, ജീപ്പ് തുടങ്ങിയ സ്വകാര്യ വാഹനങ്ങൾക്ക് പ്രധാന ജംഗ്ഷനുകളിൽ പാർക്കിംഗ് സൗകര്യം ഏർപ്പെടുത്തി അപകടങ്ങൾ ഒഴിവാക്കുക.
6. പഞ്ചായത്തിൽ സർവ്വീസുകൾ നിലവിൽ ഇല്ലാത്ത പ്രദേശങ്ങളിൽ കൂടി സർവ്വീസ് ആരംഭിച്ച് യാത്രാ സൗകര്യം വർദ്ധിപ്പിക്കുക.

7 സ്വകാര്യ മേഖലയിലെ പാരലൽ സർവ്വീസു കളെ നിയന്ത്രിക്കുകയും, അതിന് അനുസര ണമായി പുതുതായി സർവ്വീസുകൾ ആരംഭിച്ച് KSRTC യുടെ വരുമാനം വർദ്ധിപ്പിക്കുകയും ചെയ്യുക.

## പുതുതായി ആരംഭിക്കേണ്ട ബസ്സ് സർവ്വീസുകൾ

1. കുളത്തുപ്പുഴ-മടത്തറ-പാലോട്-പെരിങ്ങ: തെന്നൂർ-വിതുര-പൊൻമുടി
2. മടത്തറ-ചിപ്പൻചിറ-NSSപെരിങ്ങമ്മല-കട്ട യ്ക്കാൽ-തെന്നൂർ-വിതുര
3. വർക്കല -ആറ്റിങ്ങൽ - കിളിമാനൂർ - പാലോട് - പെരിമ്മല - വിതുര - പൊൻമുടി
4. കുളത്തുപ്പുഴ-മടത്തറ-ഇലവുപാലം-അടിപ്പ റമ്പ്-ഇടിഞ്ഞാർ-പാലോട്
5. പാലോട്-പെരിങ്ങ-ഞാറനീലി-ഇലഞ്ചിയം
6. കുളത്തുപ്പുഴ-മടത്തറ-പാലോട്-പെരിങ്ങ മ്മല-ഇടിഞ്ഞാർ
7. തെന്നൂർ -കട്ടയ്ക്കൽ - പെരിങ്ങമ്മല - പ്ലാമൂട് - ചിപ്പൻചിറ - മടത്തറ
8. അഗ്രിഫാം - N.S.S.കരിമൻ കോട് - പാലോട് - നെടുമങ്ങാട് - തിരുവനന്തപുരം

## മാർക്കറ്റ്

കാർഷിക വിളകളുടെ സമൃദ്ധിയെ സമ്പന്നമായ പെരിങ്ങമല പഞ്ചായത്തിലെ ഏറ്റവും പ്രധാനപ്പെട്ട മാർക്കറ്റ് പെരിങ്ങമ്മലയിൽ സ്ഥിതി ചെയ്യുന്നു. 1957ൽ ആണ് ഈ മാർക്കറ്റ് സ്ഥാപിച്ചത്. ഈ മാർക്കറ്റ് നെടുമങ്ങാട് താലൂക്കിലെ അറിയപ്പെടുന്ന മാർക്കറ്റുകളിൽ ഒന്നായിരുന്നു. പഞ്ചായത്തിലെ ജനങ്ങൾ ടി മാർക്കറ്റിനെപ്പോലെതന്നെ വളവുപച്ച, കല്ലാർ ചന്തകളെയും ആശ്രയിച്ചിരുന്നു എങ്കിൽപോലും പെരിങ്ങമ്മല മാർക്കറ്റിനെ സംബന്ധിച്ചിടത്തോളം വളരെ പ്രാധാന്യമുണ്ട്. മലമ്പ്രദേശങ്ങളിൽ താമസിക്കുന്ന ആദിവാസികൾ മലവിഭവങ്ങളായ, കിഴങ്ങുവർഗ്ഗങ്ങൾ, കാട്ടുമാങ്ങ, കാരക്ക, മൂട്ടിക്കായ്, ഞാറപ്പഴം തുടങ്ങി അപൂർവ്വങ്ങളായ കായ്ഫലങ്ങൾ വിറ്റഴിക്കുന്നതിന് ഈ ചന്തയെയാണ് ആശ്രയിക്കുന്നത്. ഇപ്പോൾ സമീപപ്രദേശങ്ങളായ വിതുര, നന്ദിയോട്, കൊല്ലായിൽ, മടത്തറ തുടങ്ങിയ സ്ഥലങ്ങളിൽ ആഴ്ച ചന്തകൾ പ്രവർത്തിച്ചുവരുന്നു. ജനസാന്ദ്രതയുടെ വർദ്ധനവിനും ആനുപാതികമായി ഇനിയും പഞ്ചായത്തുപ്രദേശങ്ങളിൽ ആഴ്ചചന്തകൾ ആരംഭിക്കേണ്ടിയിരിക്കുന്നു. തെന്നൂർ, ഇടിഞ്ഞാർ, ജവ:കോളനി തുടങ്ങിയ പ്രദേശങ്ങളിൽ കൂടി ആഴ്ച ചന്തകൾ ആരംഭിച്ചാൽ ഇടനിലക്കാരുടെ സഹായമില്ലാതെ തന്നെ കർഷകർക്ക് സാധനങ്ങൾ വിറ്റഴിക്കുന്നതിനും, ക്രയവിക്രയങ്ങൾ നടത്തുന്നതിനും വളരെയധികം ഉപകരിക്കും. പെരിങ്ങമ്മല മാർക്കറ്റിനെ സംബന്ധിച്ച് ഇന്നുള്ള സംവിധാനം വളരെ അപര്യാപ്തമാണ്. മാർക്കറ്റിനോട് അനുബന്ധിച്ചുള്ള കശാപ്പുശാല ജനങ്ങൾക്ക് വളരെയധികം ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. മാർക്കറ്റിൽ വിറ്റഴിക്കുന്ന സാധനങ്ങളുടെ അവശിഷ്ടങ്ങൾ നാലുഭാഗത്തും വലിച്ചെറിഞ്ഞ് ഇവ അഴുകി ദുർഗന്ധം വമിക്കുകയും സൗകര്യമായി സാധനങ്ങൾ വില്ക്കുന്നതിനും വാങ്ങുന്നതിനും തടസ്സം സൃഷ്ടിക്കുകയും ചെയ്യുന്നു. ഇതു പരിഹരിക്കുന്നതിന് പ്രധാനമായും കശാപ്പുശാലയ്ക്കുവേണ്ടി പ്രത്യേകസംവിധാനം ഉണ്ടാക്കുകയും, വിറ്റഴിക്കപ്പെടുന്ന സാധനങ്ങളുടെ അവശിഷ്ടങ്ങൾ നീക്കം ചെയ്യുകയും ആധുനികരീതിയിൽ നവീകരിക്കുകയും ചെയ്ത് പെരിങ്ങമ്മല മാർക്കറ്റിനെ വിപുലീകരിക്കുക, ചന്തദിവസങ്ങളിൽ മാർക്കറ്റിന് സമീപം റോഡിന് ഇരുവശവും ചന്തയിൽ വിറ്റഴിക്കുന്നതിന് കൊണ്ടുവരുന്ന സാധനങ്ങൾ വാങ്ങുന്നതിനുവേണ്ടി വഴിക്കച്ചവടക്കാർ നിരന്ന് ഇരിക്കുന്ന കാഴ്ചയാണ് കാണാൻ കഴിയുന്നത്. ഇത് അപകടസാദ്ധ്യത വിളിച്ചുവരുത്തുന്നു. ഇതിന് പരിഹാരം കാണണം.

## പെരിങ്ങമ്മല ഗ്രാമപഞ്ചായത്ത് റോഡുകളുടെ സ്ഥിതി വിവരം

| വാർഡ് നമ്പർ | ക്രമ നമ്പർ | റോഡിന്റെ പേര് | നീളം | വീതി | ഇനം | ആവശ്യം |
|---|---|---|---|---|---|---|
| വാർഡ് 1 | | | | | | |
| | 1 | ശിവൻമുക്ക്-വേളിയങ്കാല റോഡ് | 800m | 5m | മൺറോഡ് | വീതികൂട്ടുക ടാർചെയ്യുക. |
| | 2 | മടത്തറ-പുന്നമൺവയൽ റോഡ് | 750m | 8m | മൺറോഡ് | ടാർചെയ്യുക |
| | 3 | കൊച്ചുകലുങ്ങ് - ഫോറസ്റ്റ് ബൗണ്ടറി, തേരിക്കട | 1200m | 4m | മൺറോഡ് | ടാർചെയ്യണം |
| | 4 | ശിവൻമുക്ക്-ഫോറസ്റ്റ് ബൗണ്ടറി | 750m | 2.60m | മൺറോഡ് | |
| | 5 | വേങ്കൊല്ല-തവാരണ | 1200m | 4m | മൺറോഡ് | |
| | 6 | ശിവൻമുക്ക്-തവാരണ | 600m | 3m | മൺറോഡ് | |
| | 7 | തവാരണ-താന്നിമൂട് | | | മൺറോഡ് | |
| | 8 | അക്ഷരപ്പാത ഫോറസ്റ്റ് ബൗണ്ടറി | | | | |
| | 9 | വളവിൽ-ഫോറസ്റ്റ് ബൗണ്ടറി | 820m | 2m | മൺറോഡ് | |
| | 10 | മോതീൻ വളവ്-ഫോറസ്റ്റ് ബൗണ്ടറി | 620m | 2.5m | മൺറോഡ് | |
| | 11 | T.B. ജംഗ്ഷൻ-വേളിയങ്കാല | 800m | 2m | മൺറോഡ് | |
| | 12 | ശാസ്താംനട-കൊച്ചുപുലിക്കോട് | | | | |
| | 13 | അരിപ്പൽ-ഫോറസ്റ്റ് ബൗണ്ടറി | | | | |
| | 14 | പോട്ടോമാവ്-സെറ്റിൽമെന്റ് ബൗണ്ടറി | | | | |
| | 15 | തേരിക്കട-താന്നിമൂട് തവാരണ | | | | |
| | 16 | മുപ്പതടി- | | | | |
| വാർഡ് 2 | | | | | | |
| | 1 | കൊല്ലായിൽ-കലയപുരം-കാറ്റാടിമുക്ക് റോഡ് | | | | |
| | 2 | കലയപുരം-കിളിത്തട്ട്-പാളയംകുന്ന് റോഡ് | | | | |
| | 3 | S.N.U.P.S. ജംഗ്ഷൻ-ഏലാറോഡ് | | | | |
| | 4 | ചല്ലിമുക്ക്-പാമ്പുചത്തമണ്ണ് റോഡ് | | | | |
| | 5 | U.P.S. ജംഗ്ഷൻ-സെറ്റിൽമെന്റ് റോഡ് | | | | |
| | 6 | ഒഴുകുപാറ-കിളിത്തട്ട് റോഡ് | | | | പുതുതായി നിർമ്മിക്കുക |
| | 7 | വടക്കത് മുക്ക്-വട്ടവയൽ റോഡ് | | | | ,, |
| | 8 | കൊല്ലായിൽ തടിമില്ലിന് സമീപത്ത് നിന്നും-സെറ്റിൽമെന്റിലേക്ക് റോഡ് | | | | ഓടകൾ നിർമ്മിക്കണം |
| | 9 | കലയപുരം-കാറ്റാടിമുക്ക് റോഡ്.... | | | | ,, |
| | 10 | കൊല്ലായിൽ-മാടൻകാവ് നടപ്പാത | | | | നടപ്പാത |
| | 11 | ഇരുതോട്ടിൽ നിന്നും-മടൻകാവ് വരെ | | | | ,, |
| | 12 | ഇരുതോട്ടിൽ നിന്നും-ബൗണ്ടർ റോഡ് | | | | |
| | 13 | വടക്കതിൽ നിന്നും-സെറ്റിൽ മെന്റ് നടപ്പാത | | | | |
| | 14 | 107–108 ന്റെ-ഇടക്കുള്ള വഴി | | | | ബണ്ട് റോഡാക്കുക |
| വാർഡ് 3 | | | | | | |
| | 1 | ഇലവുപാലം - താന്നിമൂട് | | | | |
| | 2 | സ്റ്റീഫൻമുക്ക്-താന്നിമൂട് | | | | |
| | 3 | ചല്ലിമുക്ക്-പാമ്പുചത്തമണ്ണ് | | | | |
| | 4 | ജവ:കോളനി-ഫോറസ്റ്റ് ബൗണ്ടറി | | | | |
| | 5 | കുട്ടത്തി-ക്ഷേത്രം റോഡ് | | | | |
| | 6 | സ്വാമിമുക്ക്-മണലിറോഡ് | | | | |

## പെരിങ്ങമ്മല ഗ്രാമപഞ്ചായത്ത് റോഡുകളുടെ സ്ഥിതി വിവരം

| വാർഡ് നമ്പർ | ക്രമ നമ്പർ | റോഡിന്റെ പേര് | നീളം | വീതി | ഇനം | ആവശ്യം |
|---|---|---|---|---|---|---|
| | 7 | ഇലവുപാലം-TBGRI | | | | |
| | 8 | സൗദിഭവൻ-പാമ്പുചത്തമണ്ണ് | | | | നടപ്പാലം മാറ്റി ഗതാഗ തയോഗ്യം |
| വാർഡ് 4 | | | | | | |
| | 1 | വെള്ളായണിക്കോണം വഴി-മാന്തുരുത്തി നടപ്പാത മാറ്റി | | | | റോഡ് നിർമ്മിക്കുക |
| | 2 | പണ്ടാരക്കോണം-കൊല്ലരുക്കോണം-മാന്തുരുത്തി, പാപ്പനംകോട് കിഴക്കേക്കര | | | | വരമ്പ് വിക സിപ്പിച്ച് റോഡാക്കുക |
| | 3 | N.S.S. ജംഗ്ഷൻ നിന്നും പുള്ളിവട്ടത്തേക്ക് പുതിയ റോഡ് | | | | പുതിയറോഡ് |
| | 4 | കുഞ്ഞാളംകുഴി-താന്നിമൂട്-ആനന്ദകാല-പ്ലാമൂട് | | | | |
| | 5 | ചാത്തിചാച്ചൻ മൺപുറം-വെങ്കിട്ടമൂട് | | | | |
| | 6 | താന്നിമൂട്, T.K.M. LPS റോഡ് | 2.00 | 1.5 | നടപ്പാത | പുതിയറോഡ് നിർമ്മിക്കുക |
| | 7 | ഊരാളിക്കോണം-മാന്തുരുത്തി-കിഴക്കേക്കര ഏലാറോഡ് | | | | |
| | 8 | മുക്കാംതോട്-ഏറെകരിമാൻകോട് | | | | |
| | 9 | പ്ലാമൂട് ഭൂദാനകോളനിവഴി മാന്തുരുത്തി | 1K.m. | | | പുതിയറോഡ് നിർമ്മിക്കുക |
| | 10 | മാന്തുരുത്തി ചപ്പാത്തിൽ നിന്നും ക്ഷേത്രത്തിലേക്ക് | | | | പുതിയറോഡ് |
| | 11 | T.K.M.L.P.S. കുണ്ടാളംകുഴി-ബംഗ്ലാവുനട | | | | നടപ്പാതറോ ഡാക്കുക |
| | 12 | പണ്ടാരക്കോണം-മാന്തുരുത്തിവരെ പടിഞ്ഞാറേക്കര ഏലാറോഡ് | | | | പുതിയറോഡ് നിർമ്മിക്കുക |
| | 13 | ചിപ്പൻചിറ-കൊച്ചുകോണം പള്ളിവഴി പാലോട് ഏലായിലേയ്ക്ക് | | | | റോഡ് പുതു തായി നിർമ്മി ക്കണം |
| | 14 | ആനന്ദകാല-T.K.M.L.P.S. നടപ്പാത റോഡാക്കുക | | | | നടപ്പാതറോ ഡാക്കുക |
| വാർഡ് നമ്പർ 5 | | | | | | |
| | 1 | പെരിങ്ങമ്മല പറയ്ക്കോണം കടുവാക്കുഴി റോഡ് | | | | |
| | 2 | പണ്ടാരക്കോണം മാന്തുരുത്തി കൊല്ലരുകോണം കിഴക്കേക്കര ഏലാറോഡ് | | | | പുതുതായി നിർമ്മിക്കണം |
| | 3 | പാപ്പനംകോട്-കൊല്ലരുകോണം | | | | |
| | 4 | പുള്ളിപ്പച്ച-കല്ലുവിള റോഡ് (ഇബ്രാഹിംകുഞ്ഞ് സ്മാരകറോഡ്) | | | | |
| | 5 | പെരിങ്ങമ്മല ഏലാ പടിഞ്ഞാറേക്കരറോഡ് | | | | |
| | 6 | ഊരാളിക്കോണം-മുക്കാൻതോട് | | | | |
| | 7 | പറയ്ക്കോണത്തുനിന്നും ആശാൻമുക്കിലേക്ക് റോഡ് | | | | വയൽനികത്തി റോഡാക്കണം (കുറച്ചു ഭാഗം) |

| വാർഡ് നമ്പർ | ക്രമ നമ്പർ | റോഡിന്റെ പേര് | നീളം | വീതി | ഇനം | ആവശ്യം |
|---|---|---|---|---|---|---|
| | 8 | കരിമൺകോട്-കൊല്ലരുകോണം റോഡ് | | | | |
| | 9 | പാലോട്-സ്റ്റേഡിയം റോഡ് | | | | |
| | 10 | പറയ്ക്കോണം-പുള്ളിപ്പച്ച വെരി: ഏലാവഴി-N.S.S.H.S. (Jn) വഴി | | | | ഗതാഗതയോഗ്യമാക്കുക |
| | 11 | പെരി-N.S.S.H.S.അഗ്രിഫാം റോഡ് | | | | റീടാറിംഗ് ചെയ്യുക |
| | 12 | താന്നിമൂട്ടിൽ നിന്നും ഏലായിലേയ്ക്കുള്ള റോഡ് | | | | പുതുക്കിപ്പണിയുക |
| | 13 | പാപ്പനംകോട് കറുപ്പസ്വാമിക്ഷേത്രം | | | | ,, |
| | 14 | പാപ്പനംകോട് പള്ളിക്കുന്ന് R.K.V. റോഡ് ,, | | | | |
| | 15 | പാപ്പനംകോട് പള്ളിനട കുന്നുംപ്പുറം വഴി R.K.V. തടം | | | | വികസിപ്പിക്കണം |
| | 16 | പെരിങ്ങമ്മല-N.S.S. റോഡിൽ ഒഴുകുപാറയ്ക്കുള്ള വഴി | | | | റോഡ് ആക്കണം |
| വാർഡ് 6 | | | | | | |
| | 1 | പെരിങ്ങമ്മല-പറയ്ക്കോണം കടുവാക്കുഴി | | | | റോഡ് ടാർ ചെയ്യണം |
| | 2 | മീരാൻവെട്ടി-ചിറ്റൂർ റോഡ് | | | | ,, |
| | 3 | കടുവാക്കുഴി-ലക്ഷംവീട് കോളനി-കുണ്ടാളംകുഴി റോഡ് | | | | ,, |
| | 4 | കട്ടയ്ക്കാൽ, പള്ളിക്കുന്ന്-ഗാർഡർ സ്റ്റേഷൻ റോഡ് | | | | ,, |
| | 5 | ബൗണ്ടർ ജംഗ്ഷൻ-മൈലക്കുന്ന് റോഡ് | | | | ,, |
| | 6 | ആലുംമൂട്-കുണ്ടറുപ്പൻകാട്, ചിറ്റൂർ റോഡ് | | | | പുതുതായി നിർമ്മിക്കണം |
| | 7 | പള്ളിക്കുന്ന്, തേവരുകോണം-നാലുസെന്റ് കോളനി | | | | ,, |
| | 8 | ഗാർഡർ സ്റ്റേഷൻ പറയ്ക്കോണം | | | | ,, |
| വാർഡ് 7 | | | | | | |
| | 1 | പനങ്ങോട്-കൊച്ചുപനങ്ങോട് ഹരി: കോളനി -പറങ്കിമാംവിള ഹരി:കോളനി-മലമാരി-ദൈവപ്പുര റോഡ് | | | | ടാർ ചെയ്യണം |
| | 2 | കൊച്ചുകരിക്കകം, മഞ്ഞപ്പാറ-ലക്ഷംവീട്-മലമാരി L.P.S. റോഡ് | | | | ,, |
| | 3 | കൊച്ചുകരിക്കകം-മണ്ണാന്തല ഞാറനീലി റോഡ് | | | | ,, |
| | 4 | ദൈവപ്പുര-മലമാരി L.P.S. റോഡ് | | | | ,, |
| | 5 | ദൈവപ്പുര-വലിയതൊളിക്കോട്-മുത്തിയ്ക്കാമൂല | | | | പുതിയറോഡ് നിർമ്മിക്കണം |
| | 6 | മുതിയാംകുഴി വില്ലിപ്പക്കരിക്കകം-കൊച്ചുകരിക്കകം | | | | ,, |
| | 7 | പറങ്കിമാംവിള കട്ടയ്ക്കാൽ ഏലാ വരമ്പ് വീതികൂട്ടി | | | | ,, |
| | 8 | ദൈവപ്പുര പോസ്റ്റോഫീസ്-പെരുംകൈത-കൊച്ചുകരിക്കകം | | | | ,, |
| | 9 | ദൈവപ്പുര Jn. പെരുംകൈത മഞ്ഞപ്പാറ പാലംവരെ | | | | ,, |
| | 10 | ദൈവപ്പുര-ചരുവിൽ റോഡ് | | | | ,, |
| | 11 | നാക്കാലിക്കുഴി-ചിറ്റൂർ പള്ളിറോഡ് | | | | ,, |
| | 12 | കൊച്ചുകരിക്കകം-വില്ലിപ്പക്കരിക്കകം Steps | | | | പുതുതായി Steps കെട്ടുക |
| | 13 | വേലങ്കോണം-I.H.D.P. കോളനി Steps | | | | ,, |

## പെരിങ്ങമ്മല ഗ്രാമപഞ്ചായത്ത് റോഡുകളുടെ സ്ഥിതി വിവരം

| വാർഡ് നമ്പർ | ക്രമ നമ്പർ | റോഡിന്റെ പേര് | നീളം | വീതി | ഇനം | ആവശ്യം |
|---|---|---|---|---|---|---|
| വാർഡ് 8 | | | | | | |
| | 1 | തെന്നൂർ കന്യാരുകുഴി-ഞാറനീലി | | | | ടാറിംഗ് നടത്തണം (പാലം നിർമ്മിക്കണം) |
| | 2 | തെന്നൂർ-സൂര്യകാന്തി-ചെറ്റച്ചൽ | | | | " |
| | 3 | സൂര്യകാന്തി-മാമ്മൂട് | | | | റോഡ് ടാർ ചെയ്യണം |
| | 4 | മാമൂട്-മഞ്ഞപ്പാറ റോഡ് | | | | (കൺവർട്ട് നിർമ്മിക്കണം) |
| | 5 | കൊച്ചുകരിക്കകം-മഞ്ഞപ്പാറ | | | | ടാർചെയ്യണം |
| | 6 | അരയക്കുന്ന്-ആറുകണ്ണൻ കുഴി-മണ്ണാംതല | | | | " |
| | 7 | സൂര്യകാന്തി-6 ഏക്കർ എസ്റ്റേറ്റ്-നരിക്കല്ല് | | | | " |
| | 8 | കൊച്ചുകരിക്കകം-മഞ്ഞപ്പാറ | | | | " |
| | 9 | ഞാറനീലി-മണ്ണാന്തല | | | | " |
| | 10 | തെന്നൂർ-ഞാറ്റടിക്കോണം | | | | " |
| | 11 | ബൗണ്ടർമുക്ക്-കന്യാരുകുഴി | | | | " |
| | 12 | സൂര്യകാന്തി-മലമാരി | | | | " |
| | 13 | സൂര്യകാന്തി-നെല്ലിമൺപുറം | | | | " |
| | 14 | മഞ്ഞപ്പാറ-തെന്നൂർ-വേടർകോണം | | | | " |
| | 15 | അരയക്കുന്ന്-ഏലാറോഡ് | | | | " |
| | 16 | കുറുങ്ങണം-മലമാരി | | | | " |
| | 17 | തെന്നൂർ-വയലിക്കട-നരിക്കല്ലിൽ | | | | പുതുതായി റോഡ് നിർമ്മിക്കണം |
| | 18 | സൂര്യകാന്തി-8 ഏക്കർ-മലമാരി | | | | " |
| | 19 | മണ്ണാന്തല-ഞാറനീലി | | | | " |
| | 20 | നെല്ലിമൺപുറം-അരയക്കുന്ന് | | | | " |
| | 21 | കന്യാരുകുഴി-ആറുകണ്ണൻകുഴി | | | | " |
| | 22 | വേടരുകോണം-വയലിക്കട-ഞാറ്റടിക്കോണം | | | | " |
| | 23 | കുണ്ടാളംകുഴി-നരിക്കല്ലിൽ | | | | " |
| | 24 | സൂര്യകാന്തി-നാലുസെന്റ്-മാമൂട് | | | | " |
| | 25 | ഞാറ്റടിക്കോണം-നെല്ലിക്കുന്ന് | | | | " |
| | 26 | മാടൻനട-ആറ്റിൻകര | | | | " |
| വാർഡ് 9 | | | | | | |
| | 1 | ഇടവം-കാട്ടിലക്കുഴി-ഏലാ റോഡ് | | | | " |
| | 2 | സെന്റ് മേരീസ്-പന്നിയോട്ടുകടവ് | | | | " |
| | 3 | ഇടവം-സെന്റ് മേരീസ് | | | | " |
| | 4 | ഇടവം-പള്ളിമുക്ക്-നാലുസെന്റ് കോളനി | | | | " |
| | 5 | ഊറാൻമൂട്-കാട്ടിലക്കുഴി-ഞാറനീലി ഏലാറോഡ് | | | | " |
| | 6 | ഞാറനീലി-കുറുപ്പൻകാല-ചിറ്റാർറോഡ് | | | | " |
| | 7 | കാട്ടിലെക്കുഴി-ഇലഞ്ചിയം-ആലുംമൂട് ഏലാറോഡ് | | | | " |
| | 8 | ഇടവംഏലാ-കോളച്ചൽവഴി-പന്നിയോട്ടുകടവ് | | | | " |
| | 9 | പൊട്ടൻകുന്ന്-കുറുപ്പൻകാല | | | | " |
| | 10 | ഇടവം-പള്ളിമുക്ക്-കാട്ടിലെക്കുഴി | | | | റോഡ് ടാർ ചെയ്യണം |
| | 11 | മുതിയാംകുഴി-ഞാറനീലി-ഇലഞ്ചിയം | | | | " |
| | 12 | കുറുപ്പൻകാല-ചിറ്റൂർ | | | | " |
| | 13 | ഇലഞ്ചിയം-ഊറാൻമൂട് | | | | " |

| വാർഡ് നമ്പർ | ക്രമ നമ്പർ | റോഡിന്റെ പേര് | നീളം | വീതി | ഇനം | ആവശ്യം |
|---|---|---|---|---|---|---|
| | 14 | ഇലഞ്ചിയം-മരുതുംമൂട് | | | | റോഡ് ടാർ ചെയ്യണം |
| | 15 | സെന്റ് മേരീസ്-കോളച്ചൽ-പേത്തല | | | | ,, |
| വാർഡ് 10 | | | | | | |
| | 1 | കുഴിക്കരിക്കകം-നാലുസെന്റ്-പേത്തല-ഒരുപറ അടിയോടി-മംഗയം | | | | പുതിയറോഡ് നിർമ്മിക്കണം. |
| | 2 | ഇടിഞ്ഞാർ-കല്ല്യാണി കരിക്കകം-കല്ലണ | | | | ,, |
| | 3 | ഈയക്കോട്-കൊടിച്ചില | | | | ,, |
| | 4 | ഇടിഞ്ഞാർ-കല്ലണ റോഡ് | | | | ടാറിംഗ് നടത്തുക, ഓട നിർമ്മിക്കുക |
| | 5 | ഇടിഞ്ഞാർ മാടൻ കരിക്കകം-നാലുസെന്റ് കോളനി | | | | ,, |
| | 6 | മങ്കയം-നാലുസെന്റ് കോളനി | | | | ,, |
| | 7 | ബ്രൈമൂർ-പൊൻമുടി റോഡ് | | | | പുതുക്കിപ്പണിത് ഗതാഗത യോഗ്യമാക്കണം |
| വാർഡ് 11 | | | | | | |
| | 1 | കമ്പിമൂട്മുതൽ പനയം പൊൻമുടിവരെ റോഡ് ടാർ ചെയ്യണം | | | | ടാർചെയ്യണം |
| വാർഡ് 12 | | | | | | |
| | 1 | കല്ലാർ-പൊൻമുടി റോഡിൽ 29ാം മൈലിനും 30ാം മൈലിനും ഇടയ്ക്ക് പട്ടാണി വളവിൽനിന്നും അയ്യപ്പൻകുഴി ക്ഷേത്രം വഴിബ്രൈമൂർ എസ്റ്റേറ്റുറോഡ് | | | | ,, |
| | 2 | മെർച്ചിസ്റ്റൺ-പൊൻമുടി-പൊൻമുടി-ബ്രൈമൂർ റോഡ് | | | | ,, |

# പാർപ്പിടം

*പാർപ്പിടം*: ആഹാരം, വസ്ത്രം എന്നിവ പോലെ തന്നെ അത്യാവശ്യമായ ഒരു ഘടകമാണ് പാർപ്പിടം. കുടിൽ മുതൽ കൊട്ടാര സദൃശ്യ ങ്ങമായ കെട്ടിടങ്ങളിൽ വരെ മനുഷ്യൻ അവന്റെ സാമ്പത്തിക സാമൂഹ്യ നിലവാരം അനുസരിച്ച് ജീവിക്കുന്നു. മാത്രമല്ല സുഖവും സുരക്ഷിതവു മായ ഒരു പാർപ്പിടം ഉണ്ടാകുന്നതുതന്നെ മനു ഷ്യന്റെ ജീവിതത്തിൽ അത്യാവശ്യമായ ഒരു ഘട കമായി മാറിയിരിക്കുന്നു ഇന്ന്. എന്നിരുന്നാലും, തലചായ്ക്കാനിടമില്ലാതെ ചേരികളിലെ കുടു സ്സായ ചാളകളിലും മറ്റും അന്തിയുറങ്ങുന്ന പര ശ്ശതം മനുഷ്യർ നഗരങ്ങളിലും നാടുകളിലുമുണ്ട്. പാർപ്പിടപ്രശ്നം ഇന്ന് വളരെ സങ്കീർണമായ ഒരു പ്രശ്നമായി മാറിയിട്ടുണ്ട്. ഇക്കാര്യത്തിൽ പെരി ങ്ങമ്മല പഞ്ചായത്തും ഒഴിവല്ല.

നമ്മുടെ പഞ്ചായത്തിലെ 12 വാർഡുകളിലായി ആകെ 9132 കെട്ടിടങ്ങളാണ് ഉള്ളത്. ഇതിൽ കോൺക്രീറ്റ് കെട്ടിടങ്ങൾ 855 ഉം (9.36%), ഓടിട്ട കെട്ടിടങ്ങൾ 3136 ഉം (36.31%), ഓലക്കെട്ടിടങ്ങൾ 4105 (44.95%)ഉം മറ്റുള്ളവ 1089 എണ്ണവും (11.93%) ആകുന്നു. ഒന്നിലേറെ നിലകളുള്ള കെട്ടിടങ്ങൾ ഈ പഞ്ചായത്തിൽ 67 എണ്ണമാണ്. വാർഡ് തിരി ച്ചുള്ള ഇവയുടെ പട്ടിക ചുവടെ ചേർക്കുന്നു.

N.B ഇലക്ഷനോടനുബന്ധിച്ച് 12 വാർഡുകളായി തിരിച്ചുവെങ്കിലും പഞ്ചായത്ത് രജിസ്റ്ററുകളിൽ 11 വാർഡുകളായിട്ടാണ് നിലനില്ക്കുന്നത്.

ഇവയ്ക്കു പുറമെ റോഡ് പുറമ്പോക്കുകളിൽ പഞ്ചായത്തിന്റെ വിവിധ വാർഡുകളിലായി അന വധി കുടുംബങ്ങൾ ചെറ്റക്കുടിലുകളിൽ താമസി ച്ചുവരുന്നു. ഒന്നാം വാർഡിലെ കൊച്ചുകലുങ്ങ്, വേങ്കൊല്ല, രണ്ടാംവാർഡിലെ മടത്തറ, നാലാം വാർഡിലെ ചിപ്പൻചിറ, ആറാം വാർഡിലെ ഗാർഡർ സ്റ്റേഷൻ മുതൽ ബൗണ്ടറി വരെയുള്ള ഭാഗവും, ഇവർക്കു പുറമേ പട്ടികജാതി-പട്ടിക വർഗ സങ്കേതങ്ങളിലും അധിവസിക്കുന്നവരാണ് കൂടുതലായി കുടിലുകളിൽ താമസിച്ച് വരുന്നത്. ബ്രൈമൂർ, പൊന്മുടി, മർച്ചിസ്റ്റൺ തുടങ്ങിയ തേയിലത്തോട്ടങ്ങളിൽ താമസിക്കുന്ന തൊഴിലാ ളികളെല്ലാം ഇടുങ്ങിയ ലയങ്ങളിലാണ് തലചാ യ്ക്കുന്നത്.

ഈ പഞ്ചായത്തിൽ ലഭ്യമായ കണക്കനുസ രിച്ച് 1992-1993ൽ 812 കുടുംബങ്ങൾ സ്വന്തമായി വീടുള്ളവരല്ല. ഇതുവരെ വിവിധ ഭവനനിർമ്മാണ പദ്ധതികളിലൂടെ 279 വീടുകൾ ഭവന രഹിതർക്ക് നിർമ്മിച്ച് നൽകിയിട്ടുണ്ട്. ഇതിന്റെ ഗുണഭോക്താ ക്കളിൽ ഏറിയകൂറും പട്ടികജാതി പട്ടികവർഗ

| വാർഡ് | കെട്ടിടങ്ങളുടെഎണ്ണം | ഒന്നിൽകൂടുതൽനിലയുള്ളവ | കോൺക്രീറ്റ് | ഓട് | ഓല | മറ്റുള്ളവ | വിവിധ ഭവന നിർമ്മാണ പദ്ധതികളിലൂടെനിർമ്മിച്ചവീടുകളുടെ എണ്ണം |
|---|---|---|---|---|---|---|---|
| 1 | 1019 | 11 | 68 | 328 | 508 | 104 | 46 |
| 2 | 957 | 6 | 117 | 351 | 475 | 8 | 8 |
| 3 | 555 | 5 | 62 | 217 | 271 | ഇല്ല | 52 |
| 4 | 1045 | 7 | 120 | 360 | 540 | 18 | 27 |
| 5 | 877 | 11 | 58 | 401 | 380 | 27 | 20 |
| 6 | 997 | 10 | 143 | 381 | 409 | 54 | 44 |
| 7 | 910 | 14 | 89 | 194 | 410 | 203 | 10 |
| 8 | 954 | 2 | 58 | 165 | 662 | 67 | 56 |
| 9 | 975 | ഇല്ല | 78 | 274 | 150 | 473 | 16 |
| 10 | 422 | 1 | 62 | 359 | ഇല്ല | ഇല്ല | ഇല്ല |
| 11 | 421 | ഇല്ല | ഇല്ല | 286 | ഇല്ല | 135 | ഇല്ല |
| ആകെ | 9132 | 67 | 855 | 3136 | 4105 | 1089 | 279 |

ദുർബല ജനവിഭാഗങ്ങളാണ്. വകുപ്പ് തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | ജെ. ആർ. വൈ പഞ്ചായത്ത് വഴി | 138 |
| 2 | വനംവകുപ്പ് | 13 |
| 3 | പട്ടികജാതി വികസിത വകുപ്പ് | 11 |
| 4 | റവന്യു വകുപ്പ്, IAY പട്ടികവർഗ വികസന വകുപ്പ് മുതലായവ | 117 |
| | ആകെ | 279 |

കെട്ടിട നിർമ്മാണ രംഗത്ത് കോൺക്രീറ്റ് കെട്ടിട നിർമ്മാണ സാങ്കേതിക വിദ്യ ഈ പഞ്ചായത്തിൽ കഴിഞ്ഞ ഒന്നൊന്നര പതിറ്റാണ്ട് കാലത്തിനുള്ളിലാണ് കടന്നുവരുന്നതും അത് വ്യാപകമായി ജനങ്ങൾക്കിടയിൽ സ്ഥാനം പിടിക്കാൻ തുടങ്ങിയതും. ഈ കാലയളവിലുണ്ടായ കെട്ടിടങ്ങളിൽ നല്ലൊരു വിഹിതം കോൺക്രീറ്റ് കെട്ടിടങ്ങളാണ്. തടികൊണ്ടുള്ള മേൽക്കൂരയും ഓടുപാകലും ഇന്ന് മുൻകാലത്തേത് പോലെ സാമ്പത്തിക ഭദ്രതയുള്ള വിഭാഗം ഉപയോഗിക്കുന്നില്ല. മുൻകാലങ്ങളിൽ ഓലമേഞ്ഞ കെട്ടിടങ്ങളുടെ ഭിത്തികൾ പച്ചക്കട്ടകൊണ്ടും, ചുടുകട്ടകൊണ്ടുമാണ് നിർമ്മിച്ചിരുന്നത്. അവ വെള്ള പൂശുന്നതിന് കുമ്മായം കൊണ്ടുള്ള വെള്ളച്ചാന്താണ് ഉപയോഗിച്ചിരുന്നത്. ഒപ്പം തന്നെ വനങ്ങളോട് ചേർന്ന ഭാഗങ്ങളിൽ കുടിയേറിയവരിൽ നല്ലൊരു ഭാഗവും പുല്ല്മേഞ്ഞ മേൽക്കൂരയുള്ള കെട്ടിടങ്ങളിലായിരുന്നു താമസിച്ചിരുന്നത്. കാട്ടുതടികളുടെ ഉരുളുകളും മുളയും മറ്റുമായിരുന്നു മേൽക്കൂര നിർമ്മാണത്തിനുപയോഗിച്ചിരുന്നത്. വെള്ളതേയ്ക്കാത്ത ഭിത്തികളും ചാണകം മെഴുകിയ തറകളുമായിരുന്നു ഇവയ്ക്കുണ്ടായിരുന്നത്. വെന്റിലേഷൻ സൗകര്യവും താരതമ്യേന കുറവായിരുന്നു. അതോടൊപ്പം പട്ടികവർഗസങ്കേതങ്ങളിലും വനഭൂമികൾക്കിടയിലെ ചതിപ്പുകളിലും ഉണ്ടാക്കിയിരുന്ന പാർപ്പിടങ്ങൾ ഈറയിലകൊണ്ടും പുല്ലുകൊണ്ടും മേഞ്ഞവയായിരുന്നു. ചുവരുകളും മറ്റും ഉണ്ടാക്കിയിരുന്നത്. കാട്ടുകമ്പുകളും ഈറയിലകൊണ്ടുമായിരുന്നു, ഇത്തരം പാർപ്പിടങ്ങൾ ഇന്നും ഈ പ്രദേശങ്ങളിൽ കാണാം. കെട്ടിട നിർമ്മാണ രംഗത്ത് ഇന്ന് വ്യാപകമായി വരുന്ന കോൺക്രീറ്റ് ഭ്രമത്തിന് ഗൾഫ് പണത്തിന്റെ ഒഴുക്ക് നന്നായി സ്വാധീനിച്ചിട്ടുണ്ട്. അതുപോലെ ഉദ്യോഗസ്ഥന്മാർ, വ്യാപാരികൾ, സാമ്പത്തികാടിത്തറയുള്ള കർഷകർ എന്നിവർ ഇത്തരം വീടുകൾ വയ്ക്കുന്നതിനാണ് മുൻഗണന നൽകുന്നത്. ഭവനനിർമ്മാണ രംഗത്ത് ദുർവ്യയം ഇന്ന് ഇടത്തരക്കാർക്കിടയിൽ വിശിഷ്യാ ഗൾഫ് പോക്കറ്റുകളിൽ, വ്യാപകമായി വരുന്നുണ്ട്.

**പ്രശ്നങ്ങൾ**

1. കെട്ടിട നിർമ്മാണ രംഗത്ത് പണിയെടുക്കുന്ന തൊഴിലാളികളുടെ ആവശ്യം (Demand) അവയുടെ ലഭ്യതയുമായി തട്ടിച്ചു നോക്കിയാൽ വളരെ കൂടുതലാണ്. പ്രത്യേകിച്ച് ആശാരി, കൊത്തൻ എന്നിവരുടെ ലഭ്യത ആവശ്യത്തിന് മുതൽ മേയ് മാസം വരെയുള്ള കാലത്താണഅ ഈ സന്ദർഭങ്ങളിൽ ഇവരുടെ ലഭ്യത വളരെ ക്കുറവാണ്. ഇവർക്കൊപ്പം പണിയെടുക്കുന്ന ഡിമാന്റ് കൂടുതലാണ്. അത്കൊണ്ട് അവരുടെ കൂലിയും ഉയർന്നു വരുന്നു. ഇപ്പോൾ ഒരു ആശാരിക്കും കൊത്തനും ദിവസക്കൂലി 100 രൂപ മുതൽ 125 രൂപവരെ നിലവിലുണ്ട്. മയ്ക്കാടുകാരന് 80 മുതൽ 100 രൂപവരെയും സ്ത്രീകൾക്ക് 70 രൂപാമുതൽ 80 രൂപാ വരെയുമാണ്.
2. കെട്ടിട നിർമ്മാണ സാമഗ്രികളായ പാറ, മണൽ, ഇഷ്ടിക, കമ്പി, സിമന്റ് എന്നിവയ്ക്കും വില ഗണ്യമായി ഉയർന്നിട്ടുണ്ട്.
3. കെട്ടിടനിർമ്മാണത്തിനാവശ്യമായി വരുന്ന ഭൂമിയുടെ വൻവില വർധന, പ്രശ്നം കൂടുതൽ ഗുരുതരമാക്കുന്നു. പാർപ്പിടാവശ്യത്തിനുവേണ്ടി വയലുകൾ നികത്തുന്ന പ്രവണതകളും ഈ പഞ്ചായത്തിൽ ഉയർന്നുവന്നിട്ടുണ്ട്. ഈ പഞ്ചായത്തിലെ പെരിങ്ങമ്മല ഏലാ ഈ ദുരന്തത്തിന് സാക്ഷിയാണ്.
4. ഭൂരഹിതരും ഭവനരഹിതരുമായ അനവധി കുടുംബങ്ങൾ ഈ പഞ്ചായത്തിലെ റോഡ് പുറമ്പോക്കുകളിൽ താമസിക്കുന്നുണ്ട്. വിവിധ പട്ടികജാതി സങ്കേതങ്ങളിൽ ഒരു വീട്ടിൽത്തന്നെ ഒന്നിലേറെ കുടുംബങ്ങൾ താമസിക്കുന്നുണ്ട്. ഇവരിൽ ഏറിയ പങ്കും ഭൂരഹിതരാണ്. സംസ്ഥാനകേന്ദ്ര സർക്കാരുകളുടെയും മറ്റും വിവിധ ഭവന നിർമ്മാണ പരിപാടികളിലൂടെ പട്ടികജാതി പട്ടികവർഗക്കാരായ ഇരുന്നൂറ്റമ്പതിലേറെ കുടുംബങ്ങൾക്ക് സഹായം ലഭിച്ചിട്ടുണ്ട്. എന്നാൽ മറ്റ് ജനവിഭാഗങ്ങളിൽപ്പെട്ട ദുർബല വിഭാഗങ്ങൾക്ക് ഭൂമിയോ കിടപ്പാടമോ ഇല്ലാത്തവർ ഇന്നും അവഗണിക്കപ്പെട്ട അവസ്ഥയിലാണ്.
5. കെട്ടിട നിർമ്മാണത്തിനാവശ്യമായ വായ്പകൾ കിട്ടുന്നതിന്, പ്രത്യേകിച്ച് ദുർബല വിഭാഗങ്ങൾക്ക് വളരെ പ്രയാസം അനുഭവപ്പെടുന്നുണ്ട്. ഹൗസിംഗ്ബോർഡ് പോലുള്ള സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന വായ്പകൾ എടുക്കുന്നതിന് നിഷ്കർഷിച്ചിട്ടുള്ള വിവിധ നിബന്ധനകളും, ഔദ്യോഗിക നൂലാമാലകളും അപേക്ഷകരെ ഇത്തരം പദ്ധതികളിൽ നിന്നും വായ്പ എടുക്കുന്നതിനുള്ള താത്പര്യം കുറയ്ക്കുന്നു. കൂടാതെ ഭവന നിർമ്മാണ രംഗത്ത്

മാത്രമായി പ്രവർത്തിക്കുന്ന ഒരു ഭവന നിർമ്മാണ സഹകരണ സ്ഥാപനവും പഞ്ചായത്തിലില്ല.

6. ഭവനനിർമ്മാണ രംഗത്ത് ചെലവ് കുറഞ്ഞ വീടുകൾ നിർമ്മിക്കുന്ന സാങ്കേതിക വിദ്യ ഈ പഞ്ചായത്തിൽ എത്തിച്ചേരാത്തതിനാൽ കെട്ടിടനിർമ്മാണച്ചെലവ് ഭീമമായി ഉയർന്നിട്ടുണ്ട്. ഇത്തരം സാങ്കേതിക വിദ്യ പ്രായോഗിക തലത്തിൽ കൊണ്ടുവരുന്നതിന് നിലവിലുള്ള കെട്ടിടനിർമ്മാണ രംഗത്ത് പ്രവർത്തിക്കുന്ന ഏജൻസികളും പ്രോത്സാഹിപ്പിക്കുന്നില്ല. അതിനാൽ കെട്ടിടനിർമ്മാണ രംഗത്ത് ദുർവ്യയം വ്യാപകമായി വരുന്നു.

7. പട്ടികജാതി പട്ടിക വർഗസങ്കേതങ്ങളിൽ എത്തിച്ചേരുവാൻ ആവശ്യമായ ഗതാഗതസൗകര്യമില്ലായ്ക ഇവിടെ നടത്തുന്ന ഭവന നിർമ്മാണ ച്ചെലവ് ഗണ്യമായി ഉയർത്തുന്നു.

8. ഭീമമായ തുകയിറക്കി നിർമ്മിക്കുന്ന കോൺക്രീറ്റ് കെട്ടിടങ്ങൾക്ക് ചുറ്റും കരിങ്കല്ല്, ഇഷ്ടിക മതിലുകൾ നിർമ്മിക്കുന്ന പ്രവണതയും ഈ പഞ്ചായത്തിൽ തല ഉയർത്തിയിട്ടുണ്ട്.

9. ദരിദ്രജനവിഭാഗങ്ങൾക്ക് വേണ്ടിയുള്ള വിവിധ ഭവനനിർമ്മാണ പദ്ധതികളിൽ വ്യത്യസ്ഥമായ ഗ്രാന്റ് നിരക്കുകളാണ് നിലവിലുള്ളത്. ഈ ഗ്രാന്റ് തന്നെ വളരെ പരിമിതമാണ്.

10. ഭവനനിർമാണ ഗ്രാന്റുകൾ ലഭിക്കുന്നതിനുള്ള കലാതാമസം ഫണ്ട് ലഭിക്കുമ്പോഴേക്കും പ്രതികൂലകാലാവസ്ഥകാരണം വീടുകൾ യഥാസമയത്ത് പൂർത്തീകരിക്കപ്പെടുന്നില്ല.

11. പലവകുപ്പുകളുടെയും കെട്ടിടനിർമ്മാണം യഥാസമയം പൂർത്തിയാക്കപ്പെടാതെയോ, ശരിയായ മേൽ നോട്ടത്തിന്റയോ അഭാവത്തിൽ ധന സഹായം ദുർവിനിയോഗം ചെയ്യപ്പെടുന്നതായി കാണാം.

## സാധ്യതകളും പരിഹാരമാർഗങ്ങളും

1. ഭൂരഹിതരും ഭവന രഹിതരുമായ ദുർബല ജന വിഭാഗങ്ങളെ പുനരധിവസിപ്പിക്കുന്നതിന് ഭൂമി വാങ്ങുകയും അത് നാല് സെക്കന്റുകളായുള്ള പ്ലോട്ടുകളായിത്തിരിച്ച് ഭവനനിർമ്മാണത്തിനാവശ്യമായ സാഹചര്യങ്ങൾ ഒരുക്കുകയും വേണം. ഗതാഗതസൗകര്യങ്ങൾ എത്തിയിട്ടുള്ള സ്ഥലങ്ങൾക്കാണ് മുൻഗണനന നല്കേണ്ടത്.

2. ഭവന നിർമ്മാണത്തിനാവശ്യമായ വായ്പയും മറ്റ് സൗകര്യങ്ങളും ലഭ്യമാക്കുന്നതിന് അനാവശ്യമായ ഔദ്യോഗിക നൂലാമാലകൾ ഒഴിവാക്കി അപേക്ഷകന് വായ്പയും മറ്റ് സൗകര്യങ്ങളും ലഭിക്കുന്നതിനുള്ള ഔദ്യോഗിക കാര്യനിർവഹണം ലളിതവും സുതാര്യവുമാക്കണം. നിലവിലുള്ള ഗ്രാമപഞ്ചാത്തുകളിൽത്തന്നെ കെട്ടിടവായ്പാ നിർമ്മാണത്തിനുള്ള അപേക്ഷ വിതരണം മുതൽ തെരഞ്ഞെടുക്കപ്പെട്ട അപേക്ഷകർക്ക് വായ്പയും ഗ്രാന്റും നൽകുന്നതുവരെ എല്ലാ ഘട്ടങ്ങളുടെയും പ്രവർത്തനം കേന്ദ്രീകരിക്കുന്ന ഏക ജാലക സംവിധാനം ഉണ്ടാക്കണം. അപേക്ഷകരുടെ ജാതി, വരുമാനം ഇവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ നൽകുന്ന റവന്യൂ വകുപ്പ്, ഭാവന നിർമ്മാണത്തിന് വായ്പകൾ നൽകുന്ന ധന കാര്യസ്ഥാപനങ്ങൾ, സർക്കാർ വകുപ്പുകൾ ഭവനനിർമ്മാണം ഏറ്റെടുത്തു നടത്തുന്ന ഭവന നിർമ്മാണ ബോർഡുകൾ, ഏജൻസികൾ, സഹകരണ സംഘങ്ങൾ എന്നിവയുടെ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർ, ജീവനക്കാർ ഇവരുടെ ഒരു സംഘം പഞ്ചായത്ത് ഓഫീസിൽ ഒത്തുച്ചേർന്ന് ഒരു ദിവസം മാറ്റിവയ്ക്കാവുന്നതാണ്. ഇത്തരം ഏക ജാലക വ്യവസ്ഥ അപേക്ഷകന് ഇന്നനുഭവിക്കുന്ന അലച്ചിലും പ്രയാസങ്ങളും കുറക്കുന്നതോടൊപ്പം വായ്പാവിതരണ സംവിധാനം ത്വരിതവും കാര്യക്ഷമവുമാക്കുന്നതാണ്.

3. ഭവനനിർമ്മാണ രംഗത്ത് അനുദിനം ആവശ്യക്കാർകൂടി വരുന്നതിനാൽ ഭവനനിർമ്മാണ രംഗത്ത് പ്രവർത്തിക്കുന്ന ഒരു ഹൗസിംഗ് സൊസൈറ്റിക്ക് ഈ പഞ്ചായത്തിൽ വിലിയ സാദ്ധ്യതകളുണ്ട്. വിവിധവരുമാനതലങ്ങളിപ്പെട്ട ആളുകൾക്ക് പ്രാപ്യമായ വീടുകളുടെ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കി അവർക്കാശ്യമായ ഭവനനിർമ്മാണ വായ്പനൽകുവാൻ വേണ്ടി ഒരു ഭവന നിർമ്മാണ വായ്പാസഹകരണസംഘം രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കാവുന്നതാണ്.

4. കെട്ടിടനിർമ്മാണ സാമഗ്രികളുടെ വിലകുറയ്ക്കുന്നതിനുള്ള ഏകമാർഗം ഇന്ന് നാം അനാവശ്യമായി ആർഭാടത്തോടെ ഉപയോഗിക്കുന്ന ഇവയുടെ ഉപയോഗം അത്യാവശ്യത്തിനു മാത്രമായി പരിമിതപ്പെടുത്തലാണ്. തടിയുടെയും തടി ഉല്പന്നങ്ങളുടെ വില ഗണ്യമായി ഉയർന്ന ഈ സാഹചര്യത്തിൽ അവകൊണ്ട് നിർമ്മിക്കുന്ന ജനൽ വാതിൽക്കട്ടളകൾ ഒഴിവാക്കി കോൺക്രീറ്റ്കൊണ്ട് നിർമ്മിച്ച റെഡിമെയ്ഡ് വാതിൽ ജനൽക്കട്ടളകൾ വ്യാപകമായി ഉപയോഗിക്കാവുന്നതാണ്. ഒപ്പം തന്നെ കെട്ടിട നിർമ്മാണ വേളയിൽ പുറം ഭിത്തികളൊഴികെ ഇഷ്ടികകൊണ്ടുള്ള പൊള്ളക്കെട്ടു ഭിത്തികൾ കെട്ടിയാൽ ഇഷ്ടിക, സിമന്റ് ചാന്ത് ഇവയുടെ ഉപയോഗം 25 ശതമാനം കുറയ്ക്കാൻ കഴിയും.

5. തൊഴിലാളികളുടെ നിർമ്മാണ വൈദഗ്ധ്യം

ഉയർത്തുവാനുള്ള പരിശീലനം വളരെ അത്യാവശ്യമാണ്. നിലവിലുള്ള കൊത്തപ്പണിക്കാരിൽ എല്ലാവരും വേണ്ടത്ര കാര്യക്ഷമതയോ വൈദഗ്ദ്ധ്യമോ ഉള്ളവരല്ല. മാത്രവുമല്ല ഇവരുടെ ലഭ്യതയും ആവശ്യത്തേക്കാൾ വളരെക്കുറവാണ്. അതിനാൽ കൊത്തപ്പണിയിൽ ഏർപ്പെട്ടിരുക്കുന്നവരും മയ്ക്കാട് പണിക്കാരിൽ– സ്ത്രീകളും പുരുഷന്മാരും–തത്പരമായ തൊഴിലാളികളെയും പരിശീലിപ്പിക്കുന്നതിനുള്ള ഒരു പരിശീലനകേന്ദ്രം പഞ്ചായത്ത് തലത്തിൽ തുടങ്ങേണ്ടതാണ്. ഇങ്ങനെ പരിശീലനം സിദ്ധിച്ച ഇവരെ പഞ്ചായത്ത് തലത്തിൽ നടപ്പാക്കിവരുന്ന ഭവനനിർമ്മാണ പരിപാടികൾക്ക് ഉപയോഗിക്കാവുന്നതാണ്.

6. ഭൂരഹിതരായവർക്കും നിർദ്ധനർക്കുമുള്ള പ്രത്യേക ഭവനനിർമ്മാണ പരിപാടി സജീവമായി പരിഗണിക്കണം. ഇവർക്കാവശ്യമായ ഭൂമി പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ വിലക്കുവാങ്ങി ഇവകെ പുനരധിവസിപ്പിക്കാനുള്ള നടപടിയുണ്ടാകണം. ഇതിനാവശ്യമായ വിഭവസമാഹരണത്തിന്റെ ഭാഗമായി ദുർവ്യയ ഭവനനിർമ്മാണം നിരുൽസാഹപ്പെടുത്താനുതകുന്ന നികുതി സംവിധാനം ഏർപ്പെടുത്തണം. ഇതിന്റെ ഭാഗമായി അഞ്ചു ലക്ഷത്തിൽ കൂടുതൽ ചെലവുള്ള കെട്ടിടങ്ങൾക്ക് പ്രത്യേക നികുതി ഈടാക്കണം.
7. ഇന്ന് പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ദുർബല വിഭാഗങ്ങൾക്ക് നിർമ്മിച്ചു കൊടുത്തിട്ടുള്ള വീടുകളിൽ ലക്ഷംവീടുകൾ ഉൾപ്പെടെ, പലതും കാലപ്പഴക്കംകൊണ്ട് പൊട്ടിപ്പൊളിഞ്ഞു പോയതിനാൽ അവയുടെ അറ്റകുറ്റപ്പണികൾ അത്യാവശ്യമായി ചെയ്തുകൊടുക്കുകയോ കെട്ടിടങ്ങൾതന്നെ പുനർനിർമ്മാണം നടത്തുകയോ വേണം. ഇതിന് വേണ്ടി പഞ്ചായത്ത്തലത്തിൽ പ്രവർത്തിക്കുവാൻ കഴിവുള്ള സർവ്വീസ് സംഘങ്ങൾക്ക് സാദ്ധ്യതയുണ്ട്. ഇത്തരം പണികൾക്കാവശ്യമായ ധനസാഹായം വായ്പയായി ഈ സർവീസ് സംഘങ്ങൾക്ക് നല്കാവുന്നതാണ്.
8. ദുർബല ജനവിഭാഗങ്ങൾക്കുവേണ്ടിയുള്ള ഭവനനിർമ്മാണ വായ്പയും മറ്റ് സഹായമായി നൽകുന്ന തുകയും തികച്ചും അപര്യാപ്തമായതിനാൽ ഇത് ഏറ്റവും ചുരുങ്ങിയ സഹായം 40000 രൂപയായി ഉയർത്തണം. വീടിനോട് ചേർന്ന് കക്കൂസ് സംവിധാനവും കൂടി ഉൾപ്പെടുന്ന ഒരു പ്ലാൻ ആണ് ഇതിനുവേണ്ടി പരിഗണിക്കേണ്ടത്. പരിസര ശുചിത്വം ഉറപ്പാക്കുവാൻ ഇത് അനിവാര്യമാണ് പുകയില്ലാത്ത അടുപ്പുകളും സ്ഥാപിക്കേണ്ടതാണ്.
9. ദുർബല വിഭാഗങ്ങൾക്ക് നൽകിയിട്ടുള്ള ഭവനനിർമ്മാണ വായ്പകൾക്കുള്ള പലിശ ഒഴിവാക്കി വായ്പ തിരിച്ചടയ്ക്കാനുള്ള നടപടി സ്വീകരിക്കുക.
10. കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട സ്റ്റേജ് സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള അധികാരം പഞ്ചായത്ത് മെമ്പർമാർക്ക് നല്കണം.
11. ദുർബല ജനവിഭാഗങ്ങൾക്ക് വേണ്ടിവരുന്ന ഭവനനിർമ്മാണ പരിപാടികൾക്ക് സന്നദ്ധസംഘടനകളുടെ ധനസഹായവും സൗജന്യമാനുഷിക പ്രയത്നവും പ്രയോജനപ്പെടുത്തുക.
12. ഭവന നിർമ്മാണത്തോടൊപ്പം വയറിംഗ് കഴിഞ്ഞ വിടുകളിൽ വൈദ്യുതി കണക്ഷൻ നൽകണം.
13. ഭവന നിർമ്മാണ പരിപാടികളുടെ നിർമ്മാണം യഥാസമയം നടക്കുന്നുണ്ടോയെന്നറിയാൻ ബന്ധപ്പെട്ട വകുപ്പുദ്യോഗസ്ഥന്മാരും വാർഡുമെമ്പറും ചേർന്ന ഒരു ടീം അപ്പപ്പോൾ പുരോഗതി വിലയിരുത്തേണ്ടതാണ്.

# സാമൂഹ്യക്ഷേമം

സാമൂഹ്യ നീതി മനുഷ്യ ജിവിതത്തിന്റെ അവിഭാജ്യഘടകമാണ്. സമൂഹത്തിലെ ദുർബ്ബലവിഭാഗം പലതരത്തിലുള്ള അവശതകളും അനുഭവിക്കുന്നവരാണ്. സമൂഹത്തിലെ ദരിദ്രർ, പട്ടികജാതി പട്ടികവർഗ്ഗ ജനവിഭാഗം, വയോധികർ, വിധവകൾ, അനാഥർ തുടങ്ങിയവർ സമൂഹത്തിന്റെ പ്രത്യേക ശ്രദ്ധയും പരിഗണനയും അർഹിക്കുന്നവരാണ്. നൈസർഗ്ഗികമായ ദുർബലതയും കഴിവുകളിലുള്ള പരിമിതികളും പ്രതികൂല സാഹചര്യങ്ങളും ഇവരെ പൊതുധാരയ്ക്കൊപ്പം പിടിച്ചുനിൽക്കുവാനുള്ള കഴിവും നൽകണമെന്നില്ല. ഇത്തരം ദുർബല വിഭാഗങ്ങളുടെ ഉന്നമനം ലക്ഷ്യമാക്കി വിവിധ ക്ഷേമപരിപാടികൾ നടപ്പാക്കുകയും സഹായം എത്തിക്കുകയും ചെയ്യുന്നതിനെയാണ് സാമൂഹ്യക്ഷേമം കൊണ്ട് ഉദ്ദേശിക്കുന്നത്. ഇതിന്റെ ഭാഗമായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ പല ദാരിദ്ര്യ നിർമ്മാർജ്ജന തൊഴിൽദാന പരിപാടികളും സാമൂഹ്യക്ഷേമ പദ്ധതികളും നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. IRDP, DWCRA, JRY, RLEGP, TRYSEM, NRY, E.A.S തുടങ്ങിയ തൊഴിൽദാന പരിപാടികളും മറ്റ് പെൻഷൻ പരിപാടികളും ഇതിന്റെ ഭാഗമായാണ് നടത്തിവരുന്നത്.

1991 സെൻസസ് അനുസരിച്ച് പെരിങ്ങമ്മല പഞ്ചായത്തിൽ 6488 കുടുംബങ്ങളുണ്ട്. 1992–93 ൽ നടത്തിയ കണ്ഠഉജ സർവ്വേയിൽ ദരിദ്രരേഖയ്ക്ക് താഴെയുള്ളവർ 3192 പേരാണ് എന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതിൽ 894 പേർ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്നു. ഈ പദ്ധതി പ്രകാരം ഇതുവരെ 108 പേർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ട്. 58 പട്ടികജാതിക്കാർക്കും 8 പട്ടിക ജാതി കുടുംബങ്ങൾക്കും ലഭിച്ച സഹായം ഉൾപ്പെടെയാണിത്. ദരിദ്രരേഖയ്ക്ക് താഴെ താമസിക്കുന്ന കുടുംബങ്ങളുടെ 3.88 ശതമാനമാണെന്നത് നാം വളരെ ഗൗരവമായി കാണേണ്ട പ്രശ്നമാണ്.

ട്രൈസം–തൊഴിൽ പരിശീലനം 1992–93 മുതൽ ഇതുവരെ 40 പേർക്ക് നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച വിവരങ്ങൾ പട്ടികയായി രേഖപ്പെടുത്തിയിട്ടുണ്ട്. അതിൽ പരിശീലനം നല്കിയ മേഖലയിൽ തന്നെ തൊഴിൽ കണ്ടെത്തിയവർ 35 പേരാണ്. ഇതരമേഖലയിൽ തൊഴിൽ എടുക്കുന്ന ഈ പരിശീലനം സിദ്ധിച്ചവർ 5 പേരാണ്. ഗ്രാമീണ കൈത്തൊഴിലുകാർക്ക് ആധുനിക ഉപകരണങ്ങൾ നല്കുന്ന പരിപാടി (RAP) അനുസരിച്ച് സർവ്വേ നടത്തപ്പെട്ടവരായ 42 പേരിൽ 3 പേർക്ക് മാത്രമേ ഇതുവരെ സഹായം ലഭിച്ചിട്ടുള്ളൂ. DWCRA യുടെ ഭാഗമായി ഇതുവരെ വിവിധ പരിപാടികളിലായി 43 പേർക്ക് പരിശീലനം ലഭിച്ചു. ഇതിൽ കലയപുരത്തും, ഞാറനീലിയിലും പട്ടികവർഗ്ഗക്കാരായ 25 പേർക്ക് മൾബറി കൃഷിയിൽ പരിശീലനം നടത്തിയെങ്കിലും ആ പദ്ധതി പിന്നീട് ഉപേക്ഷിച്ചു. പൊന്മുടി ഡയറി യൂണിറ്റ് തൃപ്തികരമായി പ്രവർത്തിക്കുന്നു. വിശദവിവരങ്ങൾക്ക് പട്ടിക കാണുക.

## പ്രശ്നങ്ങൾ

1. IRDP ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കുന്നതിന്റെ പ്രഥമ മാനദണ്ഡം അന്ത്യോദയ സമീപനശൈലി അനുസരിച്ചുള്ള ഏറ്റവും പിന്നോക്കം നില്ക്കുന്ന വരുമാനം കുറഞ്ഞ കുടുംബമായിരിക്കണം. ഇത്തരം കുടുംബങ്ങളിൽ ഏറിയ കൂറും വായ്പാധിഷ്ഠിതമായ പരിപാടികളുടെ ഗുണഭോക്താക്കളാകാൻ താത്പര്യം കാണിക്കാറില്ല.
2. ദുർബല വിഭാഗത്തിൽപ്പെടുന്ന പട്ടികജാതി–പട്ടിക വർഗ്ഗക്കാർക്കും ഇതര ജലവിഭാഗങ്ങൾക്കും അനുവദിച്ചിരിക്കുന്ന സബ്സിഡി യഥാക്രമം വായ്പയുടെ പകുതിയും മൂന്നിൽ ഒന്നുമാണ്.

## പട്ടിക 7(3)

### ട്രൈസം പരിപാടി അനുസരിച്ച് പരിശീലനം സിദ്ധിച്ചവരുടെ തൊഴിൽ സംബന്ധിച്ച വിവരങ്ങൾ

| ക്രമനമ്പർ | പദ്ധതി | പരിശീലനം നേടിയവരുടെ എണ്ണം | ഐ. ആർ. ഡി. പി. സഹായം ലഭിച്ചവരുടെ എണ്ണം | കുറിപ്പ് |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 1 | എംബ്രോയിഡറി ആൻഡ് ഗാർമെന്റ്സ് മേക്കിംഗ് | 17 | 6 | അഞ്ചുപേർ പരിശീലനം ഈ വർഷം പൂർത്തിയാക്കും 3 പേർ ആദ്യ സ്റ്റേജിൽ |
| 2 | ചൂരൽ പണി | 7 | 2 | |
| 3 | ബുക്ക് ബൈന്റിംഗ് | 2 | | |
| 4 | കളിമൺ പാത്രനിർമ്മാണ യൂണിറ്റ് | 14 | 8 | നന്ദിയോട് കേരള പ്രസിൽ ജോലി 8 പേരെ ഡി. ഡബ്ലിയു. സി. ആർ. എ. യൂണിറ്റിലേക്കു മാറ്റി |
| | ആകെ | 40 | | |

## പട്ടിക 7 (4)

### ഡി. ഡബ്ള്യൂ. സി. ആർ. എ അനുസരിച്ച് നടപ്പാക്കപ്പെട്ട പദ്ധതികളുടെ വിവരം

| ക്രമനമ്പർ | പരിപാടി/പദ്ധതി | ഗുണഭോക്താക്കളുടെ എണ്ണം | | കുറിപ്പ് |
|---|---|---|---|---|
| | | പരിശീലനം ലഭിച്ചവർ | പരിശീലനം ലഭിച്ചവരിൽ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ | |
| | 1 | 2 | 3 | 4 |
| 1 | പട്ടുനൂൽപ്പുഴു വളർത്തലും മൾബറി കൃഷിയും | 25 | – | (ഗ്രൂപ്പ് എക്കണോമിക് ആക്ടിവിറ്റ് സ്കീം) 25 - കലയപുരത്ത് തുടങ്ങിയ പരിപാടി ഇടയ്ക്ക് വച്ച് നിർത്തി ഞാറനീലിയിൽ പദ്ധതി ഉപേക്ഷിച്ചു |
| 2 | പൊന്മുടി ഡയറി യൂണിറ്റ് | 10 | 10 | പ്രവർത്തനം തൃപ്തികരം |
| 3 | കളിമൺപാത്ര നിർമ്മാണ യൂണിറ്റ് ജവഹകോളനി | 8 | 8 | പ്രവർത്തനം പ്രാരംഭദിശയിൽ |
| 4 | സയറിയൂണിറ്റ് കുളച്ചിക്കര (1996 –1997) | 10 | | പരിശീലനം തുടങ്ങുവാനുള്ള പ്രാരംഭദിശയിലാണ് |
| | ആകെ | 55 | 21 | |

N.B ഈ പദ്ധതി അനുസരിച്ച് പുറത്ത് തൊഴിൽ ചെയ്യുന്നവർ ആരും തന്നെയില്ല

3. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരിൽ മാത്രമായി പരിമിതപ്പെടുത്തി ഇന്ന് വളരെ ചെറിയ തുക മാത്രമാണ് വായ്പയും സബ്സിഡിയും ആയി നൽകുന്നത്. ഈ തുക പല സ്വയം തൊഴിൽ പദ്ധതികളും ആദായകരമായി തുടർന്ന് കൊണ്ടുപോകുവാൻ അപര്യാപ്തമാണ്.

4. ഐ. ആർ. ഡി. പി വായ്പ നല്കുന്നതിൽ പല ബാങ്കുകളും തൽപരരല്ല. വായ്പ അനുവദിക്കുന്നതിൽ ചില ബാങ്കുകൾ പരോക്ഷമായെങ്കിലും ജാമ്യം ആവശ്യപ്പെടുന്നുണ്ട്.

5. ചെറിയൊരു വിഭാഗം ഗുണഭോക്താക്കൾ വിശിഷ്യാ പട്ടിക വർഗ്ഗക്കാർ, വായ്പ യഥാസമയം തിരിച്ചടയ്ക്കുന്നതിൽ വീഴ്ച വരുത്തുന്നു.

## നിർദ്ദേശങ്ങൾ I ഐ. ആർ. ഡി.പി

I.R.D.P ധനസഹായത്തിനുള്ള ലക്ഷ്യ വിഭാഗത്തിന്റെ 50 ശതമാനം അന്ത്യോദയ സമീപനം അനുസരിച്ച് 50 ശതമാനം കട്ട്ഓഫ് ലൈനും (CUT OF LINE) വരുമാന പരിധിക്ക് ഉള്ളിലുള്ള ഏതൊരാളിനും ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കണം. ഇങ്ങനെയാകുമ്പോൾ പ്രയോജനകരവും, ലാഭകരവുമായ കൂടുതൽ ആസ്തികൾ സൃഷ്ടിക്കുവാനും ബാങ്ക് വായ്പ തിരിച്ചടയ്ക്കുവാനും കഴിയും.

2. IRDP ധനസഹായം ലഭ്യമാക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള പ്രതിവർഷ വരുമാനത്തിന്റെ കട്ട് ഓഫ് ലൈൻ 6500 രൂപയിൽ നിന്നും 10000 രൂപയാക്കി ഉയർത്തണം.

3. ഗ്രാമതല ഉദ്യോഗസ്ഥർ IRDP സർവ്വേ ലിസ്റ്റ് തയ്യാറാക്കുന്നത് ബന്ധപ്പെട്ട ജനപ്രതിനിധികളുടെയും രാഷ്ട്രീയ സാമൂഹിക സാംസ്കാരിക സംഘടനകളുടെയും സഹായത്തോടെ ദാരിദ്ര്യ സൂചകത്തെ അടിസ്ഥാനമാക്കി ആയിരിക്കണം.

4. IRDP ലോണിനോടൊപ്പമുള്ള സബ്സിഡി ഒൻപതാം പദ്ധതിമുതൽ ജനറൽ വിഭാഗത്തിന് വായ്പാ തുകയുടെ 40% ആയും SC/ ST/ വികലാംഗർ എന്നിവർക്ക് വായ്പാ തുകയുടെ 60 ആയും ഉയർത്തേണ്ടതാണ്.

5. IRDP പ്രകാരമുള്ള സബ്സിഡി വിധവകൾക്ക് SC/ST വിഭാഗത്തിന്റെ സബ്സിഡിയുടേതിന് തുല്യമാക്കണം.

6. IRDP ധനസഹായത്തിനായി സ്ത്രീകൾക്ക് നിശ്ചയിച്ചിട്ടുള്ള 40% സംവരണത്തിൽ വിധവകൾക്ക് മുൻഗണന നല്കണം.

7. ഒരു സാമ്പത്തിക വർഷം ഒരു ഗ്രാമപഞ്ചായത്തിൽ ഏറ്റവും കുറഞ്ഞത് 150 പേർക്ക് IRDP ധനസഹായം ലഭ്യമാക്കണം.

8. 5 വർഷത്തിലൊരിക്കൽ IRDP ലിസ്റ്റ് വളരെ ശാസ്ത്രീയമായ സമീപനത്തിൽ പുതുക്കി തയ്യാറാക്കേണ്ടതാണ്.

## II. ഡി. ഡബ്ല്യൂ. സി. ആർ. എ

1. പെരിങ്ങമ്മല പഞ്ചായത്തിന്റെ 12 വാർഡുകളിലും അതാത് പ്രദേശത്തിന്റെ വികസന സാദ്ധ്യതയുമായി ബന്ധപ്പെടുന്ന ഓരോ യൂണിറ്റുകൾ ആദ്യപടിയായി രൂപീകരിക്കുക.
2. DWCRA യൂണിറ്റ് അംഗങ്ങളുടെ എണ്ണം ഏറ്റവും കൂടിയത് 10 ആയി നിശ്ചയിക്കുക.
3. യൂണിറ്റ് അംഗങ്ങളുടെ കുട്ടികളുടെ വിദ്യാഭ്യാസപരവും, കലാ- കായികപരവുമായ കഴിവുകൾ വളർത്തി എടുക്കുന്നതിന് വേണ്ട സാഹചര്യം സൃഷ്ടിക്കുക.
4. യൂണിറ്റ് അംഗങ്ങൾക്ക് വർഷത്തിൽ 15 ദിവസം അവരുടെ തൊഴിലുമായി ബന്ധപ്പെട്ടിട്ടുള്ള നൂതനസാങ്കേതിക വശങ്ങളെക്കുറിച്ച് ട്രെയിനിംഗ് നൽകുക.
5. വികസന ബ്ലോക്ക് ഇതര ഡിപ്പാർട്ടുമെന്റുകൾ എന്നിവ മുഖേന നടപ്പിലാക്കുന്ന വികസന പരിപാടികളിൽ DWRA യൂണിറ്റ് അംഗങ്ങൾക്ക് മുൻഗണന നല്കുക.

## III. തൊഴിൽ ഭദ്രതാ പരിപാടി

### പ്രശ്നങ്ങൾ

ഗവൺമെന്റ് ഗ്രാമതലങ്ങളിൽ നടപ്പിലാക്കിയ പദ്ധതികളിൽ ജനോപകാരപ്രദമായ ഒരു പദ്ധതിയാണ് ഇതെങ്കിലും ഇന്ന് ഈ പദ്ധതിയുടെ ഗുണമനുഭവിക്കുന്നത് ഇടനിലക്കാരാണ്.

### പരിഹാരമാർഗ്ഗങ്ങൾ

1. ഗ്രാമീണ ജനങ്ങൾക്ക് പദ്ധതിയെക്കുറിച്ച് ബോധവത്കരണം നൽകുന്നതിന് ബന്ധപ്പെട്ട വാർഡ് മെമ്പറന്മാരേയും വികസന ബ്ലോക്കിന്റെ ഗ്രാമതല ഉദ്യോഗസ്ഥനെയും ചുമതലപ്പെടുത്തുക.
2. നിർബന്ധമായും ഗുണഭോക്താക്കളെ ജനപ്രതിനിധികളുടെയും ബന്ധപ്പെട്ട ഉദ്യോ

ഗസ്ഥന്മാരുടെയും സാന്നിദ്ധ്യത്തിൽ വിളിച്ചുകൂട്ടി ഗുണഭോക്താക്കളുടെ കമ്മിറ്റിയുണ്ടാക്കി അതിൽ നിന്ന് കൺവീനറെ തെരഞ്ഞെടുക്കുക.

3. EAS ജോലികളിൽ ഒരു ഇടനിലക്കാരനും ഉണ്ടാകാൻ പാടില്ല.

IV. റൂറൽ ആർട്ടിസാൻസ് പ്രോഗ്രാം (RAP)

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കൈത്തൊഴിലുകാർക്ക് സൗജന്യമായി പണി ആയുധങ്ങൾ നല്കുന്ന നല്ലൊരു തൊഴിൽദാന പരിപാടിയാണിത്.

**പ്രശ്നങ്ങളും പ്രതിവിധിയും**

1. ഈ പദ്ധതിയുടെ ഗുണം ഇതുവരെ നമ്മുടെ പഞ്ചായത്തിൽ ആർക്കും ലഭിച്ചിട്ടില്ല.
2. കൈത്തൊഴിലുകാരുടെ എണ്ണത്തിന് ആനുപാതികമായി ആനുകൂല്യം അനുവദിക്കുന്നില്ല.
3. DRDA യിൽ കെട്ടിക്കിടക്കുന്ന അപേക്ഷകളിൽ ഒരു ചെറിയ വിഭാഗംപോലും വിതരണം നടത്തുന്നില്ല.
4. എല്ലാവിധ കൈത്തൊഴിലുകാർക്കും തൊഴിലുപകരണങ്ങൾ നൽകണം.
5. ഓരോ സാമ്പത്തികവർഷവും സമർപ്പിക്കപ്പെടുന്ന അപേക്ഷകളിൽ ആറുമാസത്തിനുള്ളിൽ തൊഴിലുപകരണങ്ങൾ വിതരണം ചെയ്യുന്നതിന് നടപടിയെടുക്കണം.

**പരിസര ശുചീകരണം**

പരിസര ശുചീകരണത്തിന്റെ ഭാഗമായി ദുർബ്ബല ജനവിഭാഗങ്ങളുടെ പാർപ്പിടത്തോടൊപ്പം കക്കൂസുകൾ നിർമ്മിച്ച് കൊടുത്തുവരുന്നുണ്ട്. ഈ പഞ്ചായത്തിൽ ഇതിന്റെ ഭാഗമായി ഗ്രാമവികസനവകുപ്പ് നടത്തിയ സർവ്വേയിൽ ഇപ്പോൾ 316 വീടുകൾക്ക് കക്കൂസ് ഇല്ലായെന്ന് പറയുന്നുണ്ട്. പക്ഷേ ഇവരുടെ എണ്ണം ഇതിനെക്കാൾ ഏറെക്കൂടുതലാണ്. 1980 മുതൽ 1993 വരെ പഞ്ചായത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് മാത്രം 100 കക്കൂസുകൾ നിർമ്മിച്ചുനൽകിയിട്ടുണ്ട്. 1993-1994 മുതൽ 95-96 വരെ കേന്ദ്ര ഗ്രാമീണ ശുചിത്വ പരിപാടി അനുസരിച്ച് 71 കക്കൂസുകൾകൂടി നിർമ്മിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ ഗുണം എല്ലാ ദുർബല ജനവിഭാഗങ്ങൾക്കും ലഭിക്കേണ്ടതാണ്.

**പ്രശ്നങ്ങളും പ്രതിവിധിയും**

1. കക്കൂസ് നിർമ്മിക്കുന്നതിന് ഇന്ന് നൽകിവരുന്ന സർക്കാർ സഹായമായ 2000 രൂപ തികച്ചും അപര്യാപ്തമാണ്. ഇന്നത്തെ ചെലവനുസരിച്ച് അത് 4000 രൂപയായി ഉയർത്തണം.
2. പഴയ കക്കൂസുകളുടെ പിറ്റ് പത്ത് -പന്ത്രണ്ട് അടി ആഴമുള്ള കുഴികളാണ്. ഇത് ജലം ഉറവയുള്ള സ്ഥലങ്ങളിൽ തൊട്ടടുത്ത കിണറുകളിൽ രോഗാണുബാധയ്ക്ക് കാരണമാകും. അതുകൊണ്ട് വരും കാലങ്ങളിൽ നിർമ്മിക്കുന്ന കക്കൂസുകൾക്ക് ആഴം കുറഞ്ഞ രണ്ട് കുഴി കക്കൂസ് (Two pit sanitary latrine) ആയി നിഷ്കർഷിക്കേണ്ടതാണ്.
3. പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് നിർമ്മിച്ച് കൊടുത്തിട്ടുള്ള കക്കൂസുകളിൽ പലതും ഉപയോഗശൂന്യമായി കിടക്കുന്നു. കക്കൂസുകൾ ശുചിയായി സൂക്ഷിക്കുന്നതിലും ഇവർ ശ്രദ്ധിക്കുന്നില്ല. ഉപയോഗത്തിന് ശേഷം വെള്ളം വേണ്ടത്ര ഉപയോഗിക്കുകയോ അണുനാശകങ്ങൾ തളിക്കുകയോ ചെയ്യുന്നില്ല.
4. മുൻകാലങ്ങളിൽ പട്ടികജാതി-പട്ടികവർഗ്ഗ സങ്കേതങ്ങളിലോ ലക്ഷംവീട് കോളനികളിലോ താമസിക്കുന്നവർക്ക് മറ്റു ഭാഗത്തുള്ള തുറസ്സായ ജനവാസം ഇല്ലാത്ത സ്ഥലങ്ങൾ മലമൂത്ര വിസ്സർജ്ജനത്തിന് ഉപയോഗിച്ചിരുന്നു. ഇന്ന് അത്തരം തുറസ്സായ സ്ഥലങ്ങളിൽ ഏറിയകൂറും കമ്പിവേലികൊണ്ട് അടയ്ക്കുകയും, കുടുംബങ്ങളുടെ എണ്ണം വർദ്ധിക്കുകയും ചെയ്തതോടെ ഈ ദുർബലവിഭാഗങ്ങൾക്ക് മറ്റ് സൗകര്യങ്ങളില്ലാതെ ബുദ്ധിമുട്ടുന്നുണ്ട്.

**പരിഹാരമാർഗ്ഗങ്ങൾ**

1. കക്കൂസ് നിർമ്മാണത്തിനുള്ള സഹായം 2000 രൂപയിൽ നിന്ന് 4000 രൂപയാക്കി ഉയർത്തുക.
2. രണ്ടു കുഴി കക്കൂസുകൾ മാത്രമെ വരും കാലങ്ങളിൽ നിർമ്മിക്കാവൂ.
3. കക്കൂസുകൾ വൃത്തിയായി സൂക്ഷിക്കുന്നതിനുള്ള ബോധവൽക്കരണം ദുർബലജനവിഭാഗങ്ങൾക്കിടയിൽ നടത്തുകയും കക്കൂസുകളിൽ അണുനാശിനികൾ ഉപയോഗിക്കുകയും ചെയ്യണം.
4. എല്ലാ ദുർബല ജനവിഭാഗങ്ങൾക്കും കക്കൂസുകൾ നൽകണം.
5. മടത്തറ , പാലോട്, പെരിങ്ങമ്മല ജംഗ്ഷനുകളിൽ പബ്ലിക് കംഫർട്ട് സ്റ്റേഷനുകൾ നിർമ്മിക്കുക.

### വില്ലേജ് ഓഫീസ് വഴി നടപ്പാക്കി വരുന്ന ക്ഷേമ പദ്ധതികൾ

ഈ പഞ്ചായത്തിൽപ്പെട്ട പെരിങ്ങമ്മല തെന്നൂർ വില്ലേജ് ആഫീസുകൾവഴി നടപ്പാക്കി വരുന്ന വിവിധക്ഷേമ പെൻഷൻ പദ്ധതികളുടെ പ്രയോജനം വ്യക്തികൾക്ക് ലഭിക്കുന്നുണ്ട്. ഇവയുടെ പദ്ധതി അടിസ്ഥാനത്തിലുള്ള പട്ടിക ചുവടെ ചേർത്തിരിക്കുന്നു.

### പെൻഷൻ ധനസഹായം സംബന്ധിച്ച വിവരങ്ങൾ

| പദ്ധതിയുടെ സഹായം | | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 1 | അഗതി പെൻഷൻ | |
| | വിധവാ പെൻഷൻ | 166 |
| 2 | വികലാംഗ പെൻഷൻ | 60 |
| 3 | വാർദ്ധക്യ പെൻഷൻ | 112 |
| 4 | കുഷ്ഠരോഗികൾ | 41 |
| 5 | ക്യാൻസർ രോഗികൾ | 32 |
| 6 | കർഷകതൊഴിലാളി പെൻഷൻ | |
| 7. | തൊഴിലില്ലായ്മാവേതനം | |
| | ആകെ | |

വില്ലേജ് ഓഫീസ് വഴി നടപ്പാക്കി വരുന്ന പെൻഷൻ പദ്ധതി ഗുണഭോക്താക്കളുടെ കണക്ക് 1979-80 മുതൽ 1995-96 വരെയാണ്. ഇതിൽ പല ഗുണഭോക്താക്കളും മരിച്ചുപോയിട്ടുണ്ട്.

### പ്രശ്നങ്ങൾ

1. പെൻഷന് അർഹതയുള്ള പലർക്കും കിട്ടുന്നില്ല. ഈ ആനുകൂല്യത്തെക്കുറിച്ച് പലരും അജ്ഞരാണ്.
2. പ്രായപൂർത്തിയായ ആൺമക്കളുള്ള വിധവകൾക്ക് പെൻഷൻ ലഭിക്കുന്നില്ല ഇത്തരം വിധവകൾക്ക് അവരിൽ നിന്നും പരിരക്ഷ ലഭിക്കുമെന്നതിന്റെ പേരിലാണ് ഇത്. പക്ഷേ പ്രായാധിക്യം ബാധിച്ച പല വിധവകൾക്കും ഈ പരിരക്ഷ ലഭിക്കണമെന്നില്ല.
3. വികലാംഗ പെൻഷനുവേണ്ടി സർട്ടിഫിക്കറ്റ് ലഭിക്കുവാൻ തിരുവനന്തപുരം വരെ ദീർഘദൂര യാത്ര ചെയ്യേണ്ടതുണ്ട്. ഇത് വികലാംഗരുടെ ദുരിതം വർദ്ധിപ്പിക്കുന്നു.
4. കുഷ്ഠരോഗികളായ 41 പെൻഷൻകാർ ഉണ്ടെന്നത് നമ്മുടെ പഞ്ചായത്തിലെ ആരോഗ്യ രംഗത്തെ അനാസ്ഥയുടെ നിദർശനമാണ്. കുഷ്ഠരോഗം ഇന്ന് പൂർണ്ണമായും ചികിത്സിപ്പിച്ച് ഭേദമാക്കാവുന്ന രോഗമാണ്.
5. അർഹതയില്ലാത്ത പല തൊഴിൽ രഹിതർക്കും ഇന്ന് തൊഴിലില്ലായ്മ വേതനം കിട്ടുന്നുണ്ട്. ഇവരുൾക്കൊള്ളുന്ന കുടുംബനാഥന്റെ വരുമാനത്തെക്കുറിച്ചുള്ള അറിവില്ലായ്മയാണ് ഇതിന് കാരണം.
6. നിരന്തരമായ മാനസികരോഗികളോ വിഭ്രാന്തിയുള്ളവരോ ആയവർക്ക് പെൻഷൻ ലഭിക്കുന്നില്ല.

### പരിഹാരമാർഗ്ഗങ്ങൾ

1. സർക്കാരുകൾ ദുർബല ജനവിഭാഗങ്ങൾക്ക് വേണ്ടി നടപ്പാക്കുന്ന പല ജനക്ഷേമ പെൻഷൻ പദ്ധതികളെക്കുറിച്ചും അർഹതയുള്ളവർക്ക് പരിജ്ഞാനമില്ലാത്തതിനാൽ ഇവർക്കിടയിൽ ഈ പരിപാടികളെക്കുറിച്ച് ബോധവൽക്കരണം നടത്തണം. പഞ്ചായത്ത് വാർഡ് തലങ്ങളിൽ ജനപ്രതിനിധികളും പൊതുജനങ്ങളുമടങ്ങുന്ന ഒരു സന്നദ്ധ സംഘം വ്യാപകമായ സർവ്വേ നടത്തി ഗുണഭോക്താക്കളെ കണ്ടെത്തണം.
2. വിധവകളായ സ്ത്രീകളുടെ കുടുംബവരുമാനം നോക്കിയായിരിക്കണം അവർക്ക് പെൻഷൻ അർഹത നിർണ്ണയിക്കേണ്ടത്. പ്രായപൂർത്തിയായ ആൺമക്കൾ ഉണ്ട് എന്ന കാരണത്താൽ ഈ ആനുകൂല്യം നിഷേധിക്കുവാൻ പാടില്ല.
3. വികലാംഗരുടെ അംഗവൈകല്യം നിർണ്ണയിക്കുന്നതിന് പ്രാദേശിക തലങ്ങളിൽ ജോലി ചെയ്യുന്ന സർക്കാർ ഡോക്ടറന്മാരുടെ വികലാംഗ സർട്ടിഫിക്കറ്റ് മതി എന്ന് നിഷ്കർഷിക്കണം.
4. ആരോഗ്യ പരിപാലന രംഗത്ത് വിശിഷ്യാ ചികിത്സിച്ച് ഭേദമാക്കാൻ കഴിയുന്ന സാംക്രമിക രോഗങ്ങളുടെ നിവാരണത്തിന് പഞ്ചായത്ത് തലത്തിൽ ആരോഗ്യരക്ഷാ പരിപാടികൾ ശക്തിപ്പെടുത്തേണ്ടതാണ്.
5. തൊഴിലില്ലായ്മ വേതനത്തിന്റെ അർഹത നിർണ്ണയിക്കുമ്പോൾ വിവാഹിതരായ പെൺകുട്ടികൾക്ക് അവരുടെ ഭർത്താവിന്റെ തൊഴിലും വരുമാനവും പരിഗണിക്കണം.
6. മാനസിക വൈകല്യമുള്ളവരായ ദരിദ്രർക്കും പെൻഷൻ സ്കീം നടപ്പാക്കണം. ഈ ആനുകൂല്യം അവരുടെ രക്ഷാകർത്താക്കൾക്കാണ് നല്കേണ്ടത്.
7. വില്ലേജ് ഓഫീസ് മുഖേന നടത്തുന്ന എല്ലാ

ക്ഷേമപദ്ധതികളും പഞ്ചായത്തുകളിലൂടെ നടപ്പാക്കണം.

8. അനാഥരായ വൃദ്ധൻമാരെയും വൃദ്ധകളെയും സംരക്ഷിക്കുന്നതിലേയ്ക്കായി പഞ്ചായത്തടിസ്ഥാനത്തിൽ വൃദ്ധസദനം നിർമ്മിക്കുക.

**ശിശുക്ഷേമം**

മാതൃ ശിശു സംരക്ഷണ രംഗത്ത് ക്ഷേമ പ്രവർത്തനങ്ങൾ വ്യവസ്ഥാപിതമായി നടത്തി വരുന്നത്, സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന അങ്കണവാടികളാണ്. ഈ അങ്കണവാടികൾ ഈ അടുത്തകാലത്ത് നടത്തിയ സർവ്വേപ്രകാരം പെരിങ്ങമ്മല പഞ്ചായത്തിലെ ജനസംഖ്യ 30755 ആണ്. 15102 പുരുഷന്മാരും 15653 സ്ത്രീകളും ഇവയിൽ പട്ടികജാതി പട്ടികവർഗ്ഗ ജനസംഖ്യ യഥാക്രമം 6184 ഉം 2534 ഉം ആകുന്നു. ഇതിൽ ഒരു വയസ്സിൽ താഴെയുള്ള കുട്ടികൾ 582 ഉം 1–2 വയസ്സുവരെയുള്ളവർ 381 ഉം 2–3 വയസ്സു വരെയുള്ളവർ 454 ഉം 3–5 വയസ്സുവരെയുള്ള കുട്ടികൾ 1297 ഉം ആണ്. ഈ പഞ്ചായത്തിലെ 208 ഗർഭിണികളിൽ പ്രത്യേക പരിചരണം ആവശ്യമുള്ളവരുടെ എണ്ണം സർവ്വേ പ്രകാരം 32 പേരാണ്.

മുലയൂട്ടുന്ന അമ്മമാരായി ഇവിടെ 234 പേരെയാണ് കണ്ടെത്തിയിട്ടുള്ളത്. കഴിഞ്ഞ വർഷം നടന്ന 410 ജനനങ്ങളിൽ ചാപിള്ളയായി ജനിച്ചതും ഒരു വയസ്സിൽ താഴെ മരിച്ചതുമായ ഓരോ കേസ് മാത്രമേ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളൂ. ഈ കാലയളവിൽ ഗർഭസംബന്ധമായ അസുഖങ്ങളിൽ ആരും മരിച്ചിട്ടില്ല. മറ്റ് മരണങ്ങൾ 19 എണ്ണവും.

ഈ പഞ്ചായത്തിൽ മൊത്തം 35 അങ്കണവാടികൾ പ്രവർത്തിച്ചു വരുന്നുണ്ട്. ഇവിടെ പ്രവേശിപ്പിച്ചിട്ടുള്ള 625 ശിശുക്കളിൽ എല്ലാപേർക്കും അനുപൂരക പോഷകാഹാരം ലഭിക്കുന്നുണ്ട്. ഒപ്പം തന്നെ അനുപൂരക പോഷകാഹാരം ലഭിക്കുന്ന 90 ഗർഭിണികളും 92 മുലയൂട്ടുന്ന അമ്മമാരും ഈ പഞ്ചായത്തിലുണ്ട്. കുട്ടികളുടെ ആരോഗ്യ പോഷണ നിലവാരത്തെ സംബന്ധിച്ച പട്ടിക ചുവടെച്ചേർക്കുന്നു.

1- ഗ്രേഡ് ലഘുവായ പോഷണക്കുറവ് ഉള്ളവർ
2 - ഗ്രേഡ് മിതമായ പോഷണക്കുറവ് ഉള്ളവർ
3- ഗുരുതരമായ പോഷണക്കുറവ് ഉള്ളവർ

കുട്ടികളുടെയും ഗർഭിണികളുടെയും ആരോഗ്യസംരക്ഷണത്തിന്റെ ഭാഗമായി ബി.സി.ജി. ഡി.പി.റ്റി, പോളിയോ, ഡി. റ്റി, മീസ്സിൽസ്, റ്റി.റ്റി എന്നിങ്ങനെയുള്ള പ്രതിരോധകുത്തിവയ്പ്പുകൾ നടത്തിയിട്ടുണ്ട്. ഇതിൻ പ്രകാരം ബി.സി.ജി. കുത്തിവെയ്പ് നൽകപ്പെട്ടവരിൽ 37 പേരിൽ 33 പേർ ഒരു വയസ്സിൽ താഴെയാണ്. ബാക്കി 4 കുട്ടികൾ ഒരു വയസ്സിനും മൂന്നു വയസ്സിനും ഇടയിലുള്ളവരാണ്. ഒരു വയസ്സിൽ താഴെയുള്ള 19 കുട്ടികൾക്ക് ഫസ്റ്റ് ഡോസും 25 കുട്ടികൾക്ക് സെക്കന്റ് ഡോസും 30 കുട്ടികൾക്ക് തേഡ് ഡോസും ഡി.പി.റ്റി കുത്തുവയ്പ്പും പോളിയോയും എടുത്തിട്ടുണ്ട്. ഒരു വയസ്സിനും മൂന്നുവയസ്സിനും ഇടയിലുള്ള 30 കുട്ടികൾക്ക് ബൂസ്റ്റർ ഡോസും, മൂന്നിനും ആറിനും ഇടയിൽ പ്രായമുള്ള 5 കുട്ടികൾക്ക് ഫസ്റ്റ്

**പട്ടിക**

**കുട്ടികളുടെ ആരോഗ്യ പോഷണ നിലവാരം**

| പ്രായം | നോർമൽ | | ഒന്നാം ഗ്രേഡ് | | രണ്ടാം ഗ്രേഡ് | | മൂന്നാം ഗ്രേഡ് | |
|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ |
| 1 വയസ്സിൽ താഴെ | 138 | 115 | 60 | 53 | 03 | 06 | 01 | |
| 1-3 വയസ്സുവരെ | 233 | 198 | 112 | 92 | 20 | 23 | | |
| 3-6 വയസ്സുവരെ | 305 | 249 | 137 | 110 | 22 | 17 | | |

ഡോസും 8 കുട്ടികൾക്ക് സെക്കന്റ് ഡോസും നല്കിയിട്ടുണ്ട്. ഗർഭിണികൾക്കുള്ള റ്റി.റ്റി ഫസ്റ്റ് ഡോസ് 25 പേർക്കും സെക്കന്റ് ഡോസ് 20 പേർക്കും കൊടുത്തിട്ടുണ്ട്.

## പ്രശ്നങ്ങൾ

1. ഈ പഞ്ചായത്തിലെ 35 അങ്കണവാടികളിൽ അനുയോജ്യമായ കെട്ടിടങ്ങൾ ഉള്ളവ 14 എണ്ണം മാത്രമാണ്, ബാക്കിയുള്ള സ്ഥാപനങ്ങൾ താത്കാലിക ഷെഡ്ഡുകളിലോ വാടക കെട്ടിടങ്ങളിലോ ആണ് പ്രവർത്തിക്കുന്നത്.

2. പല അങ്കണവാടികളിലും കുട്ടികൾക്ക് കളിക്കുന്നതിനാവശ്യമായ കളിക്കോപ്പുകളോ മറ്റ് സൗകര്യങ്ങളോ ഇല്ല.

3. പട്ടികജാതി പട്ടികവർഗ്ഗങ്ങളിലെ ചില അങ്കണവാടികളിൽ എത്തുന്ന ശിശുക്കളുടെ എണ്ണം വളരെക്കുറവാണ്. ഈ ശിശുക്കളുടെ രക്ഷാകർത്താക്കളുടെ അജ്ഞതയോ താത്പര്യക്കുറവോ ആണ് ഇതിന് കാരണം.

4. അങ്കണവാടി വർക്കർ, ഹെൽപ്പർ എന്നിവർക്ക് ലഭിക്കുന്ന പ്രതിമാസ വേതനം തുലോം കുറവാണ്.

5. പല അങ്കണവാടികൾക്കും അത്യാവശ്യം വേണ്ടിവരുന്ന കിണറോ കക്കൂസുകളോ ഇല്ല.

6. വർക്കർ, ഹെൽപ്പർ തസ്തികളിൽ ജോലി നോക്കി വരുന്ന ട്രെയിനിംഗ് ലഭിച്ച പലരും വിവാഹിതരായി മറ്റ് സ്ഥലങ്ങളിലേക്ക് മാറിപ്പോകുന്ന സാഹചര്യങ്ങളിൽ ആ ഒഴിവുകളിൽ താൽകാലികമായി പണിയെടുക്കുന്നവരിൽ ഏറിയകൂറും തൊഴിലിൽ മുൻപരിചയമോ പരിശീലനമോ ലഭിച്ചവരല്ല.

### പരിഹാരമാർഗ്ഗങ്ങൾ

1. കെട്ടിടങ്ങൾ ഇല്ലാത്ത അങ്കണവാടികൾക്ക് സ്വന്തമായി കെട്ടിടം പണിയുകയും ഭൂമിയില്ലാത്തവർക്ക് ഭൂമി വാങ്ങി കെട്ടിടം പണിഞ്ഞു കൊടുക്കുകയും ചെയ്യണം.

2. വേണ്ടത്ര കളിക്കോപ്പുകൾ വാങ്ങി വിതരണം ചെയ്യുന്നതോടൊപ്പം കുട്ടികൾക്ക് കളിക്കുന്നതിന് മറ്റ് സൗകര്യങ്ങളും ഉണ്ടാക്കിക്കൊടുക്കണം.

3. അജ്ഞതയുടെയും താത്പര്യക്കുറവിന്റെയും ഫലമായി ശിശുക്കളെ അങ്കണവാടികളിൽ അയക്കാത്ത രക്ഷാകർത്താക്കൾക്കാവശ്യമായ ബോധവല്ക്കരണം നടത്തണം.

4. അങ്കണവാടി ജീവനക്കാർക്കാവശ്യമായ മിനിമം വേതനം ഉറപ്പാക്കണം.

5. കിണറുകളും കക്കൂസുകളും എല്ലാ അങ്കണവാടികളിലും ഉണ്ടാക്കണം.

6. പരിശീലനം സിദ്ധിച്ച ജീവനക്കാർ ഒഴിഞ്ഞുപോകുന്ന സ്ഥാപനങ്ങളിൽ പുതുതായി നിയമിക്കപ്പെടുന്നവർ വേണ്ടത്ര പരിശീലനം സിദ്ധിച്ചവരാണെന്ന് ഉറപ്പുവരുത്തണം. ഇതിലേക്കാവശ്യമായ വേണ്ടത്ര യോഗ്യതയും കഴിവുമുള്ള അതാതു പ്രദേശത്തെ യുവതികൾക്ക് മുൻകാല പരിശീലനം നല്കി എരു റിസർവ് സൂക്ഷിക്കണം.

### പൊതുവിതരണം

പൊതുവിതരണരംഗത്ത് ആകെ 19 റേഷൻ പൊതുവിതരണ കേന്ദ്രങ്ങളാണ് പഞ്ചായത്തിലുള്ളത്. മാവേലി സ്റ്റോറുകളോ ഒന്നും തന്നെ പഞ്ചായത്തിലില്ല. റേഷൻ കട വഴി ലഭിക്കുന്ന അരിയുടെ ഗുണനിലവാരമില്ലായ്മ ഒരു പ്രധാന പ്രശ്നമാണ്. റേഷൻ വ്യാപാരികൾക്ക് അർഹമായ കമ്മീഷൻ നൽകാത്തതും ഗോഡൗണുകളിൽ നിന്നും ലഭിക്കുന്ന അരിയുടെ തൂക്കക്കുറവും, വില്പന സംബന്ധിച്ച അഴിമതിക്ക് പ്രേരണ നൽകുന്നു. പഞ്ചായത്ത് തലത്തിലും താലൂക്ക് തലത്തിലും ഉപദേശക സമിതികൾ നിലവിലുണ്ടെങ്കിലും അവയൊന്നും കാര്യക്ഷമതയോടെ പ്രവർത്തിക്കുന്നില്ല.

## പ്രശ്നങ്ങൾ

1. നിലവാരം കുറഞ്ഞ അരിയുടെ വിതരണം
2. മണ്ണെണ്ണ, പഞ്ചസാര, മറ്റു ഭക്ഷ്യസാധനങ്ങൾ വേണ്ട അളവിലും തൂക്കത്തിലും പൊതുവിതരണ കേന്ദ്രങ്ങളിൽ നിന്നും ലഭിക്കുന്നില്ല.
3. മാവേലി സ്റ്റോറുകളുടെ അഭാവം
4. വിതരണ രംഗത്തെ അപാകതകൾ
5. എല്ലാ കുടുംബങ്ങൾക്കും റേഷൻകാർഡ് നിലവിലില്ല.

## പരിഹാരമാർഗ്ഗങ്ങൾ

1. അരി, ഗോതമ്പ് തുടങ്ങിയവയുടെ ഗുണനിലവാരം ഉറപ്പുവരുത്തുക.

2, പൊതുവിതരണ കേന്ദ്രങ്ങളിലൂടെ അരി, ഗോതമ്പ്, ഭക്ഷ്യ എണ്ണ, പല വ്യഞ്ജനം എന്നിവ ആവശ്യാനുസരണം വിതരണം ചെയ്യുക.

3. ഗുണഭോക്താവിന് സാധനങ്ങൾ നൽകുമ്പോൾ തൂക്കത്തിൽ വരുന്ന അപാകതകൾ പരിഹരിക്കുക.

4. പുതുതായി മാവേലി സറ്റോറുകൾ മടത്തറ, പാലോട്, പെരിങ്ങമ്മല, മെർച്ചിസ്റ്റൺ എന്നിവിടങ്ങളിൽ പഞ്ചായത്തിന്റെ നേതൃത്വത്തിൽ തുടങ്ങുക

5. പൊതു വിതരണ കേന്ദ്രം നടത്തുന്നവർക്കുള്ള കമ്മിഷൻ കാലോചിതമായി പരിഷ്കരിക്കുക.

6. പഞ്ചായത്ത് പ്രദേശത്ത് താമസക്കാരായ എല്ലാ കുടുംബങ്ങൾക്കും റേഷൻകാർഡ് നൽകുക,

7. പൊതു വിതരണകേന്ദ്രങ്ങൾ പരിശോധിക്കുന്നതിൽ ഇന്നുള്ള അപാകതകൾ പരിഹരിക്കുക.

8. നിലവിലുള്ള ഉപദേശക സമിതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.

---

# പൊതുജനാരോഗ്യം-കുടിവെള്ളം പരിസരശുചിത്വം

## ആരോഗ്യം

ഏതൊരു രാജ്യത്തിന്റേയും സമ്പത്ത് ആരോഗ്യമുള്ള ജനതയാണ് . ശുദ്ധവായു, ശുദ്ധജലം, പോഷകഗുണമുള്ള ആഹാരം, പരിസരശുചിത്വം, സാനിറ്റേഷൻ സൗകര്യങ്ങൾ എന്നിവ ആരോഗ്യമുള്ള ജനതയെ വാർത്തെടുക്കുവാൻ വേണ്ടുന്ന അടിസ്ഥാന ഘടകങ്ങളാണ്. പ്രാചീന കാലം മുതൽ പാരമ്പര്യ വൈദ്യൻമാരാണ് ചികിത്സാരീതികൾ നിശ്ചയിച്ചിരുന്നത്. വിലപ്പെട്ട താളിയോല ഗ്രന്ഥങ്ങളിൽ ചികിത്സാരീതികളും ഔഷധങ്ങളും രേഖപ്പെടുത്തിയിരുന്നു. അഗസ്ത്യാർകൂടത്തിലും പൊൻമുടിയിലും കണ്ടുവരുന്ന അപൂർവ്വ ഔഷധ സസ്യങ്ങൾ പോലും താളിയോലകളിൽ സ്ഥാനം പിടിച്ചിരുന്നു. കൃഷ്ണതുളസി, വേപ്പ്, എശങ്ക്, ആടലോടകം, കൊടിവേലി തുടങ്ങിയ നിരവധി ഔഷധ സസ്യങ്ങൾ എല്ലാ വീട്ടുമുറ്റങ്ങളേയും അലങ്കരിച്ചിരുന്നു. അന്ധവിശ്വാസങ്ങളും, അനാചാരങ്ങളും നിലനിന്നിരുന്ന പഴയ സമൂഹത്തിൽ മന്ത്രവാദം, ജ്യോതിഷം, ബാധയൊഴിപ്പിക്കൽ എന്നിവ രോഗനിവാരണത്തിനായി ചെയ്തിരുന്നു. ആദിവാസി സമൂഹങ്ങളിൽ ഇന്നും രോഗനിവാരണത്തിനായി ഇത്തരം മാർഗ്ഗങ്ങൾ അവലംബിച്ചുവരുന്നു.

1991-ലെ സെൻസസ് പ്രകാരം നമ്മുടെ ഗ്രാമപഞ്ചായത്തിലെ ജനസംഖ്യ 30144 ആണ്. ജില്ലയിലെ ഏറ്റവും വിസ്തീർണ്ണമുള്ള പഞ്ചായത്താണ് നമ്മുടേത്. ഇത്രയും വിസ്തൃതിയും ജനസംഖ്യയുമുള്ള ഗ്രാമപഞ്ചായത്തിൽ ഒരു പ്രൈമറി ഹെൽത്ത് സെന്റർ (അലോപ്പതി), ഒരു ഹോമിയോ ഡിസ്പെൻസറി, 2 ആയുർവ്വേദ ഡിസ്പെൻസറികൾ എന്നിവയാണ് സർക്കാർ മേഖലയിൽ പ്രവർത്തിക്കുന്നത്. കൂടാതെ സ്വകാര്യ മേഖലയിൽ മടത്തറ, പാലോട്, പെരിങ്ങമ്മല, തെന്നൂർ, ഇടിഞ്ഞാർ എന്നീ പ്രദേശങ്ങളിൽ ഡിസ്പെൻസറികൾ പ്രവർത്തിക്കുന്നുണ്ട്. മർമ്മചികിത്സ, വംശീയചികിത്സ. ഒറ്റമൂലി ചികിത്സ തുടങ്ങിയവ ഫലപ്രദമായി നടത്തുന്ന സ്ഥാപനങ്ങളും വ്യക്തികളും ഈ പഞ്ചായത്തിൽ ഉണ്ട്.

## പ്രൈമറി ഹെൽത്ത് സെന്റർ, പെരിങ്ങമ്മല

1989 ൽ പെരി: കേന്ദ്രമാക്കി പ്രവർത്തനം ആരംഭിച്ച ഏക അലോപ്പതി ചികിത്സാകേന്ദ്രമാണ് പെരി: പ്രൈമറി ഹെൽത്ത് സെന്റർ, പഞ്ചായത്തു വക കെട്ടിടത്തിലാണ് O.P വിഭാഗം മാത്രമുള്ള ഈ സ്ഥാപനം പ്രവർത്തിക്കുന്നത്. 1992 കാലഘട്ടത്തിൽ ആശുപത്രിക്കുവേണ്ടി വാങ്ങിയ സ്ഥലത്ത് M.P. ഫണ്ട് ഉപയോഗിച്ച് ഒരു കെട്ടിടം പണിതെങ്കിലും, വൈദ്യുതി കണക്ഷൻ, കുടിവെള്ളം എന്നിവയുടെ അഭാവത്താൽ പ്രവർത്തനം ആരംഭിച്ചിട്ടില്ല. ബുധനാഴ്ചകളിൽ കുട്ടികൾക്കുള്ള പ്രതിരോധകുത്തിവെയ്പുകളും, വ്യാഴാഴ്ചകളിൽ ഗർഭിണികൾക്കുള്ള പരിശോധനയും, ചികിത്സയും നടത്തി വരുന്നുണ്ട്. ഈ ആശുപത്രിയിൽ ഒരു ഡോക്ടറും, 7 ജീവനക്കാരും, ആണ് ഉള്ളത് കൂടാതെ ഫീൽഡ് വർക്ക് ചെയ്യുന്നതിനു 7 ജീവനക്കാരും ഉണ്ട്. നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ കീഴിൽ മടത്തറ, ഇലവുപാലം, പെരിങ്ങമ്മല, കൊച്ചുകരിക്കകം, ഇടിഞ്ഞാർ എന്നീ സ്ഥലങ്ങളിൽ സബ്സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്.

## ഹെൽത്ത് സെന്ററിന്റെ പരിമിതികൾ

1. സ്വന്തമായി കെട്ടിടം ഇല്ലായ്മ
2. സ്റ്റാഫിന്റെ അപര്യാപ്തത
3. വാഹനസൗകര്യമില്ലായ്മ
4. രോഗികളെ കിടത്തി ചികിത്സിപ്പിക്കുവാനുള്ള സംവിധാനത്തിന്റെ അഭാവം
5. ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളിലും സബ്സെന്ററിന്റെ അഭാവം
6. ലബോറട്ടറി, എക്സ്റേ, ഇ.സി.ജി തുടങ്ങിയവയുടെ അഭാവം
7. സാനിട്ടറി, വൈദ്യുതി എന്നിവയുടെ അഭാവം
8. നിലവിലുള്ള സബ് സെന്ററുകളിൽ അടക്കം മുഴുവൻ സമയ പ്രവർത്തകരായ ഡോക്ടർമാരുടെ അഭാവം
9. ജനസംഖ്യാ ആനുപാതികമായി കുടുംബക്ഷേമ കേന്ദ്രങ്ങളുടെ അഭാവം
10. ആരോഗ്യസംരക്ഷണത്തെ കുറിച്ചുള്ള ബോധവത്കരണത്തിന്റെ കുറവ്

## നിർദ്ദേശങ്ങൾ

1. ആശുപത്രിക്കുവേണ്ടി പെരി: സ്വന്തമായി നിർമ്മിച്ചിട്ടുള്ള കെട്ടിടത്തിൽ പ്രവർത്തനം ആരംഭിക്കുക
2. ഡോക്ടർമാർ, നഴ്സുമാർ, മറ്റ് ജീവനക്കാർ എന്നിവരെ ആവശ്യത്തിന് നിയമിക്കുക.
3. P.H.C. യ്ക്ക് സ്വന്തമായി വാഹനവും, രോഗികൾക്കായി ആംബുലൻസും ഏർപ്പെടുത്തുക.
4. 100 കിടക്കകളും, എല്ലാ വിഭാഗത്തിലും പെട്ട സ്പെഷ്യലിസ്റ്റ് വിഭാഗങ്ങളും, എല്ലാവിധ അത്യാധുനിക ഉപകരണങ്ങളുമുള്ള ആശുപത്രിയായി വികസിപ്പിക്കുക.
5. സ്റ്റാഫ് കോട്ടേർസ് പണിയുക.
6. ഇലവുപാലത്തിൽ പ്രൈമറി ഹെൽത്ത് സെന്റർ സ്ഥാപിക്കുക.
7. പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കുവേണ്ടി ഇടിഞ്ഞാറിൽ പണി പൂർത്തിയായി കിടക്കുന്ന സബ്സെന്ററിനെ പ്രൈമറി ഹെൽത്ത് സെന്ററായി ഉയർത്തുക.
8. നിലവിൽ സബ് സെന്ററുകൾ ഇല്ലാത്ത വാർഡുകളിൽ കൂടി സബ് സെന്ററുകൾ ആരംഭിക്കുക.
9. ആരോഗ്യശീലത്തെ കുറിച്ച് ആശുപത്രിയുടെ നേതൃത്വത്തിൽ ബോധവൽക്കരണം നടത്തുക.
10. സബ് സെന്ററുകളുടെ ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.
12. പഞ്ചായത്തടിസ്ഥാനത്തിൽ വർഷത്തിൽ ഒരിക്കലും എസ്റ്റേറ്റുമേഖലകൾ- പട്ടികജാതി-പട്ടികവർഗ്ഗ സങ്കേതങ്ങൾ, ലക്ഷംവീട് കോളനികൾ എന്നിവിടങ്ങളിൽ 2 മാസത്തിൽ ഒരിക്കലെങ്കിലും സൗജന്യ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുക.
13. ഗ്രാമപഞ്ചായത്തിലെ പോട്ടോമാവ് പ്രദേശത്ത് കാണുന്ന മന്ത്, കുഷ്ഠം എന്നീ രോഗങ്ങൾ തടയുന്നതിന് ഫൈലേറിയ, ലെപ്രസ്സി എന്നിവയുടെ യൂണിറ്റുകൾ ആരംഭിക്കുക.
14. എസ്റ്റേറ്റ് ആശുപത്രികളിൽ ഡോക്ടർമാരുടെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ ഫലപ്രദമാക്കുക.
15. സ്കൂൾ ഹെൽത്ത് പ്രോഗ്രാം കൂടുതൽ കാര്യ

| Name of Institution | Year of foundation | Categories of Staff | |
|---|---|---|---|
| PHC-Peringamala<br>Population-36685<br>Male-15900<br>Female-17160<br>Children-3625<br>Total Houses-7902 | 1989 | Asst. Surgeon<br>Pharmasist<br>Nursing Assistant<br>Hos. Attender Grade II<br>P.T.S<br>Clerk<br>Peon | 1<br>1<br>1<br>1<br>1<br>1<br>1 |

FIELD STAFF

| Category Staff | Nos. | Area alloted |
|---|---|---|
| HI | 1 On Deputation | PHC Peringamala |
| JHI Grade I | 1 On Vaccant | |
| JHI Grade II | 2 | Madattara,<br>Idinjar, Brimoor, Ponmudi |
| JPHN | 5 | 1. കൊച്ചുകരിക്കകം<br>2. ഇടിഞ്ഞാർ<br>3. പെരിങ്ങമല<br>4. ഇലവ് പാലം<br>5. മടത്തറ |

## ANGANWADIS

| | |
|---|---|
| No. of Anganwadis | 35 |

## SUBCENTRES

| SL.No. | Location | Building | | Remarks |
|---|---|---|---|---|
| | | own | Rented | |
| 1. | കൊച്ചുകരിക്കകം | ✓ | | - |
| 2. | ഇടിഞ്ഞാർ | | ✓ | Building Construction not shifted |
| 3. | പെരിങ്ങമല | ✓ | | - |
| 4. | ഇലവുപാലം | | ✓ | No land or Building |
| 5. | മടത്തറ | | ✓ | No land or Building |

## IMMUNISATION STATUS 95 96

| | | Male | Female | Total |
|---|---|---|---|---|
| 1. | DPT III | 242 | 245 | 487 |
| | OPU | | | |
| 2. | B C G | 107 | 96 | 203 |
| 3. | Measles | 213 | 220 | 433 |
| 4. | DPT B. | 196 | 184 | 380 |
| | OPU | | | |
| 5. | DT B | 211 | 208 | 419 |
| 6. | TT 10 year | 401 | 398 | 799 |
| 7. | TT 16 Year | 389 | 379 | 767 |
| 8. | 3 TT Mother I | 227 | | 458 |
| | II | 231 | | |

Vit A proplylar's (വൈറ്റമിൻ എ)

| Vit A | Male | Female | Total |
|---|---|---|---|
| ID | 250 | 225 | 475 |
| 2D | 224 | 190 | 414 |
| 3D | 236 | 236 | 572 |
| 4D | 247 | 241 | 488 |
| 5D | 332 | 332 | 664 |

| | |
|---|---|
| Amlenal Regd | 208 |

| | | |
|---|---|---|
| Birth | Male | 113 |
| | Female | 106 |
| Total | | 219 |

(ഇരുമ്പു ഗുളിക)
IRON FOLLIC ACID

| | | | |
|---|---|---|---|
| IFA-Large | | initiated | 204 |
| | | Coupled | 148 |
| | Small | Male | 414 |
| | | Female | 419 |

Disease Classificationþ 95-96

| | |
|---|---|
| Influenzaþ | 4578 |
| Chicken poxþ | 20 |
| Viral Lepatutsþ | 06 |
| Disentryþ | 515 |
| Diarrhoeaþ | 496 |
| Mumpsþ | 14 |
| Resp. Infection | 3710 |
| Pnemoniaþ | 07 |
| Other diseases | 3600 |
| Total | 12,946 |

| | |
|---|---|
| ഒരു വയസ്സിനു താഴെ പ്രായമുള്ള കുട്ടികൾ | 582 |
| 1–2 | 381 |
| 2–3 | 454 |
| 3–5 | 1297 |
| ഗർഭിണികളുടെ എണ്ണം | 208 |
| പ്രത്യേക പരിചരണം | 32 |
| ആവശ്യമുള്ള എണ്ണം | |
| മുലയൂട്ടുന്ന അമ്മമാരുടെ എണ്ണം | 234 |
| അനുപൂരക പോഷകാഹാരം ലഭിക്കുന്ന കുട്ടികളുടെ എണ്ണം | 625 |
| ,, ഗർഭിണികളുടെ എണ്ണം | 90 |
| ,, മുലയൂട്ടുന്ന അമ്മമാരുടെ എണ്ണം | 92 |

ക്ഷമമാക്കുക

## ആയുർവേദം

ആതുര ശുശ്രൂഷാ രംഗത്ത് നൂറ്റാണ്ടുകളുടെ പാരമ്പര്യം അവകാശപ്പെടാവുന്ന ഭാരതത്തിന്റെ തനതു ചികിത്സാസമ്പ്രദായമാണ് ആയുർവേദം. പഞ്ചകർമ്മ ചികിത്സ, മർമ ചികിത്സ, നേത്രരോഗ ചികിത്സ, ത്വക്ക്, വിഷരോഗ ചികിത്സ തുടങ്ങി ബാഹ്യവും ആന്തരികവുമായി മനുഷ്യർക്കും മൃഗങ്ങൾക്കും ഉണ്ടാകാവുന്ന എല്ലാതരം രോഗങ്ങൾക്കും ആയുർവേദത്തിൽ ചികിത്സ നിർദ്ദേശിക്കുന്നുണ്ട്. നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ പകുതിയിൽ ഏറെ വരുന്ന ഭാഗം വൈവിധ്യമാർന്ന നിരവധി ഔഷധ സസ്യങ്ങളാൽ സമ്പുഷ്ടമാണെന്നുള്ളത് നമ്മുടെ പഞ്ചായത്തിന്റെ പ്രത്യേകതയാണ്. ഇക്കാരണത്താൽ മുഴുവൻ ജനവിഭാഗങ്ങൾക്കും ഉപയോഗപ്രദമാകുന്ന തരത്തിൽ ആയുർവേദ ചികിത്സാരീതി വ്യാപിപ്പിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും വരും കാലപദ്ധതിയിൽ ആവശ്യമായി പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്. നമ്മുടെ ഗ്രാമപഞ്ചായത്തിൽ പാലോട് പ്രവർത്തിക്കുന്ന ഗവ: ആയുർവേദ ആശുപത്രിയെ കൂടാതെ പട്ടികവർഗ്ഗക്കാർക്കായി ഇടിഞ്ഞാർ കേന്ദ്രമാക്കി ഒരു ട്രൈബൽ ആയുർവേദ ആശുപത്രിയും പ്രവർത്തിക്കുന്നുണ്ട്.

### പ്രശ്നങ്ങൾ:–

നൂറ്റാണ്ടുകളുടെ പഴക്കമുള്ള ഈ ചികിത്സാരംഗം ഇന്ന് നിരവധി വെല്ലുവിളികൾ നേരിടുകയാണ്.

ഗവ: ആയുർവേദ ആശുപത്രി, പാലോട്

30–3–1977 ൽ ഡിസ്പെൻസറിയായി പ്രവർത്തനമാരംഭിച്ച ടി സ്ഥാപനം 2–4–1982 ൽ അപ്ഗ്രേഡ് ചെയ്ത് 10 കിടക്കകളോടു കൂടിയ ആശുപത്രിയായി ഉയർത്തപ്പെട്ടു. എങ്കിലും 18–5 1995 വരേയ്ക്കും ഈ സ്ഥാപനം വളരെ പരിമിതമായ സ്ഥലപരിധിയ്ക്കുള്ളിലുള്ള വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ചു വന്നിരുന്നത് 1995– മേയ് മാസം 18–ാം തീയതി മുതൽ ടി സ്ഥാപനം സ്വന്തം കെട്ടിടത്തിൽ പ്രവർത്തനം ആരംഭിക്കുകയുണ്ടായി.

### പ്രശ്നങ്ങൾ

1. പെരിങ്ങമ്മല പഞ്ചായത്തിൽ ടി വില്ലേജിൽപ്പെട്ട റിസർവ്വേ 2318/1–3–5 ൽ 16 1/2 സെന്റ് ഭൂ വിസ്തൃതിക്കുള്ളിൽ പഞ്ചായത്തിന്റെ JRY സ്കീമിൽപ്പെടുത്തി നിർമ്മിച്ചു നല്കിയ അതാണ് 400 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഒരു വാർഡും. ടി വസ്തുവിൽ നിലവിലുണ്ടായിരുന്ന 750 ചതുരശ്ര അടിയോളം വിസ്തൃതിയുള്ള ഒരു ഓടുമേഞ്ഞ പഴയ കെട്ടിടവും മാത്രമാണ് ഇന്നും നിലവിലുള്ളത്. രോഗികൾക്ക് വേണ്ടുന്ന ലാറ്റ്ട്രിൻ സൗകര്യങ്ങളോ, അഴുക്കുചാലോ, ജലലഭ്യതയോ ഇപ്പോഴും ഈ സ്ഥാപനത്തിൽ വളരെ പരിമിതമോ ഒരു പക്ഷേ ഇല്ല എന്നു തന്നെയോ പറയാവുന്നതാണ്.

2. നിലവിലുള്ള അവസ്ഥയും, രോഗികളും പെരിങ്ങമ്മല പഞ്ചായത്തിൽപ്പെട്ടതാണ് (ഈ

സ്ഥാപനമെങ്കിലും) ഒരു താലൂക്ക് ആശുപത്രിയുടെ രീതിയിൽ പ്രവർത്തിച്ചുവരികയാണിത്. അടുത്ത ജില്ലയായ കൊല്ലം ജില്ലയിലെ കുളത്തൂർപ്പുഴ, ചിതറ, കടയ്ക്കൽ തുടങ്ങിയ പഞ്ചായത്തുകളിൽ നിന്നും നെടുമങ്ങാട് താലൂക്കിലെ തന്നെ പാങ്ങോട്, കല്ലറ, നന്ദിയോട്, വിതുര, ആര്യനാട് തുടങ്ങിയ പഞ്ചായത്തുകളിൽ നിന്നും, പെരിങ്ങമ്മല പഞ്ചായത്തിനു പുറമേ ഈ സ്ഥാപനത്തിൽ ദൈനംദിനം രോഗികൾ എത്തി ചികിത്സ നേടിക്കൊണ്ടിരിക്കുന്നു. ഓരോ ദിവസവും 150 ൽ കുറയാതെയുള്ള (ഔട്ട് പേഷ്യന്റ്) രോഗികൾ ചികിത്സ തേടി എത്തുന്ന ഈ സ്ഥാപനത്തിൽ 10 കിടക്ക വളരെ പരിമിതമാണ്.

3. മരുന്നും മറ്റ് സൗകര്യങ്ങളും

10 കിടക്കകളുള്ള ഈ സ്ഥാപനത്തിൽ ഒരു വർഷത്തേയ്ക്ക് അനുവദിച്ചുകിട്ടുന്ന മരുന്ന്, ഭക്ഷണച്ചെലവുകൾ ഇവ വളരെ പരിമിതമാണ്. ഇന്നത്തെ അവസ്ഥയിൽ ശരാശരി ആണ്ടിൽ 37500-ഉം ഔട്ട് പേഷ്യന്റും, 4325 ഉം കിടപ്പു രോഗികളും ഉണ്ടാകാറുണ്ട് എന്നതു തന്നെ പ്രശ്നങ്ങൾ സങ്കീർണ്ണമാക്കുന്നു. ഇവിടെ എത്തപ്പെടുന്ന എല്ലാ രോഗികൾക്കും ആവശ്യം വേണ്ടുന്ന ചികിത്സയും, ശുശ്രൂഷയും നല്കുന്നതിന് നിലവിൽ കഴിയുന്നില്ല.

ചികിത്സയ്ക്കും ശുശ്രൂഷയ്ക്കും ആവശ്യമായ ഉപകരണങ്ങൾ ഇന്ന് സ്ഥാപനത്തിന്നില്ല. പഞ്ചകർമ്മ ചികിത്സയ്ക്ക് വേണ്ട തോണി, ധാരാ ഉപകരണങ്ങൾ തുടങ്ങിയത് അവയിൽ ചിലതു മാത്രം.

4.ജീവനക്കാർ

ഒരു സീനിയർ മെഡിക്കൽ ഓഫീസറും ഫാർമസിസ്റ്റും 2 നെഴ്സുമാരും 2 അറ്റൻഡർമാരും കുക്കും സാനിട്ടേഷൻ വർക്കറും ഉൾപ്പെടെ 8 ജീവനക്കാരാണ് ഇന്ന് ഇവിടെ നിലവിലുള്ളത്. നൈറ്റ് ഡ്യൂട്ടി ഉൾപ്പെടെയുള്ള ഡ്യൂട്ടിക്കാർക്ക് യൂണിഫോം മാറുന്നതിനോ, വിശ്രമിക്കുന്നതിനോ ഉള്ള സൗകര്യം പരിമിതമാണ്. അവശ്യം ഫർണിച്ചറുകളും മറ്റ് ഉപകരണങ്ങളും നിലവില്ലാത്തതും ബുദ്ധിമുട്ടുണ്ടാക്കുന്നു.

5. ചികിത്സാരംഗത്തേക്കുള്ള മറ്റു വിഭാഗങ്ങളുടെ കടന്നുകയറ്റവും അവയുടെ ആധുനിക ശാസ്ത്രസാങ്കേതിക പ്രബലതയും.

6. ആധുനിക കാലഘട്ടത്തിന്റെ തിരക്കും സമയക്കുറവും ജനങ്ങൾക്ക് ഈ സമ്പ്രദായം അനുവർത്തിച്ച് രോഗം ഭേദമാക്കുവാൻ തടസ്സമായി നില്ക്കുന്നു.

7. ഇന്നത്തെ നമ്മുടെ വനം പരിസ്ഥിതി പ്രശ്നങ്ങളും, പാർപ്പിട പ്രശ്നങ്ങളും കാരണം ആവശ്യാനുസരണം ആയുർവേദമരുന്ന് നിർമ്മാണത്തിനു ആവശ്യമായ വിവിധയിനം അസംസ്കൃത വസ്തുക്കൾ ദുർലഭമായി തീർന്നിരിക്കുന്നു.

8. ആയതിനാൽ തന്നെ മറ്റു വിഭാഗം ചികിത്സാസമ്പ്രദായങ്ങളെ അപേക്ഷിച്ചു ഈ ചികിത്സാരീതിയിൽ ചെലവ് ഏറുന്നു. ഇതുപോലെയുള്ള നിരവധി ചെറുതും വലുതുമായ പ്രശ്നങ്ങൾ ഈ ചികിത്സാസമ്പ്രദായത്തിന്റെ വളർച്ചയ്ക്ക് മുരടിപ്പേകുന്നു.

## നിർദ്ദേശങ്ങൾ

1. ഈ സ്ഥാപനത്തിൽ ജല ദൗർലഭ്യം എന്നും പ്രശ്നമാകയാൽ വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ടു വാട്ടർ കണക്ഷൻ സ്ഥാപിക്കുകയും, നിലവിൽ മഴക്കാലം കഴിഞ്ഞാൽ ജലം ലഭ്യമല്ലാത്ത കിണർ ആഴത്തിൽ കുഴിച്ച് പമ്പ് സെറ്റ് സ്ഥാപിക്കുകയും ചെയ്യുക. ജലം ശേഖരിച്ച് വിതരണം ചെയ്യുന്നതിന് ഒരു വാട്ടർ ടാങ്ക് പണിയുക.

2. കിടപ്പു രോഗികളുടെ വാർഡുമായി ബന്ധപ്പെടുത്തി രണ്ട് ലാട്രിനുകൾ, കുളിമുറികൾ എന്നിവ പണിയുക.

3. അടിയന്തിരമായി മലിന ജലം ഒഴുക്കി കളയുന്നതിന് വേണ്ട അഴുക്കു ചാലുകളും, മറ്റ് സൗകര്യങ്ങളും ഉണ്ടാക്കുക.

4. നിലവിലുള്ള കുട്ടികൾക്ക് വേണ്ടുന്ന ബഡ്ഷീറ്റ്, തലയിണ, മറ്റ് സൗകര്യങ്ങൾ ഉണ്ടാക്കുക.

5. ഡവലപ്മെന്റ് 'കമ്മിറ്റിയുടെയും, സൗഹൃദസമിതിയുടേയും പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തി രോഗികൾക്ക് വേണ്ടി പുറമേ നിന്നും മരുന്നും മറ്റ് സൗകര്യങ്ങളും ശേഖരിക്കുക.

6. പഞ്ചകർമ്മ ചികിത്സക്ക് വേണ്ടി തോണി, വസ്തിയന്ത്രം, ധാരാ ഉപകരണങ്ങളും ലഭ്യമാക്കുക.

7. ഇന്നത്തെ ഭൂവിലയിൽ കൂടുതൽ സ്ഥലം കണ്ടെത്തുന്നതിനേക്കാൾ നിലവിലുള്ള വാർഡിനു മുകളിലായി ഒരു നിലയും, പഴയകെട്ടിടം പൊളിച്ചുമാറ്റി ആ സ്ഥലത്ത് 3 നിലകളുള്ള ഒരു കെട്ടിടവും പണിയുക.

പഞ്ചകർമ്മം, മർമ്മം, നേത്രം, ത്വക്ക്, വിഷം തുടങ്ങിയ എല്ലാ വിഭാഗം ചികിത്സകളും ഉൾപ്പെടുത്തി 50 കിടക്കകളുള്ള സ്ഥാപനമായി ഉയർത്തുകയും, അതിനാവശ്യമായ ജീവനക്കാരെ ഗവ: മായി ബന്ധപ്പെട്ട് നിയമിക്കുകയും ചെയ്യുക.

8. ആംബുലൻസ്

വളരെ വിസ്തൃതമായ ഈ പഞ്ചായത്ത് മേഖലയിൽ ടി സ്ഥാപനവുമായി ബന്ധപ്പെടുത്തി (പാലോട്) പഞ്ചായത്ത് ഒരു ആംബുലൻസ് സർവീസ് ആരംഭിക്കുന്ന പക്ഷം അത് ഈ പ്രദേശത്തേയ്ക്കും പരിസര പ്രദേശങ്ങളിലേയ്ക്കും,

ജനങ്ങൾക്ക് വളരെ ഉപകാരപ്രദവും, ആശ്വാസ വുമായിരിക്കും.

9. ഗിരിജന ക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്നതായ ആയുർവേദ ഡിസ്പെൻസറിയെ എല്ലാ വിഭാഗം ജനങ്ങൾക്കുമായുള്ള ആശുപത്രിയായി ഉയർത്തണം.

10. വാമനപുരം ബ്ലോക്കിന്റെ മൊത്തം വിസ്തൃതിയുടെ പകുതിയിൽ കൂടുതൽ വിസ്തൃതിയുള്ള ടി പഞ്ചായത്തിലെ ഒന്നാം വാർഡ് കേന്ദ്രമാക്കി മടത്തറയിൽ ഒരു ആയുർവേദ ആശുപത്രി സ്ഥാപിക്കുക.

11. പകുതിയിലേറെ വനപ്രദേശമുള്ള ഈ പഞ്ചായത്തിൽ വിഷ ചികിത്സയ്ക്കായി പത്താം വാർഡ് കേന്ദ്രമാക്കി ഒരു വിഷ ചികിത്സാകേന്ദ്രം ആരംഭിക്കുക.

12. ഞാറനീലിയിൽ ട്രൈബൽ ഡവലപ്മെന്റിന്റെ വക 12 ഏക്കർ സ്ഥലത്ത് ആയുർവേദ മരുന്നുകളുടെ ഔഷധത്തോട്ടം നിർമ്മിക്കുന്നതിന് പദ്ധതി തയ്യാറാക്കുക.

13. ധാരാളം ടൂറിസ്റ്റുകൾ (വിദേശികളും, സ്വദേശികളും) വന്നു ചേരുന്ന പൊന്മുടി കേന്ദ്രമാക്കി ഒരു ആയുർവേദ പഞ്ചകർമ്മ ചികിത്സാകേന്ദ്രവും, മാനേജ് സെന്ററും പ്രകൃതി ചികിത്സാ കേന്ദ്രവും ആരംഭിക്കുക.

## സവിശേഷത, സാദ്ധ്യത

മറ്റേതൊരു ചികിത്സാ സമ്പ്രദായത്തിൽ നിന്നും വ്യത്യസ്തമായി ഈ രീതിക്ക് പാർശ്വ ഫലങ്ങൾ ഉണ്ടാകില്ലായെന്നത് ആയുർവേദ ചികിത്സയുടെ മാത്രം പ്രത്യേകതയാണ്. മാത്രമല്ല നമ്മുടെ നാട്ടിൻപുറങ്ങളിൽ നിന്നും വാസസ്ഥലങ്ങളിൽ നിന്നും ഈ ചികിത്സയ്ക്കാവശ്യമായ വിവിധയിനം അസംസ്കൃത ഔഷധങ്ങൾ ശേഖരിക്കുവാൻ കഴിയും എന്നതൊരനുഗ്രഹമാണ്. അതുപോലെ തന്നെ ഈ ചികിത്സാരീതിയിൽ പ്രാവീണ്യം നേടിയ നിരവധി പ്രഗത്ഭന്മാരായ പാരമ്പര്യ വൈദ്യന്മാരും, നാട്ടു വൈദ്യന്മാരും നമുക്ക് ഉണ്ട് എന്നതും മറ്റൊരു പ്രത്യേകതയാണ്.

## അനുബന്ധം 2

### പെരിങ്ങമ്മല ഗ്രാമപഞ്ചായത്ത്

### 7.1 സ്ഥാപന വിവരങ്ങൾ

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ഇനം | കെട്ടിടം സ്വന്തം/ വാടക | ഉദ്യോഗസ്ഥരുടെ എണ്ണം | സ്ഥാപിച്ച വർഷം | സ്ഥാപന പരമായ പ്രശ്നങ്ങൾ |
|---|---|---|---|---|---|---|
| I | ഗവ: ആയുർവേദ ആശുപത്രി പാലോട് | ഇൻഡ്യൻ സിസ്റ്റം ഓഫ് മെഡിസിൻ | സ്വന്തം | 8 എണ്ണം | 30-3-1977 | അനുബന്ധം |
| II | ഗവ: ട്രൈബൽ ആയുർവേദ ആശുപത്രി ഇടിഞ്ഞാർ | ,, | വാടക | 3 എണ്ണം | | |

7.5 മറ്റ് ആരോഗ്യസ്ഥാപനങ്ങളിൽ നിന്നും വിവരം ശേഖരിക്കാൻ

| വർഷം | ഇൻ പേഷ്യന്റ് എണ്ണം | ഔട്ട് പേഷ്യന്റ് എണ്ണം | രോഗങ്ങൾ സംബന്ധിച്ച വിവരം പ്രതിവർഷം (എണ്ണം) | | | | | |
|---|---|---|---|---|---|---|---|---|
| | | | ത്വക്ക് രോഗം | വാതരോഗം (എല്ലാവിഭാ-ഗങ്ങളും) | പകർച്ച വ്യാധി കൾ | വിഷ ചികിത്സ പാമ്പുകടി etc.) | മറ്റുള്ള രോഗങ്ങൾ | ആകെ |
| 92–93 | 2,488 | 48,588 | 12,968 | 26,238 | 7,638 | 638 | 3,596 | |
| 93–94 | 2,968 | 49,789 | 11,864 | 28,019 | 6,438 | 1,748 | 4,688 | |
| 94–95 | 3,010 | 48,731 | 13,637 | 32,553 | 527 | 410 | 4,611 | |
| 95–96 | 3,196 | 33,544 | 9,848 | 25,684 | 236 | 368 | 604 | |

## ഹോമിയോ

നമ്മുടെ പഞ്ചായത്തിലെ ഏക ഹോമിയോ ആശുപത്രിയാണ് കൊച്ചുകരിക്കകത്തിൽ സ്ഥിതിചെയ്യുന്ന ഗവ: ഹോമിയോ ആശുപത്രി. ഇതിന് കാൽ നൂറ്റാണ്ടോളം പഴക്കമുണ്ട്. വളരെ പഴക്കം ചെന്ന ഒരു കെട്ടിടത്തിലാണ് ഇത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. രോഗികൾക്ക് ആവശ്യമുള്ള മിക്ക മരുന്നുകളും ഇവിടെ ലഭ്യമാണ്. എങ്കിൽ തന്നെയും പഞ്ചായത്തിലെ മുഴുവൻ ജനവിഭാഗങ്ങൾക്കും ഉപയോഗപ്പെടുത്തുവാൻ കഴിയുന്നില്ല. കെട്ടിടം സുരക്ഷിതമല്ലാത്തതിനാൽ വില പിടിപ്പുള്ള മരുന്നുകളും, റെക്കോർഡുകളും സൂക്ഷിക്കുവാൻ ബുദ്ധിമുട്ട് അനുഭവപ്പെടുന്നു.

### പ്രശ്നങ്ങൾ

1. ഹോമിയോ ചികത്സാ സമ്പ്രദായത്തെക്കുറിച്ചും പ്രശ്നത്തെക്കുറിച്ചും ജനങ്ങൾക്കുള്ള വേണ്ടത്ര ധാരണയില്ലായ്മ.
2. ഭൗതിക സൗകര്യങ്ങളുടെ അഭാവം.
3. ഫർണിച്ചറുകളുടെ അപര്യാപ്തത.

### നിർദ്ദേശങ്ങളും പരിഹാരമാർഗ്ഗങ്ങളും

(1) ഇക്: കോളേജ് ട്രസ്റ്റ് സംഭാവനയായി നല്കിയിട്ടുള്ള സ്ഥലത്ത് ആധുനിക സൗകര്യങ്ങളോട് കൂടിയ ബഹുനില കെട്ടിടം നിർമ്മിച്ച് പ്രവർത്തനം ആരംഭിക്കുക.

(2) ഹോമിയോ ചികിത്സാരീതിയെക്കുറിച്ച് ആളുകളെ ബോധവാന്മാരാക്കുവാൻ സെമിനാറുകളും, ബോധവത്കരണ ക്യാമ്പുകളും സംഘടിപ്പിക്കുക.

(3) ഗ്രാമപഞ്ചായത്തിന്റെ പ്രധാന കേന്ദ്രങ്ങളായ മടത്തറ, ഇലവുപാലം, പാലോട്, ഇടിഞ്ഞാർ എന്നിവിടങ്ങളിൽ ഓരോ ഹോമിയോ ആശുപത്രികൾ ആരംഭിക്കുക.

## കുടിവെള്ളം

ശുദ്ധമായ ജലവും, ശുദ്ധവായുവും ആരോഗ്യമുള്ള ഒരു രാഷ്ട്രം കെട്ടിപ്പടുക്കുന്നതിന് അത്യന്താപേക്ഷിതമായ ഘടകങ്ങളാണ്. 1991-ലെ സെൻസസ് പ്രകാരം 30144 ജനങ്ങളും. അധിവസിക്കുന്ന നമ്മുടെ ഗ്രാമപഞ്ചായത്തിലെ നിലവിലുള്ള ജല വിതരണ സമ്പ്രദായം വളരെ അപര്യാപ്തമാണ്. മറ്റേതൊരു പഞ്ചായത്തിനേക്കാളും ജലസ്രോതസ്സുകൾ കൊണ്ട് അനുഗ്രഹീതമാണ് നമ്മുടെ പഞ്ചായത്ത്. ഈ ജല സ്രോതസ്സുകളെ വേണ്ടവിധത്തിൽ വിനിയോഗിക്കുവാൻ കഴിഞ്ഞാൽ ശുദ്ധജലവിതരണ രംഗത്ത് നമുക്ക് സ്വയംപര്യാപ്തത കൈവരിക്കാൻ കഴിയും. നിലവിലുള്ള ജലവിതരണം തന്നെ പല പ്രദേശങ്ങളിലും ഇന്ന് ഉപയോഗശൂന്യമായ അവസ്ഥയിലാണ്. ഗ്രാമപഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളും കുടിവെള്ളത്തിനായി കിണറുകൾ, കുളങ്ങൾ, പുഴകൾ എന്നിവയെയാണ് ആശ്രയിക്കുന്നത്. ഗ്രാമപഞ്ചായത്തിലെ 4-ാം വാർഡിൽ വേൾഡ് ബാങ്കിന്റെ സഹായത്തോടുകൂടി നടപ്പിലാക്കിയിട്ടുള്ള പെരി: വാട്ടർ സപ്ലൈ സ്കീം, ഇടിഞ്ഞാർ-മങ്കയത്ത് സ്ഥാപിച്ചിട്ടുള്ള ട്രൈബൽ വാട്ടർ സപ്ലൈ സ്കീം എന്നിവ കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്നുണ്ട്. മേൽ പദ്ധതികൾ വേണ്ടവിധം പ്രവർത്തനക്ഷ

മമാക്കി House Connection-കൾ നല്കിയാൽ കുറേയധികം പ്രദേശങ്ങളിലെ ജലക്ഷാമം ഒഴിവാക്കാൻ കഴിയും, ഈ ഗ്രാമപഞ്ചായത്തിനകത്ത് 157 ഓളം പബ്ളിക് വാട്ടർ ടാപ്പുകളും, 30 ഓളം കുഴൽ കിണറുകളും 25 ഓളം പൊതു കിണറുകളും സ്ഥാപിച്ചിട്ടുണ്ട്. പഞ്ചായത്തിലെ ഓരോ വാർഡിലെ ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്ന നിർദ്ദേശങ്ങൾ പട്ടികയിൽ കൊടുത്തിരിക്കുന്നു.

### കുടിവെള്ള പ്രശ്നങ്ങളും പരിഹാരനിർദ്ദേശങ്ങളും

| വാർഡ് | പ്രശ്നമേഖല | നിർദ്ദേശിക്കുന്ന പരിഹാരമാർഗ്ഗം |
|---|---|---|
| I | പോട്ടോമാവ്, ശാസ്താംനട, | പോട്ടോമാവ്, ശാസ്താംനട, വേളിയൻകാല എന്നീ സ്ഥലങ്ങളിൽ പൊതുകിണറുകൾ സ്ഥാപിക്കുക. വേളിൻകാല അംഗൻവാടിക്കു സമീപമുള്ള കുളം ഉപയോഗപ്രദക്കുക. കേരളവാട്ടർ അതോറിട്ടി നടപ്പിലാക്കുന്ന ജലസേചനപദ്ധതികൾ പ്രയോജനപ്പെടുത്തുക. |
| II | കൊല്ലായിൽ | കൊല്ലായിൽ വാർഡിന്റെ എല്ലാഭാഗത്തും കുടിവെള്ളം ലഭ്യമാക്കുക. പാവപ്പെട്ടകുടുംബങ്ങൾക്ക് സൗജന്യമായി കിണർ കുഴിച്ചുനൽകുക. ലോകബാങ്കിന്റെ സഹായത്തോടെ ചിതറപഞ്ചായത്തിൽ നടപ്പിലാക്കിയ ശുദ്ധജലപദ്ധതി വാർഡിൽ കൂടി ലഭ്യമാക്കുക. നിലവിലുള്ള കിണറുകൾ ശുദ്ധമാക്കി ഉപയോഗിക്കുക. |
| III | ചല്ലിമുക്ക്-ജവഹർ കോളനി | ചിപ്പൻചിറ, ചല്ലിമുക്ക്, തുടങ്ങിയ പ്രദേശങ്ങളിലേക്ക് വാട്ടർസപ്ലൈ സ്കീം നടപ്പിലാക്കുക. ജവഹർ കോളനിUPS-ൽ കുടിവെള്ളത്തിനുള്ളസൗകര്യം എത്തിക്കുക. ജവഹർ കോളനി ലക്ഷംവീട് പ്രദേശത്ത് ശുദ്ധജലം ലഭ്യമാക്കുക. ജവഹർ കോളനി അംഗൻവാടിക്കു പൊതുകിണർ സ്ഥാപിക്കുക. ദുർബല വിഭാഗങ്ങൾക്ക് സൗജന്യമായി കിണർ കുഴിച്ച് നൽകുക. |
| IV | ചിപ്പൻചിറ | വാർഡിൽ നിലവിലുള്ള പൈപ്പുലൈൻ അറ്റകുറ്റപ്പണികൾ ചെയ്ത് കുടിവെള്ള വിതരണം ഫലപ്രദമാക്കുക. പൊതുകിണറുകൾ വൃത്തിയാക്കുക. കുടിവെള്ള ക്ഷാമമുള്ള സ്ഥലങ്ങളിൽ പുതിയ കിണറുകൾ കുഴിക്കുക. TKM LP-സ്കൂളിൽ പുതുതായി പൈപ്പ് കണക്ഷൻ നൽകുക. |
| V | പെരിങ്ങമ്മല | ജലവിതരണം കാര്യക്ഷമമാക്കുക. കുശവൂർ കുന്നുംപുറംഭാഗത്ത് ഉള്ള വാട്ടർ ടാങ്ക് പ്രവ ർത്ത നക്ഷമമാക്കുക.കുണ്ടാളം കുഴിയിലെ വാട്ടർടാങ്കിലെ വെള്ള വിതരണം ഫലപ്രദമാക്കുക. വിദ്യാലയങ്ങളിൽ കുടിവെള്ളം എത്തിക്കുക. പാപ്പനംകോട് കുന്നുംപുറത്ത് കുടിവെള്ളം ലഭിക്കാൻ നടപടികൾ സ്വീകരിക്കുക. |
| VI | കൊച്ചുവിള | വാർഡിലെ കുടിവെള്ളക്ഷാമം പരിഹരിക്കുക. നിലവിലുള്ള പൈപ്പ്ലൈൻ പ്രവർത്തനക്ഷമമാക്കുകയും ഹൗസ്കണക്ഷൻ നൽകുകയും ചെയ്യുക. ബ്ളോക്കിൽ നിന്നും കുഴിപ്പിച്ചിട്ടുള്ള മൂന്ന് പൊതുകിണറുകളും പ്രവർത്തനക്ഷമമാക്കുക. |
| VII | ഇക്ബാൽ കോളേജ് | വാർഡിലെ കൊച്ചുകരിക്കകം, ദൈവപ്പുര, ഇക്ബാൽ കോളേജ് എന്നിവിടങ്ങളിലെ ജലവിതരണം സുഗമമാക്കുന്നതിന് വാർഡിലെ ചേന്നൻകുന്നിൽ ഒരു പമ്പ്ഹൗസും വാട്ടർടാങ്കും സ്ഥാപിക്കുക. അംഗൻ വാടികളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുക. |

| | | |
|---|---|---|
| VIII | തെന്നൂർ | വാർഡിന്റെ ഉയർന്ന പ്രദേശത്ത് ടാങ്ക് കെട്ടി വാമന പുരം നദിയിലെ ജലം പമ്പ് ചെയ്ത് ശേഖരിച്ച് വിത രണം ചെയ്യുക |
| IX | ഇടവം | പൊതുകിണറുകൾ കിഴിക്കുക. ദുർബല വിഭാഗങ്ങൾക്ക് കിണർകുഴിക്കാൻ സഹായം നൽകുക. |
| X | ഇടിഞ്ഞാർ | മങ്കയത്തുള്ള പമ്പ് സെറ്റിന്റെ പ്രവർത്തനം മെച്ചപ്പെടു ത്തുക. പുതിയ ലൈനുകൾ അനുവദിക്കുക. |
| XI | പൊന്മുടി | ലയങ്ങൾക്കു സമീപം കിണറുകൾ കുഴിക്കുക. |
| XII | മെർച്ചിസ്റ്റൺ | കുടിവെള്ളക്ഷാമം പരിഹരിക്കാൻ നടപടികൾ സ്വീകരി ക്കുക. |

# പരിസര ശുചിത്വം

വ്യവസായവത്കരണം കുറഞ്ഞ പ്രദേശമാകയാൽ പരിസരമലീകരണം അതീവ ഗുരുതരമല്ല. എങ്കിലും പഞ്ചായത്തിലെ മിക്ക വാർഡുകളിൽ നിന്നും ശുചീകരണത്തിന്റെ അഭാവങ്ങൾ ഗ്രാമസഭയിലൂടെ പൊന്തി വന്നിട്ടുണ്ട്. പ്രധാനമായും പെരിങ്ങമ്മല ജംഗ്ഷനിൽ സ്ഥിതിചെയ്യുന്നതും പഞ്ചായത്തിലെ പ്രധാന മാർക്കറ്റുകളിലൊന്നുമായ പെരി.ചന്തയും പരിസരവും മലീനീകരണത്തിന് ഉത്തമോദാഹരണമാണ്. ചന്തദിവസങ്ങളിൽ ഉപേക്ഷിക്കപ്പെടുന്ന ചപ്പുചവറുകളും തികച്ചും അപരിഷ്കൃതമായ രീതിയിൽ പ്രവർത്തിക്കുന്ന അറവുശാലയും, വഴിയാത്രക്കാരുടെ മല-മൂത്രവിസർജ്ജനവും, അലഞ്ഞുതിരിയുന്ന തെരുവ് നായ്ക്കളും ഇതിന് തെളിവാണ്.

പഞ്ചായത്തിലെ ഏകവ്യവസായ സ്ഥാപനമായ പൊൻമുടി പേപ്പർ മിൽസിൽ നിന്നും യാതൊരു തത്വദീക്ഷയുമില്ലാതെ നദിയിലേക്ക് ഒഴുക്കിവിടുന്ന മലിനജലം മനുഷ്യനും, ജന്തുക്കൾക്കും, സസ്യങ്ങൾക്കും ഒരുപോലെ ഭീഷണിയായി നില്ക്കുന്നു.

പരിസരമലിനീകരണത്തിനും, പൊതുജനാരോഗ്യപ്രശ്നത്തിനും കാരണമായി തീരുന്ന ഒരു മുഖ്യഘടകമാണ്. റബ്ബർ ഷീറ്റ് സംസ്കരണ റോളർ യന്ത്രം. റബ്ബർ ഉത്പാദനം വളരെ കൂടുതലുള്ള പഞ്ചായത്താകയാൽ വളരെയധികം ജനങ്ങളെ ഇത് ബാധിക്കുന്നു. ഇവിടെ നിന്നും പൊതു തോടുകളിലേയ്ക്കും, തുറസ്സായ സ്ഥലങ്ങളിലേയ്ക്കും ഒഴുക്കി വിടുന്ന ആസിഡുകലർന്ന മലിനജലം പല രോഗങ്ങൾക്കും കാരണമായിത്തീരുന്നു.

## നിർദ്ദേശങ്ങൾ

പെരിങ്ങമ്മല ചന്തയ്ക്ക് ഗേറ്റ് നിർമ്മിച്ച് ചന്ത ദിവസങ്ങളിൽ മാത്രം തുറന്ന് പ്രവർത്തിപ്പിക്കുകയും ചന്തയിലെ ചപ്പുചവറുകൾ അപ്പപ്പോൾ നീക്കം ചെയ്യുന്നതിനും സംരക്ഷിക്കുന്നതിനും പഞ്ചായത്തിലെ ഒരു ജീവനക്കാരനെ ചുമതലപ്പെടുത്തുകയും ആ ജോലി കൃത്യമായി നിർവ്വഹിക്കുന്നുണ്ടോ എന്ന് പരിശോധിക്കപ്പെടുകയും വേണം.

2. നിലവിലുള്ള അശാസ്ത്രീയമായ അശാസ്ത്രീയമായ അറവുശാല ശാസ്ത്രീയമായി പരിഷ്കരിക്കുകയും, പരിശോധനയ്ക്ക് വിധേയമാക്കിയ മൃഗങ്ങളെ മാത്രം കശാപ്പുചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുകയും ചെയ്യുക.

3. ഗ്രാമപഞ്ചായത്തിലെ പ്രധാന ജംഗ്ഷനുകളിലും മാർക്കറ്റുകളിലും വലിച്ചെറിയപ്പെടുന്ന ചപ്പുചവറുകൾ ശേഖരിച്ച് പൊതുകമ്പോസ്റ്റുകൾ സ്ഥാപിച്ച് അതിൽ നിക്ഷേപിച്ച് സംസ്കരിക്കുക.

4. പ്രധാന ജംഗ്ഷനുകളിൽ മൂത്രപ്പുരകളും, കക്കൂസ്സുകളും (സ്ത്രീകൾക്കും, പുരുഷൻമാർക്കും) നിർമ്മിക്കുക.

5. റബ്ബർ റോളർ യന്ത്രമുള്ള ഉടമകളെ കണ്ടെത്തി ഹെൽത്ത് ഇസ്പെക്ടറുടെ അനുമതിയോടെ ലൈസൻസ് ഏർപ്പെടുത്തുകയും മലിനജലം സംസ്കരിക്കുന്നതിനും വേണ്ട നടപടി കൈക്കൊള്ളുക.

6. പഞ്ചായത്ത് പരിധിക്കകത്തുള്ള ഹോട്ടലുകളിലെ ആഹാരസാധനങ്ങളുടെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പുവരുത്തുക.

7. വർഷകാലത്തും, വേനൽകാലത്തും ഉണ്ടാകുന്ന പകർച്ചവ്യാധികൾ തടയാൻ ഈച്ച, കൊതുക് എന്നിവയെ നശിപ്പിക്കുകയും കിണറുകളിൽ ക്ളോറിനേഷൻ നടത്തുകയും ചെയ്യുക.

8. ഗൃഹപരിസരവും, പൊതുസ്ഥലങ്ങളും ശുചിയായി സൂക്ഷിക്കുവാൻ ബോധവത്കരണം നടത്തുക.

9. പൊൻമുടി പേപ്പർ മില്ലിൽ നിന്നും ഒഴുക്കി വിടുന്ന മലിന ജലം അവിടത്തന്നെ സംസ്കരിച്ച് പരി

സ്ഥിതിക്ക് കോട്ടം തട്ടാത്ത തരത്തിൽ പുറത്തേക്ക് വിടുകയും ചെയ്യുക.

10. പൊതുസ്ഥലങ്ങളിലെ പുകവലി, വെറ്റിലമുറുക്ക് എന്നിവ കർശനമായും നിരോധിക്കുക.

11. പരിസര മലിനീകരണം നടത്തുന്നവർക്കെതിരെ ശിക്ഷണ നടപടികൾ കൈക്കൊള്ളുക.

## വയോജന ആരോഗ്യകേന്ദ്രം:

സമൂഹത്തിലെ ആശ്രിത വിഭാഗമായ വൃദ്ധ ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലഭിക്കുന്നതിനായി പഞ്ചായത്ത് കേന്ദ്രമാക്കി ഒരു വയോജന ആരോഗ്യകേന്ദ്രം സ്ഥാപിക്കേണ്ടതാണ്. അശരണരായവരെ പുനരധിവസിപ്പിക്കാനും മാനസികവും ശാരീരികവുമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി വൃദ്ധസദനങ്ങൾ സ്ഥാപിക്കുക.

**ഹെൽത്ത് കാർഡ്:** ആരോഗ്യ ചികിത്സക്ക് ഫലപ്രദമായ ഒരു സമ്പ്രദായമാണ് ഹെൽത്ത് കാർഡ്. പഞ്ചായത്തിലെ മുഴുവൻ ജനങ്ങൾക്കും ആരോഗ്യ പരിശോധന നടത്തി ഹെൽത്ത് കാർഡ് വിതരണം ചെയ്യുക.

# വിദ്യാഭ്യാസം

'വിദ്യാധനം സർവധനാൽപ്രധാനം' എന്ന ആപ്തവാക്യം അന്വർത്ഥമാക്കിക്കൊണ്ടുള്ള പ്രവർത്തനങ്ങളാണ് വിദ്യാഭ്യാസ രംഗത്ത് ദശാബ്ദങ്ങളായി പെരിങ്ങമ്മല പഞ്ചായത്തിൽ നടന്നുകൊണ്ടിരിക്കുന്നത്. വിദ്യാഭ്യാസത്തിലൂടെ സാർവത്രീകമായ വികസനം എന്ന ലക്ഷ്യത്തോടെ 1948–ൽ നിർബന്ധിത പ്രഥമിക വിദ്യാഭ്യാസം നടപ്പിലായതോടെ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സർക്കാർ–പ്രൈവറ്റു ഉടമകളിൽ വിദ്യാലയങ്ങൾ ആരംഭിച്ചു. ഭൂമിശാസ്ത്രപരമായ വൈവിദ്ധ്യം പോലെ തന്നെ ഭാഷാ വൈവിദ്ധ്യവും പഞ്ചായത്തിന്റെ സവിശേഷതയാണ്. ബഹുഭൂരിപക്ഷവും മാതൃഭാഷയായ മലയാളം ഉപയോഗിക്കുമ്പോൾ എസ്റ്റേറ്റുമേഖലകളിൽ തമിഴ് മുഖ്യ ഭാഷയായി ഉപയോഗിക്കപ്പെടുന്നു. പല മാന്യ വ്യക്തികളുടേയും സഹായ സഹകരണങ്ങളിലൂടെ വിദ്യാഭ്യാസരംഗം അഭിവൃദ്ധിപ്രാപിച്ചു. ഇവരിൽ എന്നും ആദരവോടെ സ്മരിക്കപ്പെടുന്ന ഒരാളാണ് ദീർഘകാലം പാലോടു പെരിങ്ങമല പഞ്ചായത്തുകളുടെ പ്രസിഡന്റായിരുന്ന ശ്രീ.എ. ഇബ്രാഹിംകുഞ്ഞു സാഹിബ്.

1901–ൽ പെരിങ്ങമ്മല പഞ്ചായത്തിന്റെ സിരാകേന്ദ്രമായ പെരിങ്ങമ്മലയിൽ പ്രൈവറ്റുമേഖലയിൽ സ്ഥാപിതമായതും, 1917–ൽ സർക്കാരിനു വിട്ടുകൊടുത്തതുമായ പെരിങ്ങമ്മല ഗവൺമെന്റു ഡ.ജ.ട ആണ് പഞ്ചായത്തിലെ ആദ്യ വിദ്യാലയം. പ്രഗത്ഭമതികളായ അനേകം ആളുകളെ സംഭാവന ചെയ്തിട്ടുള്ള ഈ വിദ്യാലയത്തിലെ ഒരു പൂർവ വിദ്യാർത്ഥി കേരള നിയമസഭയിൽ ഇപ്പോഴും അംഗമാണ്.

1938–ൽ തിരുവിതാംകൂർ മഹാരാജാവ് ശ്രീ.ചിത്തിര തിരുനാൾ ഗിരിവർഗ്ഗക്കാർക്കുവേണ്ടി സ്ഥാപിച്ച മടത്തറക്കാണി ഘ.ജ.ട 1952–ൽ ഡജട ആയും 1982–ൽ ഹൈസ്ക്കൂൾ ആയും ഉയർത്തപ്പെട്ടു. റീ സർവെ 4226/2–ൽ 95 സെന്റു സ്ഥലമാണ് രേഖകളിൽ കാണുന്നതെങ്കിലും 65 സെന്റു സ്ഥലമേ സ്ക്കൂൾ ആവശ്യത്തിനുള്ളൂ. ഇവിടെ ഒന്നും രണ്ടും സ്റ്റാന്റേർഡുകളിൽ ഇപ്പോഴും ഷിഫ്റ്റ് സമ്പ്രദായം നിലനിൽക്കുന്നു.

ആദിവാസി മേഖലയായ പള്ളിപ്പുരക്കരിക്കകം എന്ന സ്ഥലത്ത് ഗിരിവർഗ്ഗക്കാരനായ ശ്രീ. ശീതങ്കൻ കാണി ആരംഭിച്ച ഏകാദ്ധ്യാപക വിദ്യാലയം ഇലഞ്ചിയത്ത് മാനേജ്മെന്റുസ്ക്കൂളായി മാറ്റി സ്ഥാപിച്ചു. 1945–ൽ ഞാറനീലി എന്ന സ്ഥലത്തു സർക്കാർ വിദ്യാലയമായി പ്രവർത്തനം ആരംഭിച്ചു. ആദ്യകാലത്ത് ഈ സ്ക്കൂളിൽ ചേർന്ന രണ്ടപ ഹരിജൻ വിദ്യാർത്ഥികൾക്കു മറ്റു കുട്ടികൾ അയിത്തം പ്രഖ്യാപിച്ചതു കാരണം പഠനം നിറുത്തിയ കാര്യം പഴയ ആളുകൾ ഇന്നും ഓർക്കുന്നു. അവരിൽ ഒരാൾ മറ്റൊരു വിദ്യാലയത്തിൽ പഠനം തുടർന്നു. RTO–ആയി പെൻഷൻപറ്റി കഴിയുന്നു. പൂർവ വിദ്യാർത്ഥികളിൽ കോളേജ് പ്രൊഫസർമാർ, അധ്യാപകർ, സർക്കാർ ജീവനക്കാർ, പൊതുപ്രവർത്തകർ എന്നീ നിലകളിൽ അറിയപ്പെടുന്ന പല പ്രശസ്ത വ്യക്തികളുമുണ്ട്.

1952–ൽ മലമാരി എസ്റ്റേറ്റ് മാനേജർ ആയിരുന്ന സർ. സി.പി. ഗോപാലപ്പണിക്കർ സ്ഥാപിച്ചു സർക്കാരിന് വിട്ടുകൊടുത്ത ദേവപ്പുര ഗവ: ഘജട–ൽ ഒന്നു മുതൽ നാലുവരെ ക്ലാസ്സുകളിൽ പഠനം നടക്കുന്നു. ഒന്ന്, രണ്ടു സ്റ്റാന്റേർഡുകളിൽ ഇപ്പോഴും ഷിഫ്റ്റ് സമ്പ്രദായം നിലനിൽക്കുന്ന പഞ്ചായത്തിലെ രണ്ടു വിദ്യാലയങ്ങളിൽ ഒന്നാണിത്.

1953–ൽ കൊല്ലായിൽ ശ്രീ.എൻ. വേലായുധൻ മുതലാളിയുടെ നേതൃത്വത്തിലുള്ള വെൽഫെയർ കമ്മിറ്റി നിർമ്മിച്ചു നൽകിയ കെട്ടിടത്തിലാണ് കൊല്ലായിൽ ഗവ: ഘജട പ്രവർത്തനം ആരംഭിച്ചത്.

1956–ൽ താന്നിമൂട് എന്ന സ്ഥലത്തു സ്ഥാപിച്ച ട്രൈബൽ സ്ക്കൂൾ

1961–ൽ പാമ്പിചത്തമണ്ണിലേക്ക് മാറ്റി സ്ഥാപിച്ചു. ട്രൈബൽ സെറ്റിൽമെന്റിൽപ്പെട്ടതാണ് സ്ക്കൂൾ സ്ഥിതിചെയ്യുന്ന സ്ഥലം.

1950–ൽ സ്ഥാപിച്ച സെന്റ് ജോർജ്ജ് L.P.S ആറാംവാർഡിലെ സെന്റുമേരീസ് എസ്റ്റേറ്റിൽ സ്ഥിതിചെയ്യുന്നു. തിരുവനന്തപുരം ആർച്ച് ബിഷപ്പിന്റെ മാനേജ്മെന്റിൽപ്പെട്ടതാണ് ഈ വിദ്യാലയം.

പഞ്ചായത്തിലെ വളരെ പഴക്കമുള്ള ഒരു വിദ്യാലയമാണ് കരിമൺകോട് ഗവ: L.P.S. പൗരപ്രമുഖനായിരുന്ന ശ്രീ. വേലായുധക്കുറുപ്പ് സ്ഥാപിച്ചു സർക്കാരിന് കൈമാറിയതാണ് ഈ

വിദ്യാലയം. ഇതിനോടു അനുബന്ധിച്ചുള്ള കെട്ടിടത്തിലാണ് പാലോടു ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ് പ്രവർത്തിക്കുന്നത്.

1959–ൽ തെന്നൂർ നെല്ലിമൺപുറത്ത് കളിയലിൽ പഞ്ചായത്തിന്റെ മാനേജ്മെന്റിൽ ആരംഭിച്ച വിദ്യാലയമാണ് തെന്നൂർ ജവഹർ ഘജട. സ്കൂളിനാവശ്യമായ ഒരേക്കർ സ്ഥലം സ്ഥലവാസികളായ ശ്രീമാൻ മുത്തിക്കാമൂല നാരായണപിള്ള, തകര ബംഗ്ലാവിൽ അബ്ദുൽ റസ്സാക്ക്, പരേതരായ ശ്രീമാന്മാർ. മൺപുറത്ത് ഷാഹുൽ ഹമീദ്, പുത്തൻ വീട്ടിൽ ബാലകൃഷ്മക്കുറുപ്പ് എന്നിവർ സൗജന്യമായി നൽകി. 1961–ൽ പ്രസ്തുത സ്ഥലത്ത് നിർമ്മിച്ച കെട്ടിടത്തിലേക്ക് വിദ്യാലയം മാറ്റി സ്ഥാപിച്ചു.

1962–ൽ കൊല്ലായിൽ ശ്രീ. എൻ. വേലായുധൻ മുതലാളിയുടെ മാനേജ്മെന്റിൽ ട.ച.ഡ.ജ.ട കൊല്ലായിൽ ആരംഭിച്ചു.

1957–ൽ ശ്രീ. വി.കെ. ശങ്കറിന്റെ മാനേജ്മെന്റിൽ കരിമൺകോട് ഡജട ആരംഭിച്ചു.

1957–ൽ ച.ട.ട–ന്റെ മാനേജ്മെന്റിൽ ച.ട.ട ഹൈസ്ക്കൂൾ, പാലോട് സ്ഥാപിച്ചു. പഞ്ചായത്തിലെ ആദ്യ ഹൈസ്ക്കൂൾ ആണിത്.

1976–ൽ ഇകാബാൽ കോളേജ് ട്രസ്റ്റിന്റെ കീഴിൽ ആരംഭിച്ചതാണ് പെരിങ്ങമ്മല ഇക്ബാൽ ഹൈസ്ക്കൂൾ. ഗിരിവർഗ്ഗ പെൺകുട്ടികൾക്കു വേണ്ടി ഞാറനീലിയിൽ ഹോസ്റ്റൽ പ്രവർത്തിക്കുന്നതുകൊണ്ട് ജില്ലയുടെ വിവിധ ഭാഗങ്ങളിലുള്ള ഗിരിവർഗ്ഗ പെൺകുട്ടികൾ ഇവിടെ പഠിക്കുന്നു. N.C.C യൂണിറ്റുള്ള പഞ്ചായത്തിലെ ഏക വിദ്യാലയമാണിത്.

1976–ൽ പെരിങ്ങമ്മല പഞ്ചായത്തിലെ നാലാം വാർഡിൽപ്പെട്ട മാന്തുരുത്തി എന്ന സ്ഥലത്ത് ശ്രീ. റ്റി.എം. സാലിയുടെ മാനേജ്മെന്റിൽ ആരംഭിച്ച സ്ക്കൂളാണ് T.K.M.L.P.S പാലോട്.

1976–ൽ ഏഴാം വാർഡിൽപ്പെട്ട കൊച്ചുകരിക്കകത്തിൽ ശ്രീ. അഹമ്മദലിയുടെ മാനേജ്മെന്റിൽ സ്ഥാപിച്ചതാണ് 'ക്വായിദേമില്ലത്ത് UPS, കൊച്ചുകരിക്കകം'.

ജില്ലയിലെ പ്രധാന ഹരിജൻ–ഗിരിജൻ മേഖലയായ ഇടിഞ്ഞാറിൽ 1957– ൽ ശ്രീ. പറക്കോണം അബ്ദുൽഖരീം എന്നയാളുടെ ശ്രമഫലമായി ഹരിജൻ വെൽഫയർ ഡിപ്പാർട്ടുമെന്റു ഇടിഞ്ഞാർ ട്രൈബൽ ഘജട ആരംഭിച്ചു. തുടർന്ന് UPS– ആയും 1982–ൽ ഹൈസ്ക്കൂളായും ഉയർത്തപ്പെട്ടു. പട്ടിക വർഗ്ഗ ആൺകുട്ടികൾക്കായി സർക്കാർ ഹോസ്റ്റൽ പ്രവർത്തിക്കുന്നതിനാൽ ജില്ലയിലെ വിവിധ ഭാഗങ്ങളിലുള്ള പട്ടിക വർഗ്ഗ ആൺകുട്ടികൾ ഇവിടെ താമസിച്ചു പഠിക്കുന്നു.

പഞ്ചായത്തിലെ പൊന്മുടി, മെർച്ചിസ്റ്റൺ എസ്റ്റേറ്റുകളിലെ തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസം ലഭിക്കുന്നതിനുള്ള ഏകസ്ക്കൂളാണ് പൊന്മുടി ഗവൺമെന്റു UPS. മലയാളം–തമിഴ് മീഡിയം ക്ലാസ്സുകൾ ഇവിടെ നടക്കുന്നു.

നാട്ടുകാർ സ്വരൂപിച്ച പണംകൊണ്ടുവാങ്ങിയ സ്ഥലത്ത് 1961–ൽ ജവഹർ കോളനി ഘ.ജ.ട സ്ഥാപിച്ചു. 1981–ൽ 50 സെന്റു സ്ഥലം കൂടി നാട്ടുകാർ വാങ്ങുകയും UPS–ആയി ഉയർത്തപ്പെടുകയും ചെയ്തു.

1990–ൽ ഇക്ബാൽ കോളേജ് ട്രസ്റ്റിന്റെ കീഴിൽ 'ഇക്ബാൽ ഇംഗ്ലീഷ് മീഡിയം LPS ആരംഭിച്ചു. ഒന്നും രണ്ടും സ്റ്റാന്റേർഡുകൾക്കു മാത്രമേ സർക്കാർ അംഗീകാരം നൽകിയിട്ടുള്ളൂവെങ്കിലും നാലാം സ്റ്റാന്റേർഡുവരെ പഠനം നടക്കുന്നുണ്ട്. LKG, UKG ക്ലാസ്സുകളും ഇതോടൊപ്പം നടക്കുന്നു.

പഞ്ചായത്തിലെ അഞ്ചാംവാർഡിൽ CBSE (സെൻട്രൽ ബോർഡ് ഓഫ് സെക്കൻണ്ടറി എഡ്യൂക്കേഷൻ) സിലബസ് അനുസരിച്ചു പഠനം നടക്കുന്ന ഒരു വിദ്യാലയമാണ് 'ക്രസന്റ് ഇംഗ്ലീഷ് മീഡിയം സ്ക്കൂൾ'. ആറാംസ്റ്റാന്റേർഡ്വരെ ഇവിടെ പഠനം നടക്കുന്നു. ഇതോടനിബന്ധിച്ചു നഴ്സറി സ്ക്കൂളും പ്രവർത്തിക്കുന്നു.

1964–ൽ ഇക്ബാൽ കോളേജ് ട്രസ്റ്റിന്റെ കീഴിൽ പഞ്ചായത്തിലെ ഏക ഉന്നത വിദ്യാഭ്യാസകേന്ദ്രമായ ഇക്ബാൽ കോളേജ് പ്രവർത്തനം ആരംഭിച്ചു. പ്രീ–ഡിഗ്രി മുതൽ പി.ജി. കോഴ്സ് വരെയുള്ള ക്ലാസ്സുകൾ നടക്കുന്നു. സാമൂഹ്യ–വിദ്യാഭ്യാസരംഗത്ത് വളരെയധികം പുരോഗതി കൈവരിക്കാൻ കഴിഞ്ഞതു കോളേജിന്റെ സാന്നിദ്ധ്യം കൊണ്ടാണ്. ഈ പ്രദേശത്തെ ഓരോ ഭവനത്തിലും കലാശാല ബിരുദധാരികളെ സംഭാവന ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്.

ബാലവാടികൾ, നഴ്സറി വിദ്യാലയങ്ങൾ, ക്രഷുകൾ. പാരലൽ കോളേജുകൾ, ട്യൂഷൻസെന്ററുകൾ, ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ, തയ്യൽ പരിശീലന കേന്ദ്രങ്ങൾ, പുൽപ്പായ് നെയ്ത്ത് കേന്ദ്രം, ഖാദി ബോർഡിന്റെ നെയ്ത്തു പരിശീലന കേന്ദ്രം, ബുക്ക് ബൈന്റിംഗ് പരിശീലന കേന്ദ്രം, പ്രിന്റിംഗ് ആന്റ് കമ്പോസിംഗ് പരിശീലന കേന്ദ്രം തുടങ്ങിയവ പ്രവർത്തിക്കുന്നു.

സമസ്ത കേരള ജംഇയത്തുൽ ഉലമ; ദക്ഷിണ കേരള ജംഇയ്യത്തുൽ ഉലമ എന്നീ ഇസ്ലാം മതവിദ്യാഭ്യാസ ബോർഡുകളിലെ സിലബസ്സുകൾ അനുസരിച്ചു പഠനം നടത്തുന്ന ഇരുപതോളം മദ്രസ്സാ വിദ്യാലയങ്ങളും, ദാറുൽ ഇസ്ലാം അറബിക് കോളേജ്–പെരിങ്ങമല, നൂസറത്തുൽ ഇസ്ലാം അറബിക് കോളേജ്–ദൈവപ്പുര, ഹിദായത്തുൽ ഇസ്ലാം അറബിക് കേളേജ്–കൊച്ചുകരിക്കകം, മുനവിറ്റൽ

ഇസ്ലാം അറബിക് കോളേജ്- മഞ്ഞപ്പാറ എന്നീ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നു. മദ്രസ്സകളിൽ അൻപതോളം അദ്ധ്യാപകരും കോളേജുകളിൽ നാലു മുദരിസ്സുകളും ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നു. അതതുപ്രദേശങ്ങളിലെ ട്രസ്റ്റുകളുടെ മേൽനോട്ടങ്ങളിലാണ് ഇവ പ്രവർത്തിക്കുന്നത്. വേദാന്തപഠനശാലകൾ, സൺഡേ സ്ക്കൂളുകൾ എന്നിവയും പ്രവർത്തിക്കുന്നു. മതപഠനങ്ങളോടൊപ്പം ദേശീയതയും മതസൗഹാർദ്ദവും ഊട്ടി ഉറപ്പിക്കാൻ ഉതകുന്ന തരത്തിലുള്ള പ്രവർത്തനങ്ങളാണ് ഈ സ്ഥാപനങ്ങളിൽ നടക്കുന്നത്.

അനൗപചാരികവിദ്യാഭ്യാസരംഗത്തു വളരെയധികം പ്രവർത്തനങ്ങൾ ഈ പഞ്ചായത്തിൽ നടക്കുന്നു. വളരെ മുൻപു മുതലേ കേരളാ യൂണിവേഴ്സിറ്റിയുടെ വയോജന വിദ്യാഭ്യാസ വ്യാപന വിഭാഗത്തിന്റെ യൂണിറ്റുകൾ ഇക്ബാൽ കോളേജ് മുഖേന ഇവിടെ പ്രവർത്തിക്കുന്നു. ഇതിന്റെ കീഴിൽ രണ്ടു ജനശിക്ഷൺ നിലയങ്ങൾ ഇവിടെ സ്ഥാപിച്ചിട്ടുണ്ട്.

സാക്ഷരതാ പരിപാടിയുടെ ആദ്യഘട്ടം മുതൽ സജീവ പ്രവർത്തനങ്ങളാണ് ഈ പഞ്ചായത്തിൽ നടന്നിട്ടുള്ളത്. ധാരാളം പഠന കേന്ദ്രങ്ങളും സാക്ഷരതാപ്രവർത്തകരും ഈ പഞ്ചായത്തിൽ ഉണ്ട്. സാക്ഷരതാ തുടർ വിദ്യാഭ്യാസ പരിപാടിയിൽ അക്ഷര സംഘങ്ങളും ജനവിദ്യാകേന്ദ്രങ്ങളും പ്രവർത്തിക്കുന്നു. ഒൻപത് ജനവിദ്യാകേന്ദ്രങ്ങൾ രൂപീകരിക്കുകയും അതിൽ മൂന്നെണ്ണം രജിസ്റ്റർ ചെയ്യുകയും ചെയിതിട്ടുണ്ട്. ആദിവാസി മേഖലയിൽ ജില്ലാ സാക്ഷരതാ സമിതിയുടെ കീഴിൽ പ്രത്യേക പ്രോജക്ട് രൂപീകരിച്ചു പ്രവർത്തിക്കുന്നു. പഞ്ചായത്തിൽ 43 പഠനകേന്ദ്രങ്ങളും 43 ഇൻസ്ട്രക്ടർമാരും ആദിവാസി മേഖലയിൽ പ്രവർത്തിച്ചിരുന്നു. ജനറൽ സാക്ഷരതയുടെ ഭാഗമായി തോട്ടം മേഖലയിൽ ഭാഷാ ന്യൂനപക്ഷങ്ങൾക്കു വേണ്ടിയുള്ള പ്രത്യേക സാക്ഷരതാ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. തിരുവനന്തപുരം കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ശൈവപ്രകാശസഭ, ബാങ്ക് ഓഫ് ഇൻഡ്യ, എന്നിവയുടെ സാമ്പത്തിക സഹകരണത്തോടെ പഠന ക്ലാസ്സുകളിൽ വിളക്കുകളും ബോർഡുകളും, പഠിതാക്കൾക്ക് പഠനോപകരണങ്ങളും വിതരണം ചെയ്തിട്ടുണ്ട്. തമിഴ് പഠിതാക്കൾക്ക് മത്സരങ്ങൾ നടത്തി സമ്മാനങ്ങൾ നൽകി. ജില്ലാ കളക്ടർ ആയിരുന്ന ശ്രീമതി നിവേദിതാ .പി. ഹരൻ താല്പര്യപൂർവം പഠന ക്ലാസ്സുകൾ സന്ദർശിക്കുകയും പഠിതാക്കളെ സമ്മാനങ്ങൾ നൽകി പ്രോത്സാഹിപ്പിക്കുകയും ചെയ്തു. കൂടാതെ അക്ഷരസംഘങ്ങൾ, ജനവിദ്യാകേന്ദ്രങ്ങൾ എന്നിവയുടെ ആഭിമുഖ്യത്തിൽ പഞ്ചായത്തിലെ ജനവാസകേന്ദ്രങ്ങളിൽ ഉപഭോക്തൃസംരക്ഷണം, ആരോഗ്യ പരിപാലനം, മദ്യവിപത്ത്, എയ്ഡ്സ് നിവാരണ ബോധവത്ക്കരണം, പേ-വിഷബാധ നിവാരണം, പോളിയോ നിർമ്മാർജ്ജനം തുടങ്ങിയ കാലിക പ്രാധാന്യമുള്ള വിഷയങ്ങളിൽ പഠനക്ലാസ്സുകളും ചർച്ചാ സമ്മേളനങ്ങളും സംഘടിപ്പിച്ചു വരുന്നു. കേന്ദ്ര ഫീൽഡ് പബ്ലിസിറ്റി ബ്യൂറോയുമായി സഹകരിച്ചു ബോധവത്ക്കരണ സിനിമാ പ്രദർശനങ്ങളും മറ്റു കലാപരിപാടികളും നടത്തിവരുന്നുണ്ട്.

1991-ലെ സെൻസസ്സ് പ്രകാരം 30144-ആണ് പഞ്ചായത്തിലെ ജനസംഖ്യ. 217. 94. ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണമുള്ള ഈ പഞ്ചായത്തിലെ സ്ക്കൂളുകൾ തമ്മിലുള്ള അകലം വളരെ കൂടുതലാണ്. പഞ്ചായത്തിലെ പട്ടിക ജാതി-പട്ടിക വർഗ്ഗ മേഖലകളിലും തോട്ടം മേഖലകളിലും പ്രഥമിക വിദ്യാഭ്യാസത്തിൻപോലും എട്ടുകിലോ മീറ്ററോളം യാത്ര ചെയ്തു വേണം വിദ്യാലയങ്ങളിലെത്താൻ.

വിദ്യാഭ്യാസകാര്യത്തിൽ ഗ്രാമപഞ്ചായത്ത് കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നു. അക്ഷരവേദി, വിജ്ഞാനവേദി, D P E P (ഡിസ്ട്രിക്ട് പ്രൈമറി എഡ്യൂക്കേഷൻ പ്രോഗ്രാം) ക്വാളിറ്റി ഇംപ്രൂവ്മെന്റ് സ്കീം വിദ്യാജ്യോതി, ടടഘഇ വിജയശതമാനം ഉയർത്തൽ, വിദ്യാലയങ്ങളിലെ ഉദാഹരണങ്ങളാണ്.

പട്ടിക IA-യിൽ പഞ്ചായത്തിലെ വിദ്യാലയങ്ങളുടെ സ്ഥിതി വിവരക്കണക്ക് കൊടുത്തിരിക്കുന്നു. പട്ടിക IB-യിൽ സർക്കാർ സ്ക്കൂളുകളുടെ സ്ഥിതി വിവരക്കണക്കും, പട്ടിക IC-യിൽ പഞ്ചായത്തിലെ സ്ക്കൂളുകളുടെ അക്കാദമിക് സൗകര്യങ്ങളും ലഭ്യതയും, പട്ടിക ID-യിൽ സ്ക്കൂളുകളുടെ ഭൗതിക സൗകര്യങ്ങളുടെ വിവരവും കൊടുത്തിരിക്കുന്നു.

പട്ടിക IIA-യിൽ സാമ്പത്തികാനുകൂല്യങ്ങൾ ലഭിക്കുന്ന വിദ്യാർത്ഥികളുടെ വിവരവും, പട്ടിക IIB-യിൽ പഞ്ചായത്തിലെ അദ്ധ്യാപകരേയും വിദ്യാർത്ഥികളേയും സംബന്ധിക്കുന്ന വിവരവും, പട്ടിക IIC-യിൽ വിദ്യാലയങ്ങളിലെ ചെലവ് സംബന്ധിച്ച വിവരങ്ങളും കൊടുത്തിരിക്കുന്നു.

പഞ്ചായത്തിലെ ബഹുഭൂരിപക്ഷം വിദ്യാർത്ഥികളും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരാണ്. അത് വിദ്യാഭ്യാസ നിലവാരത്തെ സാരമായി ബാധിക്കുന്നു.

ഗണിത ശാസ്ത്ര പ്രവൃത്തി പരിചയ മേളകളിലും കലാ-കായിക മാളകളിലും ഈ പഞ്ചായത്തിലെ വിദ്യാർത്ഥികൾ കാര്യമായ പങ്ക് വഹിക്കുകയും സബ്ജില്ലാ മത്സരങ്ങളിൽ

## പട്ടിക IA

### പെരിങ്ങമ്മല ഗ്രാമപഞ്ചായത്ത്: ആകെ വിദ്യാലയങ്ങളുടെ സ്ഥിതിവിവരക്കണക്ക്

| ക്രമ നമ്പർ | വിദ്യാലയങ്ങളുടെ പേര് | കുട്ടികളുടെ എണ്ണം | | | ആകെ അനുവദിച്ച പോസ്റ്റ് | നിലവിലുള്ളവർ | ഒഴിവുകളുടെ എണ്ണം |
|---|---|---|---|---|---|---|---|
| | | B. | G. | T. | | | |
| 1 | ഗവ: എൽ. പി. എസ്. കൊല്ലായിൽ | 207 | 191 | 398 | 11 | 11 | ഇല്ല |
| 2 | T.S. താന്നിമൂട് | 119 | 124 | 243 | 9 | 9 | ഇല്ല |
| 3 | ഗവ: എൽ. പി. എസ്. കരിമൺകോട് | 69 | 71 | 140 | 6 | 6 | ഇല്ല |
| 4 | T.K.M. L.P.S. മാന്തുരുത്തി. | 101 | 102 | 203 | 6 | 6 | ഇല്ല |
| 5 | സെന്റ് ജോർജ് L.P.S. പാലോട് | 81 | 81 | 162 | 5 | 5 | ഇല്ല |
| 6 | ഗവ: എൽ. പി. എസ്. ദേവപ്പുര. | 29 | 32 | 61 | 5 | 5 | ഇല്ല |
| 7 | ജവഹർ എൽ. പി. എസ്സ്. തെന്നൂർ | 56 | 66 | 122 | 4 | 4 | ഇല്ല |
| 8 | ഇക്ബാൽ ഇംഗ്ലീഷ്മീഡിയം ഘ.ജ.s. (Un Aided) | 18 | 32 | 50 | 6 | 6 | ഇല്ല |
| 9 | S.N.U.P.S. കൊല്ലായിൽ | 274 | 298 | 572 | 20 | 20 | ഇല്ല |
| 10 | ഗവ: യു. പി. എസ്സ്. ജവാഹർ കോളനി | 207 | 680 | 387 | 11 | 11 | ഇല്ല |
| 11 | UPS കരിമൺകോട്. | 17 | 60 | 137 | 7 | 7 | ഇല്ല |
| 12 | ഗവ: യു. പി. ഓസ്സ് ഞാറനീലിക്കാണി | 211 | 210 | 421 | 12 | 12 | ഇല്ല |
| 13 | QAM. UPS കൊച്ചുകരിക്കകം | 114 | 123 | 237 | 10 | 10 | ഇല്ല |
| 14 | ഗവ: യു. പി. എസ്സ്. പെരിങ്ങമ്മല | 402 | 361 | 763 | 29 | 29 | ഇല്ല |
| 15 | ഗവ: യു. പി. എസ്സ്. പൊന്മുടി | 31 | 24 | 55 | 5 | 5 | ഇല്ല |
| 16 | ഗവ: എച്ച്. എസ്സ്. മടത്തറക്കാണി | 592 | 657 | 1249 | 44 | 41 | 3 |
| 17 | N.S.S. ഹൈസ്കൂൾ, പാലോട് | 251 | 243 | 504 | 21 | 21 | ഇല്ല |
| 18 | ഗവ: ട്രൈബൽ ഹൈസ്കൂൾ, ഇടിഞ്ഞാർ | 240 | 257 | 497 | 24 | സ്ഥിരം-12 താല്ക്കാലികം-8 | 4 |
| 19 | ഇക്ബാൽ ഹൈസ്കൂൾ, പെരിങ്ങമ്മല | 281 | 305 | 586 | 25 | 25 | ഇല്ല |
| 20 | ക്രസന്റ് ഇംഗ്ലീഷ് മീഡിയം സ്കൂൾ | – | – | – | – | – | – |
| 21 | ഇക്ബാൽകോളേജ്, പെരിങ്ങമ്മല | 853 | 851 | 1704 | 103 | 103 | ഇല്ല. |

പട്ടിക 1B

**പെരിങ്ങമ്മല ഗ്രാമപഞ്ചായത്ത്: സർക്കാർ വിദ്യാലയങ്ങളിലെ സ്ഥിതിവിവരക്കണക്ക്.**

| ക്രമ നമ്പർ | വിദ്യാലയങ്ങളുടെ പേര് | കുട്ടികളുടെ എണ്ണം | | | ആകെ അനുവദിച്ച പോസ്റ്റ് | നിലവിലുള്ളവർ | ഒഴിവുകളുടെ എണ്ണം |
|---|---|---|---|---|---|---|---|
| | | B. | G. | T. | | | |
| 1 | ഗവ: എൽ. പി. എസ്സ്. കൊല്ലായിൽ | 207 | 191 | 398 | 11 | 11 | ഇല്ല |
| 2 | T.S. താന്നിമൂട് | 119 | 124 | 243 | 9 | 9 | ഇല്ല |
| 3 | ഗവ: എൽ. പി. എസ്സ്. കരിമൺകോട് | 69 | 71 | 140 | 6 | 6 | ഇല്ല |
| 4 | ഗവ: എൽ. പി. എസ്സ്. ദേവപ്പുര | 29 | 32 | 61 | 5 | 5 | ഇല്ല |
| 5 | ഗവ: യു. പി. എസ്സ്. ജവഹർ കോളനി | 207 | 180 | 387 | 11 | 11 | ഇല്ല |
| 6 | ഗവ:യു. പി.എസ്സ്. പെരിങ്ങമ്മല | 402 | 361 | 63 | 29 | 29 | ഇല്ല |
| 7 | ഗവ: യു.പി. എസ്സ്. ഞാറനീലിക്കാണി | 211 | 210 | 421 | 16 | 13 | 3 |
| 8 | ഗവ: യു. പി. എസ്സ്. പൊന്മുടി | 31 | 24 | 55 | 5 | 5 | ഇല്ല |
| 9 | ഗവ: ഹൈസ്കൂൾ മടത്തറക്കാണി | 592 | 657 | 1249 | 44 | 41 | 3 |
| 10 | ഗവ: ട്രൈബൽഹൈസ്കൂൾ, ഇടിഞ്ഞാർ. | 240 | 257 | 497 | 24 | സ്ഥിരം-12 താല്ക്കാലികം-8 | 4 |

## പട്ടിക IC

### 9–4 അക്കാഡമിക് സൗകര്യങ്ങൾ

| സ്കൂളിന്റെ പേര് | ലൈബ്രറി ഉണ്ട്/ഇല്ല പ്രവർത്തിക്കുന്നു/പ്രവർത്തിക്കുന്നില്ല | ലബോറട്ടറി സയൻസ് കോർണർ ഉണ്ട്/ഇല്ല പ്രവർത്തിക്കുന്നു/പ്രവർത്തിക്കുന്നില്ല | പഠനോപകരണങ്ങൾ മാപ്പുകൾ ചാർട്ടുകൾ ഗ്ലോബുകൾ ഉണ്ട്/ഇല്ല | റേഡിയോ | ടേപ്പ്റിക്കോർഡർ | ടി. വി. സെറ്റ് | വി. സി. ആർ വി. സി.പി. | സിനിമാ പ്രൊജക്ടർ | സ്ലൈഡ് പ്രൊജക്ടർ | ഓവർ ഹെഡ്-പ്രൊജക്ടർ | കമ്പ്യൂട്ടർ | ബ്ലാക്ക് ബോർഡ് ആവശ്യമുള്ളത് | ബ്ലാക്ക് ബോർഡ് നിലവിലുള്ളത് | 95/96-ൽ ലഭിച്ച അധ്യയന ദിവസങ്ങൾ | സമരങ്ങളിലൂടെ നഷ്ടപ്പെട്ട അധ്യയന ദിവസങ്ങൾ | പ്രത്യേക പൊതു അവധികളിലൂടെ നഷ്ടമായ സാധ്യായ ദിവസങ്ങളുടെ എണ്ണം | മാതൃസംഗമം സജീവം/ സജീവം അല്ല | ക്ലാസ്സും P.T.A. കൾ പ്രവർത്തിക്കുന്നു. പ്രവർത്തിക്കുന്നില്ല |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 |
| ഗവ: L.P.S. കൊല്ലായിൽ | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 11 | 11 | 190 | – | – | സജീവം | – |
| T.S. താന്നിമൂട് | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 9 | 9 | 190 | – | – | സജീവം | – |
| ഗവ: L.P.S. കരിമൺകോട് | ഇല്ല | ഉണ്ട് | ഉണ്ട് | " | " | " | " | " | " | " | " | 6 | 6 | 190 | – | – | സജീവം | – |
| TKM L.P.S. മാന്തുരുത്തി | ഇല്ല | ഉണ്ട് | ഉണ്ട് | " | " | " | " | " | " | " | " | 6 | 6 | 190 | – | – | സജീവം | – |
| സെന്റ് ജോർജ് ഘ.ജ.സ. പാലോട് | ഇല്ല | ഉണ്ട് | ഉണ്ട് | " | " | " | " | " | " | " | " | 5 | 5 | 190 | – | – | സജീവം | – |
| ഗവ: ഘ.ജ.സ. ദേവപ്പുര | ഇല്ല | ഉണ്ട് | ഉണ്ട് | " | " | " | " | " | " | " | " | 5 | 5 | 190 | – | – | സജീവം | – |
| ജവഹർ L. P. S. തെന്നൂർ | ഇല്ല | ഉണ്ട് | ഉണ്ട് | " | " | " | " | " | " | " | " | 4 | 4 | 190 | – | – | സജീവം | – |
| ഇക്ബാൽ ഇംഗ്ലീഷ് മീഡിയം L.P.S. (Un Aided) | ഇല്ല | ഉണ്ട് | ഉണ്ട് | " | " | " | " | " | " | " | " | 5 | 5 | 190 | – | – | സജീവം | – |
| S.N.U.P.S. കൊല്ലായിൽ | ഉണ്ട് | ഉണ്ട് | ഉണ്ട് | " | " | " | " | " | " | " | " | 20 | 20 | 190 | – | – | സജീവം | – |
| ഗവ: U.P.S. ജവഹർ കോളനി | ഉണ്ട് | ഉണ്ട് | ഉണ്ട് | " | " | " | " | " | ഇല്ല | ഇല്ല | ഇല്ല | 11 | 11 | 190 | – | – | സജീവം | – |
| UPS കരിമൺകോട് | ഉണ്ട് | ഉണ്ട് | ഉണ്ട് | " | " | " | " | " | " | " | " | 7 | 7 | 190 | – | – | സജീവം | – |
| ഗവ: U.P.S. പെരിങ്ങമ്മല | ഉണ്ട് | ഉണ്ട് | ഉണ്ട് | " | " | " | " | " | " | " | " | 21 | 20 | 190 | – | – | സജീവം | – |
| ഗവ: U.P.S. ഞാറനീലിക്കാണി | ഉണ്ട് | ഉണ്ട് | ഉണ്ട് | " | " | " | " | ഉണ്ട് | " | " | " | 12 | 12 | 190 | – | – | സജീവം | – |
| QAM U.P.S. കൊച്ചുകരിക്കകം | ഉണ്ട് | ഉണ്ട് | ഉണ്ട് | " | " | " | " | ഇല്ല | " | " | " | 10 | 10 | 190 | – | – | സജീവം | – |
| ഗവ: H.S. മടത്തറക്കാണി | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | 20 | 28 | 190 | ഇല്ല | 6 | ഉണ്ട് | ഇല്ല |
| N.S.S. H.S. പാലോട് | ഉണ്ട് | ഉണ്ട് | ഉണ്ട് | – | – | – | – | – | – | – | – | – | – | – | – | – | – | – |
| ഗവ: T.H.S. ഇടിഞ്ഞാർ | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | 10 | 7 | 194 | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല |
| ഇക്ബാൽ H.S. പെരിങ്ങമ്മല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | 193 | 2 | 3 | ഉണ്ട് | ഇല്ല | | |
| ക്രസന്റ് ഇംഗ്ലീഷ്മീഡിയം (CBSE) | ഉണ്ട് | ഉണ്ട് | ഉണ്ട് | – | – | – | – | – | – | – | – | – | – | – | – | – | – | – |
| ഇക്ബാൽകോളേജ് പെരിങ്ങമ്മല | ഉണ്ട് | ഉണ്ട് | ഉണ്ട് | – | – | – | – | – | – | – | – | – | – | – | – | – | – | – |
| പൊന്മുടി U.P.S. | ഉണ്ട് | ഉണ്ട് | ഉണ്ട് | – | – | – | – | – | – | – | – | – | – | – | – | – | – | – |

പെരിങ്ങമ്മല ഗ്രാമപഞ്ചായത്ത്

9-3 സ്കൂളിന്റെ ഭൗതിക സൗകര്യങ്ങളുടെ വിവരണം പട്ടിക കള

| സ്കൂളിന്റെ പേര് | ആകെ ഡിവിഷനുകളുടെ എണ്ണം | കെട്ടിടങ്ങളുടെ എണ്ണം | | | മുറികളുടെ എണ്ണം | | | ഇനിയും മുറികൾ ആവശ്യമുണ്ടെങ്കിൽ എണ്ണം | ഇനി നിർമ്മിക്കാനുള്ള കെട്ടിടം/മുറി-നിർമ്മിക്കാനുള്ള ഭൂമി /ഉണ്ട്/ഇല്ല | നിലവിലുള്ള മൂത്രപ്പുരകളുടെ എണ്ണം | മൂത്രപ്പുര-ഒരു സമയം എത്ര കുട്ടികൾക്ക് ഉപയോഗിക്കാം | ഇനി ആവശ്യമുള്ളതിന്റെ എണ്ണം | നിലവിലുള്ള കക്കൂസിന്റെ എണ്ണം | ഉപയോഗശൂന്യമായ കക്കൂസുകളുടെ എണ്ണം | കുടിവെള്ള സംവിധാനം ഉണ്ട്/ഇല്ല കിണർ/പൈപ്പ് | വൈദ്യുതീകരണം ഉണ്ട്,ഇല്ല | പാചകമുറി | സ്റ്റാഫ്റൂം | നിലവിലുള്ള ഫർണിച്ചർ മതിയാകുമോ-മതിയാകും/ഇല്ല | ഡസ്ക് | ബെഞ്ച് | മേശ | കസേര | ഓഫീസ് ഫർണിച്ചർ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | സ്ഥിരം | അർദ്ധസ്ഥിരം | താൽക്കാലികം | സ്ഥിരം | അർദ്ധസ്ഥിരം | താൽക്കാലികം | | | | | | | | | | | | | | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 | 20 | 21 | 22 | 23 | 24 | 25 |
| 1 ഗവ: എൽ.പി.എസ്. കൊല്ലായിൽ | 10 | 1 | 1 | 1 | 2 | – | – | – | – | – | 3 | 30 | 1 | – | ഉണ്ട | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | 5 | 10 | 2 | 3 | 5 |
| 2 എ.എസ്. താന്നിമൂട് | 4 | 1 | – | 1 | 2 | – | – | 2 | ഉണ്ട് | 2 | 20 | – | 1 | – | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | – | – | – | – | – | – |
| 3 ഗവ: എൽ.പി.എസ്. കരിമൺകോട് | 4 | 2 | – | – | 4 | – | – | – | ഉണ്ട് | 2 | 20 | 1 | 1 | – | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | 5 | 10 | 5 | 5 | 1 |
| 4 ശ്രീ.ഗ.ബ. എൽ.പി.എസ്. മാത്തുരുത്തി | 7 | 2 | 1 | – | 6 | 2 | – | – | ഉണ്ട് | 1 | 10 | – | 1 | – | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 10 | 15 | 5 | 5 | 2 |
| 5 സെന്റ് ജോർജ് എൽ.പി.എസ്. പാലോട് | 4 | 1 | – | – | 5 | – | – | – | ഉണ്ട് | – | – | 2 | – | – | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | 5 | 10 | 5 | 5 | 2 |
| 6 ഗവ: എൽ.പി.എസ്. ദേവപ്പുര | 4 | 1 | – | – | 1 | 2 | – | 1 | ഉണ്ട് | – | – | 2 | – | – | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 2 | 10 | 3 | 4 | 1 |
| 7 ജവഹർ എൽ.പി.എസ്. തെന്നൂർ | 4 | 2 | 1 | 1 | 4 | 1 | – | – | ഉണ്ട | – | – | 2 | – | – | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | 5 | 10 | 5 | 5 | 2 |
| 8 ഇക്ബാൽ ഇംഗ്ലീഷ് മീഡിയം എൽ.പി.എസ്. (ഡിമശലെ) | 2 | 1 | – | – | 2 | 1 | – | – | ഇല്ല | 2 | 2 | 0 | – | 1 | – | ഉണ്ട് | ഇല്ല | – | ഇല്ല | – | – | – | – | – |
| 9 ടച യു.പി.എസ്. കൊല്ലായിൽ | 16 | 12 | 2 | 2 10 | 4 | 2 | 2 | ഉണ്ട് | 2 | 20 | 2 | 1 | – | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | 6 | 20 | 10 | 10 | 3 | |
| 10 ഗവ: യു.പി.എസ്. ഞാറനീലിക്കാണി | 13 | 1 | 1 | 2 | 2 | ഇല്ല | ഇല്ല | 2 | ഉണ്ട് | 1 | 10 | 1 | 1 | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | 25 | 30 | 4 | 4 | 2 | |
| 11 ഗവ: യു.പി.എസ്. ജവഹർകോളനി | 10 | 2 | – | 1 | 7 | – | 2 | 4 | ഉണ്ട് | 2 | 20 | 1 | 1 | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | 50 | 25 | 10 | 5 | 2 |
| 12 യു.പി.എസ്. കരിമൺകോട് | 4 | 2 | – | – | 5 | – | – | – | ഉണ്ട് | 2 | 20 | 1 | 1 | – | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | – | – | – | – | – | – |
| 13 ഗവ: യു.പി.എസ് പെരിങ്ങമ്മല | 2 | 5 | 3 | 2 | 16 | 19 | – | – | ഉണ്ട് | 2 | 20 | 2 | 1 | – | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | 125 | 100 | 15 | 15 | 5 |
| 14 QAM UPS. കൊച്ചുകരിക്കകം | 7 | 2 | – | – | 13 | – | – | – | ഇല്ല | 2 | 20 | 1 | 1 | – | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | – | – | – | – | – | – |
| 15 ഗവ: യു.പി.എസ്. പൊന്മുടി | 4 | 2 | – | – | 5 | – | – | – | ഉണ്ട് | 1 | 10 | 1 | 1 | – | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 5 | 15 | 5 | 5 | 2 |
| 16 ക്രസന്റ് ഇംഗ്ലീഷ് മീഡിയം സ്കൂൾ (ഇളവട്ടം) | – | – | – | – | – | – | – | – | – | – | – | – | – | – | – | – | – | – | – | – | – | – | – | – |
| 17 ഗവ: എച്ച്.എസ്. മടത്തറക്കാണി | 33 | 4 | 2 | 1 | 20 | 8 | 4 | 16 | ഉണ്ട് | 2 | 2 | 4 | 2 | 1 | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | 60 | 120 | 16 | 33 | 14 |
| 18 ചSS എച്ച്.എസ്. പാലോട് | 14 | 2 | – | – | 16 | – | – | – | ഉണ്ട് | 2 | 40 | – | 1 | – | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | അതെ | – | – | – | – | ഉണ്ട് |
| 19 ഗവ: ഠഎച്ച്.എസ്. ഇടിഞ്ഞാർ | 17 | 3 | – | – | 13 | – | – | 7 | – | 1 | 3 | 2 | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | 1 | ഇല്ല | 50 | 20 | 7 | 10 | 4 |
| 20 ഇക്ബാൽ ഹൈസ്കൂൾ, പെരിങ്ങമ്മല | 14 | 2 | 1 | – | 20 | 3 | – | 3 | ഉണ്ട് | 2 | 3 | 3 | 1 | 1 | ഉണ്ട് | ഉണ്ട് | – | ഉണ്ട് | ഇല്ല | 10 | 10 | 5 | 5 | 3 |
| 21 ഇക്ബാൽ കോളേജ് പെരിങ്ങമ്മല | – | – | – | – | – | – | – | – | – | – | – | – | – | – | – | – | – | – | – | – | – | – | – | –, |

അഭിമാനർഹമായ വിജയം നേടുകയും ചെയ്തിട്ടുണ്ട്. പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനു വേണ്ടി മിക്കസ്ക്കൂളുകളിലും സ്റ്റാന്റേർഡ് IV, VII എന്നിവയിൽ എൻഡോവ്മെന്റുകൾ ഏർപ്പെടുത്തിയിട്ടുണ്ട്.

## വിദ്യാലയങ്ങളിലെ PTA യുടെ പ്രവർത്തനം

പഞ്ചായത്തിലെ വിദ്യാലയങ്ങളിൽ PTA സജീവമാണ്. വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനും ഭൗതികസാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും വേണ്ടി പ്രവർത്തിക്കുന്നു. മാതൃസംഗമങ്ങൾ എല്ലാ വിദ്യാലയങ്ങളിലും പ്രവർത്തിക്കുന്നുണ്ട്. ക്ലാസ്സ്റും PTA കളും പ്രവർത്തിപ്പിക്കാനുള്ള ശ്രമങ്ങൾ നടത്തുന്നുണ്ട്.

## പ്രശ്നങ്ങൾ

വിദ്യാലയങ്ങളിലെ ഭൗതികസൗകര്യക്കുറവ് യഥാസമയങ്ങളിൽ അദ്ധ്യാപകരെ നിയമിക്കാത്തതുകൊണ്ട് സർക്കാർ സ്ക്കൂളുകളിലെ പാഠഭാഗങ്ങൾ കൃത്യസമയത്ത് പഠിപ്പിച്ചുതീർക്കാൻ കഴിയുന്നില്ല. ഇത് പഠന നിലവാരത്തെ ബാധിക്കുന്നു. പാഠ്യേതരപ്രവർത്തനങ്ങളിൽ ബന്ധപ്പെടുന്നതിനാൽ സിലബസ്സ് അനുസരിച്ചുള്ള പാഠഭാഗങ്ങൾ തീരുന്നില്ല. സാദ്ധ്യായദിവസങ്ങളുടെ എണ്ണം പല കാരണങ്ങളാൽ കുറയുന്നു. ദൃശ്യ-ശ്രാവ്യ ഉപകരണങ്ങളുടെ കുറവു പഠനനിലവാരത്തെ ബാധിക്കുന്നു. സിലബസ്സ് മാറുന്നതിനനുസരിച്ചു അദ്ധ്യാപകർക്ക് ട്രെയിനിംഗ് നൽകാത്തതും പഠനനിലവാരത്തെ ബാധിക്കുന്നു. അദ്ധ്യാപക വിദ്യാർത്ഥി അനുപാതം ശാസ്ത്രീയമല്ല. നിലവാരം നോക്കാതെയുള്ള ക്ലാസ്സ് കയറ്റം മറ്റൊരു പ്രധാന കാരണമാണ്. രക്ഷിതാക്കളുടെ ജാഗ്രതക്കുറവ്, അദ്ധ്യാപകപരിശീലനത്തിലെ ഗുണനിലവാരമില്ലായ്മ, മത്സരപരീക്ഷകളെ മാത്രം ലക്ഷ്യം വച്ചുകൊണ്ടുള്ള വിദ്യാഭ്യാസം, മോണിറ്ററിംഗിന്റെ അപാകത, സാമൂഹ്യമായ പിന്നോക്കാവസ്ഥ വിദ്യാഭ്യാസവും ജീവിതവും തമ്മിലുള്ള അകൽച്ച, വീടുകളിലെ പഠനസാഹചര്യങ്ങളിലെ പരിമിതികൾ, പ്രാദേശിക സമൂഹത്തിന് വിദ്യാഭ്യാസകാര്യങ്ങളിൽ ഇടപെടാനുള്ള അവസരമില്ലായ്മ, പഴഞ്ചൻ ബോധനരീതി തുടങ്ങിയവയും നിലവാരം മോശമാകുന്നതിനുള്ള കാരണങ്ങളിൽപ്പെടുന്നു. നമ്മുടെ പ്രൈമറി വിദ്യാലയങ്ങളിൽ മുപ്പത്-നാല്പതു ശതമാനം കുട്ടികൾ അക്ഷരം ഉറയ്ക്കാത്തവരാണ്. SSLC പരീക്ഷ എഴുതുന്ന എൺപത്തിയഞ്ചു ശതമാനം കുട്ടികളും നിശ്ചിതപാസ് മാർക്കു വാങ്ങുന്നില്ല. ഇക്കാര്യങ്ങളിൽ മെച്ചപ്പെട്ട വിദ്യാഭ്യാസ നിലവാരം ഉണ്ടാക്കിയെടുക്കുന്നതിന് പഞ്ചായത്തിന്റെ നേതൃത്വത്തിൽ താഴെപറയുന്ന പ്രവർത്തനങ്ങൾ നടത്താവുന്നതാണ്.

## നിർദ്ദേശങ്ങൾ

1. ഒന്നാംക്ലാസ്സ് ഒഴികെ എത്ര വിദ്യാർത്ഥികൾക്ക് അക്ഷരബോധം, അക്കബോധം എന്നിവ ഇല്ലെന്ന് കണ്ടെത്തി അവർക്ക് സമയബന്ധിതമായി പരിഹാരബോധനം നടത്തുക.

2. എല്ലാ ക്ലാസ്സുകളിലും എല്ലാവിഷയങ്ങളിലും കുട്ടികൾക്കു അടിസ്ഥാനധാരണകൾ ഉണ്ടായി എന്ന് ഉറപ്പുവരുത്തുക.

3. എല്ലാമാസവും അദ്ധ്യാപകർക്ക് ശില്പശാലകൾ സംഘടിപ്പിക്കുക.

4. പത്താംക്ലാസ്സിലെ വിജയം മെച്ചപ്പെടുത്തുവാനുള്ള പ്രത്യേക പ്രവർത്തനങ്ങൾ ആവിഷ്കരിക്കുക.

5. സ്ക്കൂളുകളും പരിസരവും കുറഞ്ഞ ചിലവിൽ ആകർഷകമാക്കാനുള്ള പ്രവർത്തനങ്ങൾ നടത്തുക.

6. നാട്ടുകാരുടെ പങ്കാളിത്തത്തോടെ ആവശ്യമായ പഠനോപകരണങ്ങൾ നിർമ്മിക്കുക.

7. മെച്ചപ്പെട്ട പ്രവർത്തനം കാഴ്ച വയ്ക്കുന്ന പഞ്ചായത്തിലെ വിദ്യാലയങ്ങൾക്കു അവാർഡുകൾ പ്രഖ്യാപിക്കുക.

8. പഞ്ചായത്തിലെ LP, UP വിദ്യാലയങ്ങളിലെ വിദ്യാർത്ഥികളുടെ നിലവാരം പരിശോധിക്കുക. വാർഷിക പരീക്ഷയ്ക്കു മുൻപ് നാല്, ഏഴ് സ്റ്റാൻഡേർഡുകളുൽ പഞ്ചായത്ത് തലത്തിൽ ഒരു പൊതുപരീക്ഷ നടത്തുന്നതിനുവേണ്ടി പഞ്ചായത്ത്തല പരീക്ഷാബോർഡ് സ്ഥാപിക്കുക.

9. എല്ലാ സ്കൂളുകളിലും കുടിവെള്ളം, സ്ക്കൂളിനാവശ്യമായ ഭൗതികസൗകര്യങ്ങൾ (മൂത്രപ്പുര, കക്കൂസ്) തുടങ്ങിയവ ഏർപ്പെടുത്തുക.

10. എല്ലാ വിദ്യാലയങ്ങളിലും കോമ്പൗണ്ട് വാൾ കെട്ടി സ്ക്കൂൾ പരിസരം സംരക്ഷിക്കുക.

11. പഞ്ചായത്ത് മെമ്പറന്മാരുടെ നേതൃത്വത്തിൽ അവരവരുടെ വാർഡിലെ വിദ്യാലയങ്ങൾ സന്ദർശിച്ചു ഭൗതികസൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ ശ്രമിക്കുക.

12. വിദ്യാലയങ്ങളിൽ യൂണിഫോറം ഏർപ്പെടുത്തുക. ആ വിവരം സ്ക്കൂൾ മദ്ധ്യവേനൽ അവധിക്കു അടയ്ക്കുമ്പോൾ തന്നെ അറിയിക്കുക.

13. സ്ക്കൂളുകൾക്ക് സമീപം ട്രാഫിക് സിഗ്നൽ ബോർഡും ബമ്പും ഏർപ്പെടുത്തുക.

14. കാർഷിക മേഖലയിലെ പ്രവർത്തനങ്ങളിൽ വിദ്യാർത്ഥി പങ്കാളിത്തം ഉറപ്പുവരുത്തുക.

15. നിക്ഷേപ പദ്ധതികൾ പുനരാരംഭിക്കുക.

16. ഹൈസ്ക്കൂളുകളിൽ മാസത്തിലൊരിക്കൽ

പഞ്ചായത്ത് സാക്ഷരതാതസമിതിയുടെ ആഭിമുഖ്യത്തിൽ കാലികപ്രാധാന്യമുള്ള വിഷയങ്ങളെക്കുറിച്ചു ബോധവത്ക്കരണപരിപാടികൾ ആരംഭിക്കുക.

17. വർഷത്തിൽ രണ്ടുതവണ അദ്ധ്യാപക സംഗമം സംഘടിപ്പിക്കുക.

18. ഇക്ബാൽ കോളേജ് റിസോഴ്സ് സെന്ററായി ഉയർത്തുക.

19. SSLC പരീക്ഷയോടനുബന്ധിച്ചു വിദ്യാർത്ഥികൾക്കു വേണ്ടി വൊക്കേഷണൽ ഗൈഡൻസ് സെന്റർ സ്ഥാപിക്കുക.

20. ഇക്ബാൽ കോളേജ് N.S.S യൂണിറ്റിന്റെ സേവനം പഞ്ചായത്ത് വികസനപ്രവർത്തനങ്ങളിൽ ലഭ്യമാക്കുക.

21. ഇക്ബാൽ കോളേജ് ജംഗ്ഷനിൽ വെയിറ്റിംഗ് ഷെഡും പബ്ളിക് ടെലഫോൺബൂത്തും സ്ഥാപിക്കുക.

## സാദ്ധ്യതകൾ

പ്രശ്നപരിഹാരത്തിന് PTA സജീവമാകണം. അദ്ധ്യാപകനും-വിദ്യാർത്ഥിയും-രക്ഷിതാവും തമ്മിലുള്ള ബന്ധം കൂടുതൽ ഉറപ്പിക്കണം. മാതൃസംഗമത്തിന്റെ പ്രവർത്തനം കൂടുതൽ ഫലപ്രദമാക്കണം. ഗണിത ശാസ്ത്ര വിഷയങ്ങൾക്കു കൂടുതൽ പ്രാധാന്യം നൽകണം. കുട്ടികളുടെ ആരോഗ്യസ്ഥിതി വർഷത്തിൽ മൂന്നുതവണ കൃത്യമായി പരിശോധിച്ചു ഹെൽത്ത് കാർഡ് നൽകണം. കായികരംഗം പ്രൈമറിതലം മുതൽ ഫലപ്രദമാക്കണം. വിദ്യാഭ്യാസനിലവാരം ഉയർത്തുന്നതിന് കാലാകാലങ്ങളിൽ വരുന്ന സർക്കാരുകൾ തയ്യാറാക്കുന്ന പദ്ധതികൾ ഫലപ്രദമായി നടപ്പാക്കാൻ ഒഴിവുദിനങ്ങൾകൂടി കണ്ടെത്തുകയും അതിനുവേണ്ട എല്ലാ സഹായവും ലഭിക്കുന്നതിന് പഞ്ചായത്ത് മുൻകൈ എടുക്കുകയും വേണം. കുട്ടികളിൽ വായനാശീലം വളർത്തുന്നതിന് പുസ്തകങ്ങളുടെ വിതരണം സുഗമമാക്കണം. എല്ലാവിദ്യാലയങ്ങളിലും ബാലസാഹിത്യ ഗ്രന്ഥശാലകൾ തുടങ്ങണം. അദ്ധ്യാപകരെ നിർബന്ധമായും കണക്കെടുപ്പു ജോലിയിൽ നിന്നും ഒഴിവാക്കണം. വിദ്യാഭ്യാസ മേലധികാരികൾ കർശനമായും സ്ക്കൂളുകൾ സന്ദർശിച്ചു നിലവാരം മനസ്സിലാക്കണം. സ്ക്കൂൾ ആരംഭത്തിൽ തന്നെ അദ്ധ്യാപക നിയമനവും പാഠപുസ്തകങ്ങളുടെ വിതരണവും നടത്തണം.

**ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്നിട്ടുള്ള പ്രശ്ന പരിഹാര നിർദ്ദേശങ്ങൾ:-**

1. ശാസ്താം നടയിൽ LPS ആരംഭിക്കുക.

2. ശാസ്താം നടയിലെ വിദ്യാർത്ഥികൾക്ക് വിദ്യാലയങ്ങളിൽ എത്തിച്ചേരാൻ യാത്രാസൗകര്യം ഏർപ്പെടുത്തുക.

**മടത്തറക്കാണി.H.S**

1. സ്ഥലം ലഭ്യമാക്കുക.
2. ബഹുനില കെട്ടിടം പണിയുക.
3. പഠനോപകരണങ്ങൾ ലഭ്യമാക്കുക.
4. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്ക്കൂൾ ആയി ഉയർത്തുക.
5. കളിസ്ഥലം നിർമ്മിക്കുക.
6. ഒന്ന്, രണ്ട്, സ്റ്റാന്റേർഡുകളിലെ ,ഷിഫ്റ്റ് സമ്പ്രദായം അവസാനിപ്പിക്കുക.

**T.S. താണിമൂട്**

1. സ്ഥിരം കെട്ടിടം നിർമ്മിക്കുക.
2. ചുറ്റുമതിൽ നിർമ്മിക്കുക.
3. മൂത്രപ്പുര, കക്കൂസ് എന്നിവ നിർമ്മിക്കുക.
4. പ്രീ-പ്രൈമറിക്ലാസ്സുകൾ ആരംഭിക്കുക.

**ജവഹർകോളനി UPS.**

1. സ്ഥിരം കെട്ടിടം നിർമ്മിക്കുക.
2. ഹൈസ്ക്കൂളാക്കി ഉയർത്തുക.
3. ഫ്രീ-പ്രൈമറി ആരംഭിക്കുക.

**പെരിങ്ങമ്മല UPS.**

1. ബഹുനില കെട്ടിടം പണിയുക.
2. ഗേൾസ്- ഹൈസ്ക്കൂളാക്കി ഉയർത്തുക.
3. പ്രീ- പ്രൈമറി ആരംഭിക്കുക.
4. ലാബ്രട്ടറി, ലൈബ്രറി എന്നിവ ഫലപ്രദമാക്കുക.

**ഗവ:LPS' കൊല്ലായിൽ:**

1. പഠനോപകരണങ്ങളും മറ്റു ഭൗതികസൗകര്യങ്ങളും ഏർപ്പെടുത്തുക.
2. ലാബ്രട്ടറി സൗകര്യം ഏർപ്പെടുത്തുക.

**S.N.U.P.S കൊല്ലായിൽ:-**

1. കളിസ്ഥലം നിർമ്മിക്കുക.
2. ലാബ്രട്ടറി, ലൈബ്രറി എന്നിവ സ്ഥാപിക്കുക.

**T.K.M.L.P.S. മാന്തുരുത്തി:**

1. കളിസ്ഥലം നിർമ്മിക്കുക.
2. ലാബ്രട്ടറി, ലൈബ്രറി എന്നിവ സ്ഥാപിക്കക.

**സെന്റ് ജോർജ്ജ് L.P.S: പാലോട്.**

1. U.P.S ആയി ഉയർത്തുക.
2. കളിസ്ഥലം നിർമ്മിക്കുക.

**N.S.S.H.S.പാലോട്.**

1. ലാബ്രട്ടറി, ലൈബ്രറി എന്നിവ സ്ഥാപിക്കുക.
2. സ്റ്റേഡിയം നിർമ്മിക്കുക.

**ഇക്ബാൽ ഹൈസ്ക്കൂൾ പെരിങ്ങമ്മല.**

1. സ്റ്റേഡിയം നിർമ്മിക്കുക.
2. ലാബ്രട്ടറി, ലൈബ്രറി എന്നിവ സ്ഥാപിക്കുക.

**ദേവപ്പുര ഗവ: L.P.S**

1. സ്ഥിരം കെട്ടിടം നിർമ്മിക്കുക.
2. കളിസ്ഥലം നിർമ്മിക്കുക.
3. ഒന്ന്, രണ്ട് സ്റ്റാന്റേർഡുകളിലെ ഷിഫ്റ്റ് സമ്പ്ര

ദായം അവസാനിപ്പിക്കുക.

4. വൈദ്യുതീകരിക്കുക.

**ക്വായിദേമില്ലത്ത് U.P.S കൊച്ചുകരിക്കകം.**

1. കളിസ്ഥലം നിർമ്മിക്കുക.

2. ലൈബ്രറി, ലാബ്രട്ടറി എന്നിവ സ്ഥാപിക്കുക.

**ജവഹർ L.P.S തെന്നൂർ**

1. U.P.S ആയി ഉയർത്തുക.

2. കളിസ്ഥലം നിർമ്മിക്കുക.

3. ചുറ്റുമതിൽ നിർമ്മിക്കുക.

**ഞാറനീലിക്കാണി U.P.S**

1. സ്ഥിരം കെട്ടിടം നിർമ്മിക്കുക.

2. കുടിവെള്ളസൗകര്യം ഏർപ്പെടുത്തുക.

3. ചുറ്റുമതിൽ നിർമ്മിക്കുക.

4. മൂത്രപ്പുര നിർമ്മിക്കുക.

5. ഫർണിച്ചർ സൗകര്യം ഏർപ്പെടുത്തുക.

ഗിരിവർഗ്ഗ മേഖലയായ കാട്ടിലക്കുഴിയിൽ L.P.S. ആരംഭിക്കുക.

**ട്രൈബൽ H.S ഇടിഞ്ഞാർ:-**

1. സ്ഥിരം കെട്ടിടം നിർമ്മിക്കുക.

2. ചുറ്റുമതിൽ നിർമ്മിക്കുക.

3. ജീവനക്കാർക്കായി ക്വാർട്ടേഴ്സ് പണിയുക.

4. കളിസ്ഥലം (സ്റ്റേഡിയം) നിർമ്മിക്കുക.

5. ലൈബ്രറി, ലബോറട്ടറി സൗകര്യം ഏർപ്പെടുത്തുക.

6. പട്ടിക ജാതിക്കാർക്കായി ജില്ലാടിസ്ഥാനത്തിൽ സ്ഥാപിക്കുന്ന റസിഡൻഷ്യൽ സ്ക്കൂൾ സ്ഥാപിക്കുക.

**ഗവ: UPS പൊന്മുടി:-**

1. ജീവനക്കാർക്ക് ക്വാർട്ടേഴ്സ് പണിയുക.

2. സ്ഥലവാസികളായ അദ്ധ്യാപകരെ നിയമിക്കുക.

3. വിദ്യാർത്ഥികൾക്ക് സ്ക്കൂളിൽ എത്തുന്നതിന് വാഹനസൗകര്യം ഏർപ്പെടുത്തുക.

1. മെർച്ചിസ്റ്റൺ എസ്റ്റേറ്റ് കേന്ദ്രീകരിച്ചു തമിഴ്-മലയാളം മീഡിയം L.P.S ആരംഭിക്കുക.

2. സ്ക്കൂൾ ആരംഭിക്കുന്നതു വരെ പൊന്മുടി സ്ക്കൂളിൽ കുട്ടികൾക്ക് എത്തുന്നതിനായി യാത്രാസൗകര്യം ഏർപ്പെടുത്തുക.

**ഇക്ബാൽ കോളേജ്- പെരിങ്ങമ്മല.**

1. B.SC കെമിസ്ട്രി (പോളിമർ).
2. B.SC ഫിസിക്സ്.
3. B.A ഇംഗ്ലീഷ് (Literature, Language)
4. B.A മലയാളം(Literature, Language)
5. B.A എക്കണോമിക്സ്
6. M.A ഹിസ്റ്ററി
7. M.SC ബോട്ടണി.
8. M.Sc Maths എന്നീ കോഴ്സുകൾ ആരംഭിക്കുക.

9. പട്ടികജാതി- പട്ടികവർഗ്ഗ കുട്ടികൾക്ക് സ്പെഷ്യൽ ട്യൂഷന് എത്തിച്ചേരാൻ യാത്രാസൗകര്യം ഏർപ്പെടുത്തുക.

1. പഞ്ചായത്തിൽ സർക്കാർ തലത്തിൽ ട്രെയിനിംഗ് കോളേജ്, ഐ.ടി.ഐ. എന്നിവ ആരംഭിക്കുക.

2. പാലോട്-ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ് സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ടാക്കുക.

3. ഇടിഞ്ഞാറിൽ സ്ഥിതിചെയ്യുന്ന പ്രീ-മെട്രിക് ഹോസ്റ്റലിന് സ്ഥലവും സ്ഥിരം കെട്ടിടവും ഉണ്ടാക്കുക.

പെരിങ്ങമ്മല ഗ്രാമപഞ്ചായത്ത്

9, 7 സാമ്പത്തികാനുകൂല്യം ലഭിക്കുന്ന വിദ്യാർത്ഥികളുടെ വിവരം

പട്ടിക IIA.

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | മെറിറ്റ് സ്കോളർഷിപ്പ് | ലംപ്സം ഗ്രാന്റ് | മുസ്ലീംപെൺകുട്ടികളുടെ സ്കോളർഷിപ്പ് | വികലാംഗ സ്കോളർഷിപ്പ് | ജവാന്മാരുടെ മക്കൾ വിദ്യാഭ്യാസാനുകൂല്യം | ബീഡിതൊഴിലാളി സ്കോളർഷിപ്പ് | മത്സ്യതൊഴിലാളികളുടെ മക്കൾക്കുസ്കോളർഷിപ്പ് | മറ്റുള്ളവ വ്യക്തമാക്കുക |
|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| 1 | ഗവ: LPS. കൊല്ലായിൽ | ഇല്ല | 48 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 2 | താന്നിമൂട് | ഇല്ല | 92 | ഇല്ല | 2 | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 3 | ഗവ: LPS. കരിമൺകോട് | ഇല്ല | 50 | ഇല്ല | 1 | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 4 | T.K.M. LPS. മാന്തുരുത്തി | ഇല്ല | 44 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 5 | സെന്റ് ജോർജ് LPS. പാലോട് | 3 | 31 | ഇല്ല | 1 | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 6 | ഗവ: LPS. ദേവപ്പുര | ഇല്ല | 10 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 7 | ജവഹർ LPS. തെന്നൂർ | ഇല്ല | 34 | ഇല്ല | 3 | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 8 | ഇക്ബാൽ ഇംഗ്ലീഷ് മീഡിയം LPS (Unaided) | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 9 | SN UPS. കൊല്ലായിൽ | 12 | 124 | 41 | 6 | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 10 | ഗവ: UPS. ജവഹർകോളനി | 15 | 68 | 19 | 2 | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 11 | UPS. കരിമൺകോട് | 2 | 34 | 12 | 2 | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 12 | ഗവ: UPS ഞാറനീലിക്കാണി | 4 | 73 | 59 | 6 | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 13 | QAM UPS. കൊച്ചുകരിക്കകം | 12 | 66 | 138 | 1 | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 14 | ഗവ: UPS. പെരിങ്ങമ്മല | 2 | 101 | 43 | 3 | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 15 | ഗവ: UPS. പൊന്മുടി | 2 | 31 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 16 | സെന്റ് ഇംഗ്ലീഷ് മീഡിയം സ്കൂൾ (CBSE) | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 17 | ഗവ: HS. മടത്തറക്കാണി | – | 386 | – | – | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 18 | NSS HS. പാലോട് | – | 108 | – | – | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 19 | ഗവ: THS. ഇടിഞ്ഞാർ | – | 242 | – | – | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 20 | ഇക്ബാൽ ഹൈസ്കൂൾ പെരിങ്ങമ്മല | – | 210 | – | – | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 21 | ഇക്ബാൽ കോളേജ്, പെരിങ്ങമ്മല | – | – | 62 | – | – | – | ഇല്ല | ഇല്ല |

# 9.8 ചെലവ് സംബന്ധിച്ച വിവരങ്ങൾ (ആവർത്തന സ്വഭാവമുള്ളത്)

| ക്രമനമ്പർ | സ്കൂളിന്റെ പേര് | ചെലവ് | | | | | | | | വരവ് A | | | വരവ് B | | | | ആകെ വരവ് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | [illegible] | [illegible] | [illegible] | സ്പോർട്സ് | [illegible] | [illegible] | [illegible] | [illegible] | സർക്കാർ | തദ്ദേശ സ്ഥാപനങ്ങൾ | ആകെ | [illegible] | [illegible] | പി. ടി. എ. ഫണ്ട് | [illegible] | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 |
| 1. | ഗവ: UPS ജവഹർ കോളനി | – | – | – | 9210 | – | – | 1400 | – | 431391 | – | 431391 | 932 | – | – | 9370 | 441693 |
| 2. | ഗവ: UPS ഞാറനീലി ക്കാണി | – | – | | – | – | | 1200 | 471 | 643156 | – | 643156 | 617 | – | – | 2267 | 646040 |
| 3. | ഗവ: UPS പെരിങ്ങമ്മല | – | – | – | – | – | – | 1000 | 18902 | 1967154 | – | 1967154 | 1857 | – | – | 15934 | 1984945 |
| 4. | ഗവ: UPS പൊന്മുടി | – | – | – | 1665 | – | – | 1000 | 1261 | 336214 | – | 336214 | 74 | – | – | – | 336288 |
| 5. | QAM UPS കൊച്ചുകരിക്കകം | 751 | – | 35 | 108 | – | 90 | 2000 | 497 | 49054 | – | 49054 | 966 | 60 | – | 11105 | 61185 |
| 6. | UPS കരിമൺകോട് | – | – | – | – | – | – | 460 | 4500 | 246850 | – | 246850 | – | 500 | – | 4000 | 251350 |
| 7. | S.N. UPS കൊല്ലായിൽ | 47 | 50 | 2500 | 10750 – | – | – | – | 18135 | 938558 | – | 938558 | 2568 | 5000 | – | 18315 | 964441 |
| 8. | Kh: LPS ദേവപ്പുര | – | – | – | / 47 | 571 | 100 | – | 14359 | 295706 | – | 295706 | – | – | – | 296737 | 592443 |
| 9. | ഗവ: LPS കരിമൺകോട് | – | – | – | – | – | – | – | 5105 | 307089 | – | 307089 | – | – | – | 95 | 307184 |
| 10. | ഗവ: LPS കൊല്ലായിൽ | – | – | – | – | – | – | 0324 | 7504 | 521900 | – | 521900 | – | 350 | 2750 | 5861 | 530861 |
| 11. | T.S. താന്നിമൂട് | – | – | – | – | – | – | – | 13723 | 508712 | – | 508712 | – | – | – | 5280 | 513992 |
| 12. | St. ജോർജ് LPS പാലോട് | 460 | – | – | – | – | – | 1000 | 10373 | 314418 | – | 314418 | – | 150 | – | 10373 | 324941 |
| 13. | ജവഹ LPS തെന്നൂർ | – | – | – | 51 | – | – | – | 2620 | 382433 | – | 382433 | – | 51 | – | 2620 | 385104 |
| 14. | TKM LPS മന്തുരുത്തി | – | – | – | – | – | – | 0140 | 7384 | 262971 | – | 262971 | – | – | – | 7384 | 270355 |
| 15. | ഇക്ബാൽ ഇംഗ്ലീഷ് മീഡിയം LPS (Un Aided) | 1000 | 200 | 300 | 500 | 500 | 500 | – | 500 | – | – | – | 31200 | – | 4600 | 3120 | 38920 |
| 16. | ക്രസന്റ് ഇംഗ്ലീഷ് സ്കൂൾ (CBSE) | – | – | – | – | – | – | – | – | – | – | – | – | – | – | – | – |
| 17. | ഗവ: H. S മടത്തറക്കാണി | – | 1000 | 500 | 500 | 1000 | – | 2000 | – | – | – | – | – | – | 5000 | – | 5000 |
| 18. | N. S. S. H. S. പാലോട് 1 | 0000 | 5000 | 5000 | 500 | 1000 | 500 | 2000 | 12000 | – | – | – | 12000 | – | 12000 | – | 24000 |
| 19. | T.H.S ഇടിഞ്ഞാർ | 10000 | 2000 | 2000 | 3000 | 2000 | 5000 | 3000 | 5000 | – | – | – | 1200 | – | 1000 | – | 2200 |
| 20. | ഇക്ബാൽ H.S പെരിങ്ങമ്മല | 5000 | 5000 | 10000 | 2000 | 3000 | 15000 | – | 10000 | 3000 | – | 3000 | 3600 | – | 1000 | – | 7600 |
| 21. | ഇക്ബാൽ കോളേജ്, പെരിങ്ങമ്മല | – | – | – | – | – | – | – | – | – | – | – | – | – | – | – | – |

# സാംസ്കാരികരംഗം.

സാംസ്കാരിക പ്രവർത്തന രംഗത്ത് താരത മ്യേന പിന്നോക്ക നില്ക്കുന്ന ഒരു പഞ്ചായത്താണ് നമ്മുടേത്. കലാ-കായിക സംഘടനകളുടെ എണ്ണത്തിനനുസരിച്ച് ഗുണമേന്മയുള്ള തുടർപ്രവർത്തനങ്ങൾ തീരെ ഇല്ല എന്നു തന്നെ പറയാം. ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നതും ബഹുജന സ്വാധീനമുള്ളതുമായ വിവിധരാഷ്ട്രീയപാർട്ടികൾ, ബഹുജനസംഘടനകൾ, ട്രേഡ് യൂണിയനുകൾ എന്നിവയ്ക്കൊന്നുംതന്നെ സമൂഹത്തിന്റെ സാംസ്കാരികശുദ്ധീകരണത്തിനും, അതിലൂടെ മാനവികതയുടെ ഉദാത്തവൽക്കരണം സാക്ഷാത്ക്കരിക്കുകയും ചെയ്യുക എന്ന ലക്ഷ്യം വച്ചുകൊണ്ടുള്ള സാസ്കാരിക പ്രവർത്തന പരിപാടികൾ സംഘടിപ്പിക്കുന്നതിനോ നേതൃത്വം നൽകുന്നതിനോ സമയം കണ്ടെത്താൻ കഴിയുന്നില്ല എന്നതാണ് യാഥാർത്ഥ്യം. സാംസ്കാരിക ശുദ്ധീകരണം എന്നതുകൊണ്ടുദ്ദേശിക്കുന്നത് മാനസിക സംസ്കാരത്തിന്റേയും കായികസംസ്കാരത്തിന്റേയും അവിരാമമായ നവീകരണ പ്രക്രിയയാണ്. ഇതു സാധിതമാകണമെങ്കിൽ യഥാർത്ഥ രാഷ്ട്രീയത്തെക്കുറിച്ചുള്ള ശരിയായ അവബോധം ആർജ്ജിക്കാൻ കഴിയണം. മാനവ സമൂഹത്തിന്റെ രചനാത്മകമായ എല്ലാ ധാരകളേയും സമന്വയിപ്പിക്കുകയും അതിലൂടെ യഥാർത്ഥ ഭമാനവീകത' സ്ഫുടംചെയ്തെടുക്കുകയും ചെയ്യുക എന്നതാണ് യഥാർത്ഥ രാഷ്ട്രീയം; രാഷ്ട്രീയപ്രവർത്തനം. ഈ അർത്ഥത്തിൽ സാംസ്കാരികപ്രവർത്തനം ഒരു ഒഴിവുകാല പ്രവർത്തനമോ, വാർഷികദിനാചരണമോ, അനുസ്മരണമോ, പൊടുന്നനെ പൊട്ടിമുളച്ചുപൊലിയുന്ന പ്രതിഭാസമോ ആയി മാറാൻ പാടില്ലാത്തതാണ്. അതു പ്രാണവായുപോലെ നമ്മുടെ സാമൂഹ്യസിരകളിൽ രക്തപ്രവാഹത്തിൽ അലിഞ്ഞുചേരേണ്ടതാണ്. എല്ലാ വിധ മാനവിക പ്രവർത്തനങ്ങൾക്കും പ്രചോദനവും പ്രകാശവുമായി മാറേണ്ടതാണ്.

ഈ അവബോധത്തിന്റെ അടിസ്ഥാനത്തിൽ നമ്മുടെ പഞ്ചായത്തിലെ നിലവിലുള്ള സ്ഥിതി, പ്രശ്നങ്ങൾ എന്നിവ അവലോകനം ചെയ്ത് ഭാവി സാംസ്കാരിക പ്രവർത്തനങ്ങൾക്കു രൂപം നൽകാൻ നമുക്കു കഴിയണം.

I|പ്രാദേശികോത്സവങ്ങൾ, ആഘോഷങ്ങൾ

വിവിധ ആരാധനാലയങ്ങളോടനുബന്ധിച്ചുള്ള ഉത്സവങ്ങളും കലാപരിപാടികളും പതിവിൻപടി നടത്തിവരുന്നുണ്ട്. കലാകായികസംഘടനകളുടെ വാർഷികാഘോഷങ്ങളും ചില ദിനാചരണങ്ങളും ഒക്കെ സംഘടിപ്പിക്കാറുണ്ട്. ഓണാഘോഷം, നബിദിനാഘോഷം, ക്രിസ്തുമസ്സ് എന്നിവയാണ് പ്രധാന ആഘോഷങ്ങൾ.

പാലോട് കന്നുകാലിച്ചന്തയും കാർഷികമേളയും

മുപ്പത്തിമൂന്ന് വർഷങ്ങൾക്കുമുമ്പ് പെരിങ്ങമ്മല-നന്ദിയോട്-പാങ്ങോട്- വിതുര-തൊളിക്കോട് പഞ്ചായത്തുകളിലെ കർഷകർക്ക് ഉഴവുമാടുകളും കാർഷികോപകരണങ്ങളും വിത്തിനങ്ങളും വില്ക്കുന്നതിനും വാങ്ങുന്നതിനും വേണ്ടി തുടങ്ങി വച്ച ഒരു സംരംഭമാണിത്.

പണ്ട് തമിഴ് നാട്ടിൽ നിന്നും ആന്ധ്രയിൽ നിന്നും ആയിരക്കണക്കിനു ഉഴവുമാടുകളെയും പശുക്കളെയും ഇവിടെ എത്തിച്ചു വില്പന നടത്തിയിരുന്നു. കാർഷികവിളകളുടെ സ്ഥാനം നാണ്യവിളകൾ കൈയ്യടക്കിയപ്പോൾ ഉഴവുമാടുകളുടെ വില്പന സാരമായി കുറഞ്ഞു.

ഒരു വ്യാഴവട്ടംകൊണ്ട് ഈ മേള തെക്കൻകേരളത്തിലെ ഏറ്റവും ശ്രദ്ധിക്കപ്പെടുന്ന കാർഷിക മേളയായി വികസിച്ചു. മേളയോടനുബന്ധിച്ച് വിവിധവിഷയങ്ങളെക്കുറിച്ചുള്ള സെമിനാറുകൾ, ഔഷധ- അലങ്കാരചെടികളുടെയും ഗാർഹികോപകരണങ്ങളുടെയും വില്പന, കലാപരിപാടികൾ എന്നിവ സംഘടിപ്പിച്ചു വരുന്നു. ഇന്ന് ഈ മേള കേരള ടൂറിസം വകുപ്പിന്റെ ധനസഹായത്തോടെ വിനോദസഞ്ചാരവാരം കൂടിയായി ആഘോഷിച്ചു വരുന്നു. എല്ലാവർഷവും പൊതുജനങ്ങളിൽ നിന്നും തെരഞ്ഞെടുക്കുന്ന സംഘാടകസമിതിയാണ് മേളകളുടെ ചുമതല വഹിക്കുന്നത്. എല്ലാ വർഷവും ഫെബ്രുവരി 7 മുതൽ 13 വരെയാണ് മേള നടക്കുന്നത്.

ലഭ്യമായിട്ടുള്ള സ്ഥിതിവിവരക്കണക്കുകളുടെയും വിശേഷാൽഗ്രാമസഭകൾ, റിസ്സോഴ്സ്പേഴ്സൺ ട്രയിനിംഗ് ക്യാമ്പുകൾ തുടങ്ങി വിവിധ തലങ്ങളിൽ നടന്ന ആശയ വിനിമയത്തിന്റെയും അടിസ്ഥാനത്തിൽ മനസ്സിലാക്കുന്ന ഒരു കാര്യം നമ്മുടെ പഞ്ചായത്തിൽ സുസംഘടിതവും ലക്ഷ്യ

ബോധത്തോടു കൂടിയതുമായ ശരിയായ സാംസ്കാരിക പ്രവർത്തനങ്ങൾ നടക്കുന്നില്ല എന്നതാണ്. നിലവിലുള്ള കലാ-കായിക സാംസ്കാരിക സംഘടനകൾക്ക് അർത്ഥ പൂർണ്ണമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കാൻ പല കാരണങ്ങളാലും കഴിയുന്നില്ല. സാമൂഹ്യ സാംസ്കാരിക പ്രവർത്തനങ്ങളിൽ താല്പര്യമുള്ള വ്യക്തികളുടെ എണ്ണവും തുലോം വിരളമാണ്.

കളിക്കളങ്ങളുടെയും മറ്റു സൗകര്യങ്ങളുടെയും അഭാവം, സാമ്പത്തിക സ്വരൂപണ സാദ്ധ്യതകൾ കണ്ടെത്താൻ കഴിയായ്ക, വിവിധ രംഗങ്ങളിലും വിഷയങ്ങളിലും പ്രവീണരായവരുടെ സേവനം ലഭ്യമാക്കാൻ കഴിയായ്ക, തുടർ പ്രവർത്തനങ്ങളും പരിപാടികളും ആവിഷ്കരിക്കുന്നതിന് ശരിയായ മാർഗ്ഗനിർദ്ദേശം നല്കുന്നതിനുള്ള സംവിധാനത്തിന്റെ അഭാവം, നേതൃത്വപരമായ പോരായ്മകൾ തുടങ്ങി ഇല്ലായ്മകളുടെയും വല്ലായ്മകളുടെയും പട്ടിക നീളുകയാണ്. പഞ്ചായത്ത് സമിതിയുടെ നിയന്ത്രണത്തിലുള്ള ഗ്രന്ഥശാലകളുടെയും സാംസ്കാരിക നിലയങ്ങളുടെയും പ്രവർത്തനങ്ങൾ പോലും അശ്രദ്ധയും അവഗണനയും മൂലം അധോഗതിയിലാണ്.

'ആധുനിക' സാമൂഹ്യ ജീവിതത്തിലെ ജീർണ്ണതകൾക്കും ദുഷ്പ്രവണതകൾക്കുമെതിരെ പോരാടാനും ഈ ഗ്രാമ പഞ്ചായത്തിലെ സാംസ്കാരിക ജീവിതത്തിനു പുതിയമാനങ്ങൾ നല്കാനും കഴിയുന്ന വിധം ഒരു പ്രവർത്തന പദ്ധതിക്കു രൂപം കൊടുക്കാൻ നമുക്കു കഴിയണം.

## നിർദ്ദേശങ്ങൾ/സാധ്യതകൾ

### 1. ഗ്രന്ഥശാലകൾ/വായനശാലകൾ

(a) പഞ്ചായത്തിന്റെ മൂന്നു മേഖലകളായി തിരിച്ച് മൂന്നു കേന്ദ്രങ്ങളിൽ 'മാതൃഗ്രന്ഥശാല'കൾ സ്ഥാപിക്കുക. (മടത്തറ, പെരിങ്ങമല, പൊന്മുടി)

(b) ഈ ഗ്രന്ഥശാലകളുമായി ബന്ധപ്പിച്ച് വാർഡ്തല വായനശാലകൾ സ്ഥാപിക്കുക.

(c) പഞ്ചായത്തു നിയന്ത്രണത്തിലുള്ള ഗ്രന്ഥശാലകൾ ഉപാധികൾക്കു വിധേയമായി ജനകീയ സമിതികളെ ഏല്പിക്കുക.

(d) ഗ്രന്ഥശാല സംഘവുമായി ഗ്രന്ഥശാലകൾ അഫിലിയേറ്റു ചെയ്യുക.

### 2. കായികരംഗം

(a) വിദ്യാലയങ്ങളിലെ കളിക്കളങ്ങൾ വിപുലീകരിക്കുകയും മെച്ചപ്പെടുത്തുകയും ചെയ്യുക.

(b) വാർഡ്-പഞ്ചായത്ത് തലങ്ങളിൽ കളിക്കളങ്ങൾ ഉണ്ടാക്കുകയും യുവതീയുവാക്കൾക്ക് പരിശീലനം നല്കുകയും മത്സരവേദികൾ സംഘടിപ്പിക്കുകയും കഴിവുള്ളവരെ കണ്ടെത്തി പ്രോത്സാഹനം നല്കുകയും ചെയ്യുക.

(c) നീന്തൽ കുളങ്ങളായി വികസിപ്പിക്കാൻ കഴിയുന്ന ധാരാളം ജലാശയങ്ങൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലുണ്ട്. (ഇടിഞ്ഞാർ, കാട്ടിലക്കുഴി, മാന്തുരുത്തി, പാറക്കോണം, പനങ്ങോട്, താന്നിമൂട്, ഇക്ബാൽ കോളേജ്, സൂര്യകാന്തി, ഇടവം, കലയപുരം എന്നിവിടങ്ങളിൽ) നീന്തൽക്ലബ്ബുകൾ രൂപീകരിച്ച് ആവശ്യമായ പരിശീലനവും പ്രോത്സാഹനവും നല്കാവുന്നതാണ്.

(d) പഞ്ചായത്തുതല നീന്തൽ മത്സരങ്ങൾ സംഘടിപ്പിക്കുക.

### 3. കലാ-സാഹിത്യരംഗം

a. പാരമ്പര്യകലകൾ, ആധുനിക കലകൾ, നാടൻ കലകൾ തുടങ്ങി വിവിധ കലാരൂപങ്ങൾക്ക് പ്രോത്സാഹനവും പരിശീലനവും നല്കുക.

b. നാടൻ പാട്ടുകൾ ശേഖരിച്ചു പ്രസിദ്ധീകരിക്കാൻ സംവിധാനം.

c. കവിയരങ്ങുകൾ, കഥയരങ്ങുകൾ, സാഹിത്യ സംവാദങ്ങൾ, ശില്പശാലകൾ എന്നിവ സംഘടിപ്പിക്കുക.

d. കഥാ-സാഹിത്യ രംഗത്തെ പ്രതിഭകളെ പങ്കെടുപ്പിച്ചു കൊണ്ടുള്ള ചർച്ചകൾ, സെമിനാറുകൾ , പഠനക്ലാസ്സുകൾ എന്നിവ സംഘടിപ്പിക്കുക.

e. നാടകപരിശീലനം, നാടക സംഘങ്ങൾ എന്നിവ രൂപീകരിക്കുക.

### 4. ജനകീയ ശാസ്ത്ര രംഗം.

a.ശരിയായ ശാസ്ത്ര ബോധവും ശാസ്ത്രീയ ചിന്തയും ഉളവാക്കാൻ പര്യാപ്തമായ പരിപാടികൾക്കു രൂപം നൽകുക.

b. ശാസ്ത്ര സാഹിത്യ പരിഷത്തു പോലുള്ള സംഘനകളുമായി ചേർന്ന് ദീർഘകാലാടിസ്ഥാനത്തിലുള്ള പരിപാടികൾക്കു രൂപം നൽകുക.

### 5. ബാലവേദി/ വനിതാവേദി

a എല്ലാ വാർഡുകളിലും ബാലവേദികൾ / വനിതാവേദികൾ രൂപീകരിക്കുക.

b ബാലവേദി പ്രവർത്തനങ്ങൾക്കു ആവശ്യമായ പരിശീലനം നല്കുക.

### 6. മാധ്യമരംഗം

a. മാധ്യമരംഗത്തെ വിസ്ഫോടനങ്ങളെ സംബന്ധിച്ച് വ്യക്തമായ ധാരണ ഉളവാകുംവിധം ശാസ്ത്രീയവും ഗവേഷണ പരവുമായ പഠനങ്ങൾ നടത്തുക.

b. ജീവിതത്തിന്റെ വിവിധ മേഖലകളിൽ ഇലക്ട്രോണിക്ക് മാധ്യമം ഉൾപ്പെടെയുള്ള മാധ്യമങ്ങൾ ചെല്ലുത്തുന്ന ദുഷ്സ്വാധീനങ്ങൾക്കെതിരെ

ബോധവൽക്കരണ പ്രതിരോധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

e. വിവിധവൈജ്ഞാനിക മണ്ഡലങ്ങളിലെ അറിവുകൾ സമൂഹത്തിനു പകർന്നു നല്കാൻ കഴിയും വിധം മാധ്യമങ്ങളിലെ സാധ്യതകൾ വിവേചനപൂർവ്വം പ്രയോജനപ്പെടുത്താനുള്ള ബോധവൽക്കരണവും അതോടൊപ്പം പ്രായോഗിക പ്രവർത്തനങ്ങളും സംഘടിപ്പിക്കുക.

### 7. സാംസ്ക്കാരിക പ്രസിദ്ധീകരണം

a. വിവിധ വാർഡുകളിൽ നടക്കുന്ന സാംസ്ക്കാരിക പ്രവർത്തനങ്ങൾ, സാംസ്ക്കാരിക രംഗത്തെ മാറിവരുന്ന പ്രവണതകൾ, സാംസ്ക്കാരിക ജീർണ്ണതയ്ക്കും ദുഷ്പ്രവണതയ്ക്കുമെതിരെ ബോധവൽക്കരണം തുടങ്ങി ഗ്രാമപഞ്ചായത്തിലെ സാംസ്ക്കാരിക രംഗം ശരിയായി പ്രതിഫലിപ്പിക്കും വിധമുള്ള റിപ്പോർട്ടുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, തുടങ്ങി പ്രസക്തമായ എന്തും ഉൾക്കൊള്ളുന്ന ഒരു മാസിക.

b. ഗ്രാമപഞ്ചായത്തിന്റെ ചരിത്രപഠനവുമായി ബന്ധപ്പെട്ട ലേഖനങ്ങൾ; പഞ്ചായത്തിലെ വളർന്നു വരുന്ന സാഹിത്യകാരന്മാരുടെ സൃഷ്ടികൾ, ശാസ്ത്രലേഖനങ്ങൾ, ബാലസാഹിത്യ സൃഷ്ടികൾ എല്ലാം ഉൾപ്പെടുന്ന മാസിക.

### 8. സംഘാടനം

A. വാർഡ് 1, 2............. 12.

സാംസ്ക്കാരികകേന്ദ്രം.

വായനശാല കായികവേദി കലാസാഹിത്യ വേദി കുട്ടികളുടെ തിയേറ്റർ ബാലവേദി വനിതാ വേദി കർഷകവേദി റേഡിയോ ഓഡിയോ/വീഡിയോ ക്ലബ്ബ് ശാസ്ത്രവേദി മാധ്യമവേദി

പ്രതിനിധികൾ

(വാർഡ് സംഘാടകസമിതി)

B.1 മുതൽ 12 വരെ വാർഡുകൾ

വാർഡ് സംഘാടകസമിതി പ്രതിനിധികൾ & പ്രമുഖരായ സാംസ്ക്കാരികപ്രവർത്തകർ, വിദ്യാഭ്യാസ പ്രവർത്തകർ.

(പഞ്ചായത്തു സംഘാടകസമിതി)

സാംസ്ക്കാരികകേന്ദ്രം

റിസ്സോഴ്സ് ഗ്രൂപ്പ്, മാതൃഗ്രന്ഥശാല, ഗവേഷണസൗകര്യം, ശില്പശാലകൾ, പഠനക്ലാസ്സുകൾ പുസ്തമേളകൾ ,സെമിനാർ, സംവാദം ചർച്ചകൾ ഗ്രന്ഥശാലപ്രവർത്തന പരിശീലനം, സാംസ്ക്കാരിക പ്രസിദ്ധീകരണം, വാർഡ് സമിതികൾക്കു നേതൃത്വം പരിശീലനം നാടകസംഘം ഗായകസംഘം നാടൻകലാസംഘം രൂപീകരണം കേരളോത്സവം

c. എല്ലാവാർഡിലും ഒരു സാംസ്ക്കാരിക കേന്ദ്രം ഉണ്ടാകണം.

1. ഓഫീസ് പണിയുന്നതിന് സ്ഥം ലഭ്യമാക്കണം. കേന്ദ്രത്തിന് കളികളം ഉണ്ടാകുന്നത് ഏറെ അഭികാമ്യം. സ്ഥലം സംഭാവനയായി ലഭിക്കാനുള്ള സാധ്യത ആരായണം. വാർഡിലെ എല്ലാ സാംസ്ക്കാരിക പ്രവർത്തനങ്ങളും ഇവിടെ കേന്ദ്രീകരിക്കണം.
2. പഞ്ചായത്തു സാംസ്ക്കാരിക കേന്ദ്രം - സാംസ്ക്കാരിക നിലയം

വാർഡുതല പ്രവർത്തനങ്ങൾക്കു നേതൃത്വം നല്കുന്നതോടൊപ്പം തനതു പ്രവർത്തനങ്ങൾ ദീർഘകാലാടിസ്ഥാനത്തിൽ ആസൂത്രണം ചെയ്തു നടപ്പാക്കുന്നതിനായി ഗ്രാമപഞ്ചായത്തുതല സാംസ്ക്കാരിക കേന്ദ്രം ഉണ്ടാകണം. ഇതിനായി പ്രത്യേകമായി രൂപകല്പന ചെയ്ത ആസ്ഥാനനിലയം പണിയണം. പാലോടോ പെരിങ്ങമ്മലയിലോ ഇതിനുള്ള സ്ഥലം കണ്ടെത്താനാവും.

# വനിതാക്ഷേമം

നമ്മുടെ പഞ്ചായത്തിലെ സാമൂഹ്യപ്രവർത്തനരംഗത്ത് സ്ത്രീകളുടെ പങ്കാളിത്തം മുൻകാലങ്ങളെ അപേക്ഷിച്ച് നേരിയതോതിലെങ്കിലും വർദ്ധിച്ചുവരുന്നതായി കാണാം. സാക്ഷരതാപ്രസ്ഥാനവുമായി ബന്ധപ്പെട്ട് വിദ്യാസമ്പന്നരായ നൂറുകണക്കിന് വനിതകൾ സാമ്പത്തികേച്ഛകൂടാതെ പ്രവർത്തനരംഗത്ത് കടന്നുവന്നത് അഭിമാനപൂർവം ഓർക്കുന്നു. ഇക്കഴിഞ്ഞ വിശേഷാൽ ഗ്രാമസഭകളിൽ വനിതകളുടെ പങ്കാളിത്തം ചില വാർഡുകളിൽ താരതമ്യേന ആശാവഹമായിരുന്നു.

ഈ പഞ്ചായത്തിലെ വനിതകളിൽ ഭൂരിഭാഗവും ഗാർഹികവൃത്തിയുമായി മാത്രം ബന്ധപ്പെട്ടു ജീവിക്കുന്നവരാണ്. പണിയെടുക്കുന്നതിൽ ഏറെ വനിതകളും കാർഷിക മേഖലയെയാണ് ആശ്രയിക്കുന്നത്. ചുമടെടുപ്പ്, പുല്ലുശേഖരണം, വിറകുശേഖരണം, മണൽവാരൽ, നിർമ്മാണത്തൊഴിലുകൾ, പരമ്പരാഗതത്തൊഴിലുകൾ എന്നിവയിലൂടെ കുടുംബം പുലർത്തുന്ന ധാരാളം സ്ത്രീകളുണ്ട്. പത്ത്, പതിനൊന്ന്, പന്ത്രണ്ട് എന്നീ വാർഡുകളിലെ സ്ത്രീകളിൽ ഏറിയപങ്കും തേയിലത്തോട്ടങ്ങളിലെ പണികളിൽ ഏർപ്പെട്ടിരിക്കുന്നവരാണ്. വിദ്യാസമ്പന്നരായ ഒരു ന്യൂനപക്ഷം സ്ത്രീകൾ ഉദ്യോഗസ്ഥകളായി പ്രവർത്തിക്കുന്നുണ്ട്. നാമമാത്രമായ ഒരു വിഭാഗം സ്വയംതൊഴിലുകളിൽ ഏർപ്പെട്ടും ഒരു ചെറുവിഭാഗം സ്വകാര്യസ്ഥാപനങ്ങളിലെ താൽക്കാലിക ജോലിക്കാരായും പ്രവർത്തിക്കുന്നു.

അഭ്യസ്തവിദ്യരായ യുവതികളുടെ തൊഴിലില്ലായ്മ ക്രമേണ വർദ്ധിച്ചുവരുന്നത് പ്രത്യേകം ശ്രദ്ധയർഹിക്കുന്നു. വിദ്യാഭ്യാസ സൗകര്യങ്ങളും സാക്ഷരതാ പ്രവർത്തനങ്ങളും നിരക്ഷരതാ നിർമ്മാർജനത്തിന് ഒരളവുവരെ സഹായിച്ചിട്ടുണ്ടെങ്കിലും ഒരു നല്ലശതമാനം വനിതകൾ ഇനിയും നിരക്ഷരരായി തുടരുകയാണ്. ഇടത്തരം കുടുംബങ്ങളിലെയും പാവപ്പെട്ട ജനവിഭാഗങ്ങളിലെയും വനിതകളുടെയും കുട്ടിക

സാമൂഹ്യജീവിതത്തിൽ വനിതകളുടെ പങ്ക് എന്ന വിഷയം ലോകവ്യാപകമായി സജീവ ചർച്ചയ്ക്ക് വിധേയമായിക്കൊണ്ടിരിക്കുന്നു. പുരുഷ മേധാവിത്വപരമായ സാമൂഹ്യസംവിധാനത്തിൽ വനിതകൾ ഒരു വിധത്തിൽ അല്ലെങ്കിൽ മറ്റൊരു വിധത്തിൽ അവഗണിക്കപ്പെടുക എന്നത് സ്വാഭാവികമാണ്. രാഷ്ട്രീയ-സാമ്പത്തിക അധികാരങ്ങളും സാമൂഹ്യപദവിയുമാണ് 'മേധാവിത്വപരത' നിർണ്ണയിക്കുന്ന പ്രധാനഘടകങ്ങൾ.

രാഷ്ട്ര നിർമ്മാണപ്രക്രിയയിൽ വനിതകൾക്കുള്ള സവിശേഷമായ പങ്ക് തിരിച്ചറിയാനും അവർക്കുമാത്രം നിർവഹിക്കാൻ കഴിയുന്ന വിശിഷ്ടമായ സാമൂഹ്യധർമ്മങ്ങൾ സാർവത്രികമായി പ്രയോജനപ്പെടുത്താൻ കഴിയുംവിധമുള്ള ഒരു സമഗ്രവികസന തന്ത്രം ആവിഷ്കരിക്കേണ്ടതുണ്ട്. കാർഷിക വ്യാവസായിക ഉത്പാദനമേഖലകളിലും സാമൂഹ്യപ്രവർത്തനരംഗത്തും വിദ്യാഭ്യാസ -സാംസ്കാരികമേഖലകളിലും തദനുസൃതമായ പുനഃസംവിധാനമായിരിക്കണം ജനകീയാസൂത്രണ പ്രസ്ഥാനത്തിലൂടെ സാധിതമാകേണ്ടത്. ഈ അവബോധത്തിൽ നിന്നുകൊണ്ടുവേണം പഞ്ചായത്തിലെ വനിതാരംഗം പരിശോധിക്കാൻ.

വനിതകളുടെ അവകാശങ്ങൾ പുരുഷന്മാർ നൽകുന്ന സൗജന്യമോ പുരുഷന്മാരുടെ സ്ഥാനമാനങ്ങൾ പിടിച്ചുപറിക്കലോ അല്ല എന്ന തിരിച്ചറിവുണ്ടാകണം. ഒപ്പം തങ്ങൾ പുരുഷന്മാരുടെ അടിമകളല്ലെന്നും സ്വന്തമായി വ്യക്തിത്വമുള്ളവരാണെന്നും ഒരു തലമുറയെ വാർത്തെടുക്കുന്നതിൽ പുരുഷന്മാരോടൊപ്പം പ്രവർത്തിച്ചു മുന്നേറേണ്ടവരാണെന്നുമുള്ള ആത്മവിശ്വാസം ആർജ്ജിക്കാൻ കഴിയണം. വിവിധമേഖലകളിൽ ഇടപെടാനും പൊതുവായ സാമൂഹ്യപുരോഗതിയും അതിലൂടെ തനതായ ജീവിതാഭിവൃദ്ധിയും നേടിയെടുക്കാൻ കഴിയുംവിധം വ്യക്തിപരമായും സംഘടിതമായും ശക്തി സംഭരിക്കാൻ വനിതകൾക്ക് കഴിയണം.

ളുടെയും ഇടയിലുള്ള ആരോഗ്യപ്രശ്നങ്ങളും പോഷകാഹാരക്കുറവും പരിഹാരം കാണേണ്ട വിഷയങ്ങളാണ്. ദാമ്പത്യജീവിതത്തെക്കുറിച്ചുള്ള ശരിയായ ഉൾക്കാഴ്ചയില്ലായ്മ, കുടുംബങ്ങളിലെ സാമൂഹ്യബന്ധങ്ങളിലും ഉണ്ടായിക്കൊണ്ടിരിക്കുന്ന മൂല്യത്തകർച്ച, ദാരിദ്ര്യം, തൊഴിലില്ലായ്മ സൃഷ്ടിക്കുന്ന അസ്വസ്ഥതയും നിരാശാബോധവും, മദ്യപാനം, മയക്കുമരുന്നിനടിമപ്പെടൽ, സ്ത്രീധനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ തുടങ്ങിയവ മൂലമുണ്ടാകുന്ന കുടുംബകലഹം, സ്ത്രീപീഡനം, വിവാഹമോചനം എന്നിവ പഞ്ചായത്തിൽ വിവിധ നിലവാരത്തിൽ പ്രകടമാണ്. ഇതിനെല്ലാമുപരി കാലാകാലങ്ങളിലായി നിലനിൽക്കുന്നതും സാമൂഹ്യസാംസ്കാരിക പുരോഗതിക്ക് വിഘാതം സൃഷ്ടിക്കുന്നതുമായ അനാചാരങ്ങളും അന്ധവിശ്വാസങ്ങളും പഴകിത്തുരുമ്പിച്ച മാമൂലുകളും സ്ത്രീകളെ മാനസികമായി അടിമകളാക്കുന്നു. കാർഷിക-വ്യാവസായിക ഉത്പാദന മേഖലകളിലൂടെ തൊഴിലവസരങ്ങൾ സൃഷ്ടിച്ച് സാമ്പത്തിക സ്വയം പര്യാപ്തത നേടുന്നതിനുള്ള പരിപാടികൾ ആവിഷ്കരിക്കുന്നതോടൊപ്പം എല്ലാവിധ അനാചാരങ്ങളിൽ നിന്നും അന്ധവിശ്വാസങ്ങളിൽ നിന്നും മാനസികമോചനം നേടുന്നതിനും പരിപാടികൾ ആവിഷ്കരിക്കണം.

## പ്രശ്നങ്ങൾ

1. വിവിധവിഭാഗം വനിതകൾക്കിടയിലെ രൂക്ഷമായ തൊഴിലില്ലായ്മ
2. കാർഷികമേഖലയിൽ കുറഞ്ഞുവരുന്ന തൊഴിൽസാധ്യതകൾ
3. ഏകീകൃത വേതനനിരക്കിന്റെ അഭാവം
4. സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള പരിശീലനക്കുറവും ബോധവൽക്കരണത്തിന്റെ അഭാവവും
5. പൊതു പ്രവർത്തനങ്ങളിൽ സ്ത്രീ പങ്കാളിത്തം പ്രതീക്ഷയ്ക്കൊത്ത് ഉയരാതിരിക്കൽ
6. വനിതാസംഘടനകളുടെ പ്രവർത്തനരാഹിത്യം
7. വനിതകളുടെ സാക്ഷരതാനിലവാരക്കുറവ്.
8. വിവിധമേഖലകളിൽ വൈദഗ്ധ്യമുള്ള വനിതകളുടെ കഴിവുകൾ സമൂഹത്തിനുവേണ്ടി ശരിയാംവണ്ണം വിനിയോഗിക്കാനുള്ള സംവിധാനമില്ലായ്മ
9. അശ്ലീലപോസ്റ്ററുകൾ, സിനിമകൾ, ദൂരദർശനിലൂടെയുള്ള നിലവാരം കുറഞ്ഞ പരിപാടികൾ, നീലച്ചിത്രനിർമ്മാണത്തിനുവേണ്ടി ചൂഷണം ചെയ്യുന്നതിനുള്ള പ്രവണതകൾ, സ്ത്രീ പീഡനം തുടങ്ങിയവ
10. ആരോഗ്യ-വിദ്യാഭ്യാസ-സാംസ്കാരിക മേഖലകളെക്കുറിച്ചുള്ള ബോധവൽക്കരണ പ്രവർത്തനങ്ങളുടെ അഭാവം.
11. നിലവാരമുള്ള പ്രസിദ്ധീകരണങ്ങളും പുസ്തകങ്ങളും വായിക്കുന്നതിനുള്ള വിമുഖത
12. നിലവാരമുള്ള പ്രസിദ്ധീകരണങ്ങളും ആഗ്രഹിക്കുന്നവർക്ക് അവ ലഭിക്കുന്നതിനുള്ള സംവിധാനത്തിന്റെ അഭാവം.
13. സ്ത്രീധനസമ്പ്രദായം മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ
14. കുടുംബാംഗങ്ങളായ പുരുഷന്മാരുടെ മദ്യപാനം, മയക്കുമരുന്നുപയോഗം, എന്നിവ മൂലമുണ്ടാകുന്ന മാനസികവും ശാരീരികവുമായ പീഡനങ്ങൾ
15. സാമൂഹ്യപ്രവർത്തനരംഗങ്ങളിലേക്ക് കടന്നുവരുന്ന വനിതകൾക്ക് നേരിടേണ്ടിവരുന്ന അവഹേളനം
16. വനിതകൾക്കുള്ള പ്രത്യേക നിയമസംരക്ഷണങ്ങളെക്കുറിച്ചുള്ള അറിവില്ലായ്മ
17. പൊതുസ്ഥലങ്ങളിൽ പ്രാഥമികാവിശ്യങ്ങൾക്കുള്ള സൗകര്യമില്ലായ്മ
18. അന്ധവിശ്വാസങ്ങളോടും അനാചാരങ്ങളോടും മാമൂലുകളോടുമുള്ള അതിരുകവിഞ്ഞ പ്രതിപത്തി.

## നിർദേശങ്ങൾ

**I. വനിതാ-കാർഷിക സംരംഭങ്ങൾ**

എ. പച്ചക്കറികൃഷിക്കാവശ്യമായ വിത്ത്, വളം, സാങ്കേതികോപദേശം എന്നിവ സൗജന്യമായി നൽകുക.

ബി. വിവിധയിനം കാർഷികവിളകളുമായി ബന്ധപ്പെട്ട നഴ്സറി തുടങ്ങുന്നതിനും നിലനിർത്തുന്നതിനും ആവശ്യമായ സാമ്പത്തികവും സാങ്കേതികവുമായ സഹായം ചെയ്യുക.

സി. കാർഷിക വിളകളുടെ വിത്തുകൾ സംഭരിച്ച് വിതരണം ചെയ്യുന്നതിനുള്ള കേന്ദ്രങ്ങൾ ഫലപ്രദമായ പ്രദേശങ്ങളിൽ സ്ഥാപിക്കുക.

ഡി. പച്ചക്കറികളുടെയും ഫലവർഗങ്ങളുടെയും സംഭരണകേന്ദ്രങ്ങളാരംഭിക്കുക.

ഇ. ഔഷധസസ്യകൃഷിക്കാവശ്യമായ വിത്തുകളും തൈകളും ലക്ഷ്യമാക്കി സാങ്കേതിക ഉപദേശവും സാമ്പത്തിക സഹായവും നൽകുക.

എഫ്. ഔഷധസസ്യങ്ങൾ സംഭരിച്ച് വിപണനം ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുക.

ജി. വിവിധയിനം പുഷ്പകൃഷി നടത്തുന്നതിനാവശ്യമായ സാങ്കേതിക സഹായവും സാമ്പത്തികസഹായവും ചെയ്യുക.

എച്ച്. പൂക്കളുടെ സംഭരണ-വിപണനസംവിധാനം ഏർപ്പെടുത്തുക

ഐ. വനിതാ-കാർഷികസംരംഭകർക്ക് ജലസേചനസൗകര്യത്തിനായി കുളങ്ങൾ/കിണറുകൾ കുഴിക്കുന്നതിനും പമ്പുസെറ്റുകൾ സ്ഥാപിക്കുന്നതിനും സബ്സിഡി നിരക്കിൽ സാമ്പത്തിക സഹായം നൽകുക.

ജെ. കൂൺകൃഷി യൂണിറ്റുകളാരംഭിക്കുക

**II. വനിതാ-വ്യാവസായിക സംരംഭകർ**

എ. ഈറ്റ, ചൂരൽ എന്നിവ ഉപയോഗിച്ചുള്ള കുട്ട, വട്ടി, പായ്, കസേര തുടങ്ങിയവ നിർമ്മിക്കുന്ന തൊഴിൽ സംരംഭങ്ങളിൽ ഏർപ്പെടുന്ന വനിതകൾക്ക് അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുകയും സാമ്പത്തിക സഹായം അനുവദിക്കുകയും ചെയ്യുക

ബി. വാഴനാര്, പുറുത്തിനാര്, പ്ലാസ്റ്റിക്, ചിരട്ട, കളിമണ്ണ്, പ്ലാസ്റ്റർ ഓഫ് പാരീസ്, വൃക്ഷവേരുകൾ തുടങ്ങിയവ ഉപയോഗിച്ചുള്ള കരകൗശല വസ്തുനിർമ്മാണയൂണിറ്റുകൾ സ്ഥാപിക്കുക.

സി. ബുക്ക് ബൈൻഡിംഗ് യൂണിറ്റുകൾ സ്ഥാപിക്കുക

ഡി. തയ്യൽ പരിശീലനകേന്ദ്രങ്ങൾ ആരംഭിക്കുക

ഇ. റെഡിമെയ്ഡ് വസ്ത്രനിർമ്മാണയൂണിറ്റുകൾ ആരംഭിക്കുക.

എഫ്. കളിമൺപാത്രനിർമ്മാണയൂണിറ്റുകൾ ആരംഭിക്കുക

ജി. ബേക്കറി ഉൽപ്പന്നയൂണിറ്റുകൾ ആരംഭിക്കുക

എച്ച്. തലയിണ, മെത്ത നിർമ്മാണയൂണിറ്റുകൾ ആരംഭിക്കുക

ഐ. വിവിധയിനം വറ്റൽ നിർമ്മാണയൂണിറ്റുകൾ ആരംഭിക്കുക

ജെ. അച്ചാർ നിർമ്മാണയൂണിറ്റുകൾ ആരംഭിക്കുക

കെ. വിവിധയിനം പഴം പച്ചക്കറി സംസ്കരണ-വിപണന യൂണിറ്റുകൾ ആരംഭിക്കുക

എൽ. ഇളനീർ വിൽപ്പനയൂണിറ്റുകൾ,

എം. പേപ്പർ കവർ നിർമാണയൂണിറ്റുകൾ

എൻ. ക്ഷീരോൽപ്പന്ന യൂണിറ്റുകൾ

ഒ. മസാലനിർമ്മാണയൂണിറ്റുകൾ

പി. ചന്ദനത്തിരി, മെഴുകുതിരി, സോപ്പ് നിർമ്മാണയൂണിറ്റുകൾ

ക്യൂ. റബ്ബർ ടാപ്പിംഗുമായി ബന്ധപ്പെട്ട ചില്ല്,

റിംഗ് നിർമ്മാണവും ചില്ല്, റിംഗ്, ചിരട്ട സംഭരണ വിപണനകേന്ദ്രവും

III. വനിതാ-മൃഗപരിപാലന സംരംഭങ്ങൾ

എ. കറവപശു വളർത്തൽ, ആടുവളർത്തൽ, കോഴിവളർത്തൽ, താറാവുവളർത്തൽ, തേനീച്ച വളർത്തൽ-യൂണിറ്റുകൾ

ബി. പാൽ, മുട്ട, തേൻ സംഭരണവിപണന കേന്ദ്രങ്ങൾ

സി. കോഴിക്കുഞ്ഞ്, താറാക്കുഞ്ഞ് ഉത്പാദന-വിതരണയൂണിറ്റുകൾ

ഡി. മുയൽവളർത്തൽ യൂണിറ്റുകൾ

IV. സാമൂഹ്യക്ഷേമ സുരക്ഷിതത്വ സംരംഭങ്ങൾ

എ. വിവിധവാർഡുകളിലെ വനിതാവികസന സംരംഭങ്ങളെ സഹായിക്കാനും വനിതാ ക്ഷേമസുരക്ഷിതത്വപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുവാനും കഴിയും വിധം വാർഡുതല വനിതാ വിദഗ്ധസമിതികളും അവയെ ഏകോപിപ്പിച്ച് പഞ്ചായത്തു തലത്തിൽ സ്ഥിരം വിദഗ്ധ സമിതിയും രൂപീകരിക്കുക

ബി. വിവിധസംരംഭങ്ങളുമായി ബന്ധപ്പെട്ട് വനിതാ സഹകരണസംഘങ്ങൾ രൂപീകരിക്കുക.

സി. നിയമസഹായകേന്ദ്രം തുറക്കുക

ഡി. വിവിധവിഷയങ്ങളും സംരംഭങ്ങളുമായി ബന്ധപ്പെട്ട ബോധവത്ക്കരണ പരിശീലന ക്ലാസുകൾക്ക് സ്ഥിരം സംവിധാനം ഏർപ്പെടുത്തുക

ഇ. മദ്യം, മയക്കുമരുന്ന്, പുകവലി, ഇവയുമായി ബന്ധപ്പെട്ട് കർശനമായി നിയന്ത്രണം ഏർപ്പെടുത്തുക ഒപ്പം 'ലഹരി വിമുക്തപഞ്ചായത്ത്' എന്ന ലക്ഷ്യത്തോടെ ബോധവൽക്കരണ പരിപാടികളും കർമ്മ പരിപാടികളും ആവിഷ്കരിക്കുക.

എഫ്. പൊതുസ്ഥലങ്ങളിൽ പ്രാഥമികാവശ്യങ്ങൾക്കുള്ള സൗകര്യങ്ങളേർപ്പെടുത്തുക

ജി. വൃദ്ധകൾക്കും അഗതികളായ സ്ത്രീകൾക്കും അഭയകേന്ദ്രം ആരംഭിക്കുക

എച്ച്. നിലവിലുള്ള വനിതാക്ഷേമപദ്ധതികളുടെ നടത്തിപ്പിലെ പോരായ്മകൾ നീക്കി പഞ്ചായത്തിന്റെ ചുമതലയിൽ നടപ്പിലാക്കുക.

## നിലവിലുള്ള വനിതാസംരംഭക യൂണിറ്റുകൾ

| ക്രമനം. | യൂണിറ്റിന്റെ പേര് | സ്ഥാപന വർഷം | ഏജൻസി | സംരംഭം | അംഗങ്ങൾ |
|---|---|---|---|---|---|
| 1. | പൊൻമുടി ഡയറിയൂണിറ്റ് | | DWCRA | പശുവളർത്തൽ | 10 |
| 2. | കളിമൺപാത്ര നിർമ്മാണയൂണിറ്റ് ജവഹർകോളനി | | DWCRA | കളിമൺ-കരകൗശല വസ്തു നിർമാണം | |
| 3. | തെന്നൂർ തയ്യൽ യൂണിറ്റ് | | സ്വകാര്യം | 4 തയ്യൽ മെഷീൻ | 12 |
| 4. | ഇടവം തയ്യൽ യൂണിറ്റ് | | സ്വകാര്യം | 29 തയ്യൽ മെഷീൻ | |
| 5 | ഇലവുപാലം തയ്യൽ യൂണിറ്റ് | | സ്വകാര്യം | 3 തയ്യൽ മെഷീൻ | |
| 6 | ഞാറനീലി ട്രൈബൽ തയ്യൽ പരിശീലനകേന്ദ്രം | | എസ്. ടി വകുപ്പ് | | |
| 7 | തയ്യൽ ആൻഡ് ബൈൻഡിംഗ് യൂണിറ്റ് | | നവജീവൻ | | |
| 8. | പെരിങ്ങമ്മല തയ്യൽ പരിശീലന കേന്ദ്രം | | ഗാന്ധിജി മെമ്മോറിയൽ വ്യവസായ സഹകരണസംഘം | | |

# പുരുഷസ്ത്രീ അനുപാതം - താരതമ്യം വിവിധമേഖലകളിൽ

(ആധാരം :1991 ലെ കാനേഷുമാരികണക്ക്)

| ക്രമനം. | വിഭാഗം | പുരുഷൻ | സ്ത്രീ | വ്യത്യാസം |
|---|---|---|---|---|
| 1 | ആകെ ജനസംഖ്യ | 14821 | 15323 | +502 |
| 2 | എസ്. സി | 2304 | 2352 | +48 |
| 3 | എസ്. റ്റി | 1203 | 1289 | +86 |
| 4 | സാക്ഷരർ | 11630 | 10948 | -682 |
| 5. | നിരക്ഷരർ | 1142 | 2395 | +1253 |
| 6. | മെയിൻവർക്കേഴ്സ് | 7380 | 2529 | -4851 |
| 7. | കർഷകർ | 1385 | 224 | -1161 |
| 8. | കർഷകത്തൊഴിലാളികൾ | 2776 | 1208 | -1568 |
| 9. | മൃസംരക്ഷണം,തോട്ടം, മറ്റുജോലികൾ | 1200 | 530 | -670 |
| 10 | മൈനിംഗ് ആന്റ് ക്വാറി | 3 | 1 | -2 |
| 11. | ചെറുകിട തൊഴിൽ | 108 | 97 | -11 |
| 12. | മറ്റു സംരംഭങ്ങൾ | 288 | 37 | -251 |
| 13. | കെട്ടിടനിർമ്മാണം | 138 | 6 | -132 |
| 14. | വ്യാപാരം/വ്യവസായം | 560 | 65 | -495 |
| 15. | ഗതാഗതം, സ്റ്റോറേജ് കമ്മ്യൂണിക്കേഷൻ | 288 | 24 | -258 |
| 16. | മറ്റുമേഖലകൾ | 641 | 337 | -304 |
| 17. | മാർജിനൽ വർക്കേഴ്സ് | 423 | 650 | +227 |
| 18. | തൊഴിലില്ലാത്തവർ | 7018 | 12144 | +5126 |

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

ചാതുർവർണ്യ വ്യവസ്ഥയോടെ സാമൂഹ്യമായി അടിച്ചമർത്തലിന് വിധേയമായ വിഭാഗമാണ് ഇന്ത്യയിലെ പട്ടികജാതി പട്ടികവർഗ്ഗം സമൂഹത്തിന്റെ അടിത്തട്ടിൽ ആണ്ടുപോയ ഈ വിഭാഗത്തെ കൈപിടിച്ച് പൊതുധാരയിൽ എത്തിയ്ക്കുവാൻ സ്വാതന്ത്ര്യത്തിനു മുമ്പും പിമ്പും നിരവധി പരിശ്രമങ്ങൾ നടന്നിട്ടുണ്ട്. സ്വാതന്ത്ര്യാനന്തരം ഭരണഘടന രൂപം നല്കുമ്പോഴും മഹാനായ ഡോക്ടർ ബി.ആർ. അംബേദ്ക്കർ ഇക്കാര്യം മറന്നിരുന്നില്ല. ഇതിന്റെ തുടർച്ചയെന്ന നിലയിൽ തുടർന്നു വന്ന ഗവൺമെന്റുകളും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിന്റെ ഉന്നമനത്തിനായി നിരവധിപദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു.

നിയമപരമായ പരിരക്ഷയുടെ അടിസ്ഥാനത്തിൽ വിവിധ മേഖലകളിൽ ഈ വിഭാഗത്തിന് പ്രാതിനിധ്യം ഉറപ്പുവരുത്തുവാൻ കഴിഞ്ഞു എങ്കിലും സാമൂഹ്യ പൊതുധാരയിലേയ്ക്ക് എത്തിച്ചേരുവാൻ ഈ വിഭാഗത്തിന് ഇനിയും കഴിഞ്ഞിട്ടില്ല. ഈയൊരു പോരായ്മ കഴിഞ്ഞ എട്ടു പഞ്ചവത്സര പദ്ധതിയുമായി ബന്ധപ്പെട്ട ആസൂത്രണത്തിലും പ്രവർത്തനഫലത്തിലും നിഴലിച്ചു കാണാം. ഇതു പരിഹരിക്കുവാൻ ഈ വിഭാഗത്തിനു തന്നെ പങ്കാളിത്തമുള്ള ജനകീയാസൂത്രണത്തിനുമാത്രമേ കഴിയൂ എന്നു മനസ്സിലാക്കി ഇതിൽ ഊന്നി നിന്നുകൊണ്ടുള്ള കർമ്മപദ്ധതികളാകണം ആവിഷ്കരിക്കേണ്ടത്.

## അടിസ്ഥാനവിവരങ്ങൾ

പെരിങ്ങമ്മല പഞ്ചായത്തിലെ ആകെ ജനസംഖ്യയിൽ ഒരു ഗണനീയ വിഭാഗമാണ് ഇവിടുത്തെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർ. 1991ലെ സെൻസസ് അനുസരിച്ച് പഞ്ചായത്തിലെ മൊത്തം ജനസംഖ്യയുടെ 21.71 ശതമാനമാണ് ഇവരുടെ പ്രാതിനിധ്യം. ഇതുസംബന്ധിച്ച സ്ഥിതിവിവരങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടികജാതിക്കാരിൽ ഭൂരിഭാഗവും പുലയർ, കുറവർ, പറയർ, വേടർ എന്നിവരാണ്. ഒപ്പംതന്നെ വേലർ, വണ്ണാർ, പരവർ, മെർച്ചിസ്റ്റൻ പൊൻമുടി എന്നീ സ്ഥലങ്ങളിൽ ചക്കിലിയർ എന്നിവരും താമസിക്കുന്നുണ്ട്. പട്ടികവർഗ്ഗ ജനവിഭാഗത്തിൽ കാണിക്കാർ മാത്രമാണ് ഉള്ളത്. മൊത്തം ജനസംഖ്യയിൽ 15.45% പട്ടികജാതിക്കാരും 8.26 % പട്ടികവർഗ്ഗക്കാരുമാണുള്ളത്. ഇവരുടെ വാർഡുതിരിച്ചുള്ള ജനസംഖ്യയാണ് തുടർന്നുള്ള പട്ടികയിൽ കാണിച്ചിരിക്കുന്നത്.

പഞ്ചായത്തിൽ ഒട്ടാകെ 47 പട്ടികജാതി-പട്ടികവർഗ്ഗസങ്കേതങ്ങൾ ഉണ്ട്. ഇതിൽ 28 പട്ടികജാതി സങ്കേതങ്ങളും 19 പട്ടികവർഗ്ഗസങ്കേതങ്ങളും ഉണ്ട്.

ഒരുകാലത്തു ഇവിടെ പട്ടികജാതിക്കാരിൽ നല്ലൊരു വിഭാഗം കൃഷിഭൂമി ഉടമകൾ ആയിരുന്നു. ഇന്ന് അത് ചുരുങ്ങി ചുരുങ്ങി നാമമാത്ര ഭൂമിയുള്ളവരായി മാറിയിരിക്കുന്നു. ഏറിയകൂറും കിടപ്പാടത്തിനുമാത്രം ഭൂമിയുള്ളവരാണ്. ഭൂരഹിതരായവരിൽ പലരും റോഡ് പുറമ്പോക്കുകളിൽ താമസിക്കുന്നു. സ്വന്തമായി കൃഷിഭൂമി ഉള്ളവർ നാമമാത്രമാണ്. കാർഷിക തൊഴിലുകളിലോ കൂലിപ്പണികളിലോ ഏർപ്പെട്ടിരിക്കുന്നവരാണ് ഭൂരിഭാഗവും. എന്നാൽ പട്ടികവർഗ്ഗവിഭാഗത്തിൽ ബഹുഭൂരിപക്ഷം കുടുംബങ്ങളും വളരെ വിസ്തൃതമായ കൃഷിഭൂമി ഉള്ളവരാണ്. വേണ്ടവിധത്തിൽ ഈ ഭൂമി ഉപയുക്തമാക്കുന്നില്ല എന്നതാണ് ഇവരുടെ പോരായ്മ. മാത്രവുമല്ല നല്ലൊരു ശതമാനം കൃഷിഭൂമി തരിശായി ഇടുകയോ മറ്റുള്ളവർക്ക് പാട്ടത്തിന് കൃഷിക്ക് കൊടുക്കുകയോ ആണ് ഇവർ ചെയ്യുന്നത്. റോഡ് പുറമ്പോക്കുകളിലും മറ്റു പുറമ്പോക്കുകളിലും കുടിൽകെട്ടി കഴിയുന്നവർ ആരുംതന്നെ ഈ വിഭാഗത്തിൽനിന്നും ഉള്ളതായി കാണുന്നില്ല.

ഈ രണ്ടു വിഭാഗത്തിൽനിന്നും ഒരു ന്യൂനപ

**പട്ടിക II-I**

| ജനസംഖ്യാവിവരം | ആകെ | പട്ടികജാതി | പട്ടികവർഗ്ഗം |
|---|---|---|---|
| 1 | 2 | 3 | 4 |
| പുരുഷൻമാർ | 14821 | 2304 | 1203 |
| സ്ത്രീകൾ | 15323 | 2352 | 1289 |
| ആകെ | 30144 | 4656 | 2492 |

പട്ടിക II-2

വാർഡുതലത്തിലുള്ള പട്ടികജാതി പട്ടികവർഗ്ഗ ജനസംഖ്യാസ്ഥിതിവിവരം

(അവലംബം: സെൻസസ് ഓഫ് ഇന്ത്യ-സീരീസ് 12)

| ക്രമ നമ്പർ | വാർഡിന്റെ പേര് | മൊത്തം ജനസംഖ്യ | പട്ടികജാതി | പട്ടികവർഗ്ഗം | പ്രാതിനിധ്യം ശതമാനത്തിൽ | |
|---|---|---|---|---|---|---|
| | | | | | പട്ടികജാതി | പട്ടികവർഗ്ഗം |
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1 | മടത്തറ | 3523 | 957 | 4095 | 27.16 | 14.05 |
| 2 | കൊല്ലായിൽ | 3007 | 297 | 139 | 9.87 | 4.62 |
| 3 | ചിപ്പൻചിറ | 2007 | 275 | 3 | 13.70 | 0.15 |
| 4 | കരിമൺകോട് | 3043 | 585 | 3 | 19.22 | 0.10 |
| 5 | പെരിങ്ങമ്മല | 2910 | 218 | | 7.49 | |
| 6 | ചിറ്റൂർ | 3611 | 507 | | 14.04 | |
| 7 | തെന്നൂർ | 2989 | 370 | | 12.37 | |
| 8 | ഇടവം | 3427 | 325 | 860 | 9.48 | 25.09 |
| 9 | ഇടിഞ്ഞാർ | 3070 | 527 | 990 | 17.16 | 32.24 |
| 10 | പൊന്മുടി | 982 | 216 | | 21.99 | |
| 11 | മെർച്ചിസ്റ്റൺ | 1575 | 379 | | 24.06 | |
| | | 30144 | 4656 | 2490 | 15.45 | 8.26 |

*വാർഡ് വിഭജനത്തിന് മുമ്പുള്ള സ്ഥിതിവിവരക്കണക്കുകളാണ് മുകളിൽ പട്ടികയായി ചേർത്തിരിക്കുന്നത്.

ക്ഷവിഭാഗംപേർ സർക്കാർ തലങ്ങളിൽ വിവിധ മേഖലകളിലായി പണിയെടുക്കുന്നു.

## നടപ്പുപദ്ധതികളുടെ അവലോകനം

## വിദ്യാഭ്യാസം

സാക്ഷരതയിൽ 50 വയസ്സിനും അതിനു മുകളിലും പ്രായമുള്ളവരിൽ നല്ലൊരു വിഭാഗം നിരക്ഷരരാണ്. 1990ൽ തുടങ്ങിവച്ച സാക്ഷരതായജ്ഞത്തിൽ പഠിതാക്കളായി എത്തിയവരിൽ ഏറിയ കൂറും അന്ന് പഠിച്ച പല കാര്യങ്ങളും-എഴുത്തും വായനയും പോലും- മറന്നുപോയിരിക്കുന്നു. തുടർന്നു പഠനം നടത്താതിരുന്നതുകൊണ്ടുള്ള ദുഷ്യമാണിത്.

എന്നാൽ യുവാക്കളും ബാലികാബാലൻമാരും അവരുടെ പ്രായത്തിനനുസരിച്ച് വിവധ ക്ലാസ്സുകളിൽ പഠനം തുടർന്നുകൊണ്ടിരിക്കുകയാണ്. ഏതാണ്ട് ഇതര സമുദായങ്ങൾക്കൊപ്പം വിദ്യാലയങ്ങളിൽ തങ്ങളുടെ കുട്ടികളെയും അയയ്ക്കുന്നതിൽ പട്ടികജാതി പട്ടികവർഗ്ഗ രക്ഷിതാക്കളും തല്പരരാണ്. പഠനരംഗത്ത് നിന്നുള്ള കൊഴിഞ്ഞുപ്പോക്കിന്റെ കാര്യത്തിലും പൊതു ധാരയ്ക്കൊപ്പമാണ്. പഞ്ചായത്തിന്റെ പൊതുപ്രവണത ഇതാണെങ്കിലും ശാസ്താംനട അടിപ്പറമ്പ് ഹരിജൻ കോളനികൾ പോട്ടോമാവ് ഗിരിജൻകോളനി എന്നിവിടങ്ങളിലെ സ്ഥിതി ഇതിൽ നിന്നും തികച്ചും വ്യത്യസ്ഥമാണ്. വനാന്തർഭാഗത്ത് സ്ഥിതി ചെയ്യുന്ന ഈ കോളനികളിൽ നിന്നും മൂന്നുകിലോമീറ്റർ മുതൽ 10 കിലോമീറ്റർ അകലെവരെയാണ് തൊട്ടടുത്ത സ്കൂളുകൾ. വന്യമൃഗങ്ങളുടെ ശല്യവും വാഹനഗതാഗതത്തിന്റെ അഭാവവും വിദ്യാർത്ഥികൾ സ്കൂളുകളിൽ എത്തിച്ചേരുവാൻ തടസ്സമാകുന്നു.

ആകെ ജനസംഖ്യയുടെ 23.71%വരുന്ന പട്ടികജാതി പട്ടികവർഗ്ഗ ജനവിഭാഗം ആകെ വിദ്യാർത്ഥികളുടെ 27.59% ത്തെ പ്രതിനിധീകരിക്കുന്നു. പഠനനിലവാരത്തിൽ പൊതുവെ താഴ്ന്ന നിലവാരമാണ് ഇവർക്കുള്ളത്. എന്നിരുന്നാലും തോറ്റുപഠിക്കുന്ന വിദ്യാർത്ഥികളുടെ തോത് മറ്റുവിദ്യാർത്ഥികൾക്കൊപ്പമാണ്.

പഠനവുമായി ബന്ധപ്പെട്ട് ലഭ്യമായ കണക്കുകൾ ചുവടെ ചേർക്കുന്നു.

സങ്കേതങ്ങളെ സംബന്ധിച്ച പട്ടിക ചുവടെ ചേർക്കുന്നു.

പട്ടിക II-3

പട്ടികജാതി സങ്കേതങ്ങൾ

(പഞ്ചായത്ത് മെമ്പറന്മാർ നല്കിയ സ്ഥിതിവിവരക്കണക്കിൻപ്രകാരം)

| ക്രമ നമ്പർ | സങ്കേതങ്ങളുടെ പേര് | കുടുംബങ്ങളുടെ എണ്ണം | വാർഡ് | കുറിപ്പ് |
|---|---|---|---|---|
| 1 | ശാസ്താംനട | 45 | മടത്തറ | |
| 2 | വേളിയംകൊല | 45 | ,, | |
| 3 | തവാരണ–വേങ്കൊല്ല | 45 | ,, | |
| 4 | ഒഴുകുപാറ–കിളിത്തട്ട് | 12 | കൊല്ലായിൽ | |
| 5 | കലയപുരം | 12 | ,, | |
| 6 | ട.ച. ഡ.ജ.ട. ഖി. | 8 | ,, | |
| 7 | ഇലവുപാലം–ചല്ലിമുക്ക് | 8 | ജവ.കോളനി | |
| 8 | ജവ.കോളനി | 24 | ,, | |
| 9 | ലക്ഷംവീട് കോളനി | 5 | ,, | |
| 10 | ചാന്തിചാച്ച മൺപുറം | 20 | ചിപ്പൻചിറ | |
| 11 | കുണ്ടാളംകുഴി | 15 | ,, | |
| 12 | കണ്ണൻകോട്ട | 15 | ,, | |
| 13 | പാപ്പനംകോട്–പള്ളിക്കുന്ന് | 17 | പെരിങ്ങമ്മല | |
| 14 | കുശവൂർ കുന്നുംപുറം | 45 | ,, | |
| 15 | വേലൻകോണം | 20 | ഇക്ബാൽ കോളേജ് | |
| 16 | മൂത്തിക്കാമൂല | 5 | ,, | |
| 17 | കൊച്ചുപനയ്ക്കോട് | 10 | ,, | |
| 18 | ആരുകണ്ണൻകുഴി | 40 | തെന്നൂർ | |
| 19 | അരയക്കുന്ന് | 07 | ,, | |
| 20 | സൂര്യകാന്തി | 29 | ,, | |
| 21 | കാട്ടിലക്കുഴി | 13 | ഇടവം | |
| 22 | കോളച്ചൽ | 15 | ,, | |
| 23 | ഇടവം 4 സെന്റ് | 28 | ,, | |
| 24 | പേത്തലകരിക്കകം | 36 | ഇടിഞ്ഞാർ | |
| 25 | വെൺകട്ടവീട് | 18 | ,, | |
| 26 | അടിപ്പറമ്പ് | 18 | ,, | |
| 27 | ചോനമല | 5 | ജവ.കോളനി | |
| 28 | പറങ്കിമാം വിള | 6 | ഇക്: കോളനി | |
| 29 | | | | |

ടി സങ്കേതങ്ങൾക്ക് പുറമേ ഇതര വിഭാഗം ജനങ്ങളുമായി ഇടകലർന്ന് താമസിക്കുന്ന നിരവധി കുടുംബങ്ങൾ പഞ്ചായത്തു പ്രദേശത്തുണ്ട്.

## പ്രിമെട്രിക് ട്രൈബൽ ഹോസ്റ്റൽ ഞാറനീലി (പെൺകുട്ടികൾ)

പെരിങ്ങമ്മല പഞ്ചായത്തിലെ 9ാം വാർഡിൽപ്പെട്ട ഞാറനീലിയിൽ 86 1987 മുതൽ പ്രവർത്തിച്ചുവരുന്ന പെൺകുട്ടികൾക്കുവേണ്ടിയുള്ള ഒരു പ്രിമെട്രിക് ട്രൈബൽ ഹോസ്റ്റലാണിത്. പട്ടികവർഗ്ഗ വികസനവകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഈ സ്ഥാപനം 198182 മുതൽ നന്ദിയോട്ടുള്ള ഒരു വാടകക്കെട്ടിടത്തിലാണ്

പട്ടികവർഗ്ഗ സങ്കേതങ്ങൾ

| ക്രമ നംപർ | സങ്കേതങ്ങൾ | കുടുംബങ്ങളുടെ എണ്ണം | വാർഡ് കുറിപ്പ് |
|---|---|---|---|
| 1 | പോട്ടോമാവ് | 40 | മടത്തറ |
| 2 | കലയപുരം | 35 | കൊല്ലായിൽ |
| 3 | പാമ്പുചത്തമണ്ണ് | 31 | ,, |
| 4 | താന്നിമൂട്കഉജ്ജ | 36 | ജവഹർ കോളനി |
| 5 | പന്നിയോട്ടുകടവ് | 37 | ഇടവം |
| 6 | കോളച്ചൽ-കൊന്നമൂട് | 50 | ,, |
| 7 | കാട്ടിലക്കുഴി | 58 | ,, |
| 8 | ഞാറനീലി | 32 | ,, |
| 9 | ഇലഞ്ചിയം | 130 | ,, |
| 10 | ആലുമ്മൂട് | 92 | ,, |
| 11 | മുത്തിപ്പാറ | 24 | ,, |
| 12 | മുത്തിക്കാണി | 12 | ,, |
| 13 | കുറിപ്പിണ കൊന്നകാല | 21 | ,, |
| 14 | ഒരു പറകരിക്കകം | 29 | ഇടിഞ്ഞാർ |
| 15 | വിട്ടിക്കാവ് | 72 | ,, |
| 16 | ചെന്നെല്ലിമൂട് | 14 | ,, |
| 17 | കല്ലണ | 27 | ,, |
| 18 | ഈയക്കോട് | 13 | ,, |
| 19 | വട്ടക്കരിക്കകം | 12 | ,, |

പ്രവർത്തനം ആരംഭിച്ചത്. തിരുവനന്തപുരം ജില്ലയിലെ വിവിധ ഭാഗങ്ങളിലെ 30 ആദിവാസി പെൺകുട്ടികളാ വിദ്യാർത്ഥിക്കുവേണ്ടി സ്ഥാപിക്കപ്പെട്ടതാണ് ഇത്. ഇന്ന് ഈ സ്ഥാപനത്തിൽ 50 ആദിവാസി പെൺകുട്ടികളുണ്ട്. ഒരു വാർഡനും രണ്ട് പാചകക്കാരും ഒരു വാച്ചുമാനും ഒരു പാർട്ടൈം സ്വീപ്പറുമുണ്ട്. 1987ൽ പണി പൂർത്തിയായ ഈ കെട്ടിടത്തിന് കുട്ടികൾക്കു താമസിക്കുന്നതിനാവശ്യമായ സ്ഥലസൗകര്യങ്ങൾ ഉണ്ടെങ്കിലും കെട്ടിടത്തിന് ചുറ്റുമായി ചുറ്റുമതിൽ നിർമ്മിച്ചിട്ടില്ല. ഇത് ഇവിടുത്തെ അന്തേവാസികളായ പെൺകുട്ടികൾക്ക് സുരക്ഷിതമായി താമസിക്കുവാൻ തടസമാകുന്നു. അന്തേവാസികളുടെ പ്രാഥമികാവശ്യങ്ങൾ നിർവഹിക്കുന്നതിന് നിർമ്മിച്ചിട്ടുള്ള കക്കൂസ്സുകളും കുളിമുറികളും ഉപയോഗശൂന്യമായിക്കഴിഞ്ഞു. കിണറ്റിൽനിന്നും വെള്ളം പമ്പ് ചെയ്യുന്നതിന് ഉപയോഗിച്ചുവരുന്ന പമ്പുസെറ്റ് പ്രവർത്തനരഹിതമാണ്. വൈദ്യുതിയുടെ കാര്യത്തിൽ വോൾട്ടേജ്ക്ഷാമം ഗുരുതരമാണ്. പാർട്ട്ടൈം ട്യൂട്ടർമാർ ഇന്നില്ല.

## പ്രിമെട്രിക് ട്രൈബൽ ഹോസ്റ്റൽ ഇടിഞ്ഞാർ (ആൺകുട്ടികൾ)

1980ൽ, പട്ടികവർഗ്ഗവികസന വകുപ്പിന്റെ നിയന്ത്രണത്തിൽ ഈ സ്ഥാപനം പ്രവർത്തനമാരംഭിച്ചു. ഒന്നുമുതൽ പത്താംക്ലാസ്സുവരെയുള്ള 40 ആൺകുട്ടികൾക്കാണ് ഈ ഹോസ്റ്റലിൽ താമസിച്ചു പഠിക്കുവാനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളത്. ഇപ്പോൾ സ്ഥാപനം ഒരു വാടകക്കെട്ടിടത്തിലാണ് പ്രവർത്തിച്ചുവരുന്നത്. വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നതിനാൽ 1997 മാർച്ചിൽ ഹോസ്റ്റൽ അടച്ചുപൂട്ടുവാൻ സർക്കാർ ഉത്തരവായിരിക്കുകയാണ് രണ്ട് പാചകക്കാരെയാണ് സ്ഥാപനത്തിൽ നിയമിക്കേണ്ടത്. എന്നാൽ ഒരാളെമാത്രമേ നിയമിച്ചിട്ടുള്ളൂ. കുട്ടികൾക്ക് ഇരുന്ന് പഠിക്കുവാനാവശ്യമായ മേശ കസേര ഉറങ്ങുവാനാവശ്യത്തിന് കട്ടിൽ എന്നിവ ഇല്ല. വേനൽക്കാലത്ത് ജനദൗർല്ലഭ്യം അനുഭവപ്പെടുന്നു ഹോസ്റ്റൽ ജീവനക്കാരുടെ ഡ്യൂട്ടിയിലുള്ള ദൈർഘ്യവും അപര്യാപ്തമായ വേദനവും വാർഡൻമാരെ ഇവിടെ പണിയെടുക്കുന്നതിൽ നിന്നും പിൻതിരിപ്പിക്കുന്നു.

## കാർഷികവികസനം

എട്ടാംപദ്ധതിക്കാലത്ത് പ്രത്യേക ഘടകപദ്ധതികളുടേയും ഗിരിവർഗ്ഗ ഉപപദ്ധതികളുടെയും ഭാഗമായി 199293മുതൽ 199596 വരെ മൊത്തം 1,37,209 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതുവഴി കാർഷികമേഖലയിൽ താഴെപ്പറയുന്ന പരിപാടികൾ നടപ്പിലാക്കിയിട്ടുണ്ട്.

## പ്രത്യേക ഘടകപദ്ധതി

| | | | |
|---|---|---|---|
| 1 | തെങ്ങിൻതൈകളുടെ വിതരണം | – | 22 കുടുംബങ്ങൾക്ക് 180 തൈകൾ |
| 2 | പച്ചക്കറികൃഷി | – | 19 കുടുംബങ്ങൾക്ക് |
| 3 | രാസവളം(തെങ്ങുകൾക്ക്) | | 45 കുടുംബങ്ങൾക്ക് |
| 4 | വെറ്റിലകൃഷി | – | 6 കുടുംബങ്ങൾക്ക് |
| 5 | വാഴക്കൃഷി | – | 29 കുടുംബങ്ങൾക്ക് |
| 6 | ഇഞ്ചിക്കൃഷി | – | 26 " |
| 7 | മഞ്ഞൾക്കൃഷി | – | 10 " |
| 8 | ജലസേചനക്കിണറുകൾ | – | 23 " |

## ഗിരിവർഗ്ഗ ഉപപദ്ധതി

| | | | |
|---|---|---|---|
| 1 | ജലസേചന കിണറുകൾ | – | ഒരു കുടുംബത്തിന് |
| 2 | തെങ്ങിൻതൈകൾ | – | 112 കുടുംബങ്ങൾക്ക് 2250 എണ്ണം |
| 3 | കുരുമുളകുവള്ളികൾ | – | 62 കുടുംബങ്ങൾക്ക് 3000 വള്ളികൾ |

കാർഷികവികസനത്തോട് ബന്ധപ്പെട്ട് പ്രത്യേക ഘടകപദ്ധതിയുടെ ഭാഗമായി പാപ്പനംകോട് പട്ടികജാതി സഹകരണസംഘത്തിനും ഗിരിവർഗ്ഗ ഉപപദ്ധതിയുടെ ഭാഗമായി ഞാറനീലി ഗിരിവർഗ്ഗ സഹകരണസംഘത്തിനും ഓരോ പവർട്രില്ലർവീതം നൽകിയിരുന്നു. എന്നാൽ ഇവയെല്ലാം പ്രവർത്തന യോഗ്യമല്ലാത്തവിധം തുരുമ്പുപിടിച്ച് നശിച്ചിരിക്കുന്നു. കൃഷിവകുപ്പും ബന്ധപ്പെട്ട കർഷകരും സഹകരണസംഘങ്ങളും ഈ ശോചനീയാവസ്ഥയിലും നിസംഗരാണ്. ഒപ്പം തന്നെ ജലസേചന കിണറുകളായി പട്ടികജാതി പട്ടികവർഗ്ഗ സംഘങ്ങളിൽ കുഴിച്ചവ കൂടുതലും കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനുമാത്രമേ പ്രയോജനപ്പെടുന്നുള്ളൂ. ഇന്നത്തെ സാഹചര്യത്തിൽ ജലസേചനക്കിണറുകൾ കുഴിക്കുന്നതിന് ഇപ്പോൾ സർക്കാരിൽ നിന്നും നല്കുന്ന തുക

### വിദ്യാർത്ഥികളുടെ എണ്ണം

| പഠനതലം | | പൊതുവിൽ | | | പട്ടകജാതി /പട്ടികവർഗ്ഗം പ്രാതിനിധ്യം - ശതമാനം | | | |
|---|---|---|---|---|---|---|---|---|
| | | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | |
| 1 | ക്ലാസ് | 2 | 3 | 4 | 5 | 6 | 7 | 8 |
| I ലോവർ പ്രൈമറി | 1 | 291 | 274 | 565 | 59 | 66 | 125 | 22.12% |
| സ്കൂൾ | 2 | 280 | 254 | 530 | 65 | 64 | 129 | 24.33% |
| തലം | 3 | 256 | 275 | 531 | 67 | 81 | 148 | 27.87% |
| | 4 | 290 | 260 | 550 | 75 | 70 | 145 | 26.36% |
| | ആകെ | 1317 | 1059 | 2176 | 266 | 281 | 547 | 25.14% |
| II അപ്പർ | | | | | | | | |
| സ്കൂൾ | 5 | 295 | 274 | 569 | 66 | 77 | 143 | 25.13% |
| പ്രൈമറി | 6 | 276 | 265 | 541 | 66 | 74 | 140 | 25.87% |
| തലം | 7 | 289 | 214 | 503 | 80 | 81 | 161 | 32.00% |
| | ആകെ | 860 | 753 | 1613 | 212 | 232 | 444 | 27.52 |
| III ഹൈ സ്കൂൾ | 8 | 272 | 300 | 572 | 75 | 103 | 178 | 31.11 |
| തലം | 9 | 227 | 267 | 492 | 78 | 96 | 174 | 35.22 |
| | 10 | 197 | 210 | 407 | 52 | 57 | 109 | 26.78 |
| | | 690 | 777 | 1473 | 205 | 256 | 461 | 31.30 |
| ആകെ II III | | 2873 | 2589 | 5262 | 683 | 769 | 1462 | 27.52 |

തികച്ചും അപര്യാപ്തമാണ്. മൃഗസംരക്ഷണവും ക്ഷീരവികസനവും

മൃഗസംരക്ഷണവകുപ്പ് 199293മുതൽ 199596 വരെ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുകയുണ്ടായി.

| | | |
|---|---|---|
| 1 | താന്നിമൂട് ഗിരിജൻകോളനിയിൽ 15 കുടുംബങ്ങൾക്ക് പശുക്കളെ വളർത്തുന്ന പദ്ധതി | 75,000രൂപ |
| 2 | വേലൻകോണം I.H.D.P. കോളനിയിലെ കുടുംബങ്ങൾക്ക് ആടുവളർത്തൽ യൂണിറ്റ് | 9,400 രൂപ |
| 3 | ദൈവപ്പുര നീർമറി പ്രദേശ വികസനവുമായി ബന്ധപ്പെട്ട് 25 പട്ടികജാതി കുടുംബങ്ങൾക്ക് 15 കോഴിക്കുവീതം വരുന്ന പൗൾട്രിയൂണിറ്റ് | 37,500 രൂപ |
| 4 | വെങ്കട്ടമൂട് പട്ടികവർഗ്ഗ സെറ്റിൽമെന്റിൽ 6 കുടുംബങ്ങൾക്ക് ഒരോരോ ഡയറി" യൂണിറ്റും ഒ5' കുടുംബങ്ങൾക്ക് ഓരോ ആടുവളർത്തൽ യൂണിറ്റും | 37,608 രൂപ |
| | ആകെ | 1,59,508 രൂപ |

## പട്ടികവർഗ്ഗ വികസനവകുപ്പിന്റെ പദ്ധതികൾ

പഞ്ചായത്തിലെ വിവിധ പട്ടികവർഗ്ഗകുടുംബങ്ങളുടെ സമഗ്രപുരോഗതി ലക്ഷ്യമാക്കി പട്ടികവർഗ്ഗവികസനവകുപ്പ് 199293 മുതൽ 199697 വരെ മൊത്തം 949960 രൂപ താഴെപ്പറയുന്ന പരിപാടികളുടെ നടത്തിപ്പിനായി വിനിയോഗിച്ചുവരുന്നു.

| | | |
|---|---|---|
| 1. | സാങ്കേതിക പരിശീലനം നേടിയവർക്ക് സ്വയം തൊഴിൽ ധനസഹായം | 10,000/ |
| 2. | കോളനി നവീകരണം | 6,400/ |
| 3. | ഭവനനിർമ്മാണം | 5,11,200/ |
| 4. | പ്രത്യേക കേന്ദ്രസഹായം | 2,55,500/ |
| 5. | പാവപ്പെട്ട പെൺകുട്ടികൾക്ക് വിവാഹധന സഹായം | 2,500/ |
| 6. | ഹെവി മോട്ടോർ ഡ്രൈവിംഗിൽ പരിശീ ലനം | 13,110/ |
| 7. | I.H.D.P. | 1,19,500/ |
| 8. | മിശ്രവിവാഹധനസഹായം | 2,500 / |
| 9. | ഇഷ്ടാനുസരണ ധനസഹായം | 1,700/ |
| 10. | കിണറുകളും ശുദ്ധജലവിതരണവും | 10,000/ |
| 11. | ഭവനനിർമ്മാണത്തിന് പലിശരഹിതവായ്പ | 10,000/ |

| ക്രമ നംപർ | സ്വയംതൊഴിൽ വായ്പ | ഗുണഭോക്താക്കളുടെ എണ്ണം | |
|---|---|---|---|
| | | പ.ജ. | പ.വ. |
| 1 | 2 | 3 | 4 |
| 1. | ചെറുകച്ചവടം | 18 | |
| 2. | കറവപ്പശുവളർത്തൽ | 3 | 5 |
| 3. | നെല്ല് സംഭരണവും വില്പനയും | 3 | |
| 4. | നെല്ല് സംസ്ക്കരണവും ആടുവളർത്തൽ | 23 | |
| 5. | ഗാർമെന്റ് മേക്കിംഗ് | 1 | |
| 6. | പച്ചക്കറി മരിച്ചീനി വ്യാപാരം | 2 | |
| 7. | സ്റ്റേഷനറി കടയും ചെറുകച്ചവടവും | 1 | |
| 8. | ഓല മെടയലും ചെറുകച്ചവടവും | 1 | |
| 9. | വെറ്റിലക്കൃഷി, പശുവളർത്തൽ | 1 | |
| 10. | ഈറ വ്യവസായം – | | 2 |
| 11. | ഫർണിച്ചർ മാർട്ട് | 1 | |
| 12. | അലക്ക് പണിയും ആടുവളർത്തലും | 1 | |
| 13. | ആടുവളർത്തലും മീൻകച്ചവടവും | 2 | |
| 14. | മരിച്ചീനക്കൃഷി, വാഴക്കൃഷി | – | 1 |
| | ആകെ | 58 | 8 |

ഇഷ്ടാനുസരണം ധനസഹായം പ്രധാമായും രോഗചികിത്സാവശ്യങ്ങൾക്കാണ് ഉപയോഗിച്ചുവരുന്നത്. പ്രത്യേക കേന്ദ്രസഹായമായി ലഭിക്കുന്ന തുക കൃഷിഭൂമിയുള്ള പട്ടികവർഗ്ഗകുടുംബങ്ങൾക്ക് വിവിധ കാർഷികവികസനപരിപാടികൾക്കും മറ്റുള്ളവർക്കുമാണ് വിനിയോഗിക്കുന്നത്. ഇതിന്റെ ഫലമായി 199293 മുതൽ 199596 വരെ 175 കുടുംബങ്ങൾക്ക് പ്രയോജനമുണ്ടായി. 199495 വരെ ഇവരിൽ 35 കുടുംബങ്ങൾക്ക് 10,800/ രൂപ നിരക്കിൽ ഭവനനിർമ്മാണത്തിന് ധനസഹായം നല്കിയിട്ടുണ്ട്. 199697 ൽ 100 കുടുംബങ്ങൾക്ക് പ്രയോജപ്പെടുന്ന പരിപാടികളാണ് നടപ്പാക്കി വരുന്നത്. ഇതിൽ പുതുക്കിയ നിരക്കിൽ 18,000/ രൂപ വച്ച് 5 കുടുംബങ്ങൾക്ക് ഭവനനിർമ്മാണത്തിന് ധനസഹായവും നല്കും.

## ഐ.ആർ.ഡി.പി. സ്കീമുകൾ

പഞ്ചായത്തിൽ കണ്ഠജ സർവ്വേ നടത്തിയതിൽ 894 കുടുംബങ്ങൾ പട്ടികജാതി പട്ടികവർഗ്ഗത്തിൽ ഉൾപ്പെടുന്നതായാണ് കണ്ടെത്തിയിട്ടുള്ളത്. 199293 മുതൽ 199596 വരെ 108 കുടുംബങ്ങൾക്ക് കണ്ഠജ വായ്പയും സബ്സിഡിയും ലഭിച്ചതിൽ 66 കുടുംബങ്ങൾ പട്ടികജാതി പട്ടികവർഗ്ഗകുടുംബങ്ങളിൽപ്പെടുന്നു. ഇതു സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1995–96 വർഷംമുതൽ പൊൻമുടി കേന്ദ്രമാക്കി പത്തു വനിതകൾ ചേർന്ന് ഒരു ഡി.ഡബ്ലിയു.സി.ആർ.എ. യൂണിറ്റ് രൂപീകരിച്ചിട്ടുണ്ട്. ഇതിൽ അഞ്ചുപേർ പട്ടികജാതി പട്ടികവർഗ്ഗക്കാരാണ്. കറവമാടുകളെ വളർത്തുന്ന ക്ഷീരവികസന യൂണിറ്റാണിത്. നന്നായി പ്രവർത്തനം നടത്തിവരുന്ന ഈ യൂണിറ്റിന്റെ പ്രധാനപ്രശ്നം വൈകുന്നേരം ഉത്പാദിപ്പിക്കുന്ന പാൽ വിൽപ്പന നടത്തുവാൻ കഴിയുന്നില്ല എന്ന് താണ്. വിതുര ക്ഷീരസഹകരണ സംഘത്തിൽ യഥാസമയം പാൽ എത്തിയ്ക്കുവാൻ വാഹന സൗകര്യം ഇല്ലാത്തതുകൊണ്ട് ഈ പാൽ അവർ സ്വയം ഉപഭോഗം നടത്തുകയാണ്.

1996–97ൽ ജവഹർ കോളനി കേന്ദ്രമാക്കി ഒരു പോട്ടറിയൂണിറ്റ് തുടങ്ങുവാനുള്ള പ്രവർത്തനങ്ങൾ പുരോഗതിയിലാണ്. 4 പട്ടികജാതിവനിതകൾ ഉൾപ്പെടുന്ന ഈ യൂണിറ്റിലെ തൊഴിലാളികൾ വെള്ളനാട് മിത്രാനികേതനിൽ നിന്നും പോട്ടറിയിൽ പരിശീലനം കിട്ടിക്കഴിഞ്ഞു. ഉത്പാദനം നടത്തുന്നതിലേയ്ക്കുള്ള കളിമണ്ണും യൂണിറ്റുപ്രവർത്തനം തുടങ്ങാനുള്ള സ്ഥലവും കണ്ടെത്തിയിട്ടുണ്ട്.

199192ൽ ഗ്രൂപ്പ് എക്കണോമിക് ആക്റ്റിവിറ്റി പ്രകാരം കലയപുരം താന്നിമൂട് കാണിസെറ്റിൽമെന്റിൽ 10 പട്ടികവർഗ്ഗ കുടുംബങ്ങളെ ഉൾപ്പെടുത്തി ഒരു മൾബറിക്കൃഷി വളർത്തൽ യൂണിറ്റ് തുടങ്ങി. ഇതിനുവേണ്ടിവരുന്ന പ്രവർത്തനമൂലധനമായി സബ്സിഡിയും ബാങ്ക്ലോണും ഉൾപ്പെടെ ഒന്നര ലക്ഷം രൂപ നിക്ഷേപിച്ചിരുന്നു. എന്നാൽ ഈ യൂണിറ്റ് പ്രവർത്തനക്ഷമമല്ലാതെ നശിക്കുകയാണ് ചെയ്തത്. ഇതേസമയത്തു തന്നെ ഞാറനീലിയിൽ ഇത്തരമൊരു യൂണിറ്റ് തുടങ്ങുവാനുള്ള പ്രവർത്തനങ്ങൾ നടന്നുവെങ്കിലും, കലയപുരം യൂണിറ്റിന്റെ പരാജയം മനസ്സിലാക്കി ഇതിന്റെ തുടർപ്രവർത്തനങ്ങൾ ഉപേക്ഷിച്ചു. ഇതിനാവശ്യമായി വകയിരുത്തിയിരുന്ന വായ്പയും ഗ്രാന്റും ഈ യൂണിറ്റിന്റെ പ്രവർത്തകർ തിരിച്ചടിച്ചു. എന്നാൽ കലയപുരത്തും താന്നിമൂട്ടിലുമായി ദശലക്ഷം കിണർപരിപാടിയിൽ ഉൾപ്പെടുത്തി മൾബറി ചെടികൾക്ക് ജലസേചനം നടത്തുന്നതിന് 10 ജലസേചന കിണറുകൾ കുഴിച്ചിട്ടുണ്ട്.

പട്ടികജാതി പട്ടികവർഗ്ഗക്കാർക്കുവേണ്ടി ബാങ്കുകളും ധനകാര്യസ്ഥാപനങ്ങളും ഐ.ആർ.ഡി.പി. പദ്ധതികൾക്ക് വായ്പകൾ നൽകിയിട്ടുണ്ടെങ്കിലും അതു തിരിച്ചടയ്ക്കുവാൻ താത്പര്യം കാണുന്നില്ല. അതുകൊണ്ട് ധനകാ

| ക്രമനമ്പർ | വകുപ്പുകൾ | പ:ജ | പ:വ |
|---|---|---|---|
| 1 | പഞ്ചായത്ത് (J.R.Y. സ്കീം) | 109 | 29 |
| 2 | D.R.D.A (I.A.Y, മറ്റുസ്കീമുകൾ) | | |
| 3 | പട്ടികജാതി വികസന വകുപ്പ് | | |
| 4 | പട്ടികവർഗ്ഗ വികസന വകുപ്പ് | | |
| 5 | പട്ടികജാതി പട്ടികവർഗ്ഗ വികസന | | |
| | കോർപ്പറേഷൻ | | |
| 6 | റവന്യു വകുപ്പ് | | |
| 7 | കൃഷിവകുപ്പ് | | |
| 8 | വനം വകുപ്പ് | | |

| കഴിഞ്ഞ അഞ്ചു വർഷങ്ങൾക്കുള്ളിൽ പട്ടികജാതി പട്ടകവർഗ്ഗ സങ്കേതങ്ങളിലെ പാർപ്പിടം, വൈദ്യുതി, കുടിവെള്ളക്ഷാമം ഇവ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു. | | | | | | |
|---|---|---|---|---|---|---|
| ക്രമ നമ്പർ | സങ്കേതത്തിന്റെ പേര് പട്ടികജാതി | കുടുംബങ്ങളുടെ എണ്ണം | വാർഡ് | പാർപ്പിടം | വൈദ്യുതി | മറ്റുവിവരങ്ങൾ |
| 1 | ശാസ്താംനട | 45 | മടത്തറ | 28 | 45 | |
| 2 | വേളിയൻകാല | 45 | ,, | 30 | 45 | കുടിവെള്ളക്ഷാമം |
| 3 | തവാരണ-വെങ്കൊല്ല | 45 | ,, | 25 | 45 | |
| 4 | ഒഴുകുപാറ കിളിത്തട്ട് | 12 | കൊല്ലായിൽ | 6 | 12 | കുടിവെള്ളക്ഷാമം |
| 5 | കലയപുരം | 12 | ,, | 3 | 12 | |
| 6 | ട.ച.ഡ.ജ.ട. ഖി. | 8 | ,, | 2 | | |
| 7 | ഇലവുപാലം ചല്ലിമുക്ക് | 8 | ജവഹർകോളനി | – | 8 | |
| 8 | ജവഹർകോളനി | 24 | ,, | 5 | 4 | കുടിവെള്ളക്ഷാമം |
| 9 | ലക്ഷംവീട് കോളനി | 5 | ,, | | | കുടിവെള്ളക്ഷാമം |
| 10 | ചാത്തിചാച്ചമൺപുറം | 20 | ചിപ്പൻചിറ | 13 | 20 | ,, |
| 11 | കുണ്ടാളംകുഴി | 15 | ,, | 9 | ,, | 15 |
| 12 | കണ്ണൻകോട് | 15 | ,,7 | 12 | | |
| 13 | പാപ്പനംകോട് പള്ളിക്കുന്ന് | 17 | പെരിങ്ങമ്മല | 6 | 17 | ,, |
| 14 | കുശവൂർക്കുന്നുംപുറം | 45 | ,, | 30 | 27 | ,, |
| 15 | വേലൻകോണം | 20 | ഇക്.കോളേജ് | 9 | | |
| 16 | കൊച്ചുപനങ്ങോട് | 10 | ,, | 10 | 10 | |
| 17 | മുത്തിക്കാമൂല | 5 | ,, | 5 | 5 | |
| 18 | ആറുകണ്ണൻകുഴി | 40 | തെന്നൂർ | 2 | 12 | |
| 19 | അരയക്കുന്ന് | 7 | തെന്നൂർ | – | – | |
| 20 | സൂര്യകാന്തി നാലുസെന്റ് | 29 | ,, | | 29 | |
| 21 | കാട്ടിലക്കുഴി | 13 | ഇടവം | 3 | 5 | |
| 22 | കോളച്ചൽ | 15 | ,, | 10 | 15 | |
| 23 | ഇടവം നാലുസെന്റ് | 28 | ,, | | 28 | |
| 24 | പേത്തലക്കരിക്കകം | 36 | ഇടിഞ്ഞാർ | 34 | 36 | |
| 25 | വെൺകട്ടമൂട് | 18 | ,, | 5 | 18 | |
| 26 | അടിപ്പറമ്പ് | 18 | ,, | | | |
| 27 | ചോനാമല | 5 | ജവഹർകോളനി | 5 | 5 | |
| 28 | പറങ്കിമാംവിള | 6 | ഇക്.കോളേജ് | 6 | 6 | കുടിവെള്ളക്ഷാമം |

ര്യസ്ഥാപനങ്ങൾ ഇവർക്ക് വായ്പ നൽകുന്നതിൽ മടികാണിക്കുന്നു. സർക്കാർ ബാങ്കുതലങ്ങളിൽ ലഭിക്കുന്ന ഗ്രാന്റും വായ്പയും വ്യാപകമായി തോതിൽ ദുരുപയോഗം ചെയ്യുന്നു. ഇതിൽ കുറെയെങ്കിലും ഭേദം പട്ടികവർഗ്ഗക്കാരാണ്.

വ്യവസായവകുപ്പുമായി ബന്ധപ്പെട്ട സംരംഭങ്ങൾ ഒന്നും തന്നെ ഈ ത്തിലില്ല.

## ഭവനനിർമ്മാണം

പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് പാർപ്പിടസൗകര്യം ഉണ്ടാക്കുന്നതിനുവേണ്ടി താഴെപ്പറയുന്ന വകുപ്പുകൾ, സ്ഥാപനങ്ങൾ വീടുകൾ വച്ചുനല്കുകയോ ഭവനനിർമ്മാണ വായ്പ്പയും ഗ്രാന്റും നൽകുകയോ ചെയ്തിട്ടുണ്ട്.

## കക്കൂസുകളുടെ നിർമ്മാണം

പഞ്ചായത്തിൽ നിന്നും 1990 മുതൽ 1996വരെ വിവിധ പദ്ധതികളിലായി (രണ്ടു. ആർ.വൈ, ഉപാഘിരഹിത ഫണ്ടു) 110 കക്കൂസുകൾ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽ നിർമ്മിച്ചു കൊടുത്തിട്ടുണ്ട്. ഇതിന് പുറമേ ഗ്രാമവികസന വകുപ്പും കുറ

ച്ചധികം കക്കൂസുകൾ ടി വിഭാഗത്തിന് നിർമ്മിച്ചു നൽകിയിട്ടുണ്ട്. എന്നിരുന്നാലും ടി വിഭാഗങ്ങളുടെ ആവശ്യകതയുമായി തട്ടിച്ചു നോക്കുമ്പോൾ ഭാഗിക പരിഹാരം മാത്രമേ ആയിട്ടുള്ളൂ.

## കുടിവെള്ളം

പഞ്ചായത്തിന് ലഭിക്കുന്ന ഉപാധിരഹിത ഫണ്ടു ഉപയോഗിച്ചു പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് കിണർ കുഴിക്കുച്ചു നൽകുന്ന പദ്ധതി 1993 94 മുതൽ ആരംഭിച്ചു നടത്തിവരികയാണ്. കൃഷിഭവനിൽ നിന്നും, ഗ്രാമവികസന വകുപ്പിൽ നിന്നും നിരവധി കുടുംബങ്ങൾക്ക് കിണർ കുഴിച്ചുനൽകിയിട്ടുണ്ട്. പഞ്ചായത്ത് ഖ.ഞ.ഥ.ഫണ്ടിൽ നിന്നും തുക ഉപയോഗിച്ചു കുശവൂർ കുന്നംപുറം പട്ടികജാതി സങ്കേതത്തിൽ കുടിവെള്ളം നൽകുന്നതിലേക്കുള്ള പദ്ധതിയുടെ പണിപൂർത്തീകരിച്ചെങ്കിലും, വൈദ്യുതി കണക്ഷൻ നൽകാൻ കഴിയാത്തതിനാൽ ജനവിതരണം നടത്തുവാൻ കഴിയുന്നില്ല എന്നത് ഒരു പ്രധാന പോരായ്മയാണ്. പോട്ടാംമാവു ഇടിഞ്ഞാർ ഗിരിവർഗ്ഗ കോളനികളുമായി ബന്ധപ്പെട്ടു പ്രവർത്തിച്ചുവന്നിരുന്ന ജലവിതരണ പദ്ധതികളും ശരിയായ മേൽനോട്ടവും സംരക്ഷണവും ഇല്ലാത്തതിനാൽ പ്രവർത്തനക്ഷമമല്ല.

## വൈദ്യുതി

ഈ പഞ്ചായത്തിലെ 29 പട്ടികജാതി സങ്കേതങ്ങളിൽ 7 എണ്ണം മാത്രമാണ് വൈദ്യുതീകരിക്കപ്പെട്ടത്. ഇതിൽ 202 കുടുംബങ്ങൾ ഉള്ളതിൽ 152 കുടംബങ്ങൾക്ക് മാത്രമേ സർവ്വീസ് കണക്ഷൻ ലഭിച്ചിട്ടുള്ളൂ. അതുപോലെ 19 പട്ടികവർഗ്ഗ സങ്കേതങ്ങൾ ഈ പഞ്ചായത്തിൽ ഉള്ളതിൽ 10 എണ്ണത്തിൽ മാത്രമേ വൈദ്യുതി എത്തിച്ചേർന്നിട്ടുള്ളൂ. ഇവിടെയുള്ള 457 വീടുകളിൽ 212 വീടുകൾക്ക് സർവ്വീസ് കണക്ഷൻ കിട്ടിയിട്ടുണ്ട്. ഇതിൽ പറങ്കിമാംവിള, കാട്ടിലക്കുഴി, സൂര്യകാന്തി 4 സെന്റ് ചാത്തിചാച്ച മൺപുറം എന്നീ പട്ടികജാതി കോളനികളിൽ 100 മീറ്റർ ഘ.ഠ. ലൈൻ വലിച്ച് വൈദ്യുതി എത്തിക്കുവാൻ കഴിയുന്ന പ്രദേശങ്ങളാണ്. പട്ടികവർഗ്ഗസങ്കേതങ്ങളിൽ വിട്ടിക്കാവ്, കല്ലണ, കൊന്നമൂട്, എന്നിവയെല്ലാം മീറ്ററോളം ഘ.ഠ. ലൈൻ നീട്ടിയാൽ കുറച്ചുകൂടി വീടുകൾ വൈദ്യുതീകരിക്കാവുന്നതാണ്.

ഉപാധിരഹിത ഫണ്ട് ഉപയോഗിച്ച് പഞ്ചായത്ത് 199293ൽ 125 പട്ടികജാതിക്കാരുടെ വീടുകളും 75 പട്ടികവർഗ്ഗക്കാരുടെ വീടുകളും വയറിംഗ് ചെയ്തുകൊടുത്തു. നാളിതുവരെയായി അവർക്ക് കണക്ഷൻ ലഭിച്ചിട്ടില്ല.

## ഗതാഗതം

ഈ പഞ്ചായത്തിലെ പട്ടികജാതി പട്ടികവർഗ്ഗ സങ്കേതങ്ങളിലേയ്ക്ക് ഗതാഗത സൗകര്യങ്ങൾ താരതമ്യേന കുറവാണ്. ഗതാഗതയോഗ്യമായ റോഡുകളുടെ അപര്യാപ്തതയാണ് ഇതിന് കാരണം. ഇതിന് പരിഹാരം കാണുക എന്നുള്ള ഉദ്ദേശത്തോടെ പഞ്ചായത്ത് വിവിധ പദ്ധതികളിലൂടെ നിരവധി പുനരുദ്ധാരണ പണികൾ നടപ്പിലാക്കിയിട്ടുണ്ട്. എന്നിരുന്നാലും പഞ്ചായത്തിലെ ബഹുഭൂരിപക്ഷം പട്ടികജാതി, പട്ടികവർഗ്ഗ കോളനികളും ബസ്സ് സർവ്വീസ് റോഡുകളിൽ നിന്നും 1/2 കിലോമീറ്റർ മുതൽ 8 ഗാ (കിലോമീറ്റർ) വരെ അകലെയാണ്.

## ആരോഗ്യം:

ആരോഗ്യപരിപാലനരംഗത്ത് പ്രയാസങ്ങൾഅനുഭവപ്പെടുന്ന പ്രദേശങ്ങളാണ് പല പട്ടികജാതി-പട്ടികവർഗ്ഗ സങ്കേതങ്ങളും, പട്ടികജാതിക്കാരായ ആളുകൾ തിങ്ങിപ്പാർക്കുന്ന ലക്ഷം വീട് കോളനികൾ, നാല്സെന്റ് കോളനികൾ എന്നിവിടങ്ങളിൽ വേണ്ടത്ര കക്കൂസുകൾ ഇല്ലാത്തതിനാൽ ശുചിത്വമില്ലാത്ത സാഹചര്യം നിലനിൽക്കുന്നു. അതുകൊണ്ട് തജ്ജന്യമായ പല സാംക്രമിക രോഗങ്ങളും മഴക്കാലത്ത് ഇവിടങ്ങളിൽ ഉണ്ടാകാറുണ്ട്. എന്നാൽ വളരെ സങ്കീർണ്ണമായ ആരോഗ്യപ്രശ്നം അനുഭവപ്പെടുന്ന പ്രദേശമാണ് പോട്ടോമാവ്, ശാസ്താം നട ഗിരിജൻ കോളനി എന്നിവ. ഇവിടെ ഒരു ന്യൂനപക്ഷം ആളുകൾ മന്ത് തുടങ്ങിയ രോഗങ്ങളുടെ പിടിയിലാണ്. പോട്ടോമാവ്, ശാസ്താംനട സെറ്റിൽമെന്റുകളിൽ രോഗത്തിനെതിരെയുള്ള പ്രതിരോധ നടപടികളുടെ ഭാഗമായി ആഴ്ചതോറും ഡോക്ടർമാർ സന്ദർശിച്ച് രോഗപരിശോധനയും മരുന്നുകളും നല്കിവരുന്നു. ഇടിഞ്ഞാറിൽ പട്ടികവർഗ്ഗക്കാർക്കുവേണ്ടി ഒരു ആയുർവേദ ആശുപത്രി പ്രവർത്തിച്ചുവരുന്നുണ്ട്. എന്നാലും ഗിരിവർഗ്ഗവിഭാഗത്തിൽപ്പെട്ട കാണിക്കാർ ഇപ്പോഴും ഭൂരിഭാഗവും അവർക്കിടയിലുള്ള പാരമ്പര്യ വൈദ്യൻമാരെയാണ് ആശ്രയിക്കുന്നത്. കാടുകളിൽ നിന്നും ലഭിക്കുന്ന പലവിധ ഔഷധച്ചെടികളേയാണ് ഇവർ മരുന്നായി ഉപയോഗിക്കുന്നത്.

## I.C.D.S

ഈ പഞ്ചായത്തിലെ പിഞ്ച് കുഞ്ഞുങ്ങളുടെയും അമ്മമാരുടേയും ഗർഭിണികളുടേയും സംരക്ഷണം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന 35 അംഗണവാടികൾ ഈ പഞ്ചായത്തിൽ ഉണ്ട്. ഇതിൽ 8 അംഗണവാടികൾ പട്ടികജാതിക്കാരുടെ

കേന്ദ്രങ്ങളിലും, 2 എണ്ണം പട്ടികവർഗ്ഗകേന്ദ്രങ്ങളിലുമാണ് പ്രവർത്തിക്കുന്നത്. ഈ അംഗണവാടികളിൽ ജോലിചെയ്യുന്ന 70 പേരിൽ 17 പേർ പട്ടികജാതിക്കാരും 5 പേർ പട്ടികവർഗ്ഗക്കാരുമാണ്. ഈ അംഗണവാടികളിലെ 2803 ശിശുക്കളിൽ 578 പട്ടികജാതി ശിശുക്കളും 219 പട്ടികവർഗ്ഗ ശിശുക്കളുമാണ്.

## മറ്റുപദ്ധതികൾ

മണ്ണ് സംരക്ഷണ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ജവ:കോളനി പട്ടികജാതി സങ്കേതത്തിൽ അഞ്ച് ഏക്കറോളം വരുന്ന ചരിഞ്ഞ ഭൂമിയിൽ കോണ്ടൂർ ബണ്ടുകൾ കെട്ടിയിട്ടുണ്ട്. വിവിധ ഗിരിവർഗ്ഗ പദ്ധതികളുടെ ഭാഗമായി പാമ്പുചത്തമണ്ണ്, താന്നിമൂട്, കലയപുരം, എന്നിവിടങ്ങളിലെ തോടുകളിൽ ചെറുകിട ജലസേചനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് തടയിണകൾ, ചീപ്പുകൾ എന്നിവ നിർമ്മിച്ചിട്ടുണ്ട്. ഈ പദ്ധതിയിലൂടെ ഈ പ്രദേശങ്ങളിലെ അൻപതോളം ഏക്കർ സ്ഥലത്തെ നെൽകൃഷിക്ക് ആവശ്യമായ ജലസേചന സൗകര്യം എത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്. പശ്ചിമ ഘട്ടവികസന പദ്ധതിയുടെ ഭാഗമായി ഞാറനീലി, ഇലഞ്ചിയം തുടങ്ങിയ കാണിസെറ്റിൽ മെന്റുകളിൽ മണ്ണ് സംരക്ഷണ പദ്ധതികളും, ജലസേചനസൗകര്യങ്ങളും നടപ്പിലാക്കിയിട്ടുണ്ട്. ജലസേചന സൗകര്യങ്ങൾ ഫലപ്രദമായ വിധത്തിൽ വിനിയോഗിക്കുന്ന കാര്യത്തിൽ വിശേഷിച്ച് വേനൽ കാലങ്ങളിൽ മേപ്പടി സങ്കേതങ്ങളിലെ കർഷകർ വിജയിച്ചിട്ടില്ല.

സഹകരണസംഘങ്ങൾ: പഞ്ചായത്തിൽ മൂന്ന ഗിരിവർഗ്ഗസഹകരണസംഘങ്ങളും, ഒരു പട്ടികജാതി സഹകരണ സംഘവും, പ്രവർത്തിക്കുന്നു. പോട്ടോമാവ് ഗിരിവർഗ്ഗ സഹ:സംഘം പെരി:ഹരിജൻ സഹകരണസംഘം എന്നിവയാണിവ. ഇവയ്ക്ക് പുറമേ പെരി: ആസ്ഥാനമാക്കി ഗിരിവർഗ്ഗവനിതകൾക്കുവേണ്ടി പഞ്ചായത്തടിസ്ഥാനത്തിൽ ഒരു സംഘവും സമീപകാലത്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

പോട്ടോമാവ്, കലയപുരം, പെരിങ്ങമ്മല എന്നീ സംഘങ്ങൾക്ക് സർക്കാരിൽ നിന്നും പൗവ്വർ ട്രില്ലറുകൾ ലഭിച്ചു. എന്നാൽ ഇവയുടെ വിനിയോഗം ഫലപ്രദമല്ല.

പോട്ടോമാവ്, ഞാറനീലി സഹ:സംഘങ്ങൾ വനോൽപ്പന്നങ്ങളുടെ സംഭരണ ഏജൻസികളായി ഖാദിബോർഡിനുവേണ്ടി പ്രവർത്തിക്കുന്നു.

സർക്കാർ കാലാകാലങ്ങളിൽ നല്കുന്ന സാമ്പത്തിക സഹായം അംഗങ്ങൾക്ക് വിവിധ ആവശ്യങ്ങൾക്കായി വിതരണം ചെയ്യുന്നുവെങ്കിലുംസ അവയൊന്നും ഫലപ്രദമായി വിനിയോഗിക്കുകയോ, വായ്പകൾ തന്നെ യഥാവിധി തിരിച്ചടയ്ക്കുകയോ ചെയ്തതായി കാണുന്നില്ല.

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിന്റെ വികസനത്തിനായി വിവിധ ഡിപ്പാർട്ടുമെന്റുകളും അവർക്കായിതന്നെ ഏർപ്പെടുത്തിയിട്ടുള്ള വികസന കോർപ്പറേഷനും, വികസന ഡിപ്പാർട്ടുമെന്റും പ്രവർത്തിക്കുന്നെങ്കിലും ശരിയായ ആസൂത്രണത്തിന്റേയും, ഏകോപനത്തിന്റെയും അലംഭാവംമൂലം പദ്ധതികൾ ഭൂരിഭാഗവും ഉദ്ദേശ്യലക്ഷ്യം കൈവരിക്കാതെ പരാജയപ്പെടുകയാണ്. ഇത് പരിഹരിക്കുന്നതിലേയ്ക്ക് പഞ്ചായത്ത് തലത്തിൽ ഏകോപിപ്പിച്ച് പഞ്ചായത്തിന്റെ നിയന്ത്രണത്തിലും, ചുമതലയിലും പദ്ധതികൾ നടപ്പിലാക്കുകയും പരിശോധനയ്ക്ക് വിധേയമായി ഒഴിവാക്കപ്പെടേണ്ട സർക്കാർ ഏജൻസികളെ ഒഴിവാക്കുകയും വേണം.

## പ്രശ്നങ്ങൾ

1 നല്ലൊരു വിഭാഗം പട്ടികജാതിക്കാരും വളരെ ചുരുങ്ങിയ സ്ഥലങ്ങളിൽ തിങ്ങിപ്പാർക്കുന്നവരാണ്.

2 സ്വന്തമായി ഭൂമിയോ വീടോ ഇല്ലാത്തവരും ചില പട്ടികജാതി സങ്കേതങ്ങളിൽ ഒരു വീട്ടിൽ തന്നെ ഒന്നിലേറെ കുടുംബങ്ങൾ താമസിക്കുന്നതായും കണ്ടുവരുന്നു.

3 പല പട്ടികജാതി പട്ടികവർഗ്ഗകുടുംബങ്ങളും ചെറ്റക്കുടിലുകളിലോ, ഓലമേഞ്ഞ ചെറിയ വീടുകളിലോ ആണ് താമസിക്കുന്നത്.

4 റോഡുപുറമ്പോക്കുകളിൽ താമസിക്കുന്ന ഏതാണ്ട് നൂറിലേറെ കുടുംബങ്ങൾ ഈ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉണ്ട്. മടത്തറ വാർഡിൽപെട്ട കൊച്ചകലുങ്ക്, വേങ്കൊല്ല, മടത്തറ, ചിപ്പൻചിറ വാർഡിൽപെട്ട ചിപ്പൻചിറ കൊച്ചുവിള വാർഡിൽപ്പെട്ട ഗാർഡർസ്റ്റേഷൻ എന്നിവിടങ്ങളാണ്.

5 വിദ്യാഭ്യാസരംഗത്ത് പൊതുധാരയ്ക്ക് ഒപ്പം കുട്ടികളെ വിദ്യാഭ്യാസസ്ഥാപനങ്ങളിൽ അയക്കുന്നുണ്ടെങ്കിലും അദ്യായനനിലവാരം പൊതുവേ താണതാണ്. വിദ്യാലയങ്ങളിൽ നിന്നും വളരെ അകലെ സ്ഥിതിചെയ്യുന്ന ശാസ്താംനട, പൊട്ടാമാവ് സങ്കേതങ്ങളിലെ വിദ്യാർത്ഥികളഇൽ പലരും ഇടയ്ക്കുവെച്ച് പഠിത്തം അവസാനിപ്പിക്കുന്ന പ്രവണത കൂടുതലാണ്.

6 ഗതാഗതസൗകര്യങ്ങൾ, വിശിഷ്യാ വാഹനഗതാഗതമുള്ള റോഡുകൾ പല പട്ടികജാതി പട്ടികവർഗ്ഗ സങ്കേതങ്ങളിലും എത്തിച്ചേർന്നിട്ടില്ല. വനഭൂമികളാൽ ചുറ്റപ്പെട്ടുകിടക്കുന്ന ശാസ്താംനട ഇലഞ്ഞിയം, പോട്ടൊമാവ്, ആലും

മൂട്, മുത്തിപ്പാറ, വട്ടക്കരിയ്ക്കകം ചെന്നെല്ലിമൂട്, കല്ലണ, ഈയ്യക്കോട് തുടങ്ങി പല സങ്കേതങ്ങളിൽ നിന്നും ബസ്സർവ്വീസുള്ള അടുത്തറോഡിൽ എത്താൻ രണ്ടു കിലോമീറ്റർ മുതൽ 8 കിലോമീറ്റർവരെ കാൽനടയായി യാത്രചെയ്യണം.

7 കുടിവെള്ളക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്ന പ്രധാനസങ്കേതങ്ങളാണ് വേളിയൻകാല ഒഴുകുപാറ കിളിത്തട്ട്, ജവഹർകോളനി, ജവഹർകോളനി ലക്ഷംവീട്, ചാത്തിചാച്ച മൺപുറം തുടങ്ങിയവ പൊതുകിണറുകൾ ഉള്ള പല സങ്കേതങ്ങളിലേയും ജലലഭ്യത വേനൽക്കാലത്ത് ദുർല്ലഭമാണ്.

8 വൈദ്യുതി എത്താത്ത പ്രദേശങ്ങളാണ് ഭൂരിഭാഗം പട്ടികജാതി പട്ടികവർഗ്ഗസങ്കേതങ്ങളും. എത്തിയ സങ്കേതങ്ങളിൽ തന്നെ സർവ്വീസ് കണക്ഷനുകൾ അവയുടെ പാർശ്വഭാഗങ്ങളിലെ ഒറ്റപ്പെട്ട ചില കുടുംബങ്ങൾക്കുമാത്രമാണ്. ഇതിന് ഉദാഹരണമാണ് ആലുംമൂട് ഇലഞ്ചിയം കോളനികൾ. ഇവിടെ ആകെയുള്ള 222 കുടുംബങ്ങളിൽ 36 കുടുംബങ്ങൾക്കേ വൈദ്യുതി കണക്ഷൻ കൊടുത്തിട്ടുള്ളൂ. അതുപോലെ സങ്കേതങ്ങൾക്ക് അടുത്തുവരെ ഇലക്ട്രിക് ലൈൻ എത്തിയിട്ടും വൈദ്യുതികണക്ഷൻ ലഭിച്ചിട്ടില്ലാത്ത സങ്കേതങ്ങളാണ്. ചാത്തിചാച്ച മൺപുറം, സൂര്യകാന്തി നാലുസെന്റ്, പറങ്കിമാംവിള എന്നിവ.

9 ആരോഗ്യപരിപാലന രംഗത്തും വളരെ ദയനീയസ്ഥിതിയാണ് പട്ടികജാതി പട്ടികവർഗ്ഗ സങ്കേതങ്ങളിൽ അനുഭവപ്പെടുന്നത്. കക്കൂസുകൾ ഉള്ള വീടുകൾ വളരെ കുറവാണ്. പട്ടികജാതിക്കാർ തിങ്ങിപ്പാർക്കുന്ന നാലുസെന്റുകോളനികളും മറ്റും പ്രശ്നം രൂക്ഷമാണ്. ആശുപത്രികൾ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ എന്നിവയും ഈ സങ്കേതങ്ങൾ വളരെ അകലെയായതിനാൽ സീസണായ പല സാക്രമിക രോഗങ്ങൾക്കും വിധേയരാണ് ഇവിടുത്തെ നിവാസികൾ. പൊട്ടോമാവ്, ഗിരിവർഗ്ഗസങ്കേതനിവാസികളായ കാണിക്കാർക്കിടയിലും ശാസ്താംനട ഹരിജൻ കോളനിയിലും അടിപറമ്പ് ഹരിജൻ കോളനിയിലും മന്തുരോഗവും കുഷ്ഠരോഗവും കാണുന്നു. ഇതു വളരെ ഗൗരവം അർഹിക്കുന്ന പ്രശ്നമാണ്. പ്രശ്നത്തിന്റെ രൂക്ഷതയും പ്രത്യാഘാതവും സംബന്ധിച്ച അജ്ഞത ഈ സാംക്രമിക രോഗ നിവാരണപ്രവർത്തനം നിഷ്ഫലമാക്കും.

10 പരമ്പരാഗത കൈത്തൊഴിലായ ഈറ്റപ്പണിയിൽ ഏർപ്പെട്ടുകഴിഞ്ഞിരുന്ന പറയർ, കാണിക്കാർ, തുടങ്ങിയവർക്ക് ഈ തൊഴിൽ നില നിർത്തുന്നതിനും ആവശ്യമായ ഈറയുടെ ലഭ്യതക്കുറവും അവർ ഉല്പാദിപ്പിക്കുന്ന ഈറ ഉത്പ്പന്നങ്ങൾ ന്യായമായ വിലയ്ക്ക് വിൽക്കുന്നതിനുള്ള കമ്പോളത്തിന്റെ അഭാവവും ഇടത്തട്ടുക്കാരായ കച്ചവടക്കാരുടെ ചൂഷണവും ഈ രംഗത്ത് പിടിച്ചുനിൽക്കാൻ കഴിയാത്ത അവസ്ഥ സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ കാർഷികമേഖലയിലെ ഉത്പ്പാദനം ഭക്ഷ്യവിളകളിൽ നിന്നും നാണ്യവിളകളിലേക്ക് മാറിയതും പട്ടികജാതി പട്ടികവർഗ്ഗക്കാരായ കർഷകത്തൊഴിലാളികളെയും ബാധിച്ചിട്ടുണ്ട്.

11 വനപ്രദേശവുമായി ബന്ധപ്പെട്ടുകിടക്കുന്ന പട്ടികജാതി പട്ടികവർഗ്ഗസങ്കേതങ്ങളിലെ കൃഷിയിടങ്ങളിൽ വ്യാപകമായി ഉണ്ടാകുന്ന പന്നിശല്യം എല്ലാ പട്ടികജാതി പട്ടികവർഗ്ഗങ്ങളുടെയും ദുരവസ്ഥയാണ്.

12 പഞ്ചായത്തിലെ തവാരണ, വേങ്കൊല്ല, വേളിയാൻകാല, കലയപുരം, കിളിത്തട്ട് തുടങ്ങി പല പട്ടികജാതി സങ്കേതങ്ങളും ഇതുവരെ കോളനിയായി അംഗീകരിക്കപ്പെട്ടിട്ടില്ല എന്നത് വികസനപ്രവർത്തനങ്ങൾക്ക് തടസ്സമായി നിൽക്കുന്നു.

13 പട്ടികജാതി സങ്കേതങ്ങളിൽ അതിവസിക്കുന്നവർ മരിച്ചാൽ അവരുടെ മൃതശരീരം മറവുചെയ്യാൻ പൊതുശ്മശാനമില്ലാത്തത് മറ്റൊരടിയന്തിര ശ്രദ്ധ അർഹിക്കുന്ന പ്രശ്നമാണ്.

14 ചില പട്ടികജാതി സങ്കേതങ്ങളിലെ നിവാസികൾക്ക് അവരുടെ കൈവശഭൂമിയ്ക്ക് പട്ടയം ഇതുവരെ ലഭിച്ചിട്ടില്ല. അതിനാൽ ഭവന നിർമ്മാണം തുടങ്ങിയ പദ്ധതികളോ മറ്റു കാർഷിക വികസന പരിപാടികളോ ഇവിടെ നടപ്പാക്കുക പ്രയാസകരമാണ്. മടത്തറ ഒന്നാം വാർഡിലെ ശാസ്താംനട ഇതിനുദാഹരണമാണ്.

15 പ്രത്യേക ഘടകപദ്ധതി ഗിരിവർഗ്ഗ ഉപപദ്ധതി ഇവ അനുസരിച്ച് വിവധ വികസന വരുമാനവർദ്ധക പദ്ധതികൾ നടപ്പാക്കിയതിന്റെ യഥാർത്ഥഗുണം പൂർണ്ണമായി ഈ ജനവിഭാഗങ്ങൾക്കു ലഭിച്ചിട്ടില്ല.ശരിയായ മേൽനോട്ടത്തിന്റെയും വിലയിരുത്തലിന്റെയും അടിസ്ഥാനത്തിലല്ലാതെ നടത്തപ്പെട്ട വികസനങ്ങൾ പലപ്പോഴും ഗുണഭോക്താക്കളായ ഇവർതന്നെ ദുരുപയോഗം ചെയ്തിട്ടുണ്ട്.

16 സംസ്ഥാനസർക്കാർ പട്ടികജാതി പട്ടികവർഗ്ഗ വികസനവകുപ്പുകൾ എന്നിവ നടപ്പിലാക്കുന്ന പല പെൻഷൻ പരിപാടികളുടെയും ഗുണം അർഹരായവർക്ക് കിട്ടുന്നില്ല. ക.ഞ.ഉ.ജ. അനുസരിച്ചുള്ള സാമ്പത്തികസഹായം വേണ്ടത്ര ലഭിക്കുന്നില്ല. സഹായം ലഭിച്ചവരിൽ ഭൂരിഭാഗവും വായ്പ്പകൾ തിരിച്ചടയ്ക്കായ്കയാൽ, അകാരണം പറഞ്ഞുകൊണ്ട അർഹരായ പല അപേക്ഷകർക്കും വായ്പ നല്കുന്നതിൽ ധനകാര്യ സ്ഥാപനങ്ങൾ വിമുഖത കാട്ടുന്നു.

നിർദ്ദേശങ്ങൾ പരിഹാര മാർഗ്ഗങ്ങൾ

കൃഷി:

1 നെൽപ്പാടങ്ങളിൽ ഗ്രൂപ്പ്ഫാമിംഗ് സമ്പ്രദായം ഏർപ്പെടുത്തുക

2 വിത്ത്, വളം, കീടനാശിനികൾ, പണിയായുധങ്ങൾ, സാങ്കേതിക ഉപദേശം എന്നിവ സൗജന്യമായി നൽകുക.

3 നെൽപ്പാടങ്ങളിൽ മൂന്നാം വിളയായി പച്ചക്കറി കൃഷിചെയ്യുന്നതിന് വേണ്ട പ്രോത്സാഹനം നൽകുക.

4 കൃഷിയ്ക്ക് ആവശ്യമായ ജലലഭ്യതയും ജലസേചന സൗകര്യങ്ങളും ഉറപ്പുവരുത്തുക

5 ഔഷധസസ്യങ്ങളുടെ കൃഷി പ്രോത്സാഹിപ്പിക്കുക

6 കൈവശഭൂമിയുടെ വിനിയോഗവും സംരക്ഷണവും സംബന്ധിച്ച് ബോധവത്ക്കരണം നടത്തുക

7 കാർഷിക വായ്പയുമായി ബന്ധപ്പെട്ട് ഇന്ന് നിലവിലുള്ള ഉപാധികൾ ലഘൂകരിക്കുക.

8 തരിശായികിടക്കുന്ന ഭൂമി അവരുടേതന്നെ സഹ:സംഘങ്ങളുടെ മേൽനോട്ടത്തിൽ കൃഷി ചെയ്യുക

9 ആധിവാസികളുടെ കൃഷിഭൂമിയിൽ മണ്ണൊലിപ്പ് തടയുന്നതിനുവേണ്ടി സൗജന്യ പദ്ധതികൾ ആവിഷ്കരിക്കുക

10 കാർഷികവിളകളുടെ സംഭരണ വിപണന സംവിധാനം ഉറപ്പുവരുത്തുക

11 കാർഷികവിളകൾ വന്യമൃഗങ്ങളിൽ നിന്നും സംരക്ഷിക്കുന്നതിനാവശ്യമായ സംരക്ഷണപദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുക.

## വ്യവസായം

1 പരമ്പരാഗത കൈത്തൊഴിലുകളിൽ ഏർപ്പെട്ടിട്ടുള്ള വട്ടി, കുട്ട, പായ്. മറ്റ് ഉത്പന്നങ്ങൾ ഇവയുടെ നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് സൗജന്യനിരക്കിൽ ഈറ്റ, ചൂരൽ മുതലായ അസംസ്കൃതവസ്തുക്കളും സാമ്പത്തികസഹായവും നല്കുക.

2 ട്രൈസംപരശീലനം നല്കുവാൻ കഴിയുന്നത്ര യുവതീയുവാക്കളെ തെരഞ്ഞെടുത്ത് വിദഗ്ദ്ധപരിശീലനം നല്കി ചെറിയ വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുന്നതിലേയ്ക്കുള്ള സാമ്പത്തികസഹായം നല്കുക.

3 വനവിഭവങ്ങളുടെ സംഭരണ, സംസ്ക്കരണ, വിപണന യൂണിറ്റുകൾ ആരംഭിക്കുക.

4 ഞാറനീലി M.W.R.C. യൂണിറ്റിൽ നിന്നും പരിശീലനം ലഭിക്കുന്ന പെൺകുട്ടികൾക്ക് റെഡിമെയ്ഡ് ഗാർമെന്റ് യൂണിറ്റ്തുടങ്ങുന്നതിലേയ്ക്കുള്ള സാമ്പത്തികസഹായം നല്കുക

5 പഞ്ചായത്തിലെ പൊതു വ്യാവസായിക സംരഭങ്ങളിൽ ഈ വിഭാഗത്തിന് അർഹമായ പങ്കാളിത്തം ഉറപ്പുവരുത്തുക

## വിദ്യാഭ്യാസം

1 പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർഥികൾ ഏറ്റവുംകൂടുതൽ പഠിക്കുന്ന മടത്തറക്കാണി ഗവൺമെന്റ് ഹൈസ്കൂൾ, താന്നിമൂട് ട്രൈബൽ L.P.S. ഞാറനീലി ട്രൈബൽ ഹ.ജ.S., ഇടിഞ്ഞാർ ട്രൈബൽ ഹൈസ്കൂൾ എന്നിവിടങ്ങളിലെ പഠനവുമായി ബന്ധപ്പെട്ട ഭൗതികസൗകര്യങ്ങൾ വർദ്ധിപ്പിക്കുക

2 പഠനത്തിനായി സ്കൂളുകളിൽ എത്തിച്ചേരുന്ന പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർഥികളുടെ സാമ്പത്തികനിലവാരംകൂടി പരിഗണിച്ച് പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പഠനോപകരണങ്ങളും യൂണിഫോമും സൗജന്യമായി നല്കുക.

3 പട്ടികജാതി പട്ടികവർഗ്ഗവിഭാഗം കുട്ടികൾക്ക് ട്യൂഷൻ നൽകുന്നതിലേയ്ക്കാവശ്യമായ സാമ്പത്തിക സഹായം നല്കുക.

4 ഇടിഞ്ഞാർ ട്രൈബൽ ഹോസ്റ്റൽ (ആൺകുട്ടികൾ), ഭൂമി വാങ്ങി പുതിയ കെട്ടിടം നിർമ്മിച്ച് വാടകകെട്ടിടത്തിൽനിന്ന് മാറ്റിസ്ഥാപിക്കുക. 5 ഇടിഞ്ഞാർ ട്രൈബൽ ഹോസ്റ്റലിലേയ്ക്ക് ആവശ്യമായ ഫർണിച്ചറുകൾ നല്കുക.

6 ഇടിഞ്ഞാർ ട്രൈബൽ ഹോസ്റ്റലിൽ കുറവുള്ള ജീവനക്കാരെ അടിയന്തിരമായി നിയമിക്കുക.

7 ഞാറനീലി വനിത ട്രൈബൽ ഹോസ്റ്റലിന് ചുറ്റുമതിൽ കെട്ടുകയും അറ്റകുറ്റപ്പണികൾ നടത്തുകയും ചെയ്യുക.

8 ശാസ്താംനട, പോട്ടോമാവ്, താന്നിമൂട്, അടിപറമ്പ്, ഈയക്കോട്, ഇലഞ്ചിയം, കാട്ടിലക്കുഴി, തേവരത്തുകാവ്, ഒരുപറ തുടങ്ങിയ പട്ടികജാതി പട്ടികവർഗ്ഗ സങ്കേതങ്ങളിൽ നിന്നും വിദ്യാർഥികൾക്ക് പഠനകേന്ദ്രങ്ങളിൽ എത്തിച്ചേരുന്നതിലേയ്ക്ക് ഗതാഗതസൗകര്യം ഏർപ്പെടുത്തുക.

## പാർപ്പിട പുനരധിവാസം

1 ഭൂരഹിതരായി പുറമ്പോക്കുകളിൽ താമസിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗകുടുംബങ്ങളെ ഭൂമിവാങ്ങി പുനരധിവസിപ്പിക്കുക

2 ഭവനരഹിതരായ കുടംബങ്ങൾക്ക് വീടു നിർമ്മിക്കുന്നതിലേയ്ക്കുള്ള സാമ്പത്തിക സഹായം സൗജന്യമായി നല്കുക.

3 മേൽക്കൂരമാത്രം പുതുക്കിപ്പണിയുന്നതിലേയ്ക്കാവശ്യമായ സാമ്പത്തികസഹായം

സൗജന്യമായി നൽകുക.

4 കക്കൂസുകൾമാത്രം ആവശ്യമായ കുടുംബങ്ങൾക്ക് അവ സൗജന്യമായി നിർമ്മിച്ചു നൽകുക.

## കുടിവെള്ളം

1 ജലലഭ്യതയുള്ള സ്ഥലങ്ങളിൽ കുളങ്ങളും കിണറുകളും സൗജന്യമായി നിർമ്മിച്ചുനല്കുക.

2 ജലലഭ്യത കുറഞ്ഞ വേളിയൻകാല, ഒഴുകുപാറ കിളിത്തട്ട്, ജവഹർകോളനി തുടങ്ങിയ സ്ഥലങ്ങളിൽ പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് കുടിവെള്ളം എത്തിക്കുക.

3 നിലവിലുള്ള കിണറുകളും കുളങ്ങളും കഴുത്തും സൈഡും കെട്ടിസംരക്ഷിക്കുന്നതിലേയ്ക്കുള്ള സാമ്പത്തികസഹായം സൗജന്യമായി നല്കുക.

4 ശുദ്ധജലം മലിനപ്പെടാതെ സൂക്ഷിച്ച് ഉപയോഗിക്കുന്നതു സംബന്ധിച്ച ബോധവത്ക്കരണം നടത്തുക.

## വൈദ്യുതി

1 വൈദ്യുതി ലഭ്യമല്ലാത്ത സങ്കേതങ്ങളിൽ വൈദ്യുതി എത്തിക്കുക

2 വൈദ്യുതീകരിച്ചിട്ടില്ലാത്ത് എല്ലാ വീടുകളും വൈദ്യുതീകരിക്കുക.

## ഗതാഗതം

1 പട്ടികജാതി പട്ടികവർഗ്ഗ കോളനികളും പ്രദേശങ്ങളുമായി ബന്ധപ്പെട്ട റോഡുകൾ മുൻഗണന നല്കി പുനരുദ്ധരിക്കുകയും അവശ്യം വേണ്ടവ ടാറിംഗ് നടത്തുകയും ചെയ്യുക.

2 പ്രധാന പട്ടികജാതി പട്ടികവർഗ്ഗ സങ്കേതങ്ങളിലേയ്ക്ക് വാഹനഗതാഗതം ഏർപ്പെടുത്തുക

## സാമൂഹ്യക്ഷേമം

1 പഞ്ചായത്തടിസ്ഥാനത്തിൽ സർവ്വേ നടത്തി അർഹരായ മുഴുവൻ പട്ടികജാതി പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്കും സർക്കാർ പെൻഷൻ പദ്ധതികൾ ലഭ്യമാക്കുക

2 പട്ടയം കിട്ടിയിട്ടില്ലാത്ത എല്ലാ പട്ടികജാതി കുടുംബങ്ങൾക്കും സൗജന്യപട്ടയം നല്കുക.

3 പഞ്ചായത്തിൽ വിവിധ സ്ഥലങ്ങളിൽ പൊതു ശ്മശാനങ്ങൾ സ്ഥാപിക്കുക.

4 മതപരിവർത്തനത്തിന് വിധേയരായിട്ടുള്ള എല്ലാ കുടുംബങ്ങൾക്കും മറ്റുകുടുംബങ്ങൾക്കൊപ്പം എല്ലാ ആനുകൂല്യങ്ങളും നല്കുക.

5 പട്ടികജാതി പട്ടികവർഗ്ഗ കോളനികളുടെ വികസനവുമായി ബന്ധപ്പെട്ട് വനംവകുപ്പടക്കമുള്ള വകുപ്പുകളിൽനിന്നും ഉണ്ടാകുന്ന തടസ്സങ്ങൾ കാലോചിതമായി പരിഷ്ക്കരിക്കുക.

# സഹകരണം

കാർഷിക വായ്പാവിതരണത്തിനും സമഗ്ര ഗ്രാമീണ വികസനത്തിനും സഹായകമേകാൻ പറ്റിയ ഏറ്റവും നല്ല ഗ്രാമീണതല ഏജൻസിയാണ് സഹകരണപ്രസ്ഥാനം. 1904ൽ ഇൻഡ്യയിൽ സഹകരണ പ്രസ്ഥാനം ആരംഭിച്ചു. ഇന്ന് ഇൻഡ്യയിലാകെ വിവിധമേഖലകളിൽ മൂന്നര ലക്ഷം സംഘങ്ങളും ഇതിലാകെ 17 കോടി അംഗങ്ങളുമാണുള്ളത്. ഈ സംഘങ്ങളിലെ പ്രവർത്തനമൂലധനം 890.00 കോടിരൂപയുമാണ്: കേരളത്തിൽ 10619 സംഘങ്ങൾ പ്രവർത്തിക്കുന്നു. ഇതിൽ 1553 എണ്ണം കാർഷികവായ്പാസംഘങ്ങളാണ്. ഇൻഡ്യാരാജ്യത്ത് സഹകരണമേഖലയിലെ മൊത്തനിക്ഷേപത്തിന്റെ 65% കേരളത്തിലാണ്. ദേശവൽകൃതബാങ്കുകൾ, സ്വകാര്യപലിശകമ്പനികൾ, ഊഹക്കച്ചവടക്കാർ എന്നിവരുമായി മത്സരിച്ചുകൊണ്ട് ആസൂത്രണത്തിന്റെ അശാസ്ത്രീയ സമീപനംമൂലം സാമ്പത്തികതകർച്ച അനുഭവിക്കുന്ന കൃഷിക്കാരുടെ സുഹൃത്തായി പ്രവർത്തിക്കുന്നത് സഹകരണസ്ഥാപനങ്ങൾ മാത്രമാണ്. ഗ്രാമീണ ജനകോടികളുടെ സാമ്പത്തിക ഉയർച്ചയ്ക്കുവേണ്ടിയുള്ള പരിശ്രമങ്ങൾ ചെയ്യാൻ കഴിയും വിധം ഈ ജനകീയ മേഖലയെ വളർത്തി പുഷ്ഠിപ്പെടുത്താൻ നമുക്ക് കഴിയണം. ഓരോ പഞ്ചായത്ത് പ്രദേശത്തെയും മുഴുവൻ കുടുംബങ്ങളേയും സഹകരണസ്ഥാപനങ്ങളിൽ അംഗങ്ങളാക്കണം. ഓരോ കുടുംബത്തിന്റെയും സാമ്പത്തികവളർച്ച ലക്ഷ്യമാക്കിയുള്ള പദ്ധതികൾ തയാറാക്കി നടപ്പിലാക്കണം. അശാസ്ത്രീയമായ സാമ്പത്തിക ആസൂത്രണം മൂലം സാധാരണജനങ്ങളിൽ ഉയർന്നുവന്നിട്ടുള്ള ഇല്ലായ്മാബോധം അവസാനിപ്പിക്കാനും കഴിയണം. ഉള്ള സഹകരണപ്രസ്ഥാനങ്ങളെ പുഷ്ടിപ്പെടുത്തിയും അവശ്യമേഖലകളിൽ പുതിയ പ്രസ്ഥാനങ്ങൾ ആരംഭിച്ചും ജനജീവിതം മെച്ചപ്പെടുത്തുന്നതിനുള്ള കേന്ദ്രങ്ങളായി സഹകരണമേഖലയെ വളർത്തികൊണ്ടുവരേണ്ടതാണ്.

**പെരിങ്ങമ്മല ഗ്രാമപഞ്ചായത്തിൽ പ്രവർത്തനമേഖലയിലെ സഹകരണ സ്ഥാപനങ്ങൾ**

1. പാലോട് സർവ്വീസ് സഹകരണ ബാങ്ക്.
2. പാലോട് കാർഷിക ഗ്രാമവികസന ബാങ്ക്.
3. നെടുമങ്ങാട് താലൂക്ക് ഗവൺമെന്റ് സർവ്വീസ് സഹകരണ സംഘം.
4. തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിന്റെ ശാഖ.
5. പോട്ടോമാവ് ഗിരിജൻ സർവ്വീസ് സഹകരണ സംഘം.
6. കലയപുരം ഗിരിജൻ സർവ്വീസ് സഹകരണസംഘം.
7. ഞാറനീലി ഗിരിജൻ സർവ്വീസ് സഹകരണസംഘം.
8. ഹരിജൻ സഹകരണസംഘം പെരിങ്ങമ്മല.
9. പെരിങ്ങമ്മല വനിതാ വ്യവസായ സഹകരണസംഘം.
10. നെടുമങ്ങാട് താലൂക്ക് ഫോറസ്റ്റ് ലേബർ കോൺട്രാക്ട്- സഹകരണസംഘം.
11. ബ്രൈമൂർ എസ്റ്റേറ്റ് ലേബർ സഹകരണ സംഘം.
12. അഗ്രിഫാം കൺസൂമർ സഹകരണ സംഘം.
13. ജനറൽ മാർക്കറ്റിംഗ് സഹകരണസംഘം, ജവഹർ കോളനി.
14. പെരിങ്ങമ്മല ഗവ: ഡജട സഹകരണ സംഘം.
15. മടത്തറകാണി ഒ.ട. സഹകരണസംഘം.
16. അടിപറമ്പ് ഖാദി ഗ്രാമവ്യവസായ സഹകരണസംഘം.
17. വേങ്കൊല്ല ക്ഷീരോല്പാദക സഹകരണ സംഘം.
18. പെരിങ്ങമ്മല ക്ഷീരോല്പാദക സഹകരണസംഘം.
19. തെന്നൂർ ക്ഷീരോല്പാദക സഹകരണ സംഘം.

## ക്രഡിറ്റ് സംഘങ്ങൾ

1. പാലോട് സർവ്വീസ് സഹകരണബാങ്ക്
2. പാലോട് കാർഷിക ഗ്രാമവികസനബാങ്ക്
3. നെടുമങ്ങാട് താലൂക്ക് ഗവ:സർവ്വൻസ് സഹകരണസംഘം
4. പോട്ടോമാവ് ഗിരിജൻ സഹകരണസംഘം.
5. കലയപുരം ഗിരിജൻ സഹകരണസംഘം.

6. ഞാറനീലി ഗിരിജൻ സഹകരണസംഘം.
7. പെരിങ്ങമ്മല ഹരിജൻ സഹകരണ സംഘം.
8. ബ്രൈമൂർ എസ്റ്റേറ്റ് ലേബർ സഹകരണ സംഘം.

**ക്ഷീരസംഘങ്ങൾ**

1. വേങ്കൊല്ല ക്ഷീരോല്പാദക സഹകരണ സംഘം.
2. പെരിങ്ങമ്മല ക്ഷീരോല്പാദക സഹകരണസംഘം.
3. തെന്നൂർ ക്ഷീരോല്പാദക സഹകരണ സംഘം.

**മാർക്കറ്റിംഗ്**

ജവഹർകോളനി മാർക്കറ്റിംഗ് & പ്രോസസിംഗ് സഹകരണസംഘം.

**I. പാലോട് സർവീസ് സഹകരണബാങ്ക്**

ഉദ്ദേശം 62 വർഷം മുമ്പ് ശ്രീ. അയ്യൻ മാർക്കോസ് എന്ന സഹകാരിയുടെ നേതൃത്വത്തിൽ പാലോട് കേന്ദ്രമായി ചേരമർ പരസ്പര സഹായ സഹകരണസംഘം എന്നപേരിൽ ഒരു സംഘം രജിസ്റ്റർ ചെയ്തു. 17 /2/1100 ൽ രജിസ്റ്റർ ചെയ്തു. 3.5.1100 ൽ പ്രവർത്തനം ആരംഭിച്ചു. പിന്നീട് അത് പാലോട് സർവീസ് സഹകരണസൊസൈറ്റി Reg No: 792 ആയി. ഇപ്പോൾ പാലോട് സർവീസ് സഹകരണബാങ്കായി പ്രവർത്തിക്കുന്നു. സർവശ്രീ. എ റഷീദാണ് ഇപ്പോഴത്തെ പ്രസിഡന്റ്, എ.റ്റി. ജോസഫ് പാലോട്, ശ്രീ. എ ഇബ്രാഹിം പിള്ള, വി.കെ. ശങ്കർ, കെ.എം. ഗോപാലപ്പിള്ള, എം. എ. റഹിം എന്നിവർ ഈ സ്ഥാപനത്തിന്റെ മുൻകാല പ്രസിഡന്റുമാരായിരുന്നിട്ടുണ്ട്. 9100 അംഗങ്ങളും 80 ലക്ഷം രൂപ പ്രവർത്തന മൂലധനവുമുള്ള സ്ഥാപനമാണ്.

**II പാലോട് കാർഷികവികസനബാങ്ക്**

15.6.1984 പ്രവർത്തനം ആരംഭിച്ചു. നെടുമങ്ങാട് താലൂക്കിലെ 15 പഞ്ചായത്തുകൾ ബാങ്കിന്റെ പ്രവർത്തനപരിധിയിൽപെടുന്നു. ശ്രീ. എം.ശ്രീധരൻനായരുടെ ശ്രമഫലമായി രൂപീകരിച്ച ഈ ബാങ്കിൽ ജി. മണിയൻ, കോലിയക്കോട് കൃഷ്ണൻനായർ എന്നിവർ പ്രസിഡന്റുമാരായിരുന്നിട്ടുണ്ട്. കാർഷികാവശ്യത്തിനും കാർഷികേതര ആവശ്യങ്ങൾക്കുമായി വായ്പ നൽകുന്ന ഈ സ്ഥാപനത്തിൽ നിന്നും 12.50 കോടി രൂപാ അംഗങ്ങൾക്ക് വിതരണം ചെയ്തിട്ടുണ്ട്. 14000 ആളുകൾ മെമ്പർമാരായുള്ള ഈ സംഘത്തിന്റെ ഇപ്പോഴത്തെ പ്രസിഡന്റ് ശ്രീ. എം. എ. റഹിമാണ്.

**III അടിപറമ്പ് ഹരിജൻ ഖാദിഗ്രാമ വ്യവസായ സഹകരണ സംഘം. 0227. ഇടിഞ്ഞാർ പി.ഒ.**

പെരിങ്ങമ്മല പഞ്ചായത്തിലെ 9.10 വാർഡ് പ്രവർത്തന പരിധിയായി 1996 ഫെബ്രു 1 മുതൽ പ്രവർത്തനമാരംഭിച്ച സംഘമാണിത്. ഖാദി ബോർഡിൽ നിന്നും ആനുവദിച്ചുകിട്ടിയ ഗ്രാന്റ് ഉപയോഗിച്ച് (Rs 70,000/-) 5 സെന്റു ഭൂമിയും, ഓഫീസ് കെട്ടിടവും നിർമ്മിച്ചു. ചൂരൽ, ഈറ്റ, മുള എന്നിവ കൊണ്ടുള്ള ഉപകരണങ്ങൾ സഹകരണാടിസ്ഥാനത്തിൽ നിർമ്മിച്ചു വില്പന നടത്തുന്നു. ശ്രീ. ബി. രാജപ്പനാണ് സംഘം പ്രസിഡന്റ്.

**II കലയപുരം ഗിരിവർഗ്ഗ സർവ്വീസ് സഹകരണസംഘം.**

കലയപുരം, താന്നിമൂട്, പാമ്പുചത്തമണ്ണ് എന്നീ പ്രദേശങ്ങൾ പ്രവർത്തനപരിധിയായി 27.6.1956 ൽ ആരംഭിച്ച സംഘമാണിത്. ഇപ്പോൾ 502 പേർ അംഗങ്ങളാണ്. 49000 രൂപ അംഗീകൃത ഓഹരി മൂലധനവും, 66025.25 രൂപ പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനവും 52304 രൂപ സർക്കാർ ഓഹരിയും ലഭിച്ചിട്ടുണ്ട്. ഹ്രസ്വകാലവായ്പയും ദീർഘകാലവായ്പയും നല്കിവരുന്നു. ഹ്രസ്വകാല കാർഷിക വായ്പ ഉദ്ദേശം 2 ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ട്. പവർ ട്രില്ലർ സംഘത്തിനുണ്ട്.

**III ഞാറനീലി ഗിരിവർഗ്ഗ സർവീസ് സഹകരണ സംഘം. T. 697 ഇലഞ്ചിയം P.O.**

പെരിങ്ങമ്മല പഞ്ചായത്തിലെ പാലോട് വനം റെയിഞ്ചിലെ ഗിരിവർഗ്ഗ സെറ്റിൽമെന്റുകൾ പ്രവർത്തനപരിധിയായി 25.2.78ൽ പ്രവർത്തനമാരംഭിച്ചു, ഇപ്പോൾ 742 അംഗങ്ങളുണ്ട്. ഓഹരി മൂലധനം 65,703 രൂപയും, സർക്കാരിൽ നിന്നും 40,000 രൂപ കെട്ടിടനിർമ്മാണ ഗ്രാന്റായും, 1,50,000 രൂപ പ്രവർത്തന മൂലധനഗ്രാന്റായും. ഗിരിവർഗ്ഗ ക്ഷേമ വകുപ്പിൽ നിന്നും 40,000 രൂപ പ്രവർത്തനമൂലധന ഗ്രാന്റായും, 3,500 രൂപ ഫർണിച്ചർ ഗ്രാന്റായും, വനംവകുപ്പിൽനിന്നും 20,000/- രൂപ ചെറുതര വന വിഭവശേഖരണസഹായിയായും ലഭിച്ചിട്ടുണ്ട്. ഗിരിവർഗ്ഗ ക്ഷേമവകുപ്പിൽ നിന്നും 10 ഗിരിവർഗ്ഗ വനിതകൾക്ക് ഒരു റെഡിമെയ്ഡ് ഗാർമെന്റ് യൂണിറ്റ് ആരംഭിക്കുന്നതിനായി 25,000/- രൂപയും വനവിഭവങ്ങൾ ശേഖരിയ്ക്കുന്നതിന് 1 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. 370 ഓളം അംഗങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് 546648.50 രൂപ വിലയുള്ള വനവിഭവങ്ങൾ ശേഖരിച്ച് കേരള പട്ടികജാതി-പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷന് നല്കിയിട്ടുണ്ട്.

**IV നെടുമങ്ങാട് താലൂക്ക് ഗവൺമെന്റ് സർവ്വന്റ്സ് സഹകരണസംഘം**

നെടുമങ്ങാട് താലൂക്കിലെ സർക്കാർ ജീവനക്കാരുടെ സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റാൻ കഴിയുന്ന ഒരു സ്ഥാപനമാണിത്. 1.4.1962 ൽ

പ്രവർത്തനം ആരംഭിച്ച സംഘത്തിൽ 4469 അംഗങ്ങളും ഒരു കോടി മുപ്പത്തിയഞ്ച് ലക്ഷം രൂപയുടെ വായ്പാ ബാക്കി നില്പും ഉണ്ട്. ശ്രീ. പി. എസ്. ദിവാകരനാണ് ഇപ്പോൾ പ്രസിഡന്റ്.

ക്ഷീരസഹകരസംഘങ്ങൾ:– ഭൂമിശാസ്ത്രപരമായി കാലിവളർത്തലിനും അനുകൂലമായ പ്രദേശമാണ് നമ്മുടെ പഞ്ചായത്ത്. എന്നാൽ ഈ അനുകൂലഘടകം നമുക്ക് പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല എന്നാണ് നമ്മുടെപഞ്ചായത്തിലെ ക്ഷീരസംഘങ്ങളുടെ ഇന്നത്തെ സ്ഥിതി പരിശോധിച്ചാൽ മനസ്സിലാക്കാൻ കഴിയുന്നത്, തെന്നൂർ, പെരിങ്ങമ്മല, വേങ്കോല്ല എന്നീ മൂന്ന് സംഘങ്ങളാണ് ഇന്ന് പ്രവർത്തിക്കുന്നത്. ഈ സംഘങ്ങൾ തന്നെ, വളരെ കുറച്ച് പാൽ മാത്രമേ സംഭരിക്കുവാനും വിപണനം നടത്താനും കഴിയുന്നുള്ളൂ. തൊഴിലില്ലായ്മക്ക് ഒരു പരിധിവരെ പരിഹാരം കാണാനും സാമ്പത്തികരംഗത്ത് ഒരു സഹായിയായും ചെറുകിട കർഷകർക്ക് ഒരു കാർഷിക വൃത്തിയായും വരുമാനമാർഗ്ഗവുമായി മാറ്റിയെടുക്കാൻ കാലിവളർത്തൽ കൃഷി ഉപയുക്തമാക്കാവുന്നതാണ്. കൃഷിക്കാർ ഉല്പാദിപ്പിക്കുന്ന പാൽതന്നെ. സഹകരണസംഘങ്ങളിൽ ഇന്ന് വില്പന നടത്തുന്നില്ല. അതിനു പ്രധാന കാരണം സംഘം – പാൽ സംഭരിക്കുന്നതിന് അനുവർദ്ധിക്കുന്ന നയമാണ് കൃഷിക്കാർ അളക്കുന്ന പാലിന്റെ ഗുണനിലവാരം തിട്ടപ്പെടുത്തി. S.N.F., കൊഴുപ്പ്, എന്നിവയുടെ അളവിന്റെ അടിസ്ഥാനത്തിൽ വില തീരുമാനിക്കപ്പെടുന്നതിനാൽ ഓരോ ലിറ്റർ പാലിനും പ്രാദേശികമായി വിൽക്കുന്നതിനേക്കാൾ മൂന്നും നാലും രൂപയുടെ കുറവുവരുന്നു. ഇതു കാരണം സംഘങ്ങളിൽ പാൽകൊടുക്കാൻ കൃഷിക്കാർ തയ്യാറാവുന്നില്ല. സംഘങ്ങൾ സംഭരിക്കപ്പെടുന്ന പാൽ പ്രാദേശിക വിപണനം നടത്താൻ മിൽമയുടെ നയംമൂലം കഴിയുന്നില്ല. ഗ്രാമപ്രദേശമായ നമ്മുടെ പ്രദേശത്ത് മിൽമയുടെ കവർ പാലിനെ ആശ്രയിയ്ക്കേണ്ട ഗതികേടിലാണ് നാം എത്തിചേർന്നിരിക്കുന്നത്.

ഉല്പാദനവുമായി ബന്ധപ്പെടുത്തി കൃഷിക്കാർക്ക് അനുഭവപ്പെടുന്ന ബുദ്ധിമുട്ട് പ്രധാനമായും വർദ്ധിച്ചുവരുന്ന കാലിത്തീറ്റയുടെ വില വർദ്ധനവ്, ഗുണനിലവാര തകർച്ചയുമാണ്. മാർക്കറ്റിൽ കിട്ടുന്ന കാലിത്തീറ്റയുടെ ഗുണനിലവാരം പരിശോധിക്കപ്പെടാത്തതു കാരണം കാലികൾക്ക് വളരെ മാരകമായ രോഗങ്ങൾ പിടിപെടാൻ ഏറെ സാദ്ധ്യതയുണ്ട്. ഇതിന് പ്രതിവിധി സഹകരണാടിസ്ഥാനത്തിൽ സംഘങ്ങളുടെ സഹായത്തോടുകൂടി നല്ല നിലവാരമുള്ള കാലിത്തീറ്റ നിർമ്മാണമാണ്. അതുപോലെ ക്ഷീരവികസന വകുപ്പിന്റെ സഹായത്തോടുകൂടി പച്ചപ്പുല്ല് കൃഷി ചെയ്യാൻ കൃഷിക്കാർക്ക് വേണ്ട സഹായം നൽകണം. അതുപോലെ തന്നെ. നമ്മുടെ പ്രദേശത്തെ ബാങ്കുകൾ വേണ്ടത്ര താല്പര്യം ഇക്കാര്യത്തിൽ എടുക്കുന്നില്ല. ക്ഷീര കർഷകർക്ക് പശുവിന്റെ വിലയുമായി യാതൊരു ബന്ധവുമില്ലാത്ത നിലയിലുള്ള Sacle of finance ആണ് നിലവിലുള്ളത്. ഇത് മാറ്റി യഥേഷ്ടം വായ്പ നൽകാൻ നമ്മുടെ ബാങ്കുകളിൽ സമ്മർദ്ദം ചെലുത്താൻ നമുക്കു കഴിഞ്ഞാൽ പരമ്പരാഗതമായി നമ്മുടെ കൃഷിക്കാർ താല്പര്യപൂർവ്വം ചെയ്തിരുന്നതും ഇന്ന് നാശോന്മുഖമായികൊണ്ടിരിക്കുന്നതുമായ ഈ കാർഷിക വൃത്തി പുനർജനിപ്പിക്കാനും നാടിനും ഉല്പാദകരായ കൃഷിക്കാർക്കും ഗുണഭോക്താക്കളായ ഗ്രാമീണവാസികൾക്കും ഉപയോഗപ്രദമായ രീതിയിൽ മാറ്റിയെടുക്കാനും അതുവഴി ക്ഷീരസംഘങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്താനും നമുക്കു കഴിയും.

**പെരിങ്ങമ്മല ഹരിജൻ സഹകരണസംഘം H.W..54**

പഞ്ചായത്തിൽ അത്തരത്തിൽ ഒരു സംഘം പ്രവർത്തിച്ചിരുന്നു. എന്നാൽ ഇപ്പോൾ പ്രവർത്തനം നിലച്ചിരിക്കുകയാണ്. സമൂഹത്തിലെ പിന്നോക്ക അവസ്ഥയിൽ കഴിയുന്ന ഹരിജനങ്ങളുടെ സാമൂഹ്യ സാമ്പത്തിക ഉന്നമനം ലക്ഷ്യമാക്കി പ്രവർത്തിക്കേണ്ടതും ഹരിജനങ്ങൾക്ക് ഗവൺമെന്റിൽ നിന്ന് ലഭിക്കുന്ന വളരെ അധികം സാമ്പത്തിക സഹായവും എത്തിക്കേണ്ട ഒരു ഏജൻസിയായി ഇതു വളരേണ്ടതുമാണ്. ഇപ്പോൾ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയില്ല. സ്ഥിരമായി പ്രവർത്തിക്കാൻ ഓഫീസും, ജീവനക്കാരുമില്ലാത്ത അവസ്ഥയിലാണ്.

### ഗിരിജൻ സംഘങ്ങൾ

പൊട്ടോമാവ്, കലയപുരം ഞാറനീലി എന്നീ മൂന്നു സംഘങ്ങൾ പ്രവർത്തിക്കുന്നു. മേൽ സൂചിപ്പിച്ചതുപോലെ. ഗിരിജനങ്ങളുടെ ഉന്നമനത്തിനായി പ്രവർത്തിക്കേണ്ട മേപ്പടിസംഘങ്ങൾ ഉദ്ദേശ ലക്ഷ്യം കൈവരിക്കാൻ കഴിയുന്നില്ല. ഒരു പരിധിവരെ പൊട്ടാമാവ് സംഘം അംഗങ്ങൾക്ക് ഗുണപരമായ പ്രവർത്തനം നടത്തി വരുന്നതായി മനസ്സിലാക്കാൻ കഴിഞ്ഞു. മലഞ്ചരക്ക് ഉല്പന്നങ്ങൾ ശേഖരിക്കാൻ കുളത്തൂപ്പുഴ റെയിഞ്ചിന്റേയും പാലോട് റെയിഞ്ചിന്റെയും അധീനതയിലുള്ള വനപ്രദേശങ്ങളിൽ ഔദ്യോഗിക അംഗീകാരം ലഭിച്ചിട്ടുള്ള ടി സംഘങ്ങൾ ഒരു നോക്കുകുത്തിപോലെ നിൽക്കുകയും, അസംസ്കൃത വനവിഭവങ്ങൾ പലതും കൊള്ളയടിക്കപ്പെടുക

യുമാണ് ഇപ്പോൾ ചെയ്യുന്നത്. ഫലപ്രദമായി ഈ രംഗത്ത് ഇടപെടാൻ ഗിരിജൻ സംഘങ്ങൾക്ക് കഴിയണം. കാലാകാലങ്ങളിൽ ഗവൺമെന്റിൽ നിന്നും ലഭിക്കുന്ന സഹായങ്ങൾ യഥാകാലം വാങ്ങാനും അത് ഗുണഭോക്താക്കളായ സംഘാംഗങ്ങൾക്ക് പരാതിക്ക് ഇടനൽകാതെ എത്തിക്കാനും കഴിയുന്ന ഭരണനേതൃത്വം ഉണ്ടാകണം.

**നെടുമങ്ങാട് താലൂക്ക് ഫോറസ്റ്റ് ലേബർ കോൺട്രക്ടേഴ്സ് സഹകരണസംഘം**

ഇപ്പോൾ ആഫീസും പ്രവർത്തനവും ഇല്ലാതായിരിക്കുന്നു. പ്രവർത്തിക്കുന്നു പുറമെ

**1. ഗാന്ധിജി മെമ്മോറിയൽ ഗിരിവർഗ്ഗ വ്യവസായ - സഹകരണസംഘം. ഇലഞ്ചിയം P.O.**

മെമ്പർഷിപ്പ് 35 Reg No. 655/96 ഈറ, ചൂരൽ വള്ളികളും ഗാർമെന്റ് മേക്കിംഗും നടക്കുന്നു.

**2. വനിതാ വ്യവസായ സഹകരണസംഘം പെരിങ്ങമ്മല.**

മെമ്പർഷിപ്പ് 105. 1992 ൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നു. സ്വയം തൊഴിൽ ചെയ്യാൻ സന്നദ്ധരായ വനിതകൾ മെമ്പർമാരായ സംഘം:

തയ്യൽ പരിശീലനം, ജാമുകൾ, അച്ചാറുകൾ തുടങ്ങിയവ നിർമ്മിക്കുന്നു. റെഡിമെയ്ഡ് ഗാർമെന്റ് മേക്കിംഗ്, സുഗന്ധതിരി നിർമ്മാണം തുടങ്ങിയവ പരിശീലനം സിദ്ധിച്ച പെൺകുട്ടികളുണ്ട്. ട്രൈസം പ്രോഗാമനുസരിച്ച് തൊഴിൽ പരിശീലിക്കുന്നവർ ട്രൈനിംഗ് കൊടുക്കുന്നുണ്ട്. ഓമനയമ്മ പ്രസിഡന്റ്

### സ്ക്കൂൾ സഹകരണസംഘങ്ങൾ

ഗ്രാമപഞ്ചായത്തിലെ വിദ്യാലയങ്ങളിൽ വിദ്യാർത്ഥികൾക്ക് പാഠപുസ്തകങ്ങൾ നൽകുന്നതിനുവേണ്ടി അദ്ധ്യാപകരും വിദ്യാർത്ഥികളും അംഗങ്ങളായി സഹകരണ സംഘങ്ങൾ രൂപം കൊണ്ടിട്ടുണ്ട്. മടത്തറക്കൊണി H.S., പെരിങ്ങമ്മല ഗവ. UPS - എന്നീ സ്കൂളുകൾ കേന്ദ്രമാക്കി മറ്റു വിദ്യാലയങ്ങൾക്കുകൂടി പുസ്തക വിതരണത്തിനായി രണ്ടു ഗ്രൂപ്പ് സൊസൈറ്റികളും ഇക്ബാൽ കോളേജിന് മാത്രമായി മറ്റൊരു സഹകരണസംഘവും പ്രവർത്തിക്കുന്നു. വിദ്യാർത്ഥികൾക്ക് യഥാസമയം പാഠപുസ്തകങ്ങൾ വിതരണം ചെയ്യുന്നതിന് ഈ സൊസൈറ്റികൾക്ക് കഴിയുന്നുണ്ട്.

### പ്രശ്നങ്ങൾ

1. ഗ്രാമീണ ജനവിഭാഗം തങ്ങളുടെ കാർഷികവും കാർഷികേതരവുമായ ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള ഏറ്റവും പ്രധാനപ്പെട്ട ഏജൻസിയായി സഹകരണ പ്രസ്ഥാനത്തെ കാണുന്നില്ല.
2. അംഗങ്ങളുടെ തന്നെ ആവശ്യങ്ങൾക്ക് യഥാസമയം യഥാവിധി സഹായിക്കുന്നതിന് സംഘങ്ങൾക്ക് കഴിയുന്നില്ല.
3. കാർഷിക സംരംഭങ്ങളുടെ ചെലവുകൾക്ക് പര്യാപ്തമായ തുക വായ്പ ലഭിക്കുന്നില്ല.
4. സഹകരണ സംഘ സ്ഥാപനങ്ങളിലെ മെമ്പർഷിപ്പ് വിതരണത്തിലുള്ള വിവേചനങ്ങൾ.
5. ബൈലാനുസൃതമായി പൊതുയോഗം കൂടി വാർഷിക റിപ്പോർട്ടവതരിപ്പിക്കുന്നതിലുള്ള അപാകത.
6. മാനേജ്മെന്റിന്റെ കാര്യക്ഷമത കുറവും സ്വജന പക്ഷപാതിത്തവും
7. ജീവനക്കാരുടെ ചട്ടപ്പടി പ്രവർത്തനം.
8. സങ്കുചിത രാഷ്ട്രീയാധിഷ്ഠിത മത്സരങ്ങൾ.
9. വാർഡടിസ്ഥാനത്തിലല്ലാതെയും കക്ഷിരാഷ്ട്രീയാടിസ്ഥാനത്തിലുള്ള പാനൽ ഇലക്ഷൻ സമ്പ്രദായം കൊണ്ടുള്ള വീഴ്ച.
10. ജനങ്ങളുടെ ആവശ്യങ്ങളുമായി ബന്ധപ്പെട്ടു പുതിയ പദ്ധതികളാവിഷ്കരിക്കുന്നതിലുള്ള വീഴ്ച.
11. സംഘത്തിന്റെ പ്രവർത്തനത്തിൽ ഡിപ്പാർട്ടുമെന്റുകളുടെ സാങ്കേതികത്വത്തിന്റെ പേരിലുള്ള തടസ്സപ്പെടുത്തൽ.
12. വായ്പ തിരിച്ചടയ്ക്കാക.
13. ലക്ഷ്യേതര ആവശ്യങ്ങൾക്കായുള്ള വായ്പാ വിനിയോഗം.
14. Deposit ന്റെ അഭാവം.

### നിർദ്ദേശങ്ങൾ-സാധ്യതകൾ.

1. സംഘം പ്രവർത്തനങ്ങളെ സംബന്ധിച്ച ജനകീയ ബോധവൽകരണം.
2. വായ്പ തിരിച്ചടക്കുന്നതു സംബന്ധിച്ച ബോധവൽക്കരണം.
3. ലക്ഷ്യേതര ആവശ്യങ്ങൾക്കായുള്ള വായ്പാ വിനിയോഗനിയന്ത്രണം.
4. പദ്ധതി ആവിഷ്കരണം കാലോചിതമാക്കുക.
5. നിക്ഷേപ സമാഹരണത്തിൽ നിലനിൽക്കുന്ന അപാകതകൾ പരിഹരിക്കുക.
6. അംഗത്വ വിതരണം വിവേചനരഹിതമാക്കുക.
7. ബൈലാനുസരണം വാർഷിക റിപ്പോർട്ടും കണക്കും അവതരിപ്പിക്കുക.
8. തെരെഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികൾക്ക് അവശ്യം വേണ്ട സാങ്കേതിക പരിശീലനം നല്കുക.
9. സംഘം പ്രവർത്തനങ്ങൾ സ്വജനപക്ഷപാതരഹിതമാക്കുക.

10. സംഘം ജീവനക്കാർക്ക് കാലാകാലങ്ങളിൽ പരിശീലനവും ബോധവൽക്കരണവും നടത്തുക.
11. വാർഡടിസ്ഥാനത്തിലുള്ള തെരെഞ്ഞെടുപ്പു പാനൽ സമ്പ്രദായത്തിനു പകരം പ്രോത്സാഹിപ്പിക്കുക.
12. സഹകാരികളുടെ ആവശ്യങ്ങൾ മനസ്സിലാക്കി കാലോചിതമായി പുതിയ പദ്ധതികളാവിഷ്കരിക്കുക.
13. ഡിപ്പാർട്ടുമെന്റിടപെടലുകൾ ലഘൂകരിക്കുക.
14. പഞ്ചായത്തിലെ എല്ലാ കർഷകരെയും സംഘത്തിൽ അംഗമായി ചേർക്കുക.
15 കർഷകരുടെ ഭൂമി സംബന്ധിച്ചും കൃഷി സംബന്ധിച്ചും ഉള്ള കണക്കുകൾ മുൻകൂട്ടി തയ്യാറാക്കി വായ്പാ പദ്ധതികൾ ആവിഷ്കരിക്കുക.
16. കാർഷിക വിളകൾക്കു ഇൻഷ്വറൻസ് ഏർപ്പെടുത്തുക.
17. കാർഷിക വിഭവങ്ങളുടെ സംഭരണ വിതരണ കേന്ദ്രങ്ങൾ വിവിധ കേന്ദ്രങ്ങളിൽ ആരംഭിക്കുക.
18. സുഗന്ധ ദ്രവ്യങ്ങളുടെയും റബ്ബറിന്റെയും സംഭരണ വിതരണ സംസ്കരണ ആവശ്യത്തിലേയ്ക്കായി പ്രത്യേക സംഘങ്ങൾ രൂപീകരിക്കുക.
19. വായ്പാ പരിധി കർഷകന്റെ ആവശ്യകതയുമായി ബന്ധപ്പെടുത്തി മാറ്റം വരുത്തുക.
20. സംഘങ്ങൾ നടത്തുന്ന ചിട്ടിയുടെ പരിധി ഡെപ്പോസിറ്റുമായി ബന്ധപ്പെടുത്തി 5 ലക്ഷം രൂപ വരെ ഉയർത്തുക.
21. റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റികളിടെ പ്രവർത്തനം കാര്യക്ഷമമാക്കുക, എല്ലാ വാർഡുകളിലും തുടങ്ങുക.
22. നിലവിലുള്ള വനിതാ വ്യവസായ സഹകരണസംഘം പ്രവർത്തനം കാര്യക്ഷമമാക്കുക. സാദ്ധ്യമായ സ്ഥലങ്ങളിൽ പുതിയവ തുടങ്ങുക.
23. എല്ലാ വാർഡുകളിലും ക്ഷീരസംഘങ്ങൾ ആരംഭിക്കുക.
24. പഞ്ചായത്തടിസ്ഥാനത്തിൽ പാൽ സംഭരിച്ചു സംസ്കരിക്കുന്നതിലേയ്ക്കുള്ള സഹകരണ സ്ഥാപനം ആരംഭിക്കുക.
25. മൃഗസംരക്ഷണ മേഖലയിൽ വിവിധ സഹകരണ സംഘങ്ങൾ ആരംഭിക്കുക.
26. മോട്ടോർ തൊഴിലാളി സഹകരണസംഘം ആരംഭിക്കുക.
27. ഖാദി വ്യവസായ ബോർഡുമായി ബന്ധപ്പെട്ടു രജിസ്ടർ ചെയ്തിട്ടുള്ള സംഘങ്ങൾ പ്രവർത്തന ക്ഷമമാക്കുക. പുതുതായി ആവശ്യമുള്ള മേഖലകളിൽ പുതിയ സംഘങ്ങൾ രജിസ്റ്റർ ചെയ്യുക.
28. നിർമ്മാണ തൊഴിലാളി സഹകരണ സംഘം രജിസ്ടർ ചെയ്യുക.
29. നിലവിലുള്ള പട്ടികജാതി, പട്ടികവർഗ്ഗ സഹകകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുക.
30. വ്യാവസായിക സഹകരണ സംഘങ്ങൾ മടത്ത, പാലോട്, തെന്നൂർ എന്നിവിടങ്ങളിൽ കേന്ദ്രീകരിച്ചാരംഭിക്കുക.
31. പാലോട് സർവ്വീസ് സഹകരണ ബാങ്കിന്റെ ശാഖകൾ മടത്തറ, തെന്നൂർ എന്നിവിടങ്ങളിൽ ആരംഭിക്കുക.
32. പാലോട് സർവ്വീസ് സഹകരണ ബാങ്കിന്റെ ഒരു സായാഹ്ന ശാഖ പാലോട് ജംഗ്ഷനുമായി ബന്ധപ്പെട്ടു തുറക്കുക.

# വിഭവസമാഹരണം

പരിമിതവിഭവങ്ങളുടെ പരമാവധി ഫലപ്രദമായ വിനിയോഗമാണല്ലോ ആസൂത്രണം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. പ്രകൃതിവിഭവങ്ങളെ മനുഷ്യൻ തന്റെ ആവശ്യത്തിനനുസരിച്ച് ഉല്പന്നങ്ങളാക്കി മാറ്റുന്നതിനുവേണ്ടി രൂപം നല്കുന്ന അതികേന്ദ്രീകൃതമായ സാമൂഹ്യസംവിധാനങ്ങൾ കാലക്രമത്തിൽ അശാസ്ത്രീയമോ അപ്രായോഗികമോ അപ്രസക്തമോ ആയിമാറുന്നു. ഇങ്ങനെ കാലാഹരണപ്പെടാൻ വിധിക്കപ്പെട്ട വിഭവവിനിയോഗ സമ്പ്രദായങ്ങൾക്കുപകരം നാടിന്റെ തനത് പ്രശ്നങ്ങളും സാദ്ധ്യതകളും തൊട്ടറിഞ്ഞ് അവിടവിടെ ലഭ്യമാകുന്ന വൈവിധ്യമാർന്ന പ്രകൃതി വിഭവങ്ങളും മനുഷ്യവിഭവശേഷിയും സാമ്പത്തിക വിഭവങ്ങളും സമഗ്രവും ഉദ്ഗ്രഥിതവുമായ ആസൂത്രണപ്രക്രിയക്കു വിധേയമാക്കാൻ ജനകീയ ആസൂത്രിതപ്രസ്ഥാനത്തിലൂടെ നമ്മുക്ക് കഴിയണം.

നെടുമങ്ങാട് താലൂക്കിൽ വടക്ക് കിഴക്ക് അതിർത്തിയിൽ വനപ്രദേശം ഉൾപ്പെട്ട അവികസിത പഞ്ചായത്താണ് പെരിങ്ങമല. ജനങ്ങളുടെ പ്രധാന വരുമാനം കൃഷിയാണ്. നെൽകൃഷിയും, തെങ്ങുകൃഷിയും മാറി ഇപ്പോൾ റബ്ബർ കൃഷിയാണ്.

കഴിഞ്ഞ 10 വർഷങ്ങളിലെ വരവുകകൾ പരിശോദിച്ചതിൽ (പട്ടിക കക) തനതു വരുമാനമായ കെട്ടിടനികുതി, തൊഴിൽ നികുതി ഇനങ്ങളിൽ വർദ്ധനവ് കാണാം. എന്നാൽ ലൈസൻസ് ഫീസ്, നികുതിയിതര വരുമാനം എന്നിവയിൽ സാധ്യതയ്ക്ക് അനുസൃതമായ വർദ്ധനവ് കാണുന്നില്ല.

അൺടൈഡ് ഫണ്ടിൽനിന്നും ആകെ തുകയുടെ 20% തുകയാണ് ലഭിക്കുന്നത്. പ്രത്യേക ആവശ്യങ്ങൾക്ക് ലഭിക്കുന്ന തുകയിലും ഖണ്ഡം അടക്കമുള്ള തുകയിലും ലഭ്യതയുടെ അനുപാതത്തിൽ വലിയ വർദ്ധനവ് കാണുന്നില്ല.

ചെലവിനെ സംബന്ധിച്ച് പട്ടിക ക പരിശോധിച്ചതിൽ വർഷാവർഷങ്ങളിൽ പഞ്ചായത്തിന്റെ എസ്റ്റാബ്ളിഷ്മെന്റ് ചിലവിൽ സാരമായ വർദ്ധനവ് കാണാം. ഏകദേശം 20% തുക ഈ ആവശ്യത്തിലേയ്ക്ക് ചിലവ് വരുന്നു. തനതുവരുമാനത്തെ അധികരിക്കുന്ന സ്ഥിതിവിശേഷം. പൊതുമരാമത്ത് ചിലവ് ശരാശരി 15% തുക ചിലവഴിക്കുന്നുണ്ട്. ഈ ചിലവ് വർഷങ്ങൾ കഴിയുംതോറും വർദ്ധിക്കുന്നുണ്ട്. പഞ്ചായത്തിന്റെ പ്രാഥമിക ഉത്തരവാദിത്വത്തിൽപ്പെട്ട പൊതുജനാരോഗ്യം, വിദ്യാഭ്യാസം, വൈദ്യുതി, കുടിവെള്ളം, സാമൂഹ്യസേവനം എന്നീ മേഖലകളിലെ ചെലവുകളിലും (പ്രത്യേകം പ്രത്യേകം ചെലവ് പട്ടികയിൽ (പട്ടികകക) കാണാം.) വർദ്ധനവ് കാണാം. ശരാശരി മൊത്ത വരുമാനത്തിന്റെ 15% ചിലവ് വരുന്നു. വായ്പകൾ ഒന്നും എടുത്തിട്ടില്ലാത്തതിനാൽ കടം തിരിച്ചടവിനായി ചിലവില്ല.

### സവിശേഷതകൾ

പഞ്ചായത്തിന്റെ എസ്റ്റാബ്ളിഷ്മെന്റ് ചെലവ് തനതു വരുമാനത്തെ അധികരിക്കുന്നതായും വർഷം തോറും സാരമായി വർദ്ധിക്കുന്നതായി കാണാം.

പൊതുമരാമത്തു ജോലികളിൽ പഞ്ചായത്ത് ഫണ്ട് വിനിയോഗിച്ച് ചെയ്യുന്നതിൽ കോൺട്രാക്ടറുകളെയും ഖണ്ഡം ജനറൽ സെക്ടറിലെ പണികൾ നോമിനി മുഖാന്തിരവും അൺടൈഡ് ഫണ്ട് പ്രത്യേക ഗ്രാന്റുകൾ മുതലായവ വിനിയോഗിച്ച് ചെയ്യുന്ന പണികകൾ പഞ്ചായത്ത് നേരിട്ടുമാണ് നടത്തുന്നത്.

ഗവർൺമെന്റിൽ നിന്നും പ്രത്യേക ആവശ്യങ്ങൾക്ക് നൽകുന്ന ഗ്രാന്റുകൾ ചെലവിന് അനുസൃതമായി വർദ്ധിച്ചു കാണുന്നില്ല.

പഞ്ചായത്തിന്റെ പ്രാഥമിക ചുമതലകളിൽപെട്ട ആവശ്യങ്ങൾ നിറവേറ്റുന്നതിന് (വിദ്യാഭ്യാസം, പൊതുജനാരോഗ്യം, കുടിവെള്ളം, വൈദ്യുതി, സാമൂഹ്യസേവനം) ഗവർൺമെന്റ് നൽകുന്ന ധനസഹായത്തെ മാത്രം ആശ്രയിച്ചാണ്. എസ്റ്റാബ്ളിഷ്മെന്റ് ചെലവ് വർദ്ധിക്കുന്നത് തനതുവരുമാനത്തിൽ അധികമാവുന്നുണ്ട്. ഇപ്പോൾ നിലവിലുള്ള ജോലിക്കാരുടെ എണ്ണം തന്നെ മതിയാവുന്നില്ല. എണ്ണം വർദ്ധിപ്പിച്ചിട്ടില്ല എങ്കിൽ തന്നെയും ഇപ്പോഴുള്ളതിൽ കുറക്കുന്നതിന് നിർവ്വാഹമില്ല. ഉള്ളവ നിലനിർത്തിയാൽ തന്നെ എസ്റ്റാബ്ളിഷ്മെന്റ് ചെലവ് വർദ്ധനവ് പൊതുസ്വഭാവത്തിലുള്ളവയായതിനാൽ ആയത് കുറയ്ക്കുന്നതിനും സാധ്യമല്ല. പഞ്ചായത്തിന് വരുന്ന എസ്റ്റാബ്ളിഷ്മെന്റ് ചെലവ് മുഴുവനും ഗവർൺമെന്റ് ധനസഹായമായി തരേണ്ടതാണ്. എസ്റ്റാബ്ളിഷ്മെന്റ് ഗ്രാന്റ് നൽകുന്നതിന്

ഇപ്പോൾ നിലവിലുള്ള ഉപാധി മാറ്റേണ്ടതാണ്.

പഞ്ചായത്തു പൊതുമരാമത്തു പണികൾ നാമ മാത്രമായ തുകക്കുള്ളത് മാത്രമാണ് കോൺട്രാക്ടർ മുഖേന നടപ്പിലാക്കി വരുന്നത്. മറ്റ് പണികൾ (ഖണ്ഡം, അൺടൈസ് ഫണ്ട്) നോമിനിയും പഞ്ചായത്ത് നേരിട്ടുമാണ് നടത്തുന്നത്. തൻമൂലം ഇടനിലക്കാർ മുഖേനയുള്ള നഷ്ടം കുറവാണ്.

ഇപ്പോൾ നിലവിലുള്ള നുകുതി സ്രോതസുകൾ ഫലപ്രദമായ രീതിയിൽ വിനിയോഗിക്കുന്നതിനും നികുതി പിരിച്ചെടുക്കുന്നതിനും പഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്.

### സ്റ്റാമ്പ് ഡ്യൂട്ടി

സ്റ്റാമ്പ് ഡ്യൂട്ടിയുമായി ബന്ധപ്പെട്ട് ഇന്ന് നിലനിൽക്കുന്ന അപാകതകൾ പരിഹരിക്കേണ്ടതാണ്. ഭൂമിയുടെ വിലയെ സംബന്ധിച്ച തീരുമാനം എടുക്കുന്നതിനുള്ള അവകാശം ഇന്ന് റവന്യൂ ഡിപ്പാർട്ടുമെന്റിനാണ്. ഇതുമൂലം ഭൂമിയുടെ ശരിയായ കൈമാറ്റ വിലയുമായി ബന്ധപ്പെട്ടല്ല രജിസ്ട്രേഷൻ നടക്കുന്നത്. ഇതു പരിഹരിക്കുന്നതിന് വസ്തുവില നിശ്ചയിക്കുവാനുള്ള അവകാശം പഞ്ചായത്തുകൾക്ക് നൽകേണ്ടതാണ്. ഇത് കള്ളപ്പണത്തിന്റെ നിയന്ത്രണത്തിന് സഹായകമാകും.

### കെട്ടിടനികുതി

കെട്ടിടനികുതി അസസ്സ്മെന്റിൽ നിലനിൽക്കുന്ന അപാകതകൾ ഒരു സബ്കമ്മറ്റി രൂപീകരിച്ച് പരിഹരിക്കുകയും ശാസ്ത്രീയമായ സ്ലാബ് സമ്പ്രദായങ്ങൾ ഏർപ്പെടുത്തുകയും വേണം. അഞ്ചുലക്ഷം രൂപയ്ക്കു മുകളിൽ നിർമ്മാണ ചെലവ് വരുന്ന കെട്ടിടങ്ങൾക്ക് പ്രത്യേക നികുതി ഏർപ്പെടുത്തേണ്ടതാണ്.

### സംരക്ഷണ പ്രവർത്തനം

പഞ്ചായത്തിന്റെ വിവിധ വാർഡുകളിലെ. ഗ്രാമീണ റോഡുകളിലേയും ചെറുകിട ജലസേചന പദ്ധതികളുടേയും സംരക്ഷണ ജോലികൾക്കും പഞ്ചായത്തിൽ നിന്നും വർഷംതോറും തുക ചിലവഴിക്കുന്നുണ്ട്. ഓരോ വാർഡിലേയും ഗ്രാമീണ റോഡുകളുടേയും, ജലസേചന തോടുകളുടേയും സംരക്ഷണ ചുമതല അതാത് പ്രദേശത്തെ ഗുണഭോക്താക്കളുടെ ഒരു സമിതിയെ ഏൽപ്പിച്ചാൽ പഞ്ചായത്തിൽനിന്നും വരുന്ന ചിലവ് കുറക്കുന്നതിന് സാധിക്കും.

### തെരുവ് വിളക്ക്

തെരുവ് വിളക്കുകൾക്ക് പഞ്ചായത്തിൽ നിന്നും മാസം തോറും കറണ്ട് ചാർജ് വകയിൽ നല്ലൊരു തുക ചെലവഴിക്കുന്നുണ്ട്. പല തെരുവ് വിളക്കുകളും ദിവസങ്ങളോളം കത്താത്ത അവസ്ഥയിലാണ്. ഇതുമൂലം ഉപയോഗിക്കാത്ത വൈദ്യുതിക്കും ചാർജ്ജ് നൽകേണ്ട സ്ഥിതിയാണ്. ഉപയോഗിക്കുന്ന വൈദ്യുതിക്കുമാത്രം ചാർജ്ജ് നൽകുവാനുള്ള സംവിധാനം ഏർപ്പെടുത്തിയാൽ പഞ്ചായത്തിൽ നിന്നും വരുന്ന അനാവശ്യ ചിലവ് കുറക്കാൻ കഴിയും.

### വൈദ്യുതിലൈൻ എക്സ്റ്റെൻഷൻ

വൈദ്യുതിലൈൻ എക്സ്റ്റെൻഷനുവേണ്ടി നല്ലൊരു തുക പഞ്ചായത്തിൽനിന്നും ഒടുക്കുന്നുണ്ട്. അതാത് പ്രദേശത്തെ ഗുണഭോക്താക്കളിൽ നിന്നും സംഭാവനയായി സ്വീകരിച്ചാൽ ഈ വിഭാഗത്തിൽ വരുന്ന ചെലവ് നല്ലൊരു ശതമാനം കുറക്കുന്നതിനു സാധിക്കും.

### പുറംപോക്കു ഭൂമി അളന്നുതിരിക്കൽ

നൂറുകണക്കിനേക്കർ പുറംപോക്കു ഭൂമി പഞ്ചായത്തു പ്രദേശത്ത് ഉണ്ട്. ഇത് അളന്നു തിരിച്ച് നിലവിലുള്ള ഫലവൃക്ഷങ്ങളുടെ മേലാദായം ലേലം ചെയ്തു കൊടുത്താൽ വൻപിച്ച വരുമാനം പഞ്ചായത്തിനുണ്ടാകും. അതോടൊപ്പം തന്നെ ഈ പുറംപോക്കുഭൂമിയിൽ പുതുതായി വൃക്ഷതൈകൾ വച്ചുപിടിപ്പിക്കുവാനും കഴിയും.

### RDB

പഞ്ചായത്തുകൾക്ക് ചുരുക്കം ചില പദ്ധതികൾക്ക് വായ്പാ സഹായം നൽകുന്ന സർക്കാർ ഏജൻസിയാണ് റൂറൽ ഡെവലപ്മെൻഡ് ബോർഡ്. ഇന്ന് ഇതിന്റെ പ്രവർത്തനം ആശാസ്യമല്ല. പഞ്ചായത്ത് ആവശ്യപ്പെടുന്ന പദ്ധതിയിൽമേൽ എസ്റ്റിമേറ്റ് തയ്യാറാക്കലും നടത്തിപ്പും മേൽനോട്ടവും എല്ലാം നിർവഹിക്കുന്നത് ഞളത്തു നേരിട്ടാണ്. മാത്രവുമല്ല ലോൺ തിരിച്ചടവുമായി ബന്ധപ്പെട്ട രീതികളും അംഗീകരിക്കപ്പെടാവുന്നതല്ലെ.

### ശുദ്ധജലവിതരണ പദ്ധതികൾ

പഞ്ചായത്തിൽ നിലവിലുള്ള പെരിങ്ങമല, ഇടിഞ്ഞാർ ശുദ്ധജലവിതരണ പദ്ധതികൾ പൂർണ്ണമായും ഗണഅ യുടെ ചുമതലയിലാണ്. ഫലപ്രദമായി പ്രവർത്തിക്കാത്ത ഇവയ്ക്ക് വേണ്ടി ലക്ഷക്കണക്കിന് രൂപയാണ് പഞ്ചായത്തിൽനിന്നും അടക്കുന്നതിന് നോട്ടീസ് നൽകപ്പെടുന്നത്. വേൾഡ് ബാങ്ക് പ്രോജക്ടുകളുടെ പേരിൽ പഞ്ചായത്തുകളിൽ അടിച്ചേൽപ്പിക്കുന്ന പദ്ധതി, ചെലവിൽനിന്നും പഞ്ചായത്തുകൾക്ക് പൂർണ്ണ മോചനം നൽകേണ്ടതുണ്ട്.

### എസ്റ്റേറ്റ് മേഖല

പഞ്ചായത്തിൽ പ്രധാനമായും 4 എസ്റ്റേറ്റുകളാണ് ഉള്ളത്. പൊൻമുടി, ഇൻവർകാട്, മെർച്ചി

സ്റ്റൻ, ബ്രൈമൂർ ഇതിൽ മെർച്ചിസ്റ്റൻ എസ്റ്റേറ്റ് മാത്രമാണ് ഇന്ന് പ്രവർത്തന ക്ഷമമായുള്ളത്. പൊൻമുടി ടീ എസ്റ്റേറ്റ് ദീർഘകാല ലോക്കൗട്ടിനുശേഷം സമീപകാലത്ത് തുറന്നെങ്കിലും പ്രവർത്തനക്ഷമമല്ല. ഇന്നവർക്ക് അടച്ചുപൂട്ടലിനു വിധേയമായിട്ട് വർഷങ്ങൾ പിന്നിടുന്നു. ബ്രൈമൂർ ടീ എസ്റ്റേറ്റ് പ്രവർത്തനം കാര്യക്ഷമമല്ല. ഈ തേയില തോട്ടങ്ങളിൽ ഇന്നുള്ള പ്രശ്നങ്ങൾ നേരിട്ടു ഇടപെട്ടു പരിശീലനം കണ്ടെത്തുവാൻ കഴിഞ്ഞാൽ ആയിരക്കണക്കിന് തൊഴിലാളികളുടെ വരുമാനം വർദ്ധിപ്പിക്കുവാനും പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും പഞ്ചായത്തിനു പഞ്ചായത്തിൽതന്നെ ഗണ്യമായ വരുമാനവർദ്ധനവിന് ഇട നൽകും.

### ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ

പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡന്റെ അനന്ത സാധ്യതകൾ കാർഷിക മേഖലയിലും ആരോഗ്യപരിപാലനരംഗത്തും വിനിയോഗിക്കുവാൻ നമുക്ക് നാളിതുവരെയായി കഴിഞ്ഞിട്ടില്ല. ഈ അത്യപൂർവ്വ ഗവേഷണ സ്ഥാപനവുമായി നിരന്തര ബന്ധം പുലർത്തി സാങ്കേതികജ്ഞാനവും ഗവേഷണ നേട്ടങ്ങളും ഇതുമൂലം പഞ്ചായത്തിന് കൈവരിക്കാവുന്ന സാമ്പത്തിക നേട്ടങ്ങൾ കൈവരിക്കുവാൻ ഇനിയും കഴിഞ്ഞിട്ടില്ല. ഇത് അടിയന്തിരമായി പരിഹരിക്കേണ്ടതാണ്.

### ബനാനാ അഗ്രി: ഫാം

പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ജില്ലാകൃഷി തോട്ടം, ബനാന ഫാം ഇവയുടെ ഗുണഫലങ്ങളും വേണ്ടത്ര വിനിയോഗിക്കുവാൻ നമുക്ക് കഴിഞ്ഞിട്ടില്ല. ഭക്ഷ്യവസ്തുക്കളുടെയും, സുഗന്ധവിളകളുടെയും കൃഷിക്കാവശ്യമായ സാങ്കേതിക പരിജ്ഞാനവും വിത്തുകളും ഇവിടെ നിന്നും കർഷകരിൽ എത്തിക്കുവാൻ കഴിയണം.

### അടിസ്ഥാന നികുതി ഗ്രാന്റ്:

അടിസ്ഥാന നികുതി ഗ്രന്റീന്നും ഇന്ന് പഞ്ചായത്തുകൾക്കു വേണ്ടി വില്ലേജ് ആഫീസുകൾ മുഖേന സംസ്ഥാന അടിസ്ഥാനത്തിൽനുഭരിച്ച് വിതരണം ചെയ്യുന്ന സമ്പ്രദായമാണ് ഇന്നുള്ളത് ഇതു മൂലം യഥാസമയം പഞ്ചായത്തുകൾക്ക് വിഹിതം ലഭിക്കുന്നില്ല എന്നു മാത്രമല്ല ഈ തുക ഉപയോഗിച്ചുള്ള വികസനപ്രവർത്തനങ്ങളും യഥാസമയം നിർവഹിക്കുവാൻ കഴിയുന്നില്ല.

### മണൽലേലം

പഞ്ചായത്തിലെ വിവിധ ആളുകളിൽ നിന്നും പതിനായിരക്കണക്കിന് ക്യു:മീറ്റർ മണൽ ആണ് ഓരോ വർഷവും കോരിക്കൊണ്ടു പോകുന്നത്. ചുരുക്കം ചില കടവുകൾ റവന്യൂ ഡിപ്പാർട്ട്മെന്റ് ലേലം ചെയ്ത് കൊടുക്കുന്നു. ചിലവ ഫോറസ്റ്റ് പാസ് അടിസ്ഥാനത്തിൽ കോരുന്നു. ഇതിൽ ചുരുക്കം ചില കടവുകളിലെ ലേലതുക മാത്രമാണ് റവന്യൂ ഡിപ്പാർട്ട്മെന്റിൽനിന്നും പഞ്ചായത്തിനു ലഭിക്കുന്നത്. പഞ്ചായത്തു പ്രദേശ- മുഴുവൻ കടവുകളിൽനിന്നും നേരിട്ടു ലേലം നടത്തി പരിസ്ഥിതിപ്രശ്നം ഉണ്ടാകാതെ മണൽ-കോരിക്കുന്നതിനുള്ള അവകാശം പഞ്ചായത്തുകൾക്ക് പഴയതുപോലെ ലഭിക്കേണ്ടതാണ്.

### പഞ്ചായത്ത് രാജ് ആക്ട് റൂൾ

പഞ്ചായത്ത് രാജ് ആക്ട് നിലവിൽ വന്നു എങ്കിലും അതിലേക്കാവശ്യം ചട്ടങ്ങൾ ഇനിയും നിർമ്മിക്കാത്തത് പഞ്ചായത്തുകളുടെ വികസന കാര്യങ്ങൾക്ക് തടസ്സമാകുന്നു.

പാലോട് 2 1/2 ഏക്കർ ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച്

പാലോട് ജംഗ്ഷനിൽ പഞ്ചായത്തും ജനങ്ങളും ചേർന്നു വാങ്ങി ഗടഞഠഇ ഡിപ്പോ സ്ഥാപിക്കുവാൻവേണ്ടി 2 1/2 ഏക്കർ സ്ഥലം ഗടഞഠഇ യ്ക്ക് നൽകിയിട്ട് 12 വർഷത്തിലധികമാകുന്നു. എന്നാൽ നാളിതുവരെയായി ഇവിടെ ബസ് ഡിപ്പോ സ്ഥാപിക്കുവാൻ കഴിഞ്ഞിട്ടില്ല. ഈ വിഷയം സംബന്ധിച്ച് ഹൈക്കോടതിയുടെ തീർപ്പിനുവേണ്ടി കാത്തിരിക്കുകയാണ്. കോടതി വിധി എതിരായിവരുന്ന സാഹചര്യത്തിൽ പ്രസ്തുത 2 1/2 ഏക്കർ സ്ഥലം പഞ്ചായത്ത് ഏറ്റെടുത്ത് ഒരു മിനി സിവിൾ സ്റ്റേഷൻ, ഷോപ്പിംഗ് കോംപ്ളക്സുകൾ തുടങ്ങിയവ നിർമ്മിച്ച് ഉപയോഗശൂന്യമായിക്കിടക്കുന്ന സ്ഥലം ഉപയുക്തമാക്കുന്നതിനും അതിലൂടെ പഞ്ചായത്തിന്റെ വരുമാനം പതിൻമടങ്ങു വർദ്ധിപ്പിക്കുവാനും കഴിയണം.

## ധനകാര്യസ്ഥാപനങ്ങൾ

### a) ദേശസാത്കൃത ബാങ്കുകൾ

SBT മടത്തറ.
SBT പാലോട്.
IOB പാലോട്.
Bank of India പെരിങ്ങമ്മല.

### b) സഹകരണസംഘങ്ങൾ

ജില്ലാസഹകരണ ബാങ്ക് പാലോട്.
കാർഷികവികസനബാങ്ക് പാലോട്.
കോ-ഓപ്പറേറ്റീവ് ബാങ്ക് പാലോട്.
ഗിരിവർഗ്ഗസഹകരണസംഘം പോട്ടോമാവ്.

ഗിരിവർഗ്ഗസഹകരണസംഘം കലയപുരം.

ഗിരിവർഗ്ഗസഹകരണസംഘം ഞാറനീലി.

ഹരിജൻസഹകരണസംഘം, പെരിങ്ങമ്മല.

ഇവയാണ് പഞ്ചായത്തുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ധനകാര്യസ്ഥാപനങ്ങൾ.

സാമൂഹ്യസമ്പത്ത് സംഭരിച്ച് കുറഞ്ഞ ഒരു വേതന തുക ഈടാക്കി ഉല്പാദന മേഖലകളിൽ വിതരണം ചെയ്യുക എന്നതായിരിക്കണം ധനകാര്യസ്ഥാപനങ്ങളുടെ പ്രധാന കർത്തൃവ്യങ്ങളിൽ ഒന്ന്. നമ്മുടെ പഞ്ചായത്ത് പ്രവർത്തന മേഖല ആക്കിയിട്ടുള്ള ധനകാര്യസ്ഥാപനങ്ങളെ കുറിച്ച് പരിശോധിക്കുമ്പോൾ ഇവിടത്തെ സാധാരണ കർഷകർക്കും ഇതര തൊഴിൽ സംരംഭകർക്കും കുറെയെങ്കിലും സാമ്പത്തിക സഹായം നൽകുന്നത് സഹകരണമേഖലയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന ബാങ്കുകളാണ്. ഈ ബാങ്കുകൾ സമാഹരിക്കുന്ന സമ്പത്ത് അതിന്റെ പ്രവർത്തന പരിധിയിലുള്ള പണമിടപാടുകൾക്ക് മാത്രമേ വിനിയോഗിക്കാൻ കഴിയൂ എന്നും ജനങ്ങളോട് ബാദ്ധ്യതയുള്ള ജനകീയ സമിതിയാണ് ഭരണ സാരഥ്യം വഹിക്കുന്നത്. എന്നതും പഞ്ചായത്തിലെ ജനങ്ങൾക്ക് ഗുണം ചെയ്യുന്നു. എന്നാൽ ദേശസാത്കൃത ബാങ്കുകളെ സംബന്ധിച്ച് അവരുടെ സമാഹരിക്കുന്ന തുക ഇൻഡ്യയിൽ എവിടേയും വിതരണം നടത്തുവാനും മറ്റു പദ്ധതികൾ നിക്ഷേപിക്കുവാനുമുള്ള അവകാശം ഉള്ളത് കൊണ്ട് തന്നെ പഞ്ചായത്തിലെ ജനങ്ങൾക്ക് അവരുടെ ആവശ്യം നിറവേറ്റുന്നതിനായി ഉപകരിക്കപ്പെടുന്നില്ല.

ബാങ്കുകളിൽ ഇന്നു നിലവിലുള്ള വായ്പാസമ്പ്രദായം കർഷകർക്കും തൊഴിൽ അന്വേഷകർക്കും ആശ്രയിക്കാവുന്നതല്ല. പദ്ധതിവായ്പകൾ ആയി നടപ്പിലാക്കുന്ന ഓരോ പദ്ധതിയും അതുമായി ബന്ധപ്പെട്ട് ലഭിക്കുന്ന വായ്പയുടെ മൂന്നും നാലും ഇരട്ടി ചിലവഴിച്ചാൽപോലും പ്രാദേശികമായി നടപ്പിലാക്കാൻ കഴിയുന്നില്ല. ഇത് ഈ സംരംഭത്തിൽ ഏർപ്പെടുന്ന ഗുണഭോക്താവിനെ കൂടുതൽ കൂടുതൽ കടബാദ്ധ്യതയിലേക്ക് വലിച്ചെറിയുകയും പദ്ധതി തന്നെ പരാജയത്തിലെത്തിക്കുകയും ചെയ്യുന്നു.

കൊമേഴ്സ്യൽബാങ്കുകളിൽനിന്നും കണക്കുകളും റിപ്പോർട്ടുകളും ലഭിക്കായ്കയാൽ വായ്പകളും നിക്ഷേപവും തമ്മിലുള്ള വിശകലനം നടത്തുവാനോ അനുപാതം പരിശോധിക്കുവാനോ കഴിയുന്നില്ല.

നിരവധി ധനകാര്യസ്ഥാപനങ്ങൾ പഞ്ചായത്തിൽ ഉണ്ടെങ്കിലും വായ്പാ ലഭ്യതയിൽ നിലനിൽക്കുന്ന അഭികാമ്യമല്ലാത്ത ചില സാങ്കേതികത്വത്തിന്റെ പേരിൽ വായ്പാ ലഭിക്കായ്കയാൽ സ്വകാര്യ ഏജൻസികളിൽനിന്നും വട്ടിപ്പലിശക്കാരിൽനിന്നും കടമെടുക്കേണ്ടിവരുകയും കുടുംബങ്ങൾ തന്നെ വഴിയാധാരമാവുകയും ചെയ്യുന്ന അവസ്ഥ പഞ്ചായത്തിൽ ഇന്നുണ്ട്.

ഗൾഫ് മേഖലയിൽ പണിയെടുക്കുന്ന ധാരാളം തൊഴിലാളികൾ പഞ്ചായത്തിൽ ഉണ്ട്. അവർ സമ്പാദിക്കുന്ന പണം മുഴുവനും ഈ പഞ്ചായത്തിലെ ദേശസാത്കൃതബാങ്കുകളിലാണ് നിക്ഷേപിക്കുന്നത്. അതിന്റെ യഥാർത്ഥ കണക്ക് ബാങ്കുകളിൽനിന്നും ലഭ്യമല്ല. എന്നാൽ ചെറുതല്ലാത്ത തുക ഈ ഇനത്തിൽ നിക്ഷേപിച്ചിട്ടുണ്ട് എന്നുള്ളത് യാഥാർത്ഥ്യമാണ്. ഈ തുകയുടെ ഒരു ചെറിയ ശതമാനം പോലും ഈ പഞ്ചായത്തിൽ വികസനത്തിനായി ലഭിക്കുന്നില്ല എന്നുള്ളത് പരമാർത്ഥമാണ്. ഈ പഞ്ചായത്തിലെ ജനങ്ങൾ നിക്ഷേപിക്കുന്ന പണത്തിന്റെ നിശ്ചിതവരുമാനം ഈ പഞ്ചായത്തിൽതന്നെ വിക്രിയത്തിനു ലഭിക്കത്തക്കവണ്ണം നിർദേശമുണ്ടാകുന്നതിനു വേണ്ട നടപടികൾ പഞ്ചായത്തു തലത്തിൽ ചെയ്യേണ്ടതാണ്. ദേശസാൽകൃത ബാങ്കിൽനിന്നും പഞ്ചായത്തിന് വികസനപ്രവർത്തനത്തിനുള്ള സ്പോൺഷിപ്പിനുള്ള (ഘകള പോലുള്ള സ്ഥാപനങ്ങളിൽനിന്നും ലഭിക്കുന്ന സ്പോൺസർഷിപ്പു പോലെ) ശ്രമം പഞ്ചായത്ത് തലത്തിൽ ശ്രമിക്കാവുന്നതാണ്.

മനുഷ്യാദ്ധ്വാനം

ഏതൊരു പദ്ധതിയും നടപ്പിലാകണമെങ്കിൽ മനുഷ്യാദ്ധ്വാനം അനിവാര്യമായ ഘടകമാണ്. ഇത് വേണ്ടുവോളം ലഭിക്കുവാൻ ബാദ്ധ്യതയുള്ള പഞ്ചായത്താണ് നമ്മുടേത്. എന്നാൽ മുൻകാലങ്ങളിൽ ലഭ്യമായിരുന്ന സന്നദ്ധസേവന താല്പര്യക്കുറവ് മൂലം ഇന്നു ലഭ്യമല്ല. ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട ചർച്ചകളിലൂടെ ഇക്കാര്യം പുനർചിന്തനത്തിന് യുവതീയുവാക്കൾ വിധേയമാകുന്നു എന്നത് ആശാവഹമാണ്. എന്നിരുന്നാലും ഈ ദിശയിൽ ശരിയായ ബോധവൽക്കരണം നിർവഹിക്കേണ്ടതുണ്ട്.

### ആസൂത്രണസമിതി

ഭരണത്തിന്റെ ഉപരിതലത്തിൽ വിവിധതട്ടുകളിലായി ഇന്ന് ആസൂത്രണസമിതികൾ പ്രവർത്തിക്കുന്നു എങ്കിലും ഗ്രാമതലത്തിൽ ആസൂത്രണ സമിതികളുടെ അഭാവം ഗ്രമീണ ആസൂത്രണ പ്രക്രിയയ്ക്ക് തടസ്സം നേരിടുന്നു. നിയമപരമായ പരിരക്ഷ ഇല്ലായെങ്കിൽപോലും പഞ്ചായത്തുതലത്തിൽ വിവിധതലത്തിലെ വിദഗ്ദ്ധരെ ഉൾപ്പെടുത്തി ഒരു ആസൂത്രണ സമിതി ഒഴിവാക്കുവാൻ കഴിയാത്ത പ്രശ്നപട്ടികയായി ഉൾക്കൊള്ളിക്കേണ്ടതാണ്.

## ആഡിറ്റ്

പഞ്ചായത്തുകളിൽ ഇന്നു നിലനിൽക്കുന്ന ആഡിറ്റിംഗ് തികച്ചും അശാസ്ത്രീയമാണ്. നമ്മുടെ പഞ്ചായത്തിൽ ഓരോ വർഷത്തെയും ആഡിറ്റിംഗ് ഇപ്പോൾ നടത്തുന്നത് പത്തും അതിലധികവും വർഷങ്ങളിലെ കാലതാമസത്തിനു ശേഷമാണ്. ഏതൊരു ചെലവിന്റെയും പരിശോധന കാലോചിതമായി നടത്തിയെങ്കിൽ മാത്രമേ വന്നിട്ടുള്ള പിശകുകൾ യഥാവിധി തിരുത്തുവാൻ സാധിക്കൂ. ഗ്രാമസഭകളുടെ കൂടി പ്രവർത്തനം, ഉദ്ദേശലക്ഷ്യം നിറവേറ്റുന്ന രീതിയിൽ ഉറപ്പാക്കണമെങ്കിൽ ഓരോ സഭയിലും അതുവരെയുള്ള പ്രവർത്തനവുമായി ബന്ധപ്പെട്ട വരവു ചെലവ് കൂടി പരിശോധിക്കേണ്ടതുണ്ട്. നിലവിലു സംവിധാനം ഇതിനു പര്യാപ്തമല്ല.

ഇതിന് പരിഹാരമായി പഞ്ചായത്ത് പ്രദേശത്ത് താമസക്കാരും വിവിധ ജോലികളിൽ നിന്നും പിരിഞ്ഞ് വന്നിട്ടുള്ളവരും , ഏറ്റവും കുറഞ്ഞത് ഏതെങ്കിലും ഒരു വിഷയത്തിൽ ബിരുദം നേടിയിട്ടുള്ളവരുമായ പത്തിൽ കുറയാത്ത ആളുകളുടെ ലിസ്റ്റ് തയ്യാറാക്കുകയും അതിൽ നിന്നും പഞ്ചായത്ത് കമ്മറ്റി മൂന്ന് പേരെ തെരഞ്ഞെടുക്കുകയും അവരുടെ ചുമതലയിൽ മൂന്നു മാസത്തിൽ അധികരിക്കാത്ത കാലയളവിനുള്ളിൽ ആഡിറ്റിംഗ് നടത്തി ടി. റിപ്പോർട്ട് ഗ്രാമസഭകളിൽ ചർച്ചയ്ക്ക് വിധേയമാക്കുകയും ചെയ്യുന്നത് പഞ്ചായത്തിന്റെ ശരിയായ ധനവിനിയോഗത്തിന് ഇടവരുത്തും.

## പ്രശ്നങ്ങൾ

1. മനുഷ്യാദ്ധ്വാനം സന്നദ്ധസേവനത്തിലൂടെ നൽകുന്നതിലുള്ള സന്നദ്ധ സംഘടനകളുടേയും യുവതീയുവാക്കളുടേയും താല്പര്യക്കുറവ്.

2. പഞ്ചായത്തിന്റെ നികുതി പിരിവിൽ കാട്ടുന്ന നിസംഗത.

3. R D B വായ്പാ പദ്ധതിയിൽ നിലനിൽക്കുന്ന അപാകത.

4. പഞ്ചായത്തുരാജ് ആക്ടുമായി ബന്ധപ്പെട്ട ചട്ടങ്ങൾ പൂർണ്ണമായും നിർമ്മിക്കാത്തതിലുള്ള ഭരണപരമായ തടസ്സങ്ങൾ.

5. മിച്ച ഭൂമികളും പുറംപോക്കുഭൂമികളും അളന്നു തിരിക്കുന്നതിലേക്കുള്ള സംവിധാനക്കുറവ്.

6. ഉപയോഗിക്കാത്ത വൈദ്യുതിക്ക് ചാർജ്ജ് അടയ്ക്കേണ്ടിവരുക.

7. ഗ്രാന്റ് വിതരണത്തിൽ കണ്ടുവരുന്ന അപാകതകൾ.

8. ശുദ്ധജലവിതരണ പദ്ധതികളിലെ അശാസ്ത്രീയമായ സംവിധാനം.

9. വായ്പാ ഇടപാടുകൾ സംബന്ധിച്ച് നിലനിൽക്കുന്ന അപാകതകൾ.

10. പാലോട് K S R T C യ്ക്ക് നീക്കി വച്ചിട്ടുള്ള സ്ഥലത്തിന്റെ വിനിയോഗമില്ലായ്മ.

പരിഹാര നിർദ്ദേശങ്ങൾ

1. പാലോട് K S R T ഇ യ്ക്കായി വാങ്ങിയിട്ടിരിക്കുന്ന 2 1/2 ഏക്കർഭൂമി പഞ്ചായത്ത് ഏറ്റെടുത്ത് കമ്മ്യൂണിറ്റി ഹാൾ. ടൂറിസ്റ്റ് ഗസ്റ്റ്ഹൗസ്, ഓഫീസ് ബ്ലോക്കുകൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ എന്നിവ നിർമ്മിക്കുക.

2. പഞ്ചായത്തിന് പദ്ധതികളുടെ നടത്തിപ്പിനായി ഘകഇ, ബാങ്കുകൾ തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുക്കുന്നതിലേയ്ക്കുള്ള നിയമപരമായ അംഗീകാരം നൽകുക.

3. ഞ ഉ ആ യിൽ നിന്നും പഞ്ചായത്തുകൾക്ക് പദ്ധതികൾക്കായി നേരിട്ടു വായ്പ പണമായി നൽകുക.

4. ബാങ്കുകളിൽ നിന്നും കർഷകർക്കും, തൊഴിൽ സംരഭകർക്കും നൽകുന്ന വായ്പകൾക്ക് കാലോചിതമായ പരിഷ്കരണം ഏർപ്പെടുത്തുക.

5. ധനകാര്യസ്ഥാപനങ്ങൾ പഞ്ചായത്തിൽ നിന്നും സ്വരൂപിക്കുന്ന തുകയുടെ എൺപതുശതമാനത്തിൽ കുറയാത്ത തുക പഞ്ചായത്തിൽ തന്നെ വായ്പാ പദ്ധതികൾക്കായി വിതരണം ചെയ്യുക.

6. കർഷകർക്കും തൊഴിൽ സംരഭകർക്കും ധനകാര്യ സ്ഥാപനങ്ങളുമായി ഇന്നുള്ള ഇടപാടിൽ സുതാര്യത വരുത്തുക.

7. പഞ്ചായത്ത് പ്രദേശത്ത് നിലവിലുള്ള പുറംപോക്കുഭൂമികൾ അളന്നു തിരിച്ച് ഫലവൃക്ഷങ്ങളുടെ മേലാദായം ലേലം ചെയ്യുക.

8. സ്വകാര്യ ആശുപത്രികൾ, ടൂട്ടോറിയലുകൾ എന്നിവയ്ക്ക് രജിസ്ട്രേഷൻ നൽകി ടാക്സ് ഏർപ്പെടുത്തുക.

9. പൊൻമുടി ടൂറിസ്റ്റ് കേന്ദ്രം വികസിപ്പിക്കുന്നതിന്റെ ഭാഗമായി പഞ്ചായത്തിന്റെ ചുമതലയിൽ ടൂറിസ്റ്റ് ഗസ്റ്റ്ഹൗസും ഷോപ്പിംഗ് സെന്ററും സ്ഥാപിക്കുക.

10. ബ്രൈമൂർ കുരുശ്ശടിയിൽ ടൂറിസ്റ്റ് കേന്ദ്രം സ്ഥാപിക്കുക.

11. പൊൻമുടി, ബ്രൈമൂർ എന്നീ എസ്റ്റേറ്റുകളുമായി ബന്ധപ്പെട്ട് മിച്ചഭൂമി ഏറ്റെടുത്ത് ടൂറിസ്റ്റ് വികസനത്തിന് പ്രയോജനപ്പെടുത്തുക. ഡയറിഫാം, ചില്ലിംഗ് പ്ലാന്റ് ഇവ സ്ഥാപിക്കുക.

12. പൊൻമുടിയിൽ കാറ്റിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കാൻ പദ്ധതി തയാറാക്കുക.

13. പഞ്ചായത്ത് പ്രദേശത്തുള്ള ആറ്റുമുകളിൽ നിന്നും മണൽ വാരൽ ലേലം ചെയ്യുന്നതിനുള്ള

അവകാശം പഞ്ചായത്തുകൾക്ക് നൽകുക.

14. അടിസ്ഥാന നികുതി പിരിക്കുന്നകിലേയ്ക്കുള്ള അവകാശം പഞ്ചായത്തുകൾക്ക് നൽകുക.

15. പഞ്ചായത്ത് ആക്ടിന് അനുരോധമായി ചട്ടങ്ങളുടെ നിർമ്മാണം അടിയന്തിരമായി നടത്തുക. സെൻസർ കമ്മറ്റി റിപ്പോർട്ട് നടപ്പിലാക്കുക.

16. പഞ്ചായത്തു പ്രദേശത്തെ വനങ്ങളിൽ നിന്നും കളക്ട് ചെയ്യുന്ന തടി ലേലം ചെയ്യുമ്പോൾ ഒരു നിശ്ചിത സംഖ്യ പഞ്ചായത്തിന് ഗ്രാന്റായി നൽകുക.

17. തെരുവ് വിളക്കുൾ കത്തിക്കുന്നതിലേയ്ക്ക് ഈടാക്കുന്ന വൈദ്യുതി ചാർജ്ജ് അംഗീകൃത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ പുനസംവിധാനം ചെയ്യുക.

18. ചെറുകിടജലസേചന പദ്ധതികളുടെ സംരക്ഷണ ചുമതല പ്രദേശങ്ങളിലെ ഗുണഭോക്തൃ കമ്മറ്റിയെ ഏൽപ്പിക്കുക.

19. സന്നദ്ധസംഘടനാ പ്രവർത്തകരേയും യുവതീയുവാക്കളേയും സന്നദ്ധസംഘടനാ പ്രവർത്തനങ്ങൾക്ക് സജ്ജമാക്കുക.

20. ശുദ്ധജലവിതരണ പദ്ധതികളുടെ നടത്തിപ്പും മേൽനോട്ടവും പൂർണ്ണമായും പഞ്ചായത്തുകളെ ഏൽപ്പിക്കുക.

21. പഞ്ചായത്തിലെ ലൈസൻസിംഗിൽ ഇന്ന് നിലനിൽക്കുന്ന അപാകത പരിഹരിക്കുക.

22. മടത്തറ, പാലോട്, പെരിങ്ങമ്മല എന്നിവിടങ്ങളിൽ ടാക്സി സ്റ്റാന്റ് സ്ഥാപിച്ച് ടാക്സ് കളക്ഷൻ നടത്തുക.

23. വിദേശ നിക്ഷേപം ഉദ്പാദന മേഖലകളിലേക്ക് തിരിച്ചുവിടുന്നതിലേയ്ക്ക് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുക.

24. എസ്റ്റേറ്റ് മേഖലകളിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തി ഉല്പാദനം വർദ്ധിപ്പിക്കുന്നതിലേയ്ക്കുള്ള നടപടികൾ സ്വീകരിക്കുക.

25. കാർഷിക തൊഴിൽ നികുതി പിരിക്കുന്നതിൽ ഇന്നുനിലനിൽക്കുന്ന അപാകതകൾ പരിഹരിക്കുക.

26. ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡന്റെ സാങ്കേതിക ജ്ഞാനവും ഗവേഷണ നേട്ടങ്ങളും പരമാവധി പ്രയോജനപ്പെടുത്തുക.

27. പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന അഗ്രിഫാം, ബനാനഫാം ഇവയുടെ പ്രയോജനം, ഭക്ഷ്യ, സുഗന്ധവിളകളുടെ മേഖലകളിൽ ഫലപ്രദമായി വിനിയോഗിക്കുക.

28. ജനങ്ങളിൽ മിതവ്യയശീലം, സമ്പാദ്യശീലം സമ്പത്തിന്റെ ശാസ്ത്രീയ വിനിയോഗം ഇവസംബന്ധിച്ച അവബോധവും പ്രയോഗസാദ്ധ്യതയും വർദ്ധിപ്പിക്കുക.

29. മെർച്ചിസ്റ്റർ കിഴവൻ തോട്ടത്തിന്റെ സംരക്ഷണം പഞ്ചായത്ത് ഏറ്റെടുക്കുക.

30. പഞ്ചായത്തുതല ആസൂത്രണ സമിതിക്ക് അനിവാര്യ ഘടകമാക്കി രൂപം നൽകുക.

31. പഞ്ചായത്തു കമ്മിറ്റി തെരഞ്ഞെടുക്കുന്ന അംഗങ്ങളുടെ ചുമതലയിൽ 3 മാസത്തിൽ ഒരിക്കൽ പഞ്ചായത്തുതല ആഡിറ്റ് നടത്തുക.

# വനം

വിവിധയിനം പ്ലാന്റേഷനുകൾ ഉൾപ്പെടെ ഈ പഞ്ചായത്തു പ്രദേശത്തുള്ള വനഭൂമിയുടെ വിസ്തീർണ്ണം 16,925 ഹെക്ടറാണ്. ലോകത്തിലെ അത്യപൂർവ്വമായ ഉഷ്ണമേഖലാ നിത്യഹരിത വനമേഖലയിൽപ്പെടുന്ന പ്രദേശമാണിത്. ഈ നിത്യഹരിത വനങ്ങൾ ജൈവ വൈവിധ്യത്തിന്റെ കലവറയാണ്. ഭൂമിയെ വിവിധങ്ങളായ എല്ലാ സസ്യങ്ങളും മൃഗങ്ങളും സൂക്ഷ്മജീവികളും ഒക്കെചേർന്ന് ജൈവസമ്പന്നതയ്ക്കുള്ള പേരാണ് ജൈവവൈവിധ്യം. നമ്മെ സംബന്ധിച്ചിടത്തോളം ഈ സമ്പന്നതയുടെ സാമ്പത്തിക-വ്യവസായിക മൂല്യങ്ങൾ വിലമതിക്കാനാവാത്തതാണ്. ഭക്ഷണം, ഇന്ധനം, കാലിത്തീറ്റ, നാരുകൾ, ഔഷധങ്ങൾ, സുഗന്ധതൈലങ്ങൾ, ചേരുവകൾ, സോപ്പ് തുടങ്ങിയവയുടെയെല്ലാം തന്നെ പ്രധാന സ്രോതസ്സ്. ഈ ജൈവവൈവിധ്യ സമ്പന്നതയാണ്. (ഭൂമിയുടെ കേവലം ഏഴു ശതമാനം ഭാഗങ്ങളിലൊതുങ്ങുന്ന വലിപ്പമേ ഉഷ്ണമേഖലാ മഴക്കാടുകൾക്കുള്ളു എന്നകാര്യം പ്രത്യേകം ശ്രദ്ധിക്കുക)

ജൈവസമ്പത്ത് ഒരു രാജ്യത്തിന്റെ ജീവരക്തമാണ്. ഈ സമ്പത്ത് വേണ്ടവിധത്തിൽ ഉപയോഗപ്പെടുത്തുന്ന കാര്യത്തിൽ നാമിന്നു വളരെ പിന്നിലാണ്. വികസിതരാജ്യങ്ങൾ നമ്മുടെ പക്കലുള്ള വന്യഇനങ്ങൾ കൊണ്ടുപോയി ഗുണനിലവാരം കൂടിയ പുതിയ ഇനങ്ങൾ ഉണ്ടാക്കുകയും അതു വൻവിലകൊടുത്തു വാങ്ങേണ്ട ഗതികേട് നമുക്കുണ്ടാവുകയും ചെയ്യുന്നു. പഠനങ്ങൾ വ്യക്തമാക്കുന്നത് പാശ്ചാത്യ സമ്പന്നതയുടെ അടിത്തറ ഉഷ്ണമേഖലാ (മൂന്നാം ലോക) രാജ്യങ്ങളുടെ ചെലവിൽ പടുത്തുയർത്തിയതാണെന്ന സത്യമാണ്. ഗാട്ടുകരാറും ബൗദ്ധിക സ്വത്തവകാശ നിയമങ്ങളും നമ്മെ ഭീഷണമായി തുറിച്ചു നോക്കുന്നു.

ഇതിനൊരു മറുവശമുണ്ട്. മനുഷ്യനാൽ ചെയ്യപ്പെടുന്ന ജൈവ വൈവിധ്യനാശപ്രക്രിയ. വനനശീകരണത്തിലൂടെ നഷ്ടമായിക്കൊണ്ടിരിക്കുന്നത് 27,000 ത്തോളം വരുന്ന സസ്യജാതികളാണെന്ന് കണക്കാക്കിയിരിക്കുന്നു. ഈ മേഖലകളിൽ ഉണ്ടായിട്ടുള്ള മുറിവുകൾ ഉണക്കുക എന്ന പ്രകൃതിസ്നേഹപരവും മനുഷ്യസ്നേഹപരവുമായ കർത്തവ്യം ഏറ്റെടുക്കാൻ നമുക്കുകഴിയണം.

**A. നമ്മുടെ ഗ്രാമ പഞ്ചായത്തുൾപ്പെടുന്ന വനപ്രദേശങ്ങളിൽ കാണുന്ന ജൈവ വൈവിധ്യത്തിന്റെ ഒരേകദേശ പട്ടിക താഴെ കൊടുക്കുന്നു.**

**വൃക്ഷങ്ങൾ** – ഈട്ടി, ആഞ്ഞിലി, തേക്ക്, പ്ലാവ്, മരുതി, തേമ്പാവ്, പൂവണം, കരുന്താളി, ചെങ്കുരുന്ന്, ചന്ദനം, കമ്പകം, വെൺമിഴാവ്, ഇടന, വിട്ടി, കരുംതകര, പയണ്, ചാര്, അമ്പഴം, ഇലിപ്പ, കുന്തിരി, പിണർ, കുമ്പിൾ, പാല, ഇലവ്, പെരുമരം, വേപ്പ്, മലവേപ്പ്, വേങ്ങ, ഊറാവ്, പേഴ്, നെല്ലി, കടുമ്പ്, അകില്, സോപ്പുമരം, കുളവ്, നാങ്ക്, പുന്നപ്പ, വാക, ആലുകൾ, കുളമാവ്, മൂങ്ങാപ്പേഴ്, തെള്ളിമരം, കരിമരം, മൊട്ടൽ, ചൗണ്ടൽ, താളിമരം, പാങ്ങൽ, മുള്ളുവേങ്ങ, ഉന്നം, പൂമരം, കാഞ്ഞിരം, മൈല, ബദാം, അൽപ്പീസി, അക്കേഷ്യ, യൂക്കാലി, മഹാഗണി. പിണർ, അരണമരം കാട്ടുമാവ്, മുള്ളി, കാര, ശീമനെല്ലി, മഞ്ചാടിമരം, കുടപ്പിന്ന, ചമത, നെല്ലി, പെരുമരം തുടങ്ങിയവ

**ഔഷധസസ്യങ്ങൾ**

കൽച്ചെട, കല്ലിയൂർവഞ്ചി, കന്മദം, ആനച്ചോടി, കീഴാനെല്ലി, നറുനണ്ടി, നൊച്ചി, അക്കരംകൊല്ലി, ശതാവേലി, മുത്തങ്ങ, നിലനിരാകം, കാട്ടുചേന, കാട്ടുള്ളി, വാതക്കൊടി, കൊടുവേലി, നീരൂറ്റക്കിഴങ്ങ്, കച്ചോലം, ഏലം, കോലിഞ്ചി, തൃപ്പലി, കാട്ടുകുരുമുളക്, മലമഞ്ഞൾ, വലംപിരി, ഇടംപിരി, പൊന്നാമ്പു, ഓരില, ഈരില, മൂവില ചിത്തരപ്പൂവ്, വെള്ളറൊട്ടി, കുറുന്തോട്ടി, തുമ്പ, ആരോഗ്യപ്പച്ച, കസ്തൂരിമഞ്ഞൾ, മുറിവ് ചൂടിപ്പച്ച, മഞ്ഞവള്ളി, പാടത്താളി, നായ്കുറുഞ്ഞി, എരിക്ക്, ഉമ്മം, പെരുമലം, അമരി തുടങ്ങിയവ

**സുഗന്ധദ്രവ്യങ്ങൾ**

കാട്ടുമുളക്, കുന്തിരിക്കം, കുമിഞ്ചാൻ, സോപ്പ്കായ്, വയണപ്പട്ട, കറുകപ്പട്ട, ഈഞ്ചപ്പട്ട, രാമച്ചം, ഊറാംപട്ട, കരിമലംപട്ട, വേപ്പുംപട്ട, വയ

ണപ്പൂവ്, പിശുക്കുംപട്ട തുടങ്ങിയവ

**എണ്ണക്കുരുക്കൾ**

പുന്നക്കായ്, മരോട്ടി, കരിന്തൊട്ട, ഓടൽ, കയട്ടി, മരവെട്ടിഅരി തുടങ്ങിയവ

**കിഴങ്ങുവർഗ്ഗങ്ങൾ**

നെടുവൻ, ഏറാൻ, കാട്ടിഞ്ചി, കോലിഞ്ചി, ചണ്ണ, മലമഞ്ഞൾ, കമല, കാട്ടുകാച്ചിൽ, കാട്ടു ചേന തുടങ്ങിയവ

**മൃഗങ്ങൾ**

കുരങ്ങ്, ആന, പന്നി, ചെന്നായ്, പുലി, കടുവ, ചിങ്കളൻ, കരടി, കാട്ടുപോത്ത്, മ്ലാവ്, കേഴ, കൂരൻ, മുയൽ, മാൻ, മലയണ്ണാൻ (വെളുത്തി), കരിമന്തി, ഉടുമ്പ്, വാലി, അളങ്ക് (ഈനാം പേച്ചി), ആമ, എലി, മുള്ളെലി, വെരുക്, കുറുക്കൻ, കഴുതപ്പുലി, കാട്ടുമാക്കാൻ, കീരി, മുള്ളൻപന്നി, പാക്കാന്ത, പഴവുണ്ണി, വരയാട്, നായ്പുലി, നീർനായ് തുടങ്ങിയവ

**പാമ്പുകൾ**

കരിഞ്ചാത്തി, പെരുമ്പാമ്പ്, പച്ചിലപാമ്പ്, കൊമ്പേറി, അണലി, മൂർഖൻ, കരിംചേര, മഞ്ഞച്ചേര, നീർക്കോലി , പുളവൻ, ശംഖുവരയൻ (എട്ടടിവീരൻ), ചട്ടിത്തലയൻ, ഇരുതലമൂരി, ഈറ മ്പാമ്പ്, ചേനത്തണ്ടൻ, രാജവെമ്പാല, തേരക്കരും ചാത്തി, മലമൂർഖൻ, കൂടുപാമ്പ്, പൂവൻകരും ചാത്തി തുടങ്ങിയവ

**മത്സ്യം**

പെരുംപിനാലി, ഉഴവ, ആറ്റുവാള, കരിയട, ചേറ്, ആരൽ, കല്ലുനക്കി, കാരി, ഉടതല, വരാല് കൂരി, പരൽ, അയില, മാനത്തുകണ്ണി, നെടുമീൻ, കൊറുവ, മുള്ളി, ചൊട്ടവാള, കൊഞ്ച്, കടുമീൻ, വാലിപ്പുള്ളി, നത്തയ്ക്ക, പൊത്ത, തവള, മാക്കിറി, എട്ട, നിലംപതുങ്ങി തുടങ്ങിയവ

**പക്ഷികൾ**

വേലിത്തത്ത, കാക്ക, മൂങ്ങ, പനംകാക്ക(പുക കുടിയൻ),നത്ത്, നരിച്ചീൽ, തവിട്ടുകൊക്ക്, വവ്വാൽ, കുരുംകൊക്ക്, മയിൽ, മൈന, കുള ക്കോഴി, ചിത്തിര, ചിന്നമുണ്ടി, പ്രാവ്, പരുന്ത്, ഓലഞാലി, വണ്ണാത്തിപ്പുള്ള്, പാറാൻ, നീർകാക്ക, കരിയിലക്കിളി, ഇരട്ടവാലൻ, തൂക്കണം കുരുവി, കാക്കത്തമ്പുരാട്ടി, സൂചിമുഖി, മഞ്ഞക്കിളി, തുന്നൽക്കാരൻ, നാട്ടുവേഴാമ്പൽ, തലകറുപ്പൻ മഞ്ഞക്കിളി, ഇരട്ടത്തലച്ചി, വെള്ളമയിൽ, മരം കൊത്തി, ആനറാഞ്ചി, കാട, മഴക്കാട, കിളളിറാൻ, എറുമുള്ള്, ശരപക്ഷികൾ, കുട്ടത്തിപ്രാവ്, പൊൻമാൻ (രണ്ടുതരം), മാടപ്പിറാവ്, ഭൂമികുലുക്കി, കുക്കുറുവൻ, ഹിമമോഹൻ, ശ്യാമ (ദേശാടനം), ചക്കക്കുപ്പുണ്ടോ (ദേശാടനം) തുടങ്ങിയവ

**ഫലങ്ങൾ**

നെല്ലക്ക, കാരക്ക, അമ്പഴങ്ങ, മൂട്ടിക്കായ്, ഞാറക്കായ്, ഇരിപ്പയ്ക്ക, വിട്ടിക്കായ്, കാട്ടുമാങ്ങ, പിണംപുളി, കുളമാങ്ങ, ഞാറപ്പഴം, കടുക്ക, ജാതിക്കായ്, കണങ്ങ, ഈന്തിപ്പഴം, ആത്തിക്കായ് തുടങ്ങിയവ

**ജന്തുക്കൾ**

അരണ, കാട്ടുപല്ലി, മരയോന്ത്, പറയോന്ത്, ഓന്ത് തുടങ്ങി വിവിധയിനം ഉരഗങ്ങളും അനേകം ഷഡ്പദങ്ങൾ, എട്ടുകാലികൾ, ചിത്രശലഭങ്ങൾ, അനേകമനേകം ചെറുപ്രാണികൾ.

**പൂച്ചെടികൾ**

കാട്ടുപിച്ചി, കാട്ടുമുല്ല, കാട്ടുതുളസി, കാട്ടു തെറ്റി, കാർത്തികപ്പൂവ്, വിവിധയിനം ഓർക്കിടുകൾ തുടങ്ങിയവ

**വള്ളികൾ**

പ്ളാച്ചിവള്ളി, പുല്ലാഞ്ഞി, പറണ്ടവള്ളി, പറ്റു വള്ളി, ചെമ്പറാവള്ളി, ചൂരൽ, ഓടൽ, കരിയിലാഞ്ചി, നെടുവൻവള്ളി, നൂറാൻവള്ളി, ചുണ്ണാമ്പു വള്ളി, കാട്ടുവള്ളി, നഞ്ച് വള്ളി, കയണ്ടിവള്ളി തുടങ്ങിയവ

**മുളകൾ**

ഓലമുള, കല്ലുമുള തുടങ്ങിയവ

**ഈറ്റ**

വെള്ളീറ, വള്ളി ഈറ, കരിയീറ തുടങ്ങിയവ

**ചൂരൽ**

തടിച്ചൂരൽ, കേഴച്ചൂരൽ, അരിച്ചൂരൽ, ഒറ്റമുട്ടം തുടങ്ങിയവ

*കൂടാതെ* കാട്ടുതെങ്ങ്, കാട്ടുവാഴ, കല്ലുവാഴ, കാനാപാക്ക്, കാട്ടുകമുക്, മരവാഴ, കാട്ടുകൂവ, ചണ്ണ തുടങ്ങിയവ

**ഫോറസ്റ്റ് പ്ലാൻന്റേഷൻ**

മഹാഗണി, തേക്ക്, കമ്പകം, യൂക്കാലിപ്റ്റസ്, കാറ്റാടി, അൽപീസിയ, അക്കേഷ്യ, കുമ്പിൾ, പറങ്കിമാവ്, പ്ലാവ്, മാവ്.

*എസ്റ്റേറ്റ് മേഖലയിൽ* തേയില, കുരുമുളക്, ഏലം കമുക്, കാപ്പി. ഇങ്ങനെ ജൈവ വൈവിധ്യത്തിന്റെ വിസ്മയാവഹമായ കലവറയാണ് നമ്മുടെ ഗ്രാമപഞ്ചായത്ത് ഉൾപ്പെടുന്ന വനപ്രദേശം.

### ആനദികളുടെ ഉത്ഭവസ്ഥാനം

ഈ പഞ്ചായത്തു പ്രദേശത്തിൽ ഉൾപ്പെടുന്ന വനാന്തർഭാഗങ്ങളിൽ നിന്ന് പ്രധാനമായും മൂന്നു നദികൾ ഉത്ഭവിക്കുന്നു.

### കല്ലടയാർ

പാണ്ടിമൊട്ടയുടെ വടക്കുകിഴക്ക് കരിമല കടയ്ക്കൽ മുടിയിൽ നിന്നും ഉത്ഭവിച്ച് ശങ്കിലി വഴി വന്ന് കുളത്തുപ്പുഴയാറിൽ സന്ധിച്ച് കല്ലടയാറായി ഒഴുകുന്നു.

### വാമനപുരം നദി

പൊന്മുടിയുടെ മറുഭാഗത്ത് ചെമ്മുഞ്ഞി കൊടുമുടിയുടെ ഒരു ഭാഗത്തു നിന്നുമാണ് ഈ നദി ഉത്ഭവിക്കുന്നത്. തുടർന്ന് കല്ലാർ, വിതുര, പൊന്നാംചുണ്ട, ചെറ്റച്ചൽ, പനങ്ങോട്, പാലോടു വഴി കടന്നുപോകുന്നു.

### ചിറ്റാർനദി

ബ്രൈമൂർ എസ്റ്റേറ്റിന്റെ അടിവാരത്തു നിന്നും ഉത്ഭവിച്ച് കാളക്കയം, മങ്കയം, മൂന്നാറ്റുമുക്ക്, പന്നിയോട്ടുകടവ്, കുണ്ടാളംകുഴി, കണ്ണൻകോട്, ഇരുമ്പുപാലം, മൈലമൂട് വഴി ഒഴുകി മീൻമുട്ടിയിൽ വച്ച് വാമനപുരം നദിയിൽ ചേരുന്നു.

ഇങ്ങനെ ജൈവവൈവിധ്യത്താലും ജലസ്രോതസ്സുകളുടെ സമ്പന്നതയാലും അനുഗ്രഹിക്കപ്പെട്ടിരിക്കുന്ന നിബിഡവനപ്രദേശമാണിവിടം. ഈ ഗ്രാമത്തിലെ അനേകം ജനങ്ങൾ ഈ വനങ്ങളിൽ നിന്നു ശേഖരിക്കുന്ന വനവിഭവങ്ങളെ ആശ്രയിച്ച് ഉപജീവനം നടത്തുന്നുണ്ട്. കന്നുകാലിത്തീറ്റയ്ക്കും പാചകാവശ്യത്തിനുള്ള വിറകിനും സാധാരണക്കാർ ഈ വനത്തെ വളരെയധികം ആശ്രയിക്കുന്നു.

ഈ മലയോരഗ്രാമത്തിന്റെ ജീവിതവുമായി അഭേദ്യമായി ബന്ധപ്പെട്ടതാണ് ഈ വനപ്രദേശങ്ങളുടെ ജൈവവൈവിധ്യസംരക്ഷണം.

എന്നാൽ വനവും വനപ്രദേശങ്ങളുമായി ബന്ധപ്പെട്ടു വിവിധവകുപ്പുകളിലൂടെ ഇന്നു നടക്കുന്ന പരസ്പരബന്ധമില്ലാത്ത പ്രവർത്തനങ്ങൾ വെള്ളാനകളെ തീറ്റിപ്പോറ്റുന്നതിനുള്ള വെറും പാഴ്ചെലവുകളായി മാറുന്നു എന്നു മാത്രമല്ല വനനശീകരണം ആത്യന്തികഫലവുമാകുന്നു. ഇന്ന് വനപ്രദേശങ്ങളുമായി ബന്ധപ്പെട്ടു നടക്കുന്ന പ്രവർത്തനങ്ങളിലൊന്നും തദ്ദേശവാസികളായ ജനങ്ങൾക്കോ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കോ യാതൊരുവിധ ധാരണയും നല്കേണ്ടതില്ല എന്ന ധാർഷ്ട്യപൂർവ്വമായ നിലപാടാണ് ബന്ധപ്പെട്ട വകുപ്പുകൾ സ്വീകരിച്ചിരിക്കുന്നത്. എന്നാൽ ഓരോ പ്രദേശവുമായി ബന്ധപ്പെട്ട് ഇനി നടക്കാനുള്ള പ്രവർത്തനങ്ങൾ തദ്ദേശവാസികളുടെയും പ്രാദേശികഭരണസമിതികളുടെയും വ്യക്തമായ അറിവോടെയും ഗുണദോഷവിചിന്തനത്തിന് അവസരം നല്കിക്കൊണ്ടുമായിരിക്കണം. സമഗ്ര വികസനപ്രവർത്തനങ്ങൾക്ക് ഈ സമീപനം അത്യന്താപേക്ഷിതമാണ്.

### പ്രശ്നങ്ങൾ

1. അശാസ്ത്രീയവും വിവേചനരഹിതവും ജൈവവൈവിധ്യങ്ങൾ നഷ്ടപ്പെടുന്ന വിധത്തിലുള്ളതുമായ വനവല്ക്കരണ പദ്ധതികൾ. നിലവിലുള്ള സ്വാഭാവിക വനവൃക്ഷങ്ങൾ വെട്ടി നശിപ്പിച്ച് പകരം വൈദേശിക വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നത് അവശേഷിക്കുന്ന ജൈവവൈവിധ്യത്തെപ്പോലും പ്രതികൂലമായി ബാധിക്കുന്നു.
2. വനസംരക്ഷണപ്രവർത്തനങ്ങൾ എന്ന പേരിൽ നടക്കുന്ന പ്രവർത്തനങ്ങളിലെ നിഗൂഢത.
3. വനംകൊള്ളക്കാരിൽ നിന്നുള്ള ഭീഷണി
4. കാട്ടുതീ മൂലമുള്ള നാശനഷ്ടങ്ങൾ.
5. <u>ചിറ്റാറിലെ അണക്കെട്ട്</u>

9ാം വാർഡിലെ ചിറ്റാറിൽ അഗ്രിഫാമിനു മുകൾഭാഗത്ത് മൂന്നാറ്റുമുക്കിൽ കെട്ടും എന്നു പറയപ്പെടുന്ന ചെക്ക് ഡാമിനെ സംബന്ധിക്കുന്ന വിവരങ്ങൾ അധികൃതർ വളരെ രഹസ്യമായി സൂക്ഷിക്കുകയാണ്. ഈ ഡാം എന്തിനുവേണ്ടിയെന്നോ ഇതു പൂർത്തീകരിക്കുമ്പോൾ ഈ ഗ്രാമപഞ്ചായത്ത് പ്രദേശത്തെ അതെങ്ങനെ ബാധിക്കുമെന്നോ അതിന്റെ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ എന്തൊക്കെയായിരിക്കുമെന്നോ നമുക്കാർക്കും യാതൊരറിവും ഇല്ല എന്നതാണു യാഥാർത്ഥ്യം.

### നിർദ്ദേശങ്ങൾ/ സാധ്യതകൾ

1. നിലവിലുള്ള വനവല്ക്കരണപദ്ധതികളെക്കുറിച്ച് പഠനം നടത്തുകയും തുടർപ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്തുകളുടെകൂടി അറിവിനും അംഗീകാരത്തിനും വിധേയമായി മാത്രം നടപ്പിലാക്കുക.
2. നിലവിലുള്ള യൂക്കാലിപ്റ്റസ്, കാറ്റാടി, അക്കേഷ്യ തുടങ്ങി ജൈവവൈവിധ്യത്തിനും പരിസ്ഥിതിക്കും കോട്ടം വരുത്തുന്ന വൃക്ഷങ്ങൾക്കുപകരം തദ്ദേശീയമായ ഫലവൃക്ഷങ്ങളും മറ്റുവൃക്ഷങ്ങളും വച്ചുപിടിപ്പിക്കുക. പ്ലാവ്, വിവിധയിനം മാവുകൾ, പറങ്കിമാവ്, പുളി, വേപ്പ്, പീണർ, അമ്പഴം തുടങ്ങിയ വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നത് ദൂരവ്യാപകമായി വളരെയധികം സദ്ഫലങ്ങൾ ഉളവാക്കും എന്നകാര്യത്തിൽ സംശയമില്ല.
3. സാമൂഹ്യവനവല്ക്കരണത്തിന്റെ ഭാഗമായി

റോഡരുകുകളിൽ തണൽവൃക്ഷവും (ആൽ) ഫലവൃക്ഷങ്ങളും വച്ചുപിടിപ്പിക്കുക.

4. ഗ്രാമപഞ്ചായത്തിൽ പരമ്പരാഗത തൊഴിലുക ളിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് ഈറ്റ, ചൂരൽ, തുടങ്ങിയ അസംസ്കൃതവസ്തുക്കൾ സ്ഥിര മായി കിട്ടുന്നവിധം സംരക്ഷിതമേഖലകൾ ഉറ പ്പുവരുത്തുക.

5. ഗ്രാമപഞ്ചായത്തിലെ കന്നുകാലിവളർത്തലു മായി ബന്ധപ്പെടുത്തി സ്വാഭാവിക തീറ്റപ്പുൽ വളരുന്ന വനപ്രദേശങ്ങൾ ഈ ആവശ്യം മുൻനിർത്തി സംരക്ഷിതമേഖലകളായി പ്രഖ്യാപിക്കുക.

6. കന്നുകാലികൾക്കു മേയുന്നതിനുവേണ്ടിയുള്ള പ്രത്യേക മേച്ചിൽ പ്രദേശങ്ങൾ തിട്ടപ്പെടുത്തി സംരക്ഷിത മേഖലയായി പ്രഖ്യാപിക്കുക.

7. വനംകൊള്ളയുമായി ബന്ധപ്പെട്ട് അനധികൃ തമായി വനത്തിൽ പ്രവേശിക്കുന്നവർക്കെ തിരെ കർശനമായ നിയമനടപടികൾ സ്വീക രിക്കുക.

8. വനനശീകരണത്തിന്റെ ദുരന്തഫലങ്ങളെക്കു റിച്ച് തദ്ദേശവാസികളെ ബോധവൽക്കരിക്കുക.

9. വനസംരക്ഷണം ഗ്രാമവാസികളുടെ കടമയായി അംഗീകരിക്കുക.

10. വനവും ഭൂവിഭവങ്ങളായ മണ്ണ്, ജലം, സസ്യ-മൃഗസമ്പത്തുകൾ എന്നിവയും സംര ക്ഷിച്ച് ജീവജാല പരമ്പരയുടെ നിലനില്പ് ഉറപ്പുവരുത്തുക.

# വികസന സെമിനാറിന്റെ കാര്യപരിപാടി

(പ്ലാനിംഗ് ബോർഡിന്റെ നിർദേശം അനുസരിച്ച്)

| | |
|---|---|
| 9.00–9.30 | രജിസ്ട്രേഷൻ (30 മിനിട്ട്) |
| 9.30–9.35 | സ്വാഗതം (5 മിനിട്ട്) |
| 9.35–9.45 | അദ്ധ്യക്ഷ പ്രഭാഷണം (10 മിനിട്ട്) |
| 9.45–10.00 | ഉദ്ഘാടന പ്രസംഗം (15 മിനിട്ട്) |
| 10.00–10.15 | ആശംസാപ്രസംഗങ്ങൾ (15 മിനിട്ട്) |
| 10.15–10.30 | ഒമ്പതാം പദ്ധതി സമീപനം (15 മിനിട്ട്) |
| 10.30–10.45 | റിപ്പോർട്ടവതരണം (15 മിനിട്ട്) |

ഗ്രൂപ്പുതിരിയൽ

| | |
|---|---|
| 11.00–3.30 | ഗ്രൂപ്പുചർച്ച |
| 3.30–4.30 | ചർച്ച ക്രോഡീകരണം |
| 4.30–6.00 | പൊതുസഭ |
| | ഗ്രൂപ്പ് ചർച്ച റിപ്പോർട്ട് |
| | കർമ്മസമിതികളെ നിയോഗിക്കൽ |
| 6.00 | പൊതുയോഗം |
| | കലാപരിപാടികൾ |

# അനുഗ്രഹവും ശാപവും

തികച്ചും ഒരു മലയോരഗ്രാമം പ്രകൃതിയുടെ വരദാനം പോലെ പെരിങ്ങമ്മല-പെരുംതേൻ കിനിയുന്ന മല.. മനോഹരദൃശ്യങ്ങൾ..... കാട്ടരുവിയുടെ സംഗീതം കാട്ടാറിന്റെ കുളിർമ്മ.... സസ്യശ്യാമളവും ഫലഭൂയിഷ്ഠവു മായ മണ്ണ്..... കനകം വിളയുന്ന മണ്ണ്..... വൈവിധ്യമാർന്ന കാർഷികവിളകൾ വിളയിച്ചു തരാൻ കെല്പുള്ള മണ്ണ് എങ്കിലും കൊടി യൊരു ശാപവുംപേറി നിസ്സഹായയായി നില്ക്കുന്ന ഗ്രാമം.... മണ്ണിന്റെ മാറുകുത്തി മാന്തി ഭ്രാന്തമായലയുന്ന പന്നി എന്ന ഭീക രത നടുക്കുന്ന ഒരു യാഥാർഥ്യമാവുന്നു..... ഒരു നിത്യ ദുരന്തമാകുന്നു പന്നിത്തേറ്റയിൽ തകർന്നടിയുന്ന കർഷകസ്വപ്നങ്ങൾ..... ഭക്ഷ്യോല്പ്പാദനസാധ്യതകൾ എന്നന്നേയ്ക്കു മായി.... പൊലിഞ്ഞുപോവുകയെന്ന ദുരന്തം ഈ ഗ്രാമീണ.. കാർഷികവൃത്തിയുടെ നഷ്ട വുമായി കെട്ടുപിണയുന്ന അനുഗ്രഹീത പ്രകൃ തിയെന്നാകിലും. ശാപം പേറാൻ വിധിക്കപ്പെട്ട മലയോരം കേൾക്കുക....... 'വിശേഷാൽ ഗ്രാമ സഭകൾ' ഒന്നടങ്കം കേണപേക്ഷിക്കുക യാണ്- "ഈ പന്നിക്കൂട്ടങ്ങളിൽ നിന്ന് ഞങ്ങളെ രക്ഷിക്കൂ ഞങ്ങൾ ഈ മണ്ണിൽ കനകം വിളയിക്കാം, ഈ ഗ്രാമത്തെയും അയൽഗ്രാമങ്ങളെയും തീറ്റിപ്പോറ്റാനുള്ള വക ഞങ്ങൾ ഈ മണ്ണിൽ നിന്നു വിളയിച്ചു തരാം."



ജീവിതം സന്ദേശമാക്കിയ
അങ്ങയുടെ സ്വപ്നം സാക്ഷാത്കരിക്കുന്നു

അധികാരം ജനങ്ങളിലേക്ക്

ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

Printed at Swift Offset Printers, TVM. Ph : 332150